# അവനിയിൽ നിന്ന് അനന്തതയിലേക്ക്

## നിങ്ങളെക്കുറിച്ചുള്ള ദൈവീക പദ്ധതികൾ ബൈബിൾ വീക്ഷണത്തിൽ

**സൈലസ് .സി. നായർ**

**പരിഭാഷ:**
തോമസ്സ് മാത്യു, ഇരവിപേരൂർ
കുഞ്ഞുമോൻ ഡാനിയേൽ

ACTS
ബെഥേൽ
പടമുഗൾ
കൊച്ചി-30

ഉള്ളടക്കം


1. ആത്മരക്ഷയും അനുദിന ജീവിതവും
2. വിശ്വാസിയും ദൈവസഭയും
3. വിശ്വാസിയും വേദപുസ്തകവും
4. പുതിയ മനുഷ്യന്റെ നടപ്പ്
5. വിശ്വാസിയും ഭാവികാലവും


–000–

വിശദമായ ഉള്ളടക്കം


1. ആത്മരക്ഷയും അനുദിന ജീവിതവും

ഉള്ളടക്കം
രക്ഷ എന്നാൽ എന്ത്
രക്ഷ
പഴയനിയമത്തിലെ സാദൃശ്യങ്ങൾ
1. ആദമിനേയും ഹവ്വയേയും ദൈവം തോൽവസ്ത്രം ഉടുപ്പിച്ചത് (ഉൽപ്പത്തി 3.21)
2. കായീനും ഹാബേലും (ഉൽപ്പത്തി 4.4)
3. പെട്ടകവും പെസഹായും (ഉൽപ്പത്തി 7.1; പുറ 12.23)
4. അബ്രഹാം യിസ്ഹാക്കിനെ യാഗം അർപ്പിച്ചത് (ഉൽപ്പത്തി 22.12–14)
5. മന്നായും അടിക്കപ്പെട്ട പാറയും (പുറപ്പാട് 16.4; 17.6)
6. താമ്രസർപ്പം (സംഖ്യ 21.9; യോഹ 3.24)
7. കുഷ്ഠരോഗിയായിരുന്ന നയമാൻ (2 രാജാ 5.1–14)
8. സമാഗമനകൂടാരം (പുറപ്പാട് 25.22)
പ്രായശ്ചിത്തം
വീണ്ടെടുപ്പ്
രക്ഷ
നീതീകരണം
പുനർജനനം
ദത്തെടുക്കൽ
വിശുദ്ധീകരണവും തേജസ്കരണവും
പ്രായോഗിക വിശുദ്ധീകരണം

2. വിശ്വാസിയും ദൈവസഭയും

ഉള്ളടക്കം

സഭ എന്നാൽ എന്ത്
സഭയുടെ അംഗത്വം നേടുന്നതിനുള്ള കർമ്മമാണോ സ്നാനം?
ശിശുക്കളെ സ്നാനം കഴിപ്പിക്കാമോ?
സ്നാനത്തിന്റെ രീതി ഏതായിരിക്കണം?
സഭാകൂട്ടായ്മ എന്നാൽ എന്താണ്?
സഭയുടെ വിവിധ കൂടിവരവുകൾ
പൗരോഹിത്യവും ആരാധനയും
വിശ്വാസികളുടെ ഒരുമിച്ചുള്ള ആരാധന
തിരുവത്താഴം
എല്ലാ പ്രാദേശിക സഭയും സ്വതന്ത്രമാണോ?
ദൈവസഭയിലെ അച്ചടക്കം

## 3. വിശ്വാസിയും വേദപുസ്തകവും

ഉള്ളടക്കം

വേദപുസ്തകത്തെക്കുറിച്ച് എന്തു പറയുന്നു?
നമുക്ക് ബൈബിൾ ലഭിച്ചതെങ്ങനെ?
ദൈവവചനം പഠിക്കേണ്ടതിന്റെ ആവശ്യം എന്ത്?
1. വേദപുസ്തക പഠനം നമ്മുടെ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണ്.
2. വേദപുസ്തക പഠനം ആത്മീക പക്വത കൈവരിക്കുന്നതിന് അനിവാര്യമാണ്.
3. വേദപുസ്തക പഠനം നമ്മെ സൽപ്രവൃത്തികൾ ചെയ്യുന്നതിന് സജ്ജരാക്കും.
വചനപഠനത്തിനുള്ള ഒരുക്കം
നോട്ടുബുക്ക്
വിവിധ പഠനരീതികൾ
പ്രതീകങ്ങൾ, പ്രതിരൂപങ്ങൾ, രൂപകഥകൾ
പ്രതീകങ്ങൾ
പ്രതിരൂപങ്ങൾ
രൂപകഥകൾ
പ്രാമാണിക വേദപഠനം
നിരീക്ഷണം
വ്യാഖ്യാനം
പ്രായോഗികമാക്കുക
വേദപുസ്തക പാരായണം
മനഃപ്പാഠം ആക്കുകയും ധ്യാനിക്കുകയും ചെയ്യുക
ദൈവവചനം ശരിയായി കൈകാര്യം ചെയ്യുക
1. യഹൂദന്മാരും, ജാതികളും, ദൈവസഭയും
2. ഏഴ് യുഗങ്ങൾ
3. കർത്താവിന്റെ രണ്ടു വരവുകൾ
4. രണ്ട് പുനരുത്ഥാനങ്ങൾ
5. അഞ്ച് ന്യായവിധികൾ
6. ന്യായപ്രമാണവും കൃപയും
7. വിശ്വാസികളുടെ രണ്ടു സ്വഭാവങ്ങൾ
8. വിശ്വാസിയുടെ സ്ഥാനവും അവസ്ഥയും
9. രക്ഷയും പ്രതിഫലങ്ങളും
10. വിശ്വാസികളും വിശ്വാസികൾ എന്ന് അവകാശപ്പെടുന്നവരും.

## 4. പുതിയ മനുഷ്യന്റെ നടപ്പ്

1. മുഖവുര

2. നമ്മുടെ ധ്യാനസമയം
(1) ധ്യാനസമയത്തിന്റെ ആവശ്യം
(2) ധ്യാനസമയം എങ്ങനെ ആയിരിക്കണം?

3. നിങ്ങളുടെ ഹിതമോ ദൈവഹിതമോ?

4. നിങ്ങളുടെ കാര്യവിചാരകത്വം
(1) ആമുഖം

(2) സ്വഭാവവിശേഷങ്ങൾ
(3) നിങ്ങളുടെ വിശ്വസ്തത
(4) നിങ്ങളുടെ സത്യസന്ധത
(5) നിങ്ങളുടെ സഫലത
(6) നിങ്ങളുടെ കൂറ്

5. ദൈവത്തോടുകൂടെ നിങ്ങളുടെ നടപ്പ്
(1) നാം അവന്റെ മുമ്പാകെ നടക്കുന്നു
(2) നാം അവനെപ്പോലെ നടക്കുന്നു
(3) നാം അവനോടുകൂടെ നടക്കുന്നു
(4) നാം നടക്കേണ്ടിയിരിക്കുന്നു

6. നിങ്ങളുടെ സാക്ഷ്യം
(1) സാക്ഷ്യത്തിനുള്ള യോഗ്യത
(2) സാക്ഷ്യത്തിന്റെ വിശ്വാസ്യത
(3) സാക്ഷ്യത്തിന്റെ ഉദ്ദേശ്യം
(4) സാക്ഷ്യത്തിനുള്ള ഒരുക്കം/സന്നാഹം

7. നിങ്ങളുടെ ശത്രുക്കൾ
(1) ലോകം
(2) ജഡം
(3) പിശാച്

## 5. വിശ്വാസിയും ഭാവികാലവും

**ഉള്ളടക്കം**
**നാം ജീവിക്കുന്ന യുഗം**
**കർത്താവിന്റെ വാഗ്ദത്തം**
**കർത്താവിന്റെ പുനരാഗമനം**
**ക്രിസ്തുവിന്റെ ന്യായാസനം**
1. പാപികൾ എന്ന നിലയിൽ നമ്മുടെ ന്യായവിധി: ഭൂതകാലം
2. മക്കൾ എന്ന നിലയിൽ നമ്മുടെ ന്യായവിധി: വർത്തമാനകാലം
3. ദാസന്മാർ എന്ന നിലയിൽ നമ്മുടെ ന്യായവിധി: ഭാവികാലം

**നമ്മുടെ പ്രതിഫലങ്ങൾ**
1. ജീവന്റെ കിരീടം
2. നീതിയുടെ കിരീടം
3. പ്രശംസാകിരീടം
4. വാടാത്ത കിരീടം
5. മഹത്വത്തിന്റെ കിരീടം

**ദൈവം നമ്മെ ഒരുക്കുന്നത്**
**കുഞ്ഞാടിന്റെ കല്യാണം**
1. അവളുടെ സ്നേഹം
2. അവളുടെ വിശ്വസ്തത
3. അവളുടെ വിശുദ്ധി
4. അവളുടെ അലങ്കാരം
5. അവളുടെ അനുസരണം

**മഹാപീഡനകാലം**
1. സഭ മഹാപീഡനത്തിൽ നിന്നും വിടുവിക്കപ്പെടുന്നു
2. ദാനിയേൽ പ്രവചനത്തിലെ 70-ാം ആഴ്ചവട്ടം
3. അതികഠിനമായ ഒരു നാൾ

4. കർത്താവിന്റെ നാൾ
5. യാക്കോബിന്റെ കഷ്ടകാലം
6. മഹാപീഡനത്തിന്റെ ഉദ്ദേശ്യം

(1) ജാതികളുടെ കാലം
(2) യിസ്രയേലിനെ യഥാസ്ഥാനപ്പെടുത്തി വീണ്ടും കൂട്ടിച്ചേർക്കുവാൻ
(3) ജാതീയ രാജ്യങ്ങൾക്കുള്ള ന്യായവിധി
(4) ഹർമ്മഗദ്ദോൻ യുദ്ധം

## സഹസ്രാബ്ദ വാഴ്ച

അനുഗ്രഹിക്കപ്പെട്ടവരുടെ അന്ത്യ അവസ്ഥ

## അന്ത്യന്യായവിധി

സാത്താൻ തീപ്പൊയ്കയിലേക്ക് തള്ളപ്പെടുന്നു.
വെള്ള സിംഹാസനം

-000-

**പുസ്തകത്തെക്കുറിച്ച്....**

ബൈബിളിലെ ഉപദേശങ്ങൾ ഒന്നും പ്രായോഗിക പ്രാധാന്യം ഇല്ലാത്തതല്ല. *രക്ഷ* പ്രധാനമാണെങ്കിലും രക്ഷയെ സംബന്ധിച്ച ഇതര ഉപദേശങ്ങൾ അനുദിന ക്രിസ്തീയ ജീവിതത്തിൽ പ്രസക്തിയുള്ളതല്ല എന്ന് ചിലരെങ്കിലും ചിന്തിക്കുന്നു. ഈ ചിന്ത ക്രിസ്തീയമനസ്സുകളിൽ ഉണ്ടാകുവാൻ ഒരു കാരണം, ദൈവശാസ്ത്ര ഗ്രന്ഥങ്ങളിലെ ഉപദേശപ്രതിപാദന രീതിയാണ്.

വേദോപദേശങ്ങളുടെ ആഴമായ പഠനത്തിൽ ഏർപ്പെടുന്നത് കൂടുതലും ബൈബിൾ കോളേജുകളിലും സെമിനാരികളിലും ചേർന്ന് പഠിക്കുന്ന വേദശാസ്ത്ര വിദ്യാർത്ഥികളാകയാൽ അവരെ കരുതിയാണ് മിക്കവാറും ദൈവശാസ്ത്ര ഗ്രന്ഥങ്ങൾ തയ്യാറാക്കപ്പെടുന്നത്. സൈദ്ധാന്തികമായ പ്രതിപാദന രീതിയാണ് അവ മിക്കവയിലും കാണുന്നത്.

ദൈവത്തിന്റെ മനുഷ്യൻ *സകല സൽപ്രവൃത്തിയിലും വകപ്രാപിച്ച് തികഞ്ഞവനാകേണ്ടതിന്* (2 തിമൊഥെയോസ് 3.16) എന്നതാണ് തിരുവെഴുത്തുകളെക്കുറിച്ച് ദൈവത്തിന്റെ ഉദ്ദേശ്യം. പ്രായോഗിക ലക്ഷ്യമാണ് വേദപുസ്തകത്തിനുള്ളത്.

ദൈവം, മനുഷ്യനെ സംബന്ധിച്ച ദൈവീക പദ്ധതികൾ, രക്ഷ, ക്രിസ്തീയ ജീവിതം മുതലായ വിഷയങ്ങളെക്കുറിച്ചുള്ള നമ്മുടെ ധാരണ വിവിധ നിലകളിൽ നമ്മുടെ ചിന്തകളെയും, തീരുമാനങ്ങളെയും തദ്വാര പ്രവൃത്തികളെയും നിയന്ത്രിക്കുന്നു. അതുകൊണ്ട്, വേദോപദേശങ്ങളുടെ ആഴമായ സത്യങ്ങൾ ഓരോ ക്രിസ്തുവിശ്വാസിയും മനസ്സിലാക്കിയിരിക്കേണ്ടതാണ്.

സാങ്കേതിക പദങ്ങളുടെ കടമ്പകൾ കൂടാതെ, താൽപര്യമുള്ള ആർക്കും വായിച്ചു ഗ്രഹിക്കാവുന്ന നിലയിൽ തയ്യാറാക്കിയിരിക്കുന്നതാണ് ഈ കൃതി. വിശ്വാസികൾക്ക് പൊതുവെയും പുതുതായി രക്ഷയിലേക്കുവന്ന വിശ്വാസികൾക്ക് വിശേഷിച്ചും പ്രയോജന പ്രദമാണ് ഈ ഗ്രന്ഥം. രക്ഷയിൽ തുടങ്ങി വ്യക്തിപരമായ വേദപഠനം, സഭാ ജീവിതം, വിശ്വാസിയുടെ പ്രത്യാശ, ഭാവികാല സംഭവങ്ങൾ ഇങ്ങനെയുള്ള വിഷയങ്ങൾ ഈ പുസ്തകത്തിൽ വളച്ചുകെട്ടില്ലാതെ പ്രതിപാദിച്ചിട്ടുണ്ട്.

ദൈവശാസ്ത്ര വിഷയങ്ങൾ പ്രതിപാദിച്ചിട്ടുള്ള ഗ്രന്ഥങ്ങളുടെ ദൈർഘ്യം അവ പഠിക്കുന്നതിന് ഇക്കാലത്ത് വിശ്വാസികളെ വിമുഖരാക്കുന്നുണ്ട്. അനേക വാല്യങ്ങളിലായി പ്രസിദ്ധീകരിക്കപ്പെടുന്ന ഗ്രന്ഥങ്ങൾ വായിച്ച് പഠിക്കുവാൻ ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് സമയ പരിമിതി ഉണ്ടാകാം. അതിൽ പ്രത്യേക താൽപര്യമുള്ളവർ മാത്രമേ ബൃഹത് ഗ്രന്ഥങ്ങൾ പഠിച്ച് വിചിന്തനം ചെയ്യുവാൻ ശ്രമിക്കുന്നുള്ളു. ഈ പ്രശ്നം ഒരു പരിധിവരെ പരിഹരിക്കുന്നതിന് സഹായകമാണ് ഈ ഗ്രന്ഥം. *സഭയുടെ ഭാവി* മുതലായ വിഷയങ്ങൾ ക്രമമായും സംക്ഷിപ്തമായും ഇതിൽ വിവരിച്ചിട്ടുണ്ട്.

എല്ലാ വേദവാക്യങ്ങളും ഉദ്ധരിച്ച് വിശദീകരിക്കുക ഇതുപോലെ സംക്ഷിപ്ത ഗ്രന്ഥത്തിൽ സാദ്ധ്യമല്ല എങ്കിലും മിക്കവാറും എല്ലാറ്റിനും വേദവാക്യങ്ങളുടെ റഫറൻസ് കാണിച്ചിട്ടുണ്ട്. അതുകൊണ്ട് ഈ ഗ്രന്ഥം ക്രിസ്തീയ ഉപദേശ പഠനത്തിന് നല്ലൊരു അടിസ്ഥാനം നൽകുന്നു.

ഈ ഗ്രന്ഥത്തിലെ പ്രതിപാദ്യ വിഷയങ്ങൾ തിരഞ്ഞെടുത്തിരിക്കുന്നത് ശ്രദ്ധാപൂർവ്വമാണെന്ന് കാണാം. ക്രിസ്തീയ ജീവിതത്തിൽ ആത്മീക വളർച്ച നൽകുവാൻ സഹായകമായ നിലയിൽ രക്ഷയെക്കുറിച്ചും, സഭാജീവിതത്തെക്കുറിച്ചും, ആധാരമായിരിക്കുന്ന വേദപുസ്തകത്തെക്കുറിച്ചും, വിശ്വാസിയുടെ നടപ്പിനെക്കുറിച്ചും പ്രത്യാശയെക്കുറിച്ചും ഇതിൽ പറഞ്ഞിരിക്കുന്നു. വിഷയക്രമവും ശ്രദ്ധേയം തന്നെ.

വിവിധ ബൈബിൾ കോളേജുകളിൽ പ്രവർത്തിക്കുന്ന തിരക്കുള്ള വേദാദ്ധ്യാപകനും ഒരു സ്ഥലം സഭയിലെ അർപ്പണ ബോധമുള്ള ശുശ്രൂഷകനുമാണ് ഗ്രന്ഥാകരൻ. ഈ ദ്വിമുഖ ശുശ്രൂഷ, വ്യക്തമായ കാഴ്ചപ്പാടോടു കൂടി വേദപുസ്തക സത്യങ്ങൾ എല്ലാ വശ്വാസികൾക്കും ഗ്രഹിക്കത്തക്ക നിലയിൽ അവതരിപ്പിക്കുന്നതിനു സഹായിച്ചിട്ടുണ്ട്.

ഈ ഗ്രന്ഥം ദൈവജനത്തിന്റെ ആത്മീക അഭിവൃദ്ധിക്കും ദൈവനാമ മഹത്വത്തിനും പ്രയോജനപ്പെടട്ടെ.

**കുഞ്ഞുമോൻ ഡാനിയേൽ**
**സുവിശേഷകൻ**

## 1. ആത്മരക്ഷയും അനുദിന ജീവിതവും

### രക്ഷ എന്നാൽ എന്ത്?

**രക്ഷ**

*യേശുവിനെ കർത്താവ് എന്ന് വായ്കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേൽപ്പിച്ചു എന്ന് ഹൃദയംകൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയംകൊണ്ട് നീതിക്കായി വിശ്വസിക്കുകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റുപറയുകയും ചെയ്യുന്നു* (റോമർ 10.9, 10).

എന്താണ് രക്ഷ? രക്ഷിക്കപ്പെട്ടവരിൽപ്പോലും ചിലർ ഇത് വേണ്ടവിധത്തിൽ മനസ്സിലാക്കിയിട്ടില്ല! അങ്ങനെയുള്ളവർക്ക് രക്ഷാ നിർണയം ഇല്ലാത്തതിനാൽ പുതിയ അനുഭവത്തെ പൂർണമായി ഉൾക്കൊണ്ട് അതിൽ ആനന്ദിക്കുവാൻ സാധിക്കുന്നില്ല.

ദൈവം മനുഷ്യനു വേണ്ടി ഒരുക്കിയ രക്ഷയെക്കുറിച്ച് വിവരിക്കുന്നതിനു മുമ്പ്, രക്ഷ ആവശ്യമായ മനുഷ്യനെ നമുക്കൊന്ന് ശ്രദ്ധിക്കാം.

വേദപുസ്തകം മനുഷ്യനെ പാപി എന്ന് വിശേഷിപ്പിക്കുന്നു. ലോകമെങ്ങുമുള്ള മനുഷ്യർ അത് സത്യമെന്ന് അവരുടെ ജീവിതംകൊണ്ട് തെളിയിക്കുകയും ചെയ്യുന്നു. ദൈവം മനുഷ്യനെ പാപമില്ലാത്തവനായി സൃഷ്ടിച്ചു. എന്നാൽ ആദിമനുഷ്യനായ ആദമിന്റെ അനുസരണക്കേടിനാൽ അവൻ പാപിയായ്തീർന്നു. *അതുകൊണ്ട് ഏകമനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു* (റോമർ 5.12) എന്ന് ബൈബിൾ വ്യക്തമാക്കുന്നു. പാപിയായ മനുഷ്യൻ ഏറ്റവും പരിതാപകരമായ അവസ്ഥയിലാണ്. തന്റെ മനഃസാക്ഷിയുടെ മുമ്പിലും ദൈവത്തിന്റെ മുമ്പിലും താൻ പാപിയെന്ന് അവൻ മനസ്സിലാക്കുന്നു. സ്വർഗത്തിൽ അധിവസ്ക്കുന്ന പരിശുദ്ധനായ ദൈവത്തോട് നിരപ്പു പ്രാപിക്കുവാൻ മനുഷ്യൻ പല മാർഗങ്ങളും പരീക്ഷിച്ചു എന്നതിന് ചരിത്രം തെളിവു നൽകുന്നു. എന്നാൽ ദൈവത്തിന്റെ നിലവാരത്തോളം എത്തുവാൻ അവയ്ക്കൊന്നും സാധിക്കാഞ്ഞതിനാൽ ദയനീയ പരാജയമായിരുന്നു ഫലം. നന്മ എന്തെന്ന് അറിഞ്ഞു എങ്കിലും അത് പ്രവർത്തിക്കുവാനുള്ള ശക്തി തന്നിൽ ഇല്ല. തിന്മ എന്തെന്ന് ഗ്രഹിച്ചു, പക്ഷെ അതിൽ നിന്ന് ഒഴിയുവാനുള്ള കരുത്തും തനിക്ക് ഇല്ലായിരുന്നു. രക്ഷയുടെ ആവശ്യം താൻ മനസ്സിലാക്കി എന്നാൽ സ്വയം അത് നേടുവാൻ തനിക്ക് അസാദ്ധ്യമായിരുന്നു. അതിനാൽ മനുഷ്യനെ രക്ഷിക്കുന്നതിന് ദൈവം തന്നെ മുൻകൈ എടുത്തു.

ദൈവത്തിന്റെ രക്ഷാപദ്ധതി ഏകമാണെങ്കിലും അതിനോടുള്ള ബന്ധത്തിൽ ദൈവം വിവിധ നിലകളിൽ മനുഷ്യരോട് ഏർപ്പെടുന്നതായി നാം കാണുന്നു. തിളക്കമാർന്ന പല വശങ്ങളുള്ള ഒരു രത്നമായി രക്ഷയെ ആരോ ചിത്രീകരിച്ചിട്ടുണ്ട്. ഓരോ വശവും ക്രിസ്തുവിന്റ രക്ഷണ്യവേലയുടെ വ്യത്യസ്ത മേഖലകളെ കുറിക്കുന്നു. തന്മൂലം ഒരു ഭാഗം കൊണ്ടു മാത്രം രക്ഷയെ പൂർണമായി വിശദീകരിക്കുവാൻ സാദ്ധ്യമല്ല. ഇതിന്റെ എല്ലാവശവും നാം വിശകലനം ചെയ്യുമ്പോഴാണ് അനുതപിക്കുന്ന ഒരു പാപിക്കുവേണ്ടി ദൈവം ഒരുക്കിയ രക്ഷയുടെ പൂർണ്ണ ചിത്രം നമുക്ക് ലഭിക്കുന്നത്.

### പഴയനിയമത്തിലെ സാദൃശ്യങ്ങൾ

രക്ഷയുടെ സാദൃശ്യമായ, അഥവാ നിഴലായ പല പ്രക്രീയകളും നമുക്ക് പഴയനിയമത്തിൽ കാണാവുന്നതാണ്. യേശുക്രിസ്തുവിൽ പൂർത്തീകരിക്കപ്പെട്ട രക്ഷയുടെ നിഴലുകളാണവ. എന്നാൽ വിവിധ വശങ്ങളുള്ള രക്ഷയുടെ ഒരു വശം മാത്രമായിരിക്കും അവ ചിത്രീകരിക്കുന്നത്. അവയിൽ ചിലത് വേഗത്തിൽ വിശകലനം ചെയ്യാം.

**1. ആദമിനേയും ഹവ്വയേയും ദൈവം തോൽവസ്ത്രം ഉടുപ്പിച്ചത് (ഉൽപ്പത്തി 3.21)**

ആദിമനുഷ്യരായ ആദാമും ഹവ്വായും ദൈവകൽപന ലംഘിച്ചപ്പോൾ അവരുടെ നഗ്നത അവർക്ക് വെളിപ്പെട്ടു. നാണം മൂലം അവർ ഓടി ഒളിച്ചു. അനുസരണക്കേട് കാണിക്കുന്നതുവരെ, അവരുടെ നിഷ്കളങ്കത്വം നിമിത്തമുള്ള തേജസ്സായിരുന്നു അവരുടെ വസ്ത്രം. അതിനാൽ അവർക്ക് നാണം തോന്നിയിരുന്നില്ല.

അവർ അത്തിയിലകൊണ്ട് തങ്ങളുടെ നഗ്നത മറയ്ക്കുവാൻ ശ്രമിച്ചു. ദൈവത്തിന് അവരോട് കരുണ തോന്നി. ഒരു നിഷ്കളങ്ക മൃഗത്തെ കൊന്നു അതിന്റെ തോൽകൊണ്ട് ദൈവം അവരുടെ നഗ്നത മറച്ചു.

പാപംമൂലം നഗ്നരായ മനുഷ്യന് ദൈവമുമ്പിൽ നിൽക്കാനാവില്ല. എന്നാൽ ക്രിസ്തുവിലൂടെയുള്ള രക്ഷ അവന്റെ നഗ്നതയെ മറയ്ക്കുകയും ദൈവമുമ്പിൽ നിൽക്കുവാൻ അവനെ പ്രാപ്തനാക്കുകയും ചെയ്യുന്നു.

**2. കായീനും ഹാബേലും (ഉൽപ്പത്തി 4.4)**

കയീനും ഹാബേലും ദൈവത്തിന് വഴിപാടുകൾ കൊണ്ടുവന്നു. നിലത്തിലെ വിളകളാണ് കയീൻ കൊണ്ടുവന്നത്; അഥവാ തന്റെ പ്രയത്നഫലങ്ങൾ. ദൈവം അതിൽ പ്രസാദിച്ചില്ല. നമ്മുടെ നീതിപ്രവൃത്തികൾ തന്റെ മുൻപിൽ കറപുരണ്ട അങ്കി പോലെയാണ്. നമ്മുടെ പ്രവൃത്തികൾ ദൈവമുമ്പിൽ അംഗീകരിക്കപ്പെടണമെങ്കിൽ അതിന് മുൻപ് നാം അവന്റെ സന്നിധിയിൽ സ്വീകരിക്കപ്പെടണം. കയീന്റെ കാര്യത്തിൽ അത് സംഭവിച്ചിരുന്നില്ല.

തന്റെ ആട്ടിൻകൂട്ടത്തിൽ നിന്ന് ഒരു യാഗമൃഗമായിട്ടാണ് ഹാബേൽ ദൈവസന്നിധിയിൽ എത്തിയത്. താൻ ഒരു പാപി എന്നും, പാപരഹിതമായ ഒരു മൃഗത്തിന്റെ രക്തം തനിക്കു പകരമായി അർപ്പിക്കുന്നു എന്നുമായിരുന്നു അതിന്റെ അർത്ഥം. ദൈവം ഹാബേലിലും അവന്റെ യാഗത്തിലും പ്രസാദിച്ചു. ദൈവസന്നിധിയിൽ സ്വീകാര്യമായ രക്ഷയുടെ ഉറപ്പ് നൽകുന്ന ചിത്രമാണിത്.

**3. പെട്ടകവും പെസഹായും (ഉൽപ്പത്തി 7.1; പുറ 12.23)**

ഭൂമിയിൽ ജനത്തിന്റെ പാപം പെരുകിയപ്പോൾ ദൈവം ന്യായവിധി അയച്ചു. വലിയ ജലപ്രളയം ഉണ്ടായി. എന്നാൽ നോഹയ്ക്ക് യഹോവയുടെ കൃപ ലഭിച്ചു. അതിനാൽ ജലപ്രളയത്തിനു മുമ്പ് ഒരു പെട്ടകം ഉണ്ടാക്കി അതിൽ പ്രവേശിക്കുവാൻ ദൈവം നോഹയോട് ആജ്ഞാപിച്ചു. മൂക്കിൽ ജീവശ്വാസമുള്ള സകലതും ജലപ്രളയത്തിൽ നശിപ്പിക്കപ്പെട്ടു. എന്നാൽ പെട്ടകത്തിന് ഉള്ളിലായിരുന്ന നോഹയും കുടുംബവും ന്യായവിധിയിൽ നിന്ന് രക്ഷനേടി. ദൈവകോപത്തിൽ നിന്നും സംരക്ഷണം നൽകുന്ന രക്ഷയുടെ ഒരു ചിത്രമാണിത്. യിസ്രയേൽ മക്കൾ മിസ്രയീമിൽ പെസഹാക്കുഞ്ഞാടിനെ അറുത്തതും ഇതിന് സമമാണ്. ഒന്നാം മാസം പതിനാലാം തിയതി രാത്രിയിൽ ദൈവീക ന്യായവിധി മിസ്രയീമിനെ സന്ദർശിച്ചു. സകല മനുഷ്യരിലും മൃഗങ്ങളിൽ നിന്നുമുള്ള ആദ്യജാതർ സംഹരിക്കപ്പെട്ടു. എന്നാൽ പെസഹാ കുഞ്ഞാടിന്റെ രക്തത്താൽ സംരക്ഷണം ലഭിക്കപ്പെട്ട യിസ്രയേൽ മക്കളുടെ വീടുകളിൽ ആരും മരിച്ചില്ല. നമ്മുടെ പെസഹാക്കുഞ്ഞാട് ക്രിസ്തുവാണ് (1കൊരി 5.7). ക്രിസ്തുവിലൂടെയുള്ള രക്ഷ ദൈവക്രോധത്തിൽ നിന്നും നമുക്ക് സംരക്ഷണം നൽകുന്നു.

**4. അബ്രഹാം യിസ്ഹാക്കിനെ യാഗം അർപ്പിച്ചത് (ഉൽപ്പത്തി 22.12–14)**

ദൈവം അബ്രഹാമിനെ പരീക്ഷിച്ചു. അവനോട്, തന്റെ മകൻ യിസ്ഹാക്കിനെ യാഗം അർപ്പിക്കുവാൻ ആവശ്യപ്പെട്ടു. അബ്രഹാം, മോറിയ ദേശത്ത് ദൈവം കൽപ്പിച്ച മലയിൽ, തന്റെ മകനെ യാഗം കഴിക്കുന്നതിനായി പോയി. യിസ്ഹാക്കിനെ വെട്ടുവാനായി അബ്രഹാം കത്തി ഓങ്ങുമ്പോൾ ദൈവം അവനെ തടഞ്ഞു. തന്റെ മകനു പകരമായി യാഗം കഴിക്കുന്നതിന് ഒരു മൃഗത്തെ ദൈവം അബ്രഹാമിന് കാട്ടി കൊടുത്തു. ദൈവം ഒരുക്കിയ ആടിനെ അബ്രഹാം യിസ്ഹാക്കിന് പകരം യാഗം കഴിച്ചു.

നമുക്കു പകരമായി ക്രിസ്തു ക്രൂശിൽ മരിച്ചു. സകല മനുഷ്യരും പാപികളായതിനാൽ അവരുടെ യാഗം ദൈവം സ്വീകരിക്കുന്നില്ല. എന്നാൽ ക്രിസ്തു പാപരഹിതനാണ്. ആയതിനാൽ ക്രിസ്തുവിന്റെ യാഗത്തിൽ ദൈവം പ്രസാദിച്ചു. അവനിലൂടെ നമ്മെ ദൈവം സ്വീകരിച്ചു.

**5. മന്നായും അടിക്കപ്പെട്ട പാറയും (പുറപ്പാട് 16.4; 17.6)**

മരുഭൂമിയിലെ യാത്രയിൽ യിസ്രയേൽ ജനം മന്നാ ഭക്ഷിച്ചു; അടിക്കപ്പെട്ട പാറയിൽ നിന്നുള്ള വെള്ളം കുടിച്ചു. മരുഭൂപ്രയാണത്തിൽ ഉടനീളം അവർക്ക് അത് സംതൃപ്തിയേകി. സംതൃപ്തി നൽകുന്ന രക്ഷയുടെ ചിത്രമാണിത്.

സ്വർഗത്തിൽ നിന്നും ഇറങ്ങിവന്ന ജീവന്റെ അപ്പമാണ് യേശുക്രിസ്തു. (യോഹ.6:41). മരുഭൂമിയിൽ പിതാക്കന്മാർ മോശെയാലല്ല, സ്വർഗത്തിലെ ദൈവത്താലാണ് പരിപോഷിപ്പിക്കപ്പെട്ടത്. (യോഹ 6.312). മന്നാ യേശുക്രിസ്തുവിന്റെ സാദൃശ്യമാണ്. *എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവന് നിത്യജീവൻ ഉണ്ട്* (യോഹ 6.54) എന്ന് യേശു പറഞ്ഞു. അതുപോലെ, അവർ അടിക്കപ്പെട്ട പാറയിൽ നിന്നും പാനം ചെയ്തു. *....അവരെ അനുഗമിച്ച പാറയിൽ നിന്നല്ലോ അവർ കുടിച്ചത്; ആ പാറ ക്രിസ്തു ആയിരുന്നു* (1 കൊരിന്ത്യർ 10.4) എന്ന് പൗലോസ് രേഖപ്പെടുത്തിയിരിക്കുന്നു. അവനിൽ നിന്ന് ഭക്ഷിക്കുന്നവന് ഒരുനാളും വിശക്കുകയില്ല, അവനിൽ നിന്ന് കുടിക്കുന്നവന് ഒരുനാളും ദാഹിക്കുകയുമില്ല. ക്രിസ്തുവിൽ നമുക്ക് സമ്പൂർണ സംതൃപ്തി ലഭിക്കുന്നു.

**6. താമ്രസർപ്പം (സംഖ്യ 21.9; യോഹ 3.24)**

മരുഭൂമിയിൽ ജനം മോശെക്ക് എതിരായി പിറുപിറുത്തു. മന്നാ അവർക്ക് മടുപ്പായി തോന്നി. ദൈവം അഗ്നി സർപ്പങ്ങളെ അവരുടെ മദ്ധ്യേ അയച്ചു. അതിന്റെ കടിയേറ്റ് അനേകർ മരിച്ചു. ജനം ദൈവത്തോട് നിലവിളിച്ചപ്പോൾ, ഒരു താമ്രസർപ്പത്തെ ഉണ്ടാക്കി കൊടിമരത്തിൽ ഉയർത്തുവാൻ ദൈവം മോശെയോട് കൽപ്പിച്ചു. അഗ്നിസർപ്പത്തിന്റെ കടിയേറ്റവർക്ക് രക്ഷപ്പെടുവാനുള്ള ഏകമാർഗം താമ്രസർപ്പത്തെ നോക്കുക എന്നതായിരുന്നു. അവർക്ക് ക്ഷണത്തിൽ വിടുതൽ ലഭിച്ചു. യേശു പറഞ്ഞു, *മോശെ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ മനുഷ്യപുത്രനേയും ഉയർത്തേണ്ടതാകുന്നു* (യോഹ 3.14). അവൻ ക്രൂശിൽ ഉയർത്തപ്പെട്ടു. യേശുക്രിസ്തുവിന്റെ രക്ഷണ്യവേല പാപത്തിന്റെ ശിക്ഷയിൽ നിന്നും ശാപത്തിൽ നിന്നും സമ്പൂർണ വിടുതൽ നൽകുന്നു. അഗ്നിസർപ്പത്തിന്റെ കടി മരണം വരുത്തിവയ്ക്കുന്നതു പോലെ, പാപത്തിന്റെ ഫലമായ മരണത്തിൽ നിന്നുള്ള വിടുതൽ ക്രൂശിൽ മരിച്ച ക്രിസ്തുവിൽ നോക്കുന്നതു മൂലമാണ്.

**7. കുഷ്ഠരോഗിയായിരുന്ന നയമാൻ (2 രാജാ 5.1–14)**

അരാം രാജാവിന്റെ സേനാപതിയായിരുന്ന നയമാൻ പരാക്രമശാലിയായിരുന്നു എങ്കിലും താൻ കുഷ്ഠരോഗിയായിരുന്നു. ഒരു യിസ്രയേല്യ പെൺകുട്ടിയുടെ നിർദ്ദേശപ്രകാരം അവൻ എലീശ പ്രവാചകന്റെ അടുക്കൽ എത്തി. യോർദ്ദാൻ നദിയിൽ ഏഴുപ്രാവശ്യം മുങ്ങുവാൻ പ്രവാചകൻ അവനോട് ആവശ്യപ്പെട്ടു. വൈമനസ്യത്തോടെയെങ്കിലും, താൻ ഏഴു പ്രാവശ്യം മുങ്ങിയപ്പോൾ പൂർണസൗഖ്യം ലഭിച്ചു. കുഷ്ഠം പാപത്തിന്റെ പ്രതിരൂപമാണ്. അത് പരിശുദ്ധനായ ദൈവത്തിന്റെ മുൻപിൽ മനുഷ്യനെ അശുദ്ധനാക്കുന്നു. യേശുക്രിസ്തുവിന്റെ രക്തം പാപത്തെ പൂർണമായി പരിഹരിക്കുന്നു. നിങ്ങളുടെ പാപം രക്താംബരം പോലെ ചുവപ്പായിരുന്നാലും പഞ്ഞിപോലെ ആക്കിതീർക്കാം (യെശ 1.18) എന്ന് വാഗ്ദാനം ചെയ്യുന്നു.

**8. സമാഗമനകൂടാരം (പുറപ്പാട് 25.22)**

ദൈവവുമായുള്ള കൂട്ടായ്മയിൽ വസിക്കുന്നതിനാണ് ദൈവം മനുഷ്യനെ തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിച്ചത്. എന്നാൽ മനുഷ്യൻ ദൈവകൽപന ലംഘിച്ചതു മൂലം ഏദെൻ തോട്ടത്തിൽ നിന്ന് പുറത്താക്കപ്പെട്ടു. അങ്ങനെ ദൈവീക കൂട്ടായ്മ തനിക്ക് നഷ്ടമായി. ദൈവം മനുഷ്യനെ തന്റെ കൂട്ടായ്മയിലേക്ക് മടക്കിക്കൊണ്ടു വരുന്നതിന്റെ ഒരു മനോഹര ചിത്രമാണ് സമാഗമനകൂടാരം. ദൈവജനത്തോടു കൂടെ വസിക്കേണ്ടതിനായി ഒരു സമാഗമനകൂടാരം നിർമ്മിക്കുവാൻ ദൈവം മോശെയോട് ആവശ്യപ്പെട്ടു (പുറപ്പാട് 25.8). അത് എങ്ങനെ നിർമ്മിക്കണം എന്നും അതിലെ ഉപകരണങ്ങൾ എപ്രകാരം ആയിരിക്കണം എന്നും ദൈവം വ്യക്തമായി നിർദ്ദേശിച്ചു. അതിവിശുദ്ധ സ്ഥലത്ത് സാക്ഷ്യപ്പെട്ടകം ഉണ്ട്. അതിന്റെ മൂടി സ്വർണം കൊണ്ട് ഉണ്ടാക്കിയതാണ്. അതിനെ കൃപാസനം എന്ന് വിളിച്ചു. കൃപാസനത്തിന് മുകളിലായി ദൈവം മനുഷ്യനോട് കൂട്ടായ്മ പുലർത്തി. അങ്ങനെ ദൈവവുമായുള്ള ബന്ധം പുനഃസ്ഥാപിക്കപ്പെട്ടു. കൃപാസനത്തിൽ തളിക്കപ്പെടുന്ന രക്തത്തിന്റെ അടിസ്ഥാനത്തിലാണ് ഈ യഥാസ്ഥാപനം.

യേശുക്രിസ്തു ദൈവവചനമാണ് (യോഹ 1.1). വചനം ജഡമായി തീർന്നു, നമ്മുടെ ഇട

യിൽ പാർത്തു. അവനിലൂടെയാണ് നമുക്ക് ദൈവത്തോട് കൂട്ടായ്മ പുലർത്തുവാൻ സാധിക്കുന്നത്. യേശുക്രിസ്തു ക്രൂശിൽ നിവർത്തിച്ച നിരപ്പിന്റെ ശുശ്രൂഷമൂലമാണ് നമുക്ക് ദൈവത്തോട് കൂട്ടായ്മ സാധ്യമായത്.

യേശുക്രിസ്തുവിലൂടെയുള്ള രക്ഷയുടെ സാദൃശ്യങ്ങളാണ് ഇവയെല്ലാം.

രക്ഷയെ ആകമാനമായി ചുരുക്കത്തിൽ നമുക്ക് വിചിന്തനം ചെയ്യാം.

യേശുക്രിസ്തുവിലൂടെയും താൻ നിവർത്തിച്ച രക്ഷാപ്രവൃത്തിയിലൂടെയും സകല മനുഷ്യർക്കും ദൈവം വീണ്ടെടുപ്പ് ഒരുക്കി എന്ന് തിരുവെഴുത്ത് നമ്മെ പഠിപ്പിക്കുന്നു. ഇത് സാദ്ധ്യമാക്കുന്നതിനായി പുത്രനായ ക്രിസ്തു ജഡശരീരം സ്വീകരിച്ചു ഭൂമിയിൽ വന്ന് മനുഷ്യനു പകരമായി മരിച്ചു. മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റ് അവൻ സ്വർഗത്തിലേക്ക് കരേറിപ്പോയി. തന്നിൽ വിശ്വസിക്കുന്നവർക്കു വേണ്ടി ദൈവസന്നിധിയിൽ അവൻ ഇപ്പോൾ പക്ഷവാദം ചെയ്യുന്നു. രക്ഷാവേല പൂർത്തീകരിക്കുന്നതിനായി താൻ വീണ്ടും വരും.

അനുതപിക്കുന്ന പാപിയെ പാപത്തിന്റെ ശിക്ഷയിൽ നിന്നും അതിന്റെ ശക്തിയിൽ നിന്നും, അതിന്റെ സാന്നിദ്ധ്യത്തിൽ നിന്നു തന്നെയും രക്ഷിക്കുക എന്നതാണ് ദൈവപുത്രനായ ക്രിസ്തുവിന്റെ രക്ഷണ്യവേലയുടെ ഉദ്ദേശ്യം. രക്ഷ സകല മനുഷ്യർക്കും വേണ്ടിയാണ് ഒരുക്കിയിരിക്കുന്നത്. എന്നാൽ വിശ്വാസിക്കുന്നവർക്ക് മാത്രമാണ് അതിന്റെ ഫലം ലഭിക്കുന്നത്.

രക്ഷയ്ക്ക് മാനസാന്തരം ആവശ്യമാണ്; ഇത് രക്ഷയ്ക്കുള്ള വിലയല്ല, പ്രത്യുത അത് സ്വീകരിക്കുന്നതിനുള്ള ഹൃദയ ഒരുക്കമാണ്. രക്ഷ ദൈവത്തിന്റെ നിത്യദാനമാണ്. വിശ്വാസത്താലാണ് രക്ഷ സ്വീകരിക്കുന്നത്. ഈ വിശ്വാസവും ദൈവദത്തം തന്നെ.

ത്രിത്വത്തിൽ മൂന്നാമനായ പരിശുദ്ധാത്മാവാണ് ഓരോ വ്യക്തിയുടേയും ആത്മാവിൽ രക്ഷ സാധിപ്പിക്കുന്നത്. ഒരു വ്യക്തിയിൽ പാപബോധം ഉളവാക്കുന്നതിനായി പരിശുദ്ധാത്മാവ് ദൈവവചനം, പ്രസംഗകേൾവി എന്നിവ ഉപയോഗിക്കുന്നു. രക്ഷിക്കപ്പെട്ട വ്യക്തിയിൽ പരിശുദ്ധാത്മാവ് വിശുദ്ധീകരണ പ്രക്രിയ തുടരുന്നു.

രക്ഷയുടെ വിവിധ മുഖങ്ങളെ ചിത്രീകരിക്കുന്ന ചില വാക്കുകൾ നമുക്ക് ശ്രദ്ധിക്കാം.

## പ്രായശ്ചിത്തം

ദൈവം യിസ്രയേൽ ജനത്തിന് പത്തു കൽപനകൾ നൽകിയപ്പോൾ, അതിനെ അനുസരിക്കുമെന്ന് അവർ ആവർത്തിച്ചു പ്രഖ്യാപിച്ചു (പുറ 19.8, 24.3,7). എന്നാൽ അവർ സകല കൽപനകളും ലംഘിച്ചു. പാപം ചെയ്യുന്ന ജനത്തോടൊപ്പം പരിശുദ്ധനായ ദൈവത്തിന് വസിക്കുവാനായില്ല. അതിനാൽ പാപക്ഷമയ്ക്കായുള്ള യാഗങ്ങളെക്കുറിച്ച് ദൈവം അവർക്ക് നിർദ്ദേശങ്ങൾ നൽകി. പാപത്തിൽ വീണുപോയ മനുഷ്യന് പരിശുദ്ധനായ ദൈവത്തെ സമീപിക്കുന്നതിനുള്ള മാർഗമായിരുന്നു ഈ യാഗങ്ങൾ. ഊനമില്ലാത്ത കാള, ആട്, ആട്ടിൻകുട്ടി, പ്രാവ് എന്നിവയായിരുന്നു യാഗമൃഗങ്ങൾ. എന്നാൽ ഇവയുടെ രക്തത്തിന് പാപത്തെ നീക്കുവാൻ സാദ്ധ്യമായിരുന്നില്ല (എബ്രാ 10.4). എന്നാൽ ഈ യാഗങ്ങൾ, അവ അർപ്പിക്കുന്നവന്റെ പാപങ്ങൾക്ക് പ്രായശ്ചിത്തമായി പരിഗണിക്കപ്പെട്ടു. ഇവ അർപ്പിതന്റെ പാപത്തെ പരിശുദ്ധനായ ദൈവത്തിൽ നിന്നും മറച്ചു എന്നാണ് അതിന്റെ ആശയം. യാഗം അർപ്പിക്കുന്നവർ തങ്ങളുടെ പാപങ്ങളെക്കുറിച്ച് ബോധവാന്മാരായിരുന്നതിനാൽ ആണ്ടുതോറും അവ ആവർത്തിക്കപ്പെടുന്നു.

കൃപാസനത്തിന് മുകളിൽ നിന്ന് ദൈവം മോശെയോട് സംസാരിച്ചു. അതിവിശുദ്ധസ്ഥലത്ത് സൂക്ഷിച്ചിരുന്ന സാക്ഷ്യപെട്ടകത്തിന്റെ മൂടിയാണ് കൃപാസനം. സാക്ഷ്യപെട്ടകത്തിനുള്ളിൽ പത്തുകൽപനകൾ കൊത്തിയ കൽപ്പലകൾ സൂക്ഷിച്ചിരുന്നു. *മരണശുശ്രൂഷ*യായ അത് (2 കൊരി 3.7) സദാ മൂടി വെയ്ക്കേണ്ടത് ആവശ്യമായിരുന്നു. കൃപാസനത്തിൽ തളിക്കപ്പെട്ട രക്തത്തിന്റെ അടിസ്ഥാനത്തിലാണ് പരിശുദ്ധനായ ദൈവം മനുഷ്യനോട് ബന്ധപ്പെട്ടിരുന്നത്. ഈ ചിന്ത മനസ്സിൽ കരുതിയാണ് *ലംഘനം ക്ഷമിച്ചും പാപം മറച്ചും കിട്ടിയ മനുഷ്യൻ ഭാഗ്യവാൻ* (സങ്കീ 32.1) എന്ന് ദാവീദ് പറയുന്നത്.

യേശുക്രിസ്തു നമുക്ക് വേണ്ടി ഒരു കൃപാസനമായി തീർന്നു. കാൽവരിയിലെ ക്രൂശിന്റെ ഒരു നിഴൽ മാത്രമായിരുന്നു പഴയനിയമ യാഗങ്ങൾ. മനുഷ്യന്റെ പാപങ്ങൾക്ക് പരിഹാരമായ ഒരു യാഗമായി ക്രിസ്തുസ്വയം തീർന്നു. താൻ സമ്പൂർണ മനുഷ്യനും ദൈവവുമാണ്. പാപരഹിതമായ പരിപൂർണതയാണ് തന്റെ മരണത്തെ ദൈവം പ്രസാദിക്കുന്ന ഒരു യാഗമാക്കി തീർക്കുന്നത്.

പാപത്തിനും അനീതിക്കും എതിരെ ദൈവക്രോധം വെളിപ്പെടുന്നു. യേശുക്രിസ്തുവിന്റെ പരിപൂർണയാഗത്തിൽ ദൈവക്രോധം പൂർണമായി സംതൃപ്തമാക്കപ്പെട്ടു. യേശുക്രിസ്തു സകല ലോകത്തിന്റെയും പാപങ്ങൾക്ക് പ്രായശ്ചിത്തമായി തീർന്നു. (1 യോഹ 2.2.).

പഴയനിയമകാലത്ത് പാപം ഒരു കാലയളവിലേക്ക് മറയ്ക്കപ്പെടുക മാത്രമേ ചെയ്തിരുന്നു ള്ളു. എന്നാൽ യേശുക്രിസ്തുവാകുന്ന ഊനമില്ലാത്ത ദൈവകുഞ്ഞാടിന്റെ രക്തം പാപത്തെ എന്നെന്നേയ്ക്കുമായി പൂർണമായി തുടച്ചുമാറ്റി. വിശ്വസിക്കുന്ന നമ്മുടെ പാപങ്ങളെ ദൈവം ഇനി മേൽ ഓർക്കുകയില്ല. യേശുക്രിസ്തുവിന്റെ പ്രായശ്ചിത്ത മരണം മൂലം നാം ദൈവത്തോട് നിരപ്പു പ്രാപിച്ചു. എന്നാൽ എന്താണതിന്റെ അർത്ഥം? പാപം മനുഷ്യനെ ദൈവത്തിന്റെ ശത്രുവാക്കി മാറ്റി. പക്ഷേ, ദൈവം ഒരിക്കലും മനുഷ്യന്റെ ശത്രുവായിരുന്നില്ല. സ്നേഹവാനായ ദൈവം ഒരി ക്കലും മനുഷ്യന്റെ ശത്രുവായിരുന്നില്ല. സ്നേഹവാനായ ദൈവം മനുഷ്യനെ തന്നോടു നിരപ്പിക്കു ന്നതിന് മുൻകൈ എടുത്തു. ദൈവം ദൈവമായും മനുഷ്യൻ മനുഷ്യനായും തുടരുമ്പോൾ തന്നെ യേശുക്രിസ്തുവിന്റെ പ്രായശ്ചിത്ത മരണം, ദൈവത്തോടുള്ള ശത്രുത്വം ഉപേക്ഷിക്കുവാനും ദൈവം വാഗ്ദാനം ചെയ്യുന്ന നിരപ്പ് സ്വീകരിക്കുവാനും മനുഷ്യനെ പ്രേരിപ്പിക്കുന്നു.

## വീണ്ടെടുപ്പ്

പാപം ചെയ്യുന്നവൻ പാപത്തിന്റെ ദാസൻ എന്ന് യേശുക്രിസ്തു പറഞ്ഞു. (യോഹ 8.34). അവൻ പാപത്തിന് വിൽക്കപ്പെട്ടവനാണ് (റോമർ 7.14). അടിമച്ചന്തയിൽ വിൽക്കപ്പെടുന്ന ഒരു അടിമയുടെ ചിത്രമാണിത്. പാപം ന്യായപ്രമാണത്തെ മനുഷ്യന്റെ സകല ദുഷ്ചിന്തകൾക്കും എതിരെ ഉപയോഗിക്കുന്നു. തെറ്റു കളെക്കുറിച്ചുള്ള ചിന്ത മനസ്സിൽ കൂടുതൽ മോഹങ്ങളെ ഉരുവാക്കുന്നു (റോമർ 7.8). പാപത്തിന്റെ ബന്ധനത്തിൽ നിന്നും വിമുക്തി നേടുവാൻ മനുഷ്യന് ആവില്ല. ക്രിസ്തു നമ്മെ സ്വതന്ത്രർ ആക്കുമ്പോൾ മാത്രമേ നാം സ്വാതന്ത്ര്യമുള്ളവരാകുകയുള്ളു (യോഹ 8.36).

ഇതിനുവേണ്ടിയാണ് യേശുക്രിസ്തു ഭൂമിയിൽ വന്നത്. *മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യി പ്പാനല്ല, ശുശ്രൂഷിക്കുവാനും അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി കൊടു പ്പാനുമത്രേ വന്നത്* എന്ന് തിരുവെഴുത്ത് രേഖപ്പെടുത്തുന്നു. വീണ്ടെടുക്കുക എന്നാൽ *വിലകൊ ടുത്ത് വിടുവിക്കുക* എന്നാണ് അർത്ഥം.

മനുഷ്യൻ പാപം ചെയ്തതിനാൽ അവൻ ശിക്ഷാർഹൻ എന്ന് ന്യായപ്രമാണം നിഷ്കർഷിക്കുന്നു. രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനം ഇല്ല. (എബ്രാ 9.22). എന്നാൽ ഒരു പാപി തന്റെ രക്തം ചൊരിയുന്ന പക്ഷം വീണ്ടെടുപ്പ് അനുഭവിക്കുവാൻ താൻ ജീവിച്ചിരിക്കുന്നില്ല. അതിനാൽ പാപരഹിതനായ മറ്റൊരു വ്യക്തിയെ പകരക്കാരനായി കണ്ടെത്തേണ്ടതായി വരുന്നു. യേശുക്രിസ്തു മാനവരാശിയുടെ പകരക്കാരനായി തീർന്നു. ദൈവമായിരുന്നവൻ മനുഷ്യസാ ദൃശ്യം സ്വീകരിച്ചു. താൻ കേവലം ഒരു മനുഷ്യൻ മാത്രമായിരുന്നെങ്കിൽ, താൻ പരിപൂർണനായി രുന്നാൽ പോലും പാപിയായ ഒരു വ്യക്തിയെ മാത്രമേ വീണ്ടെടുക്കുവാൻ സാധിക്കുമായിരുന്നു ള്ളു. എന്നാൽ താൻ ദൈവവും ആയതിനാൽ തന്റെ രക്തത്തിന്റെ വീണ്ടെടുപ്പു സാദ്ധ്യത അനന്ത മാണ്.

വീണ്ടെടുപ്പ് എന്ന വാക്കിന് മൂന്ന് പ്രത്യേകമായ ആശയങ്ങളുണ്ട്. യേശുക്രിസ്തു വില നൽകി പാപിയെ അടിമച്ചന്തയിൽ നിന്നും വാങ്ങി 1 കൊരിന്ത്യർ 6.20; 7.23; 2 പത്രോസ് 2.1 എന്നീ ഭാഗങ്ങളിൽ ഈ ആശയമാണ് ദൃശ്യമാകുന്നത്.

അടിമയ്ക്ക് സ്വാതന്ത്രനാകുന്നതിനുള്ള വിലമുഴുവനും യേശുക്രിസ്തു നൽകി. അടിമച്ചന്ത യിൽ നിന്ന് തന്നെ എന്നെന്നേക്കുമായി പുറത്തു കൊണ്ടുവന്നു. ഇടപാടുകൾ പൂർണമായി തീർത്തു. ഇനിയും താനൊരു വിൽപനച്ചരക്ക് അല്ല. (ഗലാത്യർ 3.13; 4.5).

വ്യർത്ഥമായ തന്റെ ജീവിതശൈലിയിൽ നിന്ന് തന്നെ മോചിതനാക്കി. (1 പത്രോ 1.18). അവൻ പൂർണമായും സ്വതന്ത്രനാക്കപ്പെട്ടു. യേശുക്രിസ്തുവാണ് നമ്മുടെ മറുവില നൽകിയത്. എന്നാൽ വിടുതൽ നമ്മുടെ അനുഭവത്തിലേക്ക് കൊണ്ടുവരുന്നത് പരിശുദ്ധാത്മാവാണ്.

ഒരു പാപിയെ ക്ഷമിക്കപ്പെട്ടവനായി, നീതീകരിക്കപ്പെട്ടവനായി, പാപത്തിന്റെ ശിക്ഷയിൽ നിന്ന് വിടുവിക്കപ്പെട്ടവനായി പരിഗണിക്കുന്നു. (റോമർ 3.24). ഒരു പുതിയ സ്വാതന്ത്ര ജീവിതത്തി ലേക്ക്, അഥവാ *ജീവന്റെ പുതുക്കത്തിലേക്ക്* താൻ നയിക്കപ്പെടുന്നു. അതിക്രമങ്ങളുടെ ശിക്ഷ

യിൽ നിന്നുള്ള വിടുതൽ മാത്രമല്ല അതിക്രമങ്ങളിൽ നിന്നുള്ള വിടുതലും രക്ഷയിൽ നിക്ഷിപ്ത മാണ് (എബ്രാ 9.15).

വിശ്വസിക്കുന്ന വേളയിൽ തന്നെ വീണ്ടെടുപ്പ് സാധിക്കപ്പെടുന്നു. എങ്കിലും അത് ഭാവിയി ലാണ് പൂർത്തീകരിക്കപ്പെടുന്നത്. അത് ശരീരത്തിന്റെ വീണ്ടെടുപ്പാണ്. യേശുക്രിസ്തുവിന്റെ വീണ്ടുംവരവിലാണ് അത് സംഭവിക്കുന്നത്.

പാപത്തിൽ നിന്നും മരണത്തിൽ നിന്നും എന്നെ വീണ്ടെടുക്കുന്നതിന് ആവശ്യമായ വില യേശുക്രിസ്തു നൽകി. എന്നാൽ രക്ഷിക്കപ്പെടുവാൻ ഞാൻ എന്തുചെയ്യണം? അഥവാ, രക്ഷിക്ക പ്പെട്ടപ്പോൾ ഞാൻ എന്താണ് ചെയ്തത്?

**രക്ഷ**

രക്ഷയോടുള്ള ബന്ധത്തിൽ നാം മനസ്സിലാക്കേണ്ടതായ രണ്ട് പ്രധാനപ്പെട്ട വാക്കുകളാണ് അനുതാപം, വിശ്വാസം എന്നിവ. സകലജാതികളേയും ശിഷ്യരാക്കിക്കൊള്ളുവാൻ യേശു ക്രിസ്തു തന്റെ ശിഷ്യന്മാരോട് ആജ്ഞാപിച്ചു. അതിനായി അവന്റെ നാമത്തിൽ മാനസാന്തര ത്തെക്കുറിച്ചും പാപക്ഷമയെക്കുറിച്ചും പ്രസംഗിക്കുവാൻ അവരോട് കൽപ്പിച്ചു (ലൂക്കോ 24.47).

പൗലോസും ശീലാസും യേശുക്രിസ്തുവിന്റെ സാക്ഷ്യം നിമിത്തം ഫിലിപ്പിയിലെ കാരാ ഗൃഹത്തിൽ അടയ്ക്കപ്പെട്ടു. അർദ്ധരാത്രിയിൽ ഒരു ഭൂകമ്പം ഉണ്ടായി, തടവുകാരുടെ ചങ്ങലകൾ അഴിഞ്ഞുപോയി. ഈ അസാധാരണ സംഭവം നിമിത്തം ഭ്രമിച്ചുപോയ കാരാഗൃഹപ്രമാണി ചോദിച്ചു. *യജമാനന്മാരേ, രക്ഷ പ്രാപിക്കുവാൻ ഞാൻ എന്തുചെയ്യണം?* യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന പക്ഷം നീ രക്ഷപ്രാപിക്കും എന്ന് പൗലോസ് ഉടൻ മറുപടി നൽകി.

ഒരു വ്യക്തി അനുതപിച്ചു തന്റെ പാപങ്ങളെ വിട്ടുമാറാത്ത പക്ഷം രക്ഷിക്കപ്പെടുവാൻ സാദ്ധ്യമല്ല. *മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങളും അപ്രകാരം നശിച്ചുപോകും* എന്നായിരുന്നു യേശുകർത്താവിന്റെ പ്രഖ്യാപനം (ലൂക്കോ 13.3).

പാപത്തെക്കുറിച്ച് കേവലം ഒരു ഖേദം തോന്നുന്നതല്ല അനുതാപം. യേശുക്രിസ്തുവിനെ ഒറ്റിക്കൊടുത്ത യൂദ തന്റെ തെറ്റിൽ ദുഃഖം തോന്നി കെട്ടിഞാന്നു ചത്തു. എന്നാൽ താൻ രക്ഷ പ്രാപിച്ചില്ല.

വിശപ്പടക്കുവാൻ അൽപം പായസം നേടുന്നതിനായി ജേഷ്ഠാവകാശം നഷ്ടപ്പെടുത്തിയ ഏശാവിനെ നാം പഴയനിയമത്തിൽ കാണുന്നു. താൻ പിൽക്കാലത്ത് പശ്ചാത്തപിച്ചു എന്നാൽ അനുതപിച്ചില്ല. മിസ്രയീം രാജാവായ ഫറവോൻ യിസ്രയേൽ രാജാവായിരുന്ന ശൗൽ ആദിയായ വർ *ഞാൻ പാപം ചെയ്തു* എന്ന് സമ്മതിച്ചവരാണ്, എന്നാൽ അവർ ആരും മാനസാന്തരപ്പെട്ടില്ല അങ്ങനെയെങ്കിൽ മാനസാന്തരം എന്നാൽ എന്താണ്?

പാപം, സ്വയം, ദൈവം എന്നീ വിഷയങ്ങളോടുള്ള ബന്ധത്തിൽ നമ്മുടെ ചിന്തകൾക്ക് പൂർണമായ പരിവർത്തനം ഉണ്ടാകുകയും, നാം സഞ്ചരിച്ചു വന്ന വഴി വിട്ട് എതിർ ദിശയിലേക്ക് (ദൈവത്തിലേക്ക്) സഞ്ചരിക്കുകയും ചെയ്യുന്നതാണ് മാനസാന്തരം.

ദാവീദ് പാപം ചെയ്തപ്പോൾ, താൻ പരിശുദ്ധനായ ദൈവത്തെ ധിക്കരിക്കുകയായിരുന്നു എന്ന് തനിക്ക് മനസ്സിലായി. സകല പാപങ്ങളും ദൈവത്തിന് എതിരെയുള്ള പ്രവൃത്തിയാണ്. കാരണം, ദൈവീക പ്രമാണങ്ങളെ ലംഘിക്കുന്നതാണ് പാപം.

ദൈവം തന്നോട് സംസാരിക്കുന്നതിന് മുമ്പ് ഇയ്യോബ് സ്വയം നീതീകരിക്കുന്നതായി നാം കാണുന്നു. എന്നാൽ ദൈവം തന്നോട് സംസാരിക്കുമ്പോൾ, *ഞാൻ നിന്നെക്കുറിച്ച് ഒരു കേൾവി മാത്രമേ കേട്ടിരുന്നുള്ളു. ഇപ്പോഴോ, എന്റെ കണ്ണാൽ നിന്നെ കാണുന്നു. ആകയാൽ ഞാൻ എന്നെത്തന്നെ വെറുത്തു പൊടിയിലും ചാരത്തിലും കിടന്നു അനുതപിക്കുന്നു* എന്ന് സമ്മതിക്കു ന്നു. ദൈവീക നിലവാരത്തിൽ നിന്നും കുറഞ്ഞു പോകുന്നതാണ് പാപം. സകല മനുഷ്യരും ദൈവമുമ്പിൽ കുറവുള്ളവരാണ്.

ദൈവത്തിങ്കലേക്കുള്ള മാനസാന്തരവും യേശുക്രിസ്തുവിലുള്ള വിശ്വാസവും താൻ യഹൂദന്മാർക്കും യവനന്മാർക്കും സാക്ഷീകരിച്ചു എന്ന് പൗലോസ് രേഖപ്പെടുത്തുന്നു. (അപ്പോ. പ്രവൃ 20.21). മാനസാന്തരവും വിശ്വാസവും ഒരു നാണയത്തിന്റെ ഇരുവശങ്ങളാണ്. രക്ഷയോ ടുള്ള ബന്ധത്തിൽ, ഇവയിൽ ഒന്നുകൂടാതെ മറ്റൊന്നു സാദ്ധ്യമല്ല.

ബുദ്ധിയിൽ ഉളവാകുന്ന ചിന്തകൾക്ക് സമ്മതം മൂളുന്നതല്ല വിശ്വാസം. അറിവില്ലാതെ

വിശ്വസിക്കുവാൻ സാധിക്കുകയില്ല. എന്നാൽ അറിവുകൊണ്ട് മാത്രം വിശ്വാസം ഉണ്ടാകുന്നില്ല. ദൈവവചന കേൾവിയാൽ വിശ്വാസം ഉണ്ടാകുന്നു. (റോമർ 10.17). ദൈവവചനം സത്യമെന്ന് സമ്മതിക്കുന്നിതല്ല വിശ്വാസം, സത്യമെന്ന് അംഗീകരിക്കുന്നവയെ പ്രവൃത്തിപഥത്തിൽ കൊണ്ടു വരുന്നതാണ് വിശ്വാസം.

രക്ഷാകരമായ വിശ്വാസത്തെ വിശദീകരിക്കുമ്പോൾ യാക്കോബ് പറയുന്നു: ദൈവം ഏകൻ എന്നു നീ വിശ്വസിക്കുന്നുവോ, കൊള്ളാം, പിശാചുക്കളും അങ്ങനെ വിശ്വസിക്കുകയും വിറയ്ക്കുകയും ചെയ്യുന്നു.

ദൈവീക വാക്കിൻ പ്രകാരം പ്രവർത്തിക്കുന്നതാണ് വിശ്വാസം. വരണ്ട കയ്യുള്ള ഒരു മനുഷ്യൻ യേശുകർത്താവിന്റെ അടുക്കൽ വന്നു. യേശു അവനോട് കൈ നീട്ടുവാൻ ആവശ്യപ്പെട്ടു. വാസ്തവത്തിൽ അതായിരുന്നു തന്റെ പ്രശ്നം. തനിക്ക് സ്വയം അപ്രകാരം ചെയ്യുവാൻ കഴിയുമായിരുന്നില്ല. എന്നാൽ, തന്നോട് ആജ്ഞാപിച്ചവന്റെ വാക്കിൻ പ്രകാരം താൻ വിശ്വാസപൂർവ്വം കൈ നീട്ടി. അവന് സൗഖ്യം ലഭിച്ചു. അതാണ് വിശ്വാസം. (മത്തായി 12.10–13).

മറ്റൊരു സന്ദർഭത്തിൽ പത്ത് കുഷ്ഠരോഗികൾ കരുണയ്ക്കായി യാചിച്ചുകൊണ്ട് യേശുവിന്റെ സമീപത്ത് എത്തി. പുരോഹിതന്റെ അടുക്കൽ ചെന്ന് തങ്ങളെ തന്നെ കാണിക്കുവാൻ യേശു അവരോട് ആവശ്യപ്പെട്ടു. തങ്ങൾ കുഷ്ഠരോഗികളായിരുന്നതിനാൽ സമൂഹത്തിൽ പ്രത്യക്ഷപ്പെടുവാൻ കഴിയുകയില്ല എന്നതായിരുന്നു അവരുടെ പ്രശ്നം. എന്നാൽ അവർ പുരോഹിതന്റെ അടുക്കലേക്ക് പോയി. അവർ പോകുമ്പോൾ സൗഖ്യം പ്രാപിച്ചു.

എല്ലാ മനുഷ്യരും പാപികൾ എന്നും സകലരുടേയും വീണ്ടെടുപ്പു വില ക്രിസ്തു കൊടുത്തു തീർത്തു എന്നും വേദപുസ്തകം വ്യക്തമാക്കുന്നു. അത് വിശ്വസിക്കുന്നതാണ് രക്ഷ. നിന്റെ പാപങ്ങളെ ഓർത്ത് അനുതപിച്ച്, ദൈവത്തിൽ വിശ്വാസം അർപ്പിച്ച്, രക്ഷയ്ക്കായി അവന്റെ അടുക്കൽ ചെല്ലുക. എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരു നാളും തള്ളിക്കളയുകയില്ല എന്ന് അവൻ അരുളിച്ചെയ്യുന്നു.

ഒരു വ്യക്തി രക്ഷിക്കപ്പെടുമ്പോൾ അഥവാ വീണ്ടുംജനനം പ്രാപിക്കുമ്പോൾ അവനിൽ ഒരേ സമയത്ത് പല പ്രക്രീയകൾ നടക്കുന്നു. അതിനെ ക്രമാനുസരണമായി വ്യക്തമാക്കുവാൻ ബുദ്ധിമുട്ടാണ്. എന്നാൽ അവയ്ക്ക് യുക്തിപരമായ ഒരു ക്രമം നമുക്ക് നൽകാവുന്നതാണ്.

രക്ഷിക്കപ്പെടുന്ന ഒരു വ്യക്തി ദൈവസന്നിധിയിൽ നീതീകരിക്കപ്പെടുന്നു; ഒരു പുതിയ സ്വഭാവരീതി അവന് നൽകപ്പെടുന്നു, അഥവാ, പുനർജ്ജനനം നടക്കുന്നു; ദൈവഭവനത്തിലേക്ക് അവൻ ദത്തെടുക്കപ്പെടുന്നു; അവൻ വിശുദ്ധീകരിക്കപ്പെടുന്നു; പിന്നീട് തേജസ്കരിക്കപ്പെടുന്നു. രക്ഷയുടെ ഈ മേഖലകളെ നമുക്ക് അൽപമായി പരിശോധിക്കാം.

### നീതീകരണം

നീതികരണം എന്നത് ഒരു കോടതി വാക്കാണ്. ഒരു വ്യക്തിയെ നീതിമാൻ എന്ന് പ്രഖ്യാപിക്കുന്ന ആശയമാണതിന്. അതായത്, നിയമം അനുശാസിക്കുന്ന സകല കാര്യങ്ങളോടും ഒരുവന്റെ അവസ്ഥ പൊരുത്തപ്പെടുന്നു എന്ന് പ്രഖ്യാപിക്കുക. (പുറ 23.7; ആവ 25.1). ദൈവം നീതിയുടെ ദൈവമാണ്. നമ്മുടെ ദൈവം ന്യായമായി മാത്രം പ്രവർത്തിക്കുന്നവനാണ്. നിയമദാതാവ് എന്ന നിലയിൽ, നിയമലംഘികളെ ന്യായമായി ശിക്ഷിക്കുവാൻ താൻ ബാദ്ധ്യസ്ഥനാണ്. എന്നുവെച്ചാൽ, ദൈവീക കൽപനകൾക്ക് അനുയോജ്യമായി ജീവിക്കാത്ത സകലരും ശിക്ഷാർഹരാണ്. ദൈവം നീതിയുള്ള ന്യായാധിപതിയാണ്. ദുഷ്ടന്മാരെ അവൻ കുറ്റവിമുക്തരാക്കുകയില്ല.

നീതീകരണം രണ്ടുനിലയിൽ സാദ്ധ്യമാണ്. ഒരു വ്യക്തിയുടെ സ്വഭാവത്തിലും പ്രവൃത്തിയിലും നിയമം അനുശാസിക്കുന്ന സകല കാര്യങ്ങളിലും കുറ്റമറ്റതാണെങ്കിൽ ആ വ്യക്തി നീതിമാൻ എന്ന് പരിശുദ്ധനായ ദൈവത്തിന് പ്രഖ്യാപിക്കുവാൻ സാധിക്കും. എന്നാൽ, ദൈവീക ന്യായാധിപതിയുടെ തീർപ്പ് *നീതിമാൻ ആരുമില്ല, ഒരുത്തൻ പോലുമില്ല* എന്നതാകയാൽ ഇത് തികച്ചും അസംഭവ്യം അത്രേ.

ഒരു പകരക്കാരന്റെ നീതി അവനിൽ കണക്കിട്ട് അവൻ നീതിമാൻ എന്ന് പ്രഖ്യാപിക്കുകയാണ് അടുത്തമാർഗം. അങ്ങനെ നീതിമാൻ എന്ന് പ്രഖ്യാപിക്കപ്പെടുന്ന വ്യക്തി തന്നിൽ തന്നെ നീതിമാൻ ആയി എന്ന് അർത്ഥമില്ല. മറ്റൊരു അർത്ഥത്തിൽ പറഞ്ഞാൽ മനുഷ്യനിൽ വന്ന മാറ്റത്തെയല്ല നീതീകരണം ചൂണ്ടിക്കാട്ടുന്നത്. വിശ്വസിക്കുന്ന ഒരു പാപിയുടെ ദൈവമുമ്പാകെയുള്ള

നിൽപ്പിനെയാണ് അത് കുറിക്കുന്നത്.

നീതിയുള്ള ന്യായാധിപതി എന്ന തന്റെ അവസ്ഥയ്ക്ക് കളങ്കമേൽക്കാതെ അഭക്തരായ മനുഷ്യരെ നീതീകരിക്കുവാൻ ദൈവത്തിന് എങ്ങനെ സാധിക്കും? അഥവാ, അഭക്തരെ എങ്ങനെ നീതിമാന്മാരായി പ്രഖ്യാപിക്കും?

ദൈവം നീതിമാനായ ന്യായാധിപതി ആയതിനാൽ യുക്തമായ ശിക്ഷ നടപ്പാക്കാതെ മനുഷ്യനെ നീതിമാൻ എന്ന് പ്രഖ്യാപിക്കുവാൻ സാധിക്കുകയില്ല. മനുഷ്യൻ പാപിയായതിനാൽ അതിന്റെ തക്ക ശിക്ഷയായ മരണം അനുഭവിക്കുകയും വേണം. തന്മൂലം, ദൈവപുത്രനായ ക്രിസ്തു മനുഷ്യന്റെ ശിക്ഷയായ മരണം അവനുപകരമായി വഹിച്ചു. കാൽവരി ക്രൂശിൽ അവൻ മരണം വരിച്ചു. ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചു. പാപത്തിന്റെ ശിക്ഷ ക്രിസ്തുവിൽ നിറവേറ്റപ്പെട്ടതിനാൽ, വിശ്വസിക്കുന്ന ഏതൊരു പാപിയുടേയും അനീതി മറന്ന്, ക്രിസ്തുവിന്റെ നീതി അവനിൽ കണക്കിട്ട്, അവനെ നീതിമാൻ എന്ന് പ്രഖ്യാപിക്കുവാൻ ദൈവത്തിന് സാധിക്കുന്നു.

നാം ആദാമ്യസന്തതികളായതിനാൽ, ആദാമിന്റെ പാപം നമ്മിൽ കണക്കിടുകയും ദൈവമുമ്പിൽ നാമും പാപികളായി തീരുകയും ചെയ്തു. എന്നാൽ നമ്മുടെ പാപം ക്രിസ്തുവിൽ ചുമത്തപ്പെട്ടു. അവൻ നമുക്ക് പകരമായി ശിക്ഷ സഹിച്ചു. പാപജഢത്തിന്റെ സാദൃശ്യത്തിലും പാപം നിമിത്തവും  അയയ്ക്കപ്പെട്ട പുത്രന്റെ ശരീരത്തിൽ പാപത്തിന് ശിക്ഷ നൽകി. യേശുക്രിസ്തുവിന്റെ പ്രായശ്ചിത്ത മരണത്തിലും ഉയിർപ്പിലുമുള്ള വിശ്വാസത്താൽ പാപിയുടെ ശിക്ഷാവിധി നീങ്ങിപ്പോകുന്നു. മാത്രമല്ല, ദൈവം അവനെ നീതിമാൻ എന്ന് പ്രഖ്യാപിച്ച് തന്റെ കൂട്ടായ്മയിലേക്ക് ആനയിക്കുകയും ചെയ്യുന്നു.

മോശെയുടെ ന്യായപ്രമാണം മൂലം നീതീകരിക്കപ്പെടുവാൻ അസാദ്ധ്യമായ സകല കാര്യങ്ങളിലും യേശുക്രിസ്തുവിലൂടെ ഒരു വിശ്വാസി നീതീകരിക്കപ്പെടുന്നു.(അപ്പോ പ്രവൃ. 13.39). ഇത് ദൈവത്തോടുള്ള സമാധാനത്തിലേക്ക്  നമ്മെ ആനയിക്കുന്നു. (റോമർ 5.1). ദൈവ മഹത്വത്തെക്കുറിച്ചുള്ള പ്രത്യാശയും നമുക്ക് ലഭിക്കുന്നു. സ്വർഗം പോലും തന്റെ മുൻപിൽ പരിശുദ്ധിയിൽ കുറവുള്ളതായി കാണുന്ന ദൈവത്തിന്റെ സന്നിധിയിലേക്ക് നമുക്ക് പ്രവേശനം ലഭിച്ചിരിക്കുന്നു. എന്നാൽ പാപം ചെയ്യുവാനുള്ള സാദ്ധ്യത ഒരു വിശ്വാസിയിൽ പിന്നേയും അവശേഷിക്കുന്നു എന്ന് നാം മനസ്സിലാക്കേണ്ടതാണ് (1 യോഹ.1.8). പാപം ഏറ്റുപറഞ്ഞ് ശുദ്ധീകരണം പ്രാപിക്കുകയാണ് വേണ്ടത് (1 യോഹ.1.9).

## പുനർജനനം

വാക്കുകളാൽ വിവരിക്കുവാനാവാത്ത ഒരു അത്ഭുതപ്രതിഭാസമാണ് പുനർജ്ജനനം. നിക്കോദെമോസ് വെളിച്ചം ലഭിച്ച ഒരു യഹൂദനായിരുന്നു. ഒരു പരീശപ്രമാണിയും ധനികനുമായിരുന്നു താൻ. കൂടാതെ, യിസ്രയേലിന്റെ ഉപദേഷ്ടാവും മതഭക്തനുമായിരുന്നു. ആദിമനൂറ്റാണ്ടിലെ ഒരു യുവാവ് ഇതിലധികമൊന്നും ആഗ്രഹിക്കുകയില്ല. എന്നാൽ യേശു അവരിൽ നിന്ന് വ്യത്യസ്ഥനായ ഒരു വ്യക്തിയാണെന്ന് അവൻ അറിഞ്ഞു. ഒരു രാത്രിയിൽ അവൻ യേശുവിന്റെ അടുക്കൽ എത്തി. *പുതുതായി ജനിച്ചില്ല എങ്കിൽ സ്വർഗരാജ്യം കാണ്മാൻ ആർക്കും കഴിയുകയില്ല* എന്ന് യേശു അവനോട് പറഞ്ഞു (യോഹ 3.3.). അനുതാപം, വിശ്വാസം, മാനസാന്തരം, പുനർജ്ജനനം ഇവയാണ് ദൈവരാജ്യത്തിലേക്കുള്ള പടവുകൾ. എന്നാൽ വീണ്ടും ജനിക്കുക! അത് എങ്ങനെ സാധിക്കും? ഒരു അത്ഭുത പ്രവൃത്തിയായിട്ടാണ് നിക്കോദേമൊസ് അതിനെ മനസ്സിലാക്കിയത്.

മനുഷ്യൻ ആത്മീകമായി മരിച്ചവനാണ്. തനിക്ക് ആവശ്യം മതവും ശിക്ഷണവുമല്ല, പുനർജ്ജനനമാണ്.  തനിക്ക് ജീവൻ ആവശ്യമാണ്. അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവനാണ് മനുഷ്യൻ. (എഫെ 2.1). ഒരു മൃതശരീരത്തിന് അതിനെത്തന്നെ ഉയിർപ്പിക്കുവാൻ എങ്ങനെ സാധിക്കും? അതിന് ചെവിയുണ്ട് പക്ഷേ കേൾവിയില്ല, ഹൃദയമുണ്ട് പക്ഷേ സ്പന്ദിക്കുന്നില്ല. പ്രതികരണശേഷി നഷ്ടപ്പെട്ട ഇച്ഛാശക്തിയാണ് അതിനുള്ളത്. മാനുഷിക പ്രയത്നങ്ങൾ അതിനെ ഉണർത്തുവാൻ പര്യാപ്തമല്ല. ഒരു പ്രസംഗകന്റെ വാക്ചാതുര്യമോ, അദ്ധ്യാപകന്റെ സാമർത്ഥ്യമോ മൃതശരീരത്തിന് പുനർജനനം ഏകുകയില്ല. താൻ ആത്മീകമായി മരിച്ചവൻ മാത്രമല്ല, ക്രിസ്തുവിനെ കൂടാതെയുള്ളവനും പ്രത്യാശയില്ലാത്തവനുമാണ്. നമുക്കു ചുറ്റും മരണവും

അഴിമതിയും നാശവും നടമാടിക്കൊണ്ടിരിക്കുന്നു. ആത്മീകമായി മരിച്ചവന് സ്വയം ജീവൻ കണ്ടെ ത്തുവാൻ കഴിയുകയില്ല. അവൻ പൂർണമായും നിസ്സഹായൻ തന്നെ.

ഇവിടെ ദൈവം ഇടപെടുകയല്ലാതെ മറ്റു മാർഗമില്ല. ദൈവം മുന്നിട്ടിറങ്ങിയേ മതിയാകുക യുള്ളു. അവൻ അത് ചെയ്തു. ഒരു തിമിംഗലത്തെ കടിഞ്ഞാണിൽ പിടിക്കണമെങ്കിൽ അതിന്റെ സ്വഭാവത്തിൽ സാരമായ മാറ്റം സംഭവിക്കണം. ഒരു പട്ടിക്ക് ആഴങ്ങളിൽ പാർക്കണമെങ്കിലും അപ്രകാരം തന്നെ. ഒരു പുഴു മനോഹരമായ ചിത്രശലഭമായി മാറുന്നു. അതിനുള്ള സാദ്ധ്യത പുഴുവിനുണ്ട്. അതുപോലെ ആത്മീകമായി മരിച്ച മനുഷ്യനും പുനർജനനം പ്രാപിക്കുവാൻ സാധിക്കുന്നു. താൻ ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടിരിക്കയാൽ അതിനുള്ള സാധ്യത മനു ഷ്യനിൽ നിക്ഷിപ്തമാണ്. എന്നാൽ, ഈ പ്രവൃത്തി ദൈവത്തിൽ നിന്നു തന്നെ ഉണ്ടാകുന്നു. തർസ്സോസിലെ ശൗൽ ദൈവസഭയെ പീഢിപ്പിച്ച ഒരു യഹൂദനായിരുന്നു. ദൈവം തന്നെ അപ്പോ സ്തലനായ പൗലോസാക്കി മാറ്റി.

പുനർജനിപ്പിക്കുന്ന പ്രക്രിയ പരിശുദ്ധാത്മാവിന്റേതാണ്. സൃഷ്ടിപ്പിന്റെ വേളയിൽ സൃഷ്ടികൾക്കു ജീവൻ നൽകുവാൻ വെള്ളത്തിന്റെ മീതെ പരിവർത്തിച്ചു കൊണ്ടിരുന്ന ആത്മാവ് മനുഷ്യ രക്ഷയ്ക്കായി എത്തുന്നു. ജീവനും ചൈതന്യവുമുള്ളതായ ദൈവവചനം അതിനായി പരിശുദ്ധാത്മാവ് ഉപയോഗിക്കുന്നു. ഈ വചനം പാപത്തെക്കുറിച്ചും രക്ഷകന്റെ ആവശ്യകതയെ ക്കുറിച്ചും ആ വ്യക്തിയിൽ ബോധ്യം വരുത്തുന്നു. കൂടാതെ, കർത്താവിങ്കലേക്ക് നോക്കുവാൻ അവനെ പ്രേരിപ്പിക്കുകയും ചെയ്യുന്നു.

ബെഥേന്യയിലെ ലാസർ മരിച്ചു. എന്നാൽ കല്ലറയ്ക്കുള്ളിൽ, നാറ്റം വച്ച അവസ്ഥയിലും അവൻ യേശുവിന്റെ ശബ്ദം കേട്ടു, ജീവനുള്ളവനായി പുറത്ത് വന്നു. അതുപോലെ, മരിച്ച അവ സ്ഥയിൽ ആയിരിക്കുന്ന മനുഷ്യാത്മാവ് പരിശുദ്ധാത്മാവിന്റെ ശബ്ദം കേൾക്കുകയും ജീവൻ പ്രാപിക്കുകയും ചെയ്യുന്നു. കാറ്റ് അതിന് ഇഷ്ടമുള്ള സ്ഥലത്തേക്ക് ചലിക്കുന്നു. അതിന്റെ ശബ്ദം നാം കേൾക്കുന്നുവെങ്കിലും എവിടെ നിന്ന് അത് വരുന്നു എന്നും എവിടേയ്ക്ക് പോകുന്നു എന്നും നാം അറിയുന്നില്ല. ആത്മാവിനാൽ ജനിക്കുന്നവനും അതുപോലെ തന്നെ.

പുനർജ്ജനനം പരിഷ്കരണമല്ല. പഴയ മനുഷ്യനിൽ മിനുക്കുപണികൾ ചെയ്യുന്നതല്ല. മുഖച്ഛായ മാറ്റുന്നതോ വെള്ള തേയ്ക്കുന്നതോ അല്ല. അത് പൂർണമായും പുതിയൊരു സൃഷ്ടി കർമ്മം നടത്തുന്നതാണ്. ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു; പഴ യതു കഴിഞ്ഞുപോയി ഇതാ അത് പുതുതായി തീർന്നിരിക്കുന്നു. (2 കൊരി 5.17).

## ദത്തെടുക്കൽ

നീതീകരണത്തിനു ശേഷമുള്ള ദൈവീക പ്രവൃത്തിയാണ് ദത്തെടുക്കൽ. വിശ്വാസത്താൽ നീതീകരിക്കപ്പെടുമ്പോൾ നമുക്ക് ദൈവമുമ്പിൽ പുതിയൊരു സ്ഥാനം ലഭിക്കുന്നു. നാം വീണ്ടുംജനനം പ്രാപിക്കുമ്പോൾ ദൈവത്തിൽ നിന്നും പുതിയൊരു ജീവൻ പ്രാപിക്കുകയാണ്. എന്നാൽ, നാം ദത്തെടുക്കപ്പെടുമ്പോൾ ദൈവഭവനത്തിൽ നമുക്ക് പുതിയൊരു സ്ഥാനം ലഭിക്കു കയാണ്.

വീണ്ടുംജനനത്തിൽ നാം ദൈവമക്കളായി തീരുന്നു. (യോഹ 1.12,13). ദൈവവുമായുള്ള നമ്മുടെ ബന്ധത്തെയാണ് ഇത് കാണിക്കുന്നത്. എന്നാൽ ദത്തെടുക്കലിൽ അതിലും ഉന്നതമായ ചിലത് സംഭവിക്കുന്നു. ദൈവപൈതലായ ഒരു വിശ്വാസിയെ പ്രായപൂർത്തിയായ ഒരു മകന്റെ സകല പദവികളിലേക്കും അവരോധിക്കുകയാണ് ദത്തെടുക്കലിലൂടെ ( ഗലാ 4.1–5).

മാനസാന്തരത്തിനു മുമ്പ് സ്വഭാവത്താൽ നാം കോപത്തിന്റെ മക്കളായിരുന്നു. (എഫെ 2.3). കോപത്തിന്റെയും വിദ്വേഷത്തിന്റെയും പ്രകൃതം നമ്മെ സദാ ഭരിച്ചു. ദൈവത്തോട് അനുസരണ ക്കേട് കാട്ടുന്നതിനുള്ള പ്രവണതയെ പിശാച് സദാ പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു. അനുസര ണക്കേട് കാണിച്ച ആദാമിന്റെ സന്തതി പരമ്പരകൾ എന്ന നിലയിൽ നാം മനപ്പൂർവമായി പിശാ ചിനെ അനുഗമിച്ചു. (എഫെ 5.6). ദൈവകോപം നമ്മുടെ മേൽ ഉണ്ടായിരുന്നു. (റോമ 1.18). മര ണവും അനന്തര ന്യായവിധിയും നമ്മെ കാത്തു നിന്നു.

എന്നാൽ ഇപ്പോൾ നാം ദൈവമക്കൾ ആയതിനാൽ ദൈവഭവനത്തിലേക്ക് നാം ദത്തെടു ക്കപ്പെട്ടു. *അബ്ബാ പിതാവേ* എന്നു വിളിക്കുവാൻ സ്വാതന്ത്ര്യം നൽകുന്ന പുത്രത്വത്തിന്റെ ആത്മാ വിനെ നാം പ്രാപിച്ചു. നാം ദൈവമക്കൾ എന്ന് ദൈവാത്മാവ് നമ്മുടെ ആത്മാവിനോടും

സാക്ഷ്യം പറയുന്നു. മാത്രമല്ല, ദൈവാത്മാവിനാൽ നടത്തപ്പെടുക എന്ന ഭാഗ്യപദവിയും നമുക്ക് ലഭ്യമായി. ഈ മരുഭൂപ്രയാണത്തിൽ അവൻ നമ്മെ നയിക്കുന്നു. (റോമ 8.14).

ഒരു പിതാവിന് താൻ ജനിപ്പിച്ച മകന് അവന്റെ അവകാശങ്ങൾ നൽകാതിരിക്കാം. എന്നാൽ ദത്തുപുത്രന് അവകാശങ്ങൾ നിഷേധിക്കുവാൻ അവന് സാധിക്കുകയില്ല. ദൈവീക ദത്തെടുക്കലിനെ വിശദീകരിക്കുമ്പോൾ ഒരു പക്ഷേ അക്കാലത്ത് നിലവിലുണ്ടായിരുന്ന റോമൻ നിയമം പൗലോസിന്റെ മനസ്സിൽ ഉണ്ടായിരുന്നിരിക്കാം. നിയമപരമായി ദത്തെടുക്കുന്ന ഒരു മകന് തന്റെ അവകാശങ്ങൾ നിഷേധിക്കുവാൻ ഒരു പിതാവിനും അനുവാദമില്ലായിരുന്നു. നമ്മുടെ രാജ്യത്തെ നിയമവും അപ്രകാരമാണ്. ദത്തുപുത്രർ എന്നതിനാൽ നാം ദൈവഹിതത്താൽ അവകാശികളും ക്രിസ്തുവിൽ കൂട്ടവകാശികളുമാണ് (ഗലാ 4.7). ദത്തെടുക്കപ്പെട്ട അവസ്ഥയിൽ ഇനി ഒരിക്കലും മാറ്റം സംഭവിക്കുന്നില്ല.

നമുക്ക ഒരു കുടുംബപ്പേരും ലഭിച്ചു. ഈ കുടുംബപ്പേരിലൂടെ നമ്മുടെ സ്വഭാവത്തിന്റെ വിവിധ വശങ്ങൾ വ്യക്തമാക്കപ്പെടുന്നു. നമ്മുടെ പിതാവായ ദൈവത്തിനുവേണ്ടി നാം വേർതിരിക്കപ്പെട്ടവർ ആകയാൽ *വിശുദ്ധർ* എന്ന് വിളിക്കപ്പെടുന്നു. (1 കൊരി 1.1,2). നമ്മുടെ പിതാവായ ദൈവത്തിലും കർത്താവായ യേശുക്രിസ്തുവിലും വിശ്വസിക്കുന്നതിനാൽ നാം *വിശ്വാസി*കളാണ്. നമ്മുടെ കർത്താവിനാൽ ശിക്ഷണം ലഭിക്കുന്നവരാകയാൽ നാം *ശിഷ്യർ* ആണ്. ഏക പിതാവിനാൽ ജനിക്കപ്പെട്ടിരിക്കയാൽ നാം *സഹോദർ* ആണ്.

പിതാവിന്റെ കരുതലും സ്നേഹവും നമുക്കുണ്ട്. അവൻ നമ്മുടെ ആവശ്യങ്ങൾ അറിഞ്ഞ് നമ്മെ പുലർത്തുന്നു. അവന്റെ ചെവി നമ്മുടെ നിലവിളിക്ക് തുറന്നിരിക്കുന്നു. നാം അനുസരണക്കേട് കാണിക്കുന്ന സന്ദർഭങ്ങളിൽ നമ്മുടെ പിതാവിന് നമ്മെ ശിക്ഷിക്കേണ്ടതായി വരുന്നു (എബ്രാ 12.5–11). അത് തന്റെ സ്നേഹത്തിന്റെ പ്രകടനമാണ്. ഒപ്പം, പിതാവിന്റെ സാന്ത്വനവും നമുക്ക് ലഭിക്കുന്നു. (1 കൊരി 1.4).

ഒരു നാളിൽ നാം യേശുക്രിസ്തുവിന്റെ രൂപത്തോട് അനുരൂപരായി തീരും. ഈ ജീവിതത്തിൽ അനുദിനം നാം തേജസ്സിൽ നിന്ന് തേജസ്സിലേക്ക് രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുകയാണ് (2 കൊരി 3.18). യേശുക്രിസ്തു നമ്മെ ചേർക്കുവാൻ വീണ്ടും വരുമ്പോൾ നാം അവനെ കാണുകയും അവനോട് സദൃശ്യന്മാരായി മാറുകയും ചെയ്യും. സ്വർഗത്തിൽ നമുക്കുവേണ്ടി സൂക്ഷിച്ചിരിക്കുന്ന അവകാശം നാം പ്രാപിക്കും (1 പത്രോ 1. 3–5). അന്നാളിൽ നമ്മുടെ ശരീരത്തിന്റെ വീണ്ടെടുപ്പ് പൂർത്തിയാകും, ദത്തെടുക്കലിന്റെ ഫലങ്ങളും അന്ന് പൂർത്തീകരിക്കപ്പെടും (റോമർ 8.23).

## വിശുദ്ധീകരണവും തേജസ്കരണവും

രൂക്ഷമായ ചില പാപ പ്രശ്നങ്ങളുടെ മുമ്പിൽ വിശ്വാസികൾ പതറിപ്പോകയും അവരുടെ രക്ഷയെക്കുറിച്ച് സംശയിക്കുന്നവരായി തീരുകയും ചെയ്യാറുണ്ട്. അവർക്ക് രക്ഷയുടെ സന്തോഷം നഷ്ടമാകുന്നു. ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാന പ്രമാണങ്ങളിൽ നിന്നു പോലും അവർ വഴുതിപ്പോകുന്നു. ക്ഷമിക്കപ്പെടാത്ത ചില പാപങ്ങൾ ചെയ്തതിനാൽ രക്ഷ നഷ്ടപ്പെട്ടു എന്ന നിഗമനത്തിൽ അവർ എത്തിച്ചേരുന്നു. ഇത്, രക്ഷിക്കപ്പെടുന്നതിന് മുമ്പുണ്ടായിരുന്ന അവസ്ഥയേക്കാൾ കൂടുതൽ പരിതാപകരമായ സ്ഥിതിവിശേഷത്തിലേക്ക് അവരെ നയിക്കുന്നു. ഇതിനെല്ലാം കാരണം കർത്താവ് അവർക്ക് നൽകിയ രക്ഷയെക്കുറിച്ച് ശരിയായ പരിജ്ഞാനം ഇല്ലാത്തതാണ്.

കൃപയാൽ വിശ്വാസം മൂലമാണ് നാം രക്ഷിക്കപ്പെട്ടത്. (എഫെ 2.8). നാം രക്ഷിക്കപ്പെട്ട ക്ഷണത്തിൽ തന്നെ പാപത്തിന്റെ ശിക്ഷയിൽ നിന്നും എന്നെന്നേയ്ക്കുമായുള്ള വിടുതൽ പ്രാപിച്ചു. കാരണം, ആ ശിക്ഷ മുഴുവനും ക്രിസ്തു സഹിച്ചു തീർത്തു. നമ്മുടെ ന്യായവിധി നമ്മിൽ നിന്നും നീക്കപ്പെട്ടതിനാൽ ദൈവമുമ്പിൽ നാമിനി കുറ്റക്കാരല്ല. യഥാർത്ഥത്തിൽ, നാം ദൈവത്താൽ നീതീകരിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്തു. ഇത് നമ്മുടെ ജീവിതത്തിൽ ഒരിക്കൽ എന്നെന്നേക്കുമായി സംഭവിച്ചു. ഈ അവസ്ഥയിൽ ഇനി മാറ്റം വരികയില്ല.

പാപം ചെയ്യുന്നതിനുള്ള സാദ്ധ്യതകൾ നമ്മിൽ നിന്നും നീക്കപ്പെട്ടു എന്ന് ഇതിനർത്ഥമില്ല. അത് നമ്മിൽ തുടരുന്നു. *നമുക്ക് പാപമില്ല എന്നു നാം പറയുന്നു എങ്കിൽ നമ്മെത്തന്നെ വഞ്ചിക്കുന്നു.* (1 യോഹ 1.8).

സ്ഥാനീയമായി നാം ദൈവത്താൽ വിശുദ്ധീകരിക്കപ്പെട്ടവരാണ്. എന്നാൽ പ്രായോഗിക തലത്തിൽ നമ്മുടെ വിശുദ്ധീകരണ പ്രക്രീയ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. വിശുദ്ധീകരണത്തി

ലൂടെ പാപത്തിന്റെ മാലിന്യങ്ങളിൽ നിന്നും നാം വിടുതൽ പ്രാപിച്ച് യേശുക്രിസ്തുവിന്റെ സ്വരൂപത്തോട് അനുരൂപരായി തീരുന്നു. പാപത്തിന്റെ ശക്തിയിൽ നിന്നും നാം അനുദിനം രക്ഷപ്പെട്ടുകൊണ്ടിരിക്കുന്നു.

നമ്മെ സ്നേഹിച്ച്, നമ്മുടെ പാപങ്ങളുടെ പരിഹാരത്തിനായി ജീവൻ നൽകിയ നമ്മുടെ കർത്താവ് നമ്മെ ദിനംതോറും ശുദ്ധീകരിച്ചു കൊണ്ടിരിക്കുകയാണ്. അവൻ ഒടുവിൽ നമ്മെ കറയും ചുളുക്കവുമില്ലാത്തവരായി ദൈവത്തിന്റെ മുമ്പിൽ നിർത്തും. ദൈവത്തിന്റെ വലത്തു ഭാഗത്ത് നമുക്കുവേണ്ടി സദാ പക്ഷവാദം ചെയ്യുന്ന മഹാപുരോഹിതനാണ് ഇന്ന് അവൻ. പാപം ഒഴികെ നമുക്കു സമനായി പരീക്ഷിക്കപ്പെട്ട കർത്താവ്, നമ്മുടെ പരീക്ഷകളിൽ വിജയം നൽകുവാൻ പ്രാപ്തനാണ്. അവൻ നമ്മുടെ ബലഹീനതകളിൽ നമുക്ക് തുണ നിൽക്കുന്നു. ആവശ്യവേളകളിൽ അവന്റെ ചാരത്ത് അണഞ്ഞ് സമൃദ്ധിയായ കൃപ പ്രാപിക്കുക. (എബ്രാ 4. 15, 16). പാപം ചെയ്യാതിരിപ്പാൻ അവൻ നമുക്ക് വേണ്ടി പ്രാർത്ഥിക്കുന്നു. എന്നാൽ നാം പാപം ചെയ്തുപോയാൽ അവൻ നമുക്കു വേണ്ടി പക്ഷവാദം ചെയ്യുന്നു. സകല പാപപ്രശ്നങ്ങളും പരിഹരിച്ച് ഒരു നാളിൽ അവൻ നമ്മെ കുറ്റമറ്റവരായി തന്റെ മുമ്പിൽ നിർത്തും.

വിശുദ്ധീകരണം നമ്മുടെ ഉത്തരവാദിത്വം കൂടെയാണ്. അതിനെ പ്രായോഗിക വിശുദ്ധീകരണം എന്ന് വിശേഷിപ്പിക്കുന്നു.

**പ്രായോഗിക വിശുദ്ധീകരണം**

*ദൈവത്തിങ്കലേക്ക് വേർതിരിയുക* (1 പത്രോ 1.2), ദൈവത്തിനായി വേർതിരിഞ്ഞവർക്ക് അനുയോജ്യമായ ജീവതശൈലി (1 തെസ്സ 4.3,7) എന്നീ ആശയങ്ങൾ അവതരിപ്പിക്കുന്നതിനായി വിശുദ്ധീകരണം എന്ന പദ പ്രയോഗം ഉപയോഗിക്കുന്നു. പ്രായോഗിക വിശുദ്ധീകരണത്തിൽ രണ്ടാമത്തെ ആശയമാണ് നാം വിചിന്തനം ചെയ്യുന്നത്.

പ്രസിദ്ധ പണ്ഡിതനായ W.E.Wine വിശുദ്ധീകരണത്തെ ഇങ്ങനെ വിശദീകരിക്കുന്നു: *വിശുദ്ധരെക്കുറിച്ചുള്ള ദൈവത്തിന്റെ ഇഷ്ടമാണ് വിശുദ്ധീകരണം. (1 തെസ്സ 4.3); സുവിശേഷത്താൽ അവരെ വിളിച്ചതിന്റെ ഉദ്ദേശ്യവും അതുതന്നെ. (1തെസ്സ 4.7). ദൈവവചനത്തിലൂടെ അവൻ അത് നമ്മെ അഭ്യസിപ്പിക്കുന്നതിനാൽ (യോഹ 17.17,19) നാമത് ദൈവത്തിൽ നിന്നും പഠിക്കേണ്ടതാണ് (1 തെസ്സ 4.4). വിശ്വാസികൾ അതിനെ മനസ്സോടെയും വിട്ടുമാറാതെയും പിന്തുടരണം. (1 തിമൊ 2.15; എബ്രാ 12.14). വിശുദ്ധ സ്വഭാവം (1 തെസ്സ 3.13) മറ്റാരിൽ നിന്നും നേടുവാനോ, മറ്റൊരാൾക്ക് നൽകുവാനോ സാദ്ധ്യമല്ല. ദൈവവചനം അനുസരിക്കുന്നതിനാലും ക്രിസ്തുവിനെ അനുഗമിക്കുന്നതിനാലും ക്രമേണയായി നമ്മിൽ വളർന്നു വരുന്ന സ്വന്ത നേട്ടമാണ് അത് ( മത്താ 11.29; യോഹ 13.15; എഫെ 4.20; ഫിലി 2.5). പരിശുദ്ധാത്മ ശക്തിയാലാണ് നാമത് സ്വായത്തമാക്കുന്നത്. (റോമർ 8.13; എഫെ 3.16).*

വേർപാട് (ആവ 7.6), ശുദ്ധിയും വൃത്തിയും (ഹബ 1.13; ലേവ്യ 11. 44,45), ധാർമ്മിക പൂർണത ( 2 ശമു 22.31; ലേവ്യ 22.21; മത്താ 5.48) എന്നിവയുടെ ആശയവും വിശുദ്ധീകരണത്തിൽ ഉൾക്കൊണ്ടിട്ടുണ്ട്.

ഒരു നാളിൽ ദൈവം നമ്മെ പൂർണമായി വിശുദ്ധീകരിക്കും. (1 തെസ്സ 5.23). ക്രിസ്തീയ ലക്ഷ്യം അതാണ്. ഈ ലോകജീവിതത്തിൽ നമുക്കതിന്റെ പൂർത്തീകരണം പ്രാപിക്കുവാൻ സാധിക്കുമോ? നാം അതിനായി പരിശ്രമിക്കുന്നവരും, ഉറപ്പുള്ളവരും അതിൽ തുടരുന്നവരുമായിരിക്കുവാൻ ദൈവം നമ്മോട് ആവശ്യപ്പെടുന്നു.

പാപത്തെക്കുറിച്ചും വേദപുസ്തകം വ്യക്തമാക്കുന്നതും നാം മറന്നുകളയുവാൻ പാടില്ല (1 യോഹ 1.8). ഈ ലോകജീവിതത്തിൽ സമ്പൂർണ വിശുദ്ധി പ്രാപിക്കുന്നതിനെക്കുറിച്ചും വേദപുസ്തകം മൗനം പാലിക്കുന്നു എന്നാൽ, നാം ക്ഷീണിച്ചു മടുത്തു പോകരുത് എന്നും, ദൈവത്തിന്റെ ശിക്ഷണത്തെ മനസ്സോടെ സ്വീകരിച്ച് തളർന്ന കരങ്ങളേയും മുഴങ്കാലുകളെയും ശക്തീകരിക്കുവാൻ നാം പ്രാപ്തരാകണം എന്നും വ്യക്തമാക്കുന്നു. (എബ്രാ 12.3–13). അതിനാൽ നാം എടുക്കപ്പെടുന്നതുവരെ തുടർമാനമായി ശുദ്ധീകരണ പ്രക്രീയ ഉണ്ടായിരിക്കും.

പൂർണത പ്രാപിച്ച ചില വിശുദ്ധരെക്കുറിച്ച് വേദപുസ്തകം പറയുന്നുണ്ട്. തന്റെ തലമുറയിൽ കുറ്റമറ്റവനും നീതിമാനുമായിരുന്നു നോഹ. (ഉൽ 6.9). ഇതൊരു താരതമ്യ പൂർണതയാണ്. മറ്റുള്ളവരുമായി താരതമ്യപ്പെടുത്തിയാൽ നോഹ നീതിമാനായിരുന്നു എന്നാണതിന്റെ അർത്ഥം. ഇയ്യോബ് *നിഷ്കളങ്കനും നേരുള്ളവനും* ആയിരുന്നു എന്ന് വേദപുസ്തകം വ്യക്തമാക്കുന്നു. (ഇ

യ്യോ. 1.1 ). അവന്റെ തലമുറയുമായി തുലനം ചെയ്തുള്ള ഒരു വിശേഷണമാണിത്. അവർ പാപരഹിതരായിരുന്നു എന്ന ആശയം ഇതിൽ ഉൾക്കൊള്ളുന്നില്ല.

*ക്രിസ്തുവിന്റെ സമ്പൂർണതയായ പ്രായത്തിന്റെ അളവ്* പ്രാപിക്കുന്നതിനെക്കുറിച്ച് പൗലോസ് പറയുന്നുണ്ട്. (എഫെ 4.12). ഇത് പാപരഹിത പൂർണതയെക്കുറിച്ചല്ല, വളർച്ചയെക്കുറിച്ചാണ് പറയുന്നത്. ധാർമ്മികവും ആത്മീകവുമായ പൂർണതയാണത്. ക്രിസ്തീയ ജീവിതത്തിലെ ലക്ഷ്യവും അതിന്റെ പൂർത്തീകരണവും തമ്മിലുള്ള വ്യത്യാസം നാം മനസ്സിൽ കരുതേണ്ടതാണ്. വിശ്വാസികളുടെ മദ്ധ്യേ സദാ വിശുദ്ധിയിൽ വളരുന്നതിനാണ് നാം സമ്പൂർണത ലക്ഷ്യമായി സ്വീകരിച്ചിരിക്കുന്നത്. വിശുദ്ധിയുടെ പൂർണത നമ്മുടെ ലക്ഷ്യമല്ല എങ്കിൽ ജീവിതത്തിൽ നാം പരാജയപ്പെട്ടു പോകും. എന്നാൽ ആ പൂർണത നാം പ്രാപിച്ചു എന്ന് അവകാശപ്പെടുന്നത് അതിലും വലിയ പരാജയം തന്നെ.

ദൈവത്തിന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ നമ്മിൽ ആകമാനം അനുദിനം പുതുക്കപ്പെടുന്ന അനുഭവം ഉണ്ടാകണം. നമ്മിൽ സദാ പാപത്തോട് മരിച്ച അനുഭവവും നീതിക്കു വേണ്ടി ജീവിക്കുന്ന അവസ്ഥയും വെളിപ്പെടണം (തീത്തോ 3.5).

നാം ആത്മാവിൽ പുതുക്കം പ്രാപിക്കണം ( 2 കൊരി 7.1). ഉന്നതഭാവം താഴ്മയായും, കൈപ്പിന്റെ അവസ്ഥ മധുരമായും, വിധിക്കുന്ന മനോഭാവത്തിൽ നിന്നും സ്നേഹത്തിന്റെ ആത്മാവിലേക്കും (എഫെ 4.31,32) നാം പുതുക്കപ്പെടണം.

നമ്മുടെ പ്രാണന് പുതുക്കമുണ്ടാകണം. മനസ്സുമായി ബന്ധപ്പെട്ടതാണത്. (റോമർ 12.2; ഫില 2.5). മനസ്സിലെ സകല ചിന്തകളേയും ക്രിസ്തുവിലുള്ള അനുസരണത്തിലേക്ക് നാം കൊണ്ടുവരുന്ന സ്ഥിതി വിശേഷമാണത്. (2 കൊരി 10.5).

നമ്മുടെ വികാരങ്ങളിൽ നവികരണം സംഭവിക്കണം. നമ്മുടെ അഭിവാഞ്ചകളും അനുഭവങ്ങളുമാണ് ഇവിടെ വിഷയമാകുന്നത് (ഗലാ 5.17, 24). യൗവ്വന മോഹങ്ങളെ വിട്ട് ഒഴിയണം (2 തിമൊ 2.21,22). ദൈവകൃപ ഇതിൽ നമ്മെ അഭ്യസിപ്പിക്കും (തീത്തോ 2.11,12).

നമ്മുടെ ഇച്ഛാശക്തിയിൽ പുതുക്കം ഉണ്ടാകണം (റോമർ 12.1,2; യോഹ 7.17; കൊലോ 1.9,10). ഇച്ഛാശക്തി ദൈവമുമ്പിൽ സമർപ്പിക്കണം.

ദൈവസന്നിധിയിൽ സമ്പൂർണ സമർപ്പണം ചെയ്ത് ജീവിതത്തെ അതിനനുസരിച്ച് ക്രമപ്പെടുത്തുക. വിശുദ്ധീകരണ പ്രക്രീയയ്ക്ക് ശരീരം വിധേയമാകുന്നു. നമ്മുടെ ശരീരം പരിശുദ്ധാത്മ വാസകേന്ദ്രമാണ്. (1 കൊരി 6.19,20). പ്രായോഗിക വിശുദ്ധീകരണത്തിൽ ശരീരത്തിന് മുഖ്യ പങ്കുണ്ട്. (1 തെസ്സ 4.3). നമ്മുടെ ശരീരാവയവങ്ങളെ നീതിയുടെ ആയുധമായി സമർപ്പിക്കണം. (റോമർ 6). ഏതെങ്കിലും നിലയിലുള്ള അയോഗ്യ കാര്യങ്ങൾക്ക് നമ്മുടെ ശരീരം ഉപയോഗിക്കുവാൻ പാടില്ല. (1 കൊരി. 8. 15-17).

നമ്മുടെ ജീവിതത്തിൽ വിശുദ്ധീകരണം എങ്ങനെയാണ് സംഭവിക്കുന്നത്? ഇത് നേടുന്നതിന് നാം ഏതുമാർഗം സ്വീകരിക്കണം?

നാം ക്രിസ്തുവിൽ വിശുദ്ധീകരിക്കപ്പെട്ടവരാണ്. (1 കൊരി 1.2). അവൻ തന്നെ, രക്ഷയിൽ നമ്മെക്കുറിച്ചുള്ള ഉദ്ദേശ്യത്തിൽ വീഴ്ച കൂടാതെ എത്തിക്കും.

എന്നാൽ നമ്മുടെ ഭാഗത്ത് നാം ഓർക്കേണ്ടതായി ചിലതുണ്ട്. മുമ്പ് നാം പാപത്തിൽ മരിച്ചവരായിരുന്നു, എന്നാൽ രക്ഷിക്കപ്പെട്ട ശേഷം പാപത്തോടുള്ള ബന്ധത്തിൽ നാം മരിച്ചവരായിരിക്കണം. പാപം നമ്മുടെ മേൽ ഭരണം നടത്തുവാൻ പാടില്ല (റോമർ 6.14). പ്രലോഭനങ്ങൾ നമ്മുടെ മുമ്പിൽ വരുമ്പോൾ അതിന് വഴിപ്പെടാതെ അതിൽ വിജയം വരിക്കുക. (റോമർ 8.13). പരിശുദ്ധാത്മാശക്തിയാൽ നമ്മുടെ പാപവിധേയമായ അവയവങ്ങളെ മരിപ്പിക്കുക (കൊലോ 3.5) നാം ഉപേക്ഷിക്കേണ്ടവയാണ് ഇവയെല്ലാം.

നീതിക്കുവേണ്ടി ജീവിക്കുക (റോമർ 6.19) എന്നതാണ് നാം സ്വീകരിക്കേണ്ടതായ കാര്യം. ദൈവവചനം അനുസരിക്കുന്നതിലൂടെ ഇത് സാധ്യമാകുന്നു (സങ്കീ 119.11). ദൈവവചനം നമ്മെ കഴുകി ശുദ്ധീകരിക്കുന്നു (യോഹ 15.3; എഫെ 5.26).

ക്രിസ്തുവിൽ കേന്ദ്രീകൃതമായ ഒരു ജീവിതം പടുത്തുയർത്തുക. (എബ്രാ 12.1, 5). അവനാണ് നമ്മുടെ മാതൃക. (1 പത്രോ 2.24). നാമവനെ അനുസരിച്ച് അനുഗമിക്കുമ്പോൾ അവന്റെ സ്വരൂപത്തോട് വർദ്ധമാനമായി അനുരൂപരാകുന്നു (2 കൊരി 3.18).

നമ്മുടെ ക്രിസ്തീയ ജീവതത്തെ *നടപ്പ്* എന്നാണ് പുതിയനിയമം വിശേഷിപ്പിക്കുന്നത്. ആത്മാവിൽ നടക്കുവാൻ നമുക്ക് പ്രബോധനം നൽകിയിരിക്കുന്നു (ഗലാ 5.25). അടിമത്വത്തി

ലേയ്ക്ക് നാം മടങ്ങിപ്പോകുവാൻ പാടില്ല. നാം നടക്കേണ്ടതുപോലെ നടക്കുവാൻ പരിശുദ്ധാത്മാവ് നമുക്ക് സ്വാതന്ത്ര്യം നൽകുന്നു.

പാപം ചെയ്യരുത് എന്നതാണ് നമുക്കുള്ള കൽപ്പന. എന്നാൽ നാം പാപം ചെയ്തുപോയാൽ, നാം അതിനെ ഏറ്റുപറയുമ്പോൾ നമ്മെ സകല അനീതിയിൽ നിന്നും വിടുവിക്കുവാൻ അവൻ വിശ്വസ്തനും നീതിമാനുമാണ് (1 യോഹ 1.9).

നീതീകരണം ദൈവീക കോടതിയിലാണ് നടക്കുന്നത്. നമ്മുടെ ആന്തരികാനുഭവങ്ങൾക്ക് അതിലൂടെ മാറ്റം സംഭവിക്കുന്നില്ല. എന്നാൽ വിശുദ്ധീകരണം നമ്മുടെ ആന്തരികാവസ്ഥയ്ക്ക് വ്യതിയാനം വരുത്തുന്നു. നീതീകരണത്തിലൂടെ നാം എന്താണ് എന്ന് പ്രഖ്യാപിക്കപ്പെട്ടുവോ ആ അവസ്ഥയിലേക്ക് വിശുദ്ധീകരണത്തിലൂടെ നാം എത്തിച്ചേരുന്നു. ഒരു വിശ്വാസിയുടെ ഭൗമിക ജീവിതത്തിലുടനീളം തുടരുന്ന പ്രക്രിയയാണ് വിശുദ്ധീകരണം. നമ്മുടെ ജീവിതത്തെ നാം ദൈവത്തിനായി സമർപ്പിക്കുമ്പോൾ പരിശുദ്ധാത്മാവ് നമ്മിലെ ജഡത്തിന്റെ പ്രവൃത്തികളെ മരിപ്പിക്കുന്നു. (റോമർ 8.13). മാത്രമല്ല, ദൈവവചനം അനുസരിക്കുവാൻ നമ്മെ ഒരുക്കുകയും (1 പത്രോസ് 1.22) പരിശുദ്ധാത്മ ഫലം നമ്മിൽ ഉളവാക്കുകയും ചെയ്യുന്നു. (ഗലാ 5.22,23). കർത്താവ് വീണ്ടും വരുമ്പോഴാണ് വിശുദ്ധീകരണം പൂർത്തീകരിക്കപ്പെടുന്നത്. നമ്മുടെ ശരീരാത്മദേഹികളെ അവൻ പൂർണമായി അന്നാളിൽ വിശുദ്ധീകരിക്കും.

തേജസ്കരിക്കപ്പെട്ട ശരീരം പ്രാപിച്ച് അന്നാളിൽ നാം അവനോട് സദൃശ്യന്മാരായിത്തീരും. നമ്മുടെ രക്ഷ ഭദ്രമാണ്. നമ്മുടെ കർത്താവ് പറഞ്ഞു: *ഞാൻ അവയ്ക്ക് നിത്യജീവൻ കൊടുക്കുന്നു; അവ ഒരുനാളും നശിച്ചുപോകയില്ല. ആരും അവയെ എന്റെ കയ്യിൽ നിന്നു പിടിച്ചു പറിക്കയും ഇല്ല.* നമ്മുടെ ജീവൻ ഇന്ന് ദൈവത്തിൽ മറഞ്ഞിരിക്കുന്നു.

–000–

# 2. വിശ്വാസിയും ദൈവസഭയും

## സഭ എന്നാൽ എന്ത്?

*കർത്താവ് രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി സഭയോട് ചേർത്തുകൊണ്ടിരുന്നു* (അപ്പൊ. പ്രവൃ. 2.42).

സുവിശേഷം കേൾക്കുന്നവർ തങ്ങളുടെ ഇച്ഛാശക്തി ഉപയോഗിച്ച് യേശുക്രിസ്തുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിക്കുവാൻ കടപ്പെട്ടവരാണ്. ഇത് മാനുഷിക ഉത്തരവാദിത്വമാണ്. അപ്രകാരം സ്വീകരിക്കുന്നവരെ കർത്താവ് അംഗീകരിക്കുകയും സഭയിലേക്ക് ചേർക്കുകയും ചെയ്യുന്നു. അത് ദൈവത്തിന്റെ പരമാധികാരത്തിൽ ഉൾപ്പെടുന്ന കാര്യമാണ്. രക്ഷിക്കുന്നപ്പെടുന്നവരെ കർത്താവ് സഭയോട് ചേർത്തു എന്ന് പറയുമ്പോൾ രക്ഷിക്കപ്പെടാത്തവർ അതിൽ ഉൾപ്പെടുന്നില്ല എന്ന് വ്യക്തം. അതിനാൽ, ദൈവസഭയിൽ രക്ഷിക്കപ്പെട്ടവരായ അംഗങ്ങൾ മാത്രമേയുള്ളൂ. മനഃപ്പൂർവമായി യേശുക്രിസ്തുവിന്റെ കർതൃത്വത്തെ സ്വീകരിക്കാത്ത ആർക്കും സഭയിൽ പങ്കില്ല.

എങ്കിൽ *എന്താണ് സഭ?* എന്ന ചോദ്യം സ്വാഭാവികമായി മനസ്സിൽ ഉയർന്നുവരും.

സഭ ഒരു കെട്ടിടമല്ല. ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിലെ അംഗങ്ങൾ കൂടിവരുന്ന സ്ഥലത്തിനെ ചിലപ്പോൾ *സഭ* എന്ന് വിശേഷിപ്പിക്കാറുണ്ട്. എന്നാൽ മനുഷ്യ നിർമ്മിതമായ ഒരു സ്ഥലവും ദൈവവചന പ്രകാരം സഭയാകുന്നില്ല.

സഭ ഒരു മാനുഷിക സംഘടനയല്ല. ചില നിയമങ്ങൾക്കും നിബന്ധനകൾക്കും വിധേയരായി, ഒരു കൂട്ടം ആളുകൾ ഒരുമിച്ചു കൂടി ഒരു പ്രസ്ഥാനമാകുന്നതല്ല സഭ.

സഭ ഒരു സജീവ വസ്തുവാണ്. ദൈവത്താൽ വിളിക്കപ്പെട്ട്, അവനുവേണ്ടി വേർതിരിക്കപ്പെട്ട ആളുകളുടെ കൂട്ടം എന്നാണ് സഭ എന്ന് വിവർത്തനം ചെയ്തിരിക്കുന്ന *എക്ലീസിയ* (ecclesia) എന്ന മൂലപദത്തിന്റെ അർത്ഥം. ദൈവമാണ് അവരെ വിളിച്ചത് അവർ സ്വന്ത താൽപര്യപ്രകാരം വന്നവരല്ല. ലോകത്തിൽ നിന്നും വിളിച്ചിറക്കപ്പെട്ടവരാണവർ (പ്രവൃത്തി 15.14). അങ്ങനെ വിളിക്കപ്പെട്ടവർ സഭയിലേക്ക് ചേർക്കപ്പെടുന്നു. അവർ സ്വയം ചേരുകയല്ല.

വീണ്ടും ജനനം പ്രാപിച്ച് ദൈവസഭയിൽ ചേർക്കപ്പെട്ട ഒരു വ്യക്തി ലോകത്തിൽ ആയിരിക്കുമ്പോൾ ഏത് *സഭയിൽ* ചേരണം? എന്ന ചോദ്യം ഉയർന്നു വരാറുണ്ട്. ഏതു സഭയിലാണ് രക്ഷ?

രണ്ടാമത്തെ ചോദ്യത്തിന്റെ ഉത്തരം ലളിതമാണ്. ഒരു സഭയിലും രക്ഷയില്ല. പകരം, രക്ഷ പ്രാപിച്ചവരാണ് സഭയുടെ അംഗങ്ങൾ. *ഏത് സഭ* എന്നതിന് വിശദമായ ഒരു മറുപടി ആവശ്യമാണ്. അതുമായി ബന്ധപ്പെട്ട മറ്റു ചില ചോദ്യങ്ങൾ വിശകലനം ചെയ്തശേഷം നാം അതിന്റെ മറുപടിയിലേക്ക് വരുന്നതായിരിക്കും.

### എന്നാണ് സഭ ആരംഭിച്ചത്?

രണ്ടായിരം സംവത്സരങ്ങൾക്കു മുമ്പ് സഭ എന്നൊന്ന് ഇല്ലായിരുന്നു. അക്കാലത്ത് സഭ എന്നാൽ ദൈവത്തിൽ മറഞ്ഞിരുന്ന ഒരു മർമ്മമായിരുന്നു. (എഫെ 3.4,5). അന്ന് സഭ ദൈവീക

പദ്ധതിയിൽ ഉണ്ടായിരുന്നു. ആ പദ്ധതി പൂർത്തീകരിക്കുന്നതിനായി കാലത്തിന്റെ തികവിൽ ദൈവം തന്റെ പുത്രനെ ലോകത്തിലേക്ക് അയച്ചു. താൻ സഭയെ പണിയും എന്ന് ലോകത്തിലായിരുന്നപ്പോൾ അവൻ പ്രഖ്യാപിച്ചു (മത്തായി 16.18).

*നിങ്ങൾ എന്നെ ആർ എന്ന് പറയുന്നു* എന്ന് അവൻ ശിഷ്യന്മാരോട് ചോദിച്ചു. *നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു* എന്ന് പത്രോസ് മറുപടി പറഞ്ഞു. *ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും* എന്ന് കർത്താവ് പറഞ്ഞു. യേശു ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ് എന്ന ഏറ്റുപറച്ചിലിലാണ് സഭയെ പണിയുന്നത്. സഭ പണിയപ്പെടുന്ന പാറയും അവൻ തന്നെ.

യേശു കാൽവരി ക്രൂശിൽ മരിച്ചു, മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു, പിതാവിന്റെ അടുക്കലേക്ക് പോയി. പെന്തക്കോസ്തു നാളിൽ ദൈവം പരിശുദ്ധാത്മാവിനെ ഭൂമിയിലേക്കയച്ചു. ശിഷ്യന്മാർ ഒരുമിച്ച് കൂടിയിരിക്കുമ്പോൾ പരിശുദ്ധാത്മാവ് അവരുടെ മദ്ധ്യേ വന്ന് അവരെ സഭയായി രൂപീകരിച്ചു. അങ്ങനെ പെന്തക്കോസ്തു നാളിലാണ് സഭ സ്ഥാപിതമായത്. തുടർന്ന്, രക്ഷിക്കപ്പെടുന്നവർ സഭയോട് ചേർക്കപ്പെട്ടുകൊണ്ടിരുന്നു. കർത്താവ് സഭയെ ഭൂമിയിൽ നിന്ന് ചേർക്കുവാൻ വീണ്ടും വരുന്നതുവരെ ഈ പ്രക്രീയ തുടരും. പെന്തക്കോസ്തു നാൾ മുതൽ കർത്താവിന്റെ വീണ്ടും വരവു വരെയുള്ള രക്ഷിക്കപ്പെട്ടവരാണ് ഈ ആഗോള സഭയുടെ അംഗങ്ങൾ. വീണ്ടും ജനനം പ്രാപിക്കുന്നവരെ കർത്താവ് ഈ ആഗോള സഭയിലേക്കാണ് ചേർക്കുന്നത്.

**ലോകത്തിൽ നാമിന്ന് കാണുന്ന സഭകൾ ഏതാണ്?**

പ്രാദേശിക സഭകളാണിവ. ദൈവം വീണ്ടെടുത്തവർ ആരാധനയ്ക്കും കൂട്ടായ്മയ്ക്കുമായി ഓരോ പ്രാദേശിക സ്ഥലങ്ങളിൽ ഒരുമിച്ചു കൂടുന്നതാണ്.

ആദിമ നൂറ്റാണ്ടിൽ തന്നെ ദൈവസഭയിലെ ചിലയാളുകൾ പ്രത്യേകമായ പേരുള്ള സംഘമായി അറിയപ്പെടുവാൻ ആഗ്രഹിച്ചു. ചിലർ പൗലോസിന്റെ ഗ്രൂപ്പിലുള്ളവർ ചിലർ പത്രോസിന്റെ പക്ഷക്കാർ, ചിലർ അപ്പൊല്ലോസിന്റെ കൂട്ടർ എന്നിങ്ങനെ സ്വയം സംബോധന ചെയ്തു. ദൈവസഭയെ വിഭജിക്കുന്ന തെറ്റായ ഒരു പ്രവണതയാണ് ഇതെന്ന് പൗലോസ് കൊരിന്തിലെ സഭയ്ക്ക് എഴുതുന്നതായി നാം കാണുന്നു. അവരുടെ ബാലിശമായ ചിന്താഗതിയാണ് ഇതിന് കാരണം. അവർ പക്വതയില്ലാത്തവർ ആയിരുന്നു ( 1കൊരി 3.1–8).

പ്രാദേശിക സഭകളെ വിവിധ പേരുകളിൽ വിശേഷിപ്പിച്ചിട്ടുണ്ട്.

1. ദൈവസഭകൾ (1 തെസ്സ 2.14). സഭകൾ ദൈവത്തിൽ നിന്ന് ഉത്ഭവിച്ചു എന്നതാണ് ഇത് ചൂണ്ടിക്കാട്ടുന്നത്. അവ ദൈവത്തിന്റെ സ്വന്തമാണ്. ഏതെങ്കിലും പ്രാദേശിക സഭയെ സ്വന്തം പേരിൽ വിശേഷിപ്പിക്കുവാൻ ആർക്കും അവകാശമില്ല.
2. ക്രിസ്തുവിന്റെ സഭകൾ ( റോമർ 16.16). ക്രിസ്തുവാണ് വീണ്ടെടുപ്പുകാരൻ. തന്റെ സ്വന്ത രക്തം നൽകി അവൻ സഭയെ വിലയ്ക്കുവാങ്ങി (പ്രവൃ 28.30). സഭയുടെ കർത്താവ് എന്ന നിലയിൽ അതിന്റെ ഉത്തരവാദിയും താൻ തന്നെ. സഭകൾ തന്റെ അധികാരത്തിൻ കീഴിലാണ്.
3. വിശുദ്ധന്മാരുടെ സഭകൾ (1 കൊരി 14.34). വിശുദ്ധന്മാരുടെ മാത്രം കൂട്ടമാണ് സഭ. അഥവാ ദൈവത്താൽ വിളിച്ചു വേർതിരിക്കപ്പെട്ടവരുടെ കൂട്ടമാണ് സഭ എന്നാണ് അത് സൂചിപ്പിക്കുന്നത്. വീണ്ടുംജനനം പ്രാപിക്കാത്ത ആരും ദൈവസഭയുടെ അംഗങ്ങളല്ല. മരണശേഷം ആരും വിശുദ്ധരായി തീരുന്നില്ല എന്ന വസ്തുതയും സാന്ദർഭികമായി ഓർമിപ്പിക്കട്ടെ. തിരുവെഴുത്തിൽ നിന്നും അന്യമായ ചിന്തയാണത്. *നീ ലോകത്തിൽ വിശുദ്ധനല്ല എങ്കിൽ സ്വർഗത്തിൽ ഒരിക്കലും വിശുദ്ധനായി കാണപ്പെടുകയില്ല.* എന്ന് പ്രസിദ്ധ വേദപണ്ഡിതനായ മാത്യു ഹെൻറി പറയുകയുണ്ടായി. *വിശുദ്ധൻ* എന്ന പദപ്രയോഗം നമ്മുടെ അവസ്ഥയെയല്ല, പ്രത്യുത, ദൈവമുമ്പാകെയുള്ള നമ്മുടെ നിൽപ്പിനെയാണ് സൂചിപ്പിക്കുന്നത്.
4. ജാതികളുടെ സഭകൾ (റോമർ 16.4). യഹൂദനും ജാതികളും എന്ന രണ്ടുവിഭാഗങ്ങൾ ലോകത്തിൽ ഉണ്ട്. യഹൂദന്മാരല്ലാത്തവർ എല്ലാം ജാതികളാണ്. യഹൂദന്മാരിൽ നിന്നും ജാതികളിൽ നിന്നുമുള്ള വീണ്ടെടുക്കപ്പെട്ടവരുടെ കൂട്ടമാണ് സഭ. എന്നാൽ, ആദിമ നൂറ്റാണ്ടിൽ ജാതികളിൽ നിന്നും രക്ഷിക്കപ്പെട്ടവരുടെ മാത്രമായ കൂട്ടങ്ങൾ ചില സ്ഥലങ്ങളിൽ ഉണ്ടായിരുന്നു. അവയെ ജാതികളുടെ സഭകൾ എന്നു വിളിച്ചിരിക്കുന്നു.
5. ഗലാത്യസഭകൾ (ഗലാ. 1.2). ഗലാത്യ പ്രവിശ്യയിൽ പല പ്രാദേശിക സഭകൾ ഉണ്ടായിരു

ന്നു. അവയെ ഗലാത്യസഭകൾ എന്ന് വിശേഷിപ്പിക്കുന്നു.

ഒരു വ്യക്തി എത്രതന്നെ ആത്മീകനായിരുന്നാലും തന്റെ പേരിൽ ഒരു സഭ കൂടുന്നത് തെറ്റാണെന്ന് മുകളിൽ ഉദ്ധരിച്ച കാര്യങ്ങളിൽ നിന്നും വ്യക്തമാകുന്നു. നടുന്നവർ പലരാണ്, നനയ്ക്കുന്നതും പലരാണ്. എന്നാൽ യഹോവയാണ് വളരുമാറാക്കുന്നത്. (1 കൊരി 3.6). അതിനാൽ വ്യക്തികളുടെയും മറ്റും പേരുകൾ സഭകൾക്കു നൽകുന്നത് തീർച്ചയായും തെറ്റുതന്നെ.

സഭയെ പണിയുവാൻ ദൈവം അനേകരെ ഉപയോഗിക്കുന്നു. നാം ദൈവത്തിന്റെ കൂട്ടുവേലക്കാരാണ് (2 കൊരി 6.1). സഭയാകുന്ന നിലവിളക്ക് സ്ഥാപിക്കുകയും നീക്കം ചെയ്യുകയും ചെയ്യുന്നത് പരിപൂർണമായും ദൈവത്തിന്റെ പരമാധികാരത്തിൽ ഉൾപെടുന്ന കാര്യമാണ്. സഭ വ്യക്തികളുടെ പേരിൽ അറിയപ്പെടുമ്പോൾ അതിന്റെ മഹത്വം കർത്താവിന് ലഭിക്കുന്നില്ല. *എന്റെ മഹത്വം ഞാൻ മറ്റൊരുത്തന് വിട്ടുകൊടുക്കുകയില്ല* എന്ന് കർത്താവ് അരുളിച്ചെയ്യുന്നു. (യെശയ്യാ 42.8).

ഒരു സഭയിൽ പല ഭാഷകൾ സംസാരിക്കുന്നവർ ഉണ്ടായിരിക്കാം. എന്നാൽ ഏതെങ്കിലും ഒരു ഭാഷ മാത്രമേ പാടുള്ളൂ എന്ന് നിർബന്ധം പിടിക്കുകയും മറ്റു ഭാഷക്കാരെ കൂട്ടായ്മയിൽ നിന്ന് ഒഴിച്ചു നിർത്തുകയും ചെയ്യുവാൻ പാടില്ല. ഒരു വ്യക്തിയോ ഒരു ഭാഷയോ സഭയിൽ വിഭാഗീയ ചിന്ത ഉളവാക്കുവാൻ പാടുള്ളതല്ല. രണ്ടും വളർച്ചയില്ലായ്മയുടെ ലക്ഷണം തന്നെ.

വിശ്വാസികൾ കർത്താവിന്റെ നാമത്തിലാണ് കൂടിവരുന്നത്.

**സഭയുടെ അംഗത്വം നേടുന്നതിനുള്ള കർമ്മമാണോ സ്നാനം?**

*ആകയാൽ നിങ്ങൾ പുറപ്പെട്ട്, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോട് കൽപ്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ട് സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ* (മത്താ 28.19,20) എന്ന് യേശുക്രിസ്തു കൽപ്പിച്ചു. പുതിയനിയമ വിശ്വാസികൾ അനുഷ്ഠിക്കുന്നതിനായി കർത്താവ് കൽപ്പിച്ചു നൽകിയ രണ്ട് അനുഷ്ഠാനങ്ങളിൽ ഒന്നാണ് സ്നാനം.

ഏതെങ്കിലും പ്രാദേശിക സഭയുടെ അംഗമായി തീരുന്നതിനല്ല സ്നാനം. വീണ്ടുംജനനം പ്രാപിച്ച, സകല ദൈവമക്കളും പാലിക്കേണ്ടതായ ഒരു അനുഷ്ഠാനമാണ് അത്. സ്നാനം സ്വീകരിക്കാത്ത ഒരു വിശ്വാസിയും സ്നാനപ്പെട്ട ഒരു അവിശ്വാസിയും വേദപുസ്തക ആശയങ്ങളിൽ ഉൾപ്പെടുന്നില്ല. ചുവടെ ചേർക്കുന്ന വേദഭാഗങ്ങൾ ശ്രദ്ധിക്കുക:

*അവന്റെ വാക്ക് കൈക്കൊണ്ടവർ സ്നാനം ഏറ്റു* (അപ്പോ. പ്രവൃ. 2.41).

*ദൈവരാജ്യത്തെയും യേശുക്രിസ്തുവിനെയും കുറിച്ച് ഫിലിപ്പോസ് പ്രസംഗിച്ചത് അവർ വിശ്വസിച്ചപ്പോൾ പുരുഷന്മാരും സ്ത്രീകളും സ്നാനം ഏറ്റു* (അപ്പോ. പ്രവൃ. 8.12).

*ഞാൻ സ്നാനപ്പെടുന്നതിന് എന്ത് തടസ്സം* എന്ന് ചോദിച്ച ഷണ്ഡനോട് *നീ പൂർണഹൃദയത്തോടെ വിശ്വസിക്കുന്നു എങ്കിൽ ആകാം* എന്ന് ഫിലിപ്പോസ് മറുപടി പറഞ്ഞു. *യേശുക്രിസ്തു ദൈവപുത്രൻ എന്ന് ഞാൻ വിശ്വസിക്കുന്നു* എന്ന് ഷണ്ഡൻ ഏറ്റുപറഞ്ഞപ്പോൾ ഫിലിപ്പോസ് അവനെ സ്നാനം കഴിപ്പിച്ചു (അപ്പോ. പ്രവൃ. 8.36, 38).

സ്നാനം പ്രാദേശികസഭയുടെ അംഗത്വം നേടുന്നതിനുള്ള ആചാരമല്ല. എന്നാൽ, പ്രാദേശിക സഭകളിലെ സകല അംഗങ്ങളും സ്നാനം സ്വീകരിച്ചവരാണ്.

ദൈവവചനത്തിൽ കൃത്യമായ ക്രമം നമുക്ക് ദൃശ്യമാണ്. ആദിമസഭ അത് പാലിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. നമ്മുടെ നിർദ്ദേശത്തിനും അനുസരണത്തിനുമായി അവ രേഖപ്പെടുത്തിയിരിക്കുന്നു. അവന്റെ നാമത്തിൽ മാനസാന്തരവും പാപമോചനവും പ്രസംഗിക്കണം എന്ന് കർത്താവ് ശിഷ്യന്മാരോട് കൽപ്പിച്ചു. (ലൂക്കോ 24.47). വചനം കേട്ട് തങ്ങളുടെ പാപത്തിൽ നിന്നും മനംതിരിഞ്ഞവർ സ്നാനം ഏറ്റു (പ്രവൃത്തി 2.38,41). അവർ സഭയോട് ചേർന്നു. അവർ അപ്പോസ്തന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു. (അപ്പോ. പ്രവൃ. 2.42). ഈ ക്രമം ഇന്നും പാലിക്കപ്പെടേണ്ടതാണ്.

**ശിശുക്കളെ സ്നാനം കഴിപ്പിക്കാമോ?**

സ്ത്രീപുരുഷ വ്യത്യാസം ഇല്ലാതെ, ആൺകുട്ടി എന്നോ പെൺകുട്ടി എന്നോ ഉള്ള

വ്യത്യാസം കൂടാതെ ആർക്കും സ്നാനം ഏൽക്കാം. എന്നാൽ, സ്നാനപ്പെടുന്ന വ്യക്തി വീണ്ടുംജനനം പ്രാപിച്ചവരായിരിക്കണം എന്നതാണ് ഏക നിബന്ധന.

എന്താണ് സ്നാനം? സ്നാനം രക്ഷ നൽകുന്നില്ല. അതിന് ദിവ്യശക്തിയൊന്നുമില്ല. സ്നാനത്തിലൂടെ പുനർജ്ജനനം പ്രാപിക്കാം എന്ന് പഠിപ്പിക്കുന്നവർ ക്രൈസ്തവ ഗോളത്തിലുണ്ട്. അത് തികച്ചും തെറ്റാണ്.

യേശുക്രിസ്തു നിക്കോദെമോസിനോട് പറഞ്ഞു: *വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴിയുകയില്ല* (യോഹ 3.5). ആത്മാവിനാൽ ജനിക്കുക എന്നത് മനസ്സിലാക്കുവാൻ ബുദ്ധിമുട്ടില്ല. ഉയരത്തിൽ നിന്നുള്ള ഈ ജനനത്തിൽ (യോഹ 1.12,13) പരിശുദ്ധാത്മാവ് ഒരു വിശ്വാസിയിലേക്ക് വന്ന് അവനിൽ വാസം ചെയ്യുന്നു. വെള്ളത്താൽ ജനിക്കുക എന്നതിന് രണ്ടു വിശദീകരണങ്ങളാണ് യുക്തമായിട്ടുള്ളത്. ഒന്ന്, വെള്ളം ദൈവവചനത്തിന് സദൃശമാണ് (എഫെ 5.26). നാം ദൈവവചനമാകുന്ന കെടാത്ത ബീജത്താൽ ജനിപ്പിക്കപ്പെട്ടിരിക്കുന്നു (1 പത്രോ 1. 23). രണ്ട്, വെള്ളം പരിശുദ്ധാത്മാവിന്റെയും സാദൃശ്യമാണ് (യോഹ 7. 37–39). *വെള്ളത്താലും ആത്മാവിനാലും* എന്ന പദപ്രയോഗം *വെള്ളത്താൽ അഥവാ ആത്മാവിനാൽ* എന്നും വിവർത്തനം ചെയ്യാവുന്നതാണ്. അതിനാൽ, വെള്ളത്താൽ അഥവാ ആത്മാവിനാൽ ജനിച്ചില്ല എങ്കിൽ സ്വർഗരാജ്യത്തിൽ കടപ്പാൻ ആർക്കും കഴികയില്ല എന്നാണ് കർത്താവ് നിക്കോദെമോസിനോട് പറയുന്നത്. സ്നാനത്തിലൂടെ പുനർജ്ജനനം പ്രാപിക്കാമെന്ന് ഈ വാക്യം പഠിപ്പിക്കുന്നില്ല.

ഒരു കുട്ടി രക്ഷിക്കപ്പെട്ടതാണെങ്കിൽ സ്നാനം സ്വീകരിക്കുന്നതിന് തടസ്സമില്ല. തുയഥൈര പട്ടണക്കാരിയായ ലുദിയ യേശുക്രിസ്തുവിൽ വിശ്വസിച്ചു. അവളും കുടുംബവും സ്നാനമേറ്റു (അപ്പോ. പ്രവൃ. 16,14,15). അതുപോലെ, ഫിലിപ്പിയിലെ കാരാഗൃഹപ്രമാണിയും കുടുംബവും സ്നാനമേറ്റു (അപ്പോ.പ്രവൃ. 16.32,33). *കുടുംബം* എന്ന പദപ്രയോഗത്തിൽ ശിശുക്കളും ഉൾപ്പെട്ടിരിക്കുന്നു എന്നു ചിലർ ഈ ഭാഗങ്ങളെ തെറ്റായി വ്യാഖ്യാനിക്കാറുണ്ട്. എന്നാൽ ആ ഭാഗം സശ്രദ്ധം വായിച്ചാൽ, വചനം കേട്ട്, അത് മനസ്സിലാക്കി വിശ്വസിച്ചവരാണ് സ്നാനം ഏറ്റതെന്ന് വ്യക്തമാകും. കുട്ടികളും അതിൽ ഉൾപ്പെട്ടിരുന്നെങ്കിൽ, വചനം കേട്ട് വിശ്വസിക്കുവാൻ അവർക്ക് പ്രായമായിരുന്നു എന്നുവേണം കരുതാൻ. ശിശുക്കളെന്നോ, വൃദ്ധരെന്നോ വത്യാസം ഇല്ലാതെ ആരേയും സ്നാനപ്പെടുത്താം എന്ന നിഗമനത്തിലേക്ക് ഈ സംഭവങ്ങളെ വഴിവിട്ട് വ്യാഖ്യാനിക്കുവാൻ പാടില്ല. വചനകേൾവിയോട് ക്രീയാത്മകമായി പ്രതികരിക്കുന്നവരെ മാത്രമേ സ്നാനപ്പെടുത്തുവാൻ കൽപനയുള്ളൂ.

യഥാർത്ഥമായി വിശ്വസിക്കുന്നതിനു മുമ്പ് സ്നാനം സ്വീകരിച്ച ഒരു വ്യക്തി രക്ഷിക്കപ്പെട്ട ശേഷം വീണ്ടും സ്നാനപ്പെടേണ്ടത് ആവശ്യമാണോ? പരമാർത്ഥ ഹൃദയരായ ചില ക്രിസ്ത്യാനികൾ ഈ വിഷയത്തിൽ ആശയക്കുഴപ്പമുള്ളവരാണ്. തങ്ങൾ ശിശുക്കളായിരുന്നപ്പോൾ തളിപ്പ് സ്നാനം ലഭിച്ചതാണ്. എന്നാൽ വളർന്നപ്പോൾ വചനം കേട്ട് മാനസാന്തരം ഉണ്ടായി, രക്ഷിക്കപ്പെട്ടു ഇനി വീണ്ടും സ്നാനപ്പെടേണ്ടതായ ആവശ്യമുണ്ടോ? ശൈശവത്തിൽ സംഭവിച്ചത് സ്നാനമായിരുന്നില്ല എന്ന് മനസ്സിലാക്കുക. അത് അർത്ഥശൂന്യമായ ആചാരം മാത്രമാണ്. അതിനാൽ രക്ഷിക്കപ്പെട്ടശേഷം ദൈവകൽപന പ്രകാരമുള്ള സ്നാനം സ്വീകരിക്കേണ്ടതാണ്.

ഒരു വ്യക്തി വീണ്ടുംജനനം പ്രാപിച്ചു എന്നതിന്റെ പരസ്യ സാക്ഷ്യമാണ് സ്നാനം. താൻ ക്രിസ്തുവിനോടു കൂടെ മരിച്ച് അവനോടുകൂടെ ഉയിർത്തെഴുന്നേറ്റിരിക്കുന്നു എന്നുള്ള പരസ്യ പ്രഖ്യാപനമാണത്.

**സ്നാനത്തിന്റെ രീതി ഏതായിരിക്കണം?**

ഷണ്ഡനോടുള്ള ബന്ധത്തിൽ നാം ഇപ്രകാരം വായിക്കുന്നു: *ഫിലിപ്പോസും ഷണ്ഡനും ഇരുവരും വെള്ളത്തിൽ ഇറങ്ങി, അവൻ അവനെ സ്നാനം കഴിപ്പിച്ചു. അവർ വെള്ളത്തിൽ നിന്നു കയറിയപ്പോൾ...*(അപ്പോ.പ്രവൃ.8.38,39). വെള്ളത്തിൽ മുങ്ങിയുള്ള സ്നാനമാണ് ഷണ്ഡൻ സ്വീകരിച്ചത് എന്ന് ഈ ഭാഗത്തു നിന്ന് വ്യക്തമാണ്. ഗ്രീക്കിൽ *ബാപ്റ്റൈസോ* (baptizo) എന്ന വാക്കിന് *മുക്കുക* എന്ന അർത്ഥമാണ്. അതിനാൽ വെള്ളത്തിൽ മുങ്ങിയുള്ള സ്നാനമാണ് പുതിയനിയമം പഠിപ്പിക്കുന്നത്.

**സഭാകൂട്ടായ്മ എന്നാൽ എന്താണ്?**

*തന്റെ പുത്രനും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിന്റെ കൂട്ടായ്മയിലേക്ക് നിങ്ങളെ വിളിച്ചിരിക്കുന്ന ദൈവം വിശ്വസ്തൻ* (1 കൊരി 1.9). ഇത് ഏതെങ്കിലും ജാതിയുടേയോ സമൂഹത്തിന്റെയോ, രാജ്യത്തിന്റെയോ സംസ്കാരത്തിന്റെയോ കൂട്ടായ്മയല്ല. അപ്രകാരമുള്ള എല്ലാ അതിരുകളെയും അതിലംഘിച്ചുള്ള ഒരു കൂട്ടായ്മയാണത്. രക്ഷിക്കപ്പെട്ട സകല മനുഷ്യരുടേയും കൂട്ടായ്മ. ഇവിടെ പരസ്പര വ്യത്യാസം അശേഷമില്ല. എല്ലാവരും ക്രിസ്തുവിന്റെ ജീവന് പങ്കാളികളാണ്. കൂട്ടായ്മയുടെ അടിസ്ഥാനം അതുതന്നെ.

യേശുക്രിസ്തുവിൽ വിശുദ്ധീകരണം പ്രാപിച്ചവരുടെ കൂട്ടായ്മയാണത്.( 1 കൊരി 1.2). ക്രിസ്തുവിലാണ് നമ്മുടെ കൂട്ടായ്മ. അവൻ തന്നെയാണ് നമ്മുടെ കൂട്ടായ്മയുടെ മേഖലയും. ക്രിസ്തുവിലുള്ള വിശ്വാസത്താൽ വിശുദ്ധീകരണം പ്രാപിച്ചവരാണ് ഇതിലെ അംഗങ്ങൾ. യേശുക്രിസ്തുവിലുള്ള വിശ്വാസം മൂലമാണ് ഈ കൂട്ടായ്മയിലേക്ക് പ്രവേശനം ലഭിക്കുന്നത്.

*കൂട്ടായ്മ* എന്ന വാക്കിന് പങ്കുവെയ്ക്കുക എന്നാണ് അർത്ഥം. വ്യാപാരപങ്കാളികൾ ലാഭനഷ്ടങ്ങൾ പങ്കുവെയ്ക്കുന്നതുപോലെ, കൂട്ടായ്മയിലുള്ളവർ തങ്ങൾക്കുള്ളത് പരസ്പരം പങ്കുവയ്ക്കുന്നു.

നിത്യമായ കൂട്ടായ്മയാണിത്. ഈ കൂട്ടായ്മയെ തകർക്കുവാൻ യാതൊന്നിനും സാധ്യമല്ല. ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്ന് എന്നെ വേർപിരിക്കുന്നതാർ? കഷ്ടതയോ, സങ്കടമോ ഉപദ്രവമോ പട്ടിണിയോ നഗ്നതയോ ആപത്തോ വാളോ? ഇവയ്ക്കൊന്നും സാദ്ധ്യമല്ല. ഈ ലോകത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്നതല്ല ഈ ബന്ധം. വരുവാനുള്ള ലോകത്തിലും തുടരുന്നതാണ്. എന്നാൽ, ഈ കൂട്ടായ്മയ്ക്ക് ഭംഗം വരാതെ സൂക്ഷിക്കുക എന്നത് വിശ്വാസിയുടെ ഉത്തരവാദിത്വം അത്രെ. അപ്പോസ്തലനായ യോഹന്നാൻ പറയുന്നു: *അവൻ വെളിച്ചത്തിൽ ഇരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ നമുക്കു തമ്മിൽ കൂട്ടായ്മ ഉണ്ട്....*(1 യോഹ 1.7).

നമ്മുടെ കൂട്ടായ്മയുടെ മേഖല ക്രിസ്തുവാണെന്ന് നാം പറയുകയുണ്ടായി. സകല വിശ്വാസികളും ക്രിസ്തുവിൽ ജീവിക്കുന്നവരാണ്. അവൻ  വെളിച്ചമാണ്. അതിനാൽ വെളിച്ചത്തോടുള്ള കൂട്ടായ്മ നിലനിർത്തുന്നതിനായി സകല വിശ്വാസികളും വെളിച്ചത്തിൽ നടക്കേണ്ടതാണ്. ലോകത്തോടു ചേർന്നു നടക്കുവാനുള്ള പ്രലോഭനം വിശ്വാസിക്ക് ഉണ്ടായി എന്നു വരാം. ലോകത്തിൽ നിന്ന് ക്രിസ്തുവിനായി വേർതിരിക്കപ്പെട്ടവനെങ്കിലും ലൗകിക കാര്യങ്ങൾ പിൻതുടരുവാനുള്ള പ്രവണത അവനിൽ ഉണ്ടാകാം. ലോകത്തോട് ഇഴുകി ചേരുവാൻ നമ്മെ ഏൽപ്പിച്ചുകൊടുക്കുകയോ, ലോകത്തിന് അനുരൂപമാകുന്ന അവസ്ഥാ വിശേഷത്തിലേക്ക് കടന്നുപോകുകയോ ചെയ്യാം. രക്ഷയുടെ സന്തോഷത്തെ അത് ബാധിക്കുകയും കൂട്ടായ്മ നഷ്ടപ്പെടുകയും ചെയ്യും. പാപത്തെ ഏറ്റു പറയുക എന്നതാണ് കൂട്ടായ്മയിലേയ്ക്ക് പുനഃപ്രവേശനം ലഭിക്കുന്നതിനുള്ള പരിഹാരമാർഗം (1 യോഹ 1.9).

ഈ കൂട്ടായ്മ സജീവമാണ്. ഇതിൽ കാഴ്ചക്കാരില്ല, എല്ലാവരും സജീവ പങ്കാളികളത്രെ.

ഒരു പ്രാദേശിക കൂട്ടായ്മയിൽ കുറെക്കാലം പങ്കെടുത്ത ശേഷം ഏതെങ്കിലും കാരണത്താൽ വേറൊരു കൂട്ടായ്മയിലേക്ക് മാറുന്നവരുണ്ട്. ഒരു കൂട്ടായ്മയിൽ പങ്കെടുക്കുന്ന ചിലരുമായുള്ള അഭിപ്രായ വ്യത്യാസം വേറൊരു പ്രാദേശിക സഭയിലേയ്ക്ക് പോകുവാനുള്ള പ്രവണത ചിലരിൽ ഉളവാക്കുന്നു. ഇത് തെറ്റും വചന വിരുദ്ധവുമാണ്. കാര്യങ്ങൾ ക്രമീകരിക്കപ്പെടുന്നതിനുള്ള പ്രതിവിധി കണ്ടെത്തുകയും, അകൽച്ച സംഭവിച്ചിട്ടുണ്ടെങ്കിൽ അതിനെ വചനാനുസരണം ദൂരീകരിക്കുകയുമാണ് ആവശ്യം.

സഭാംഗങ്ങളുടെ ആത്മീക വളർച്ചയ്ക്ക് സജീവകൂട്ടായ്മ അനിവാര്യം തന്നെ.

സഭയെ ക്രിസ്തുവിന്റെ ശരീരമെന്ന് വിശേഷിപ്പിച്ചിരിക്കുന്നു. (1 കൊരി 12). ഒരു ശരീരത്തിന് പല അവയവങ്ങൾ ഉണ്ട്. ശരീരം വളരണം എങ്കിൽ എല്ലാ അവയവങ്ങളും ഒരു പോലെ വളരണം. ശരീരത്തിലെ ഒരു അവയവം മാത്രം ക്രമാതീതമായി വളർന്നാൽ അത് വിരൂപത ഉളവാക്കും.

ഓരോ അവയവങ്ങളും കൃത്യമായി പ്രവർത്തിക്കുന്നതിന് അനുപാതമായിരിക്കും ശരീരത്തിന്റെ ആകമാനമായ വളർച്ച. ക്രിസ്തുശരീരമായ സഭയിൽ ഓരോ അംഗത്തിനും ഓരോ വരം നൽകിയിട്ടുണ്ട്. വ്യത്യസ്തങ്ങളായ ഈ വരങ്ങൾ സഭയുടെ പൊതുവായ അഭിവൃദ്ധിക്ക് കാരണമായി ഭവിക്കുന്നു. സ്വന്തമായ പ്രയോജനത്തിന് മാത്രമായി ഒരു വരവും ആർക്കും നൽകപ്പെട്ടിട്ടി

ല്ല.

നമുക്ക് രണ്ട് കാലുകൾ നൽകപ്പെട്ടിരിക്കുന്നു. ശരീരത്തെ വഹിക്കുക എന്ന ദൗത്യം അത് നിറവേറ്റുന്നില്ല എങ്കിൽ കുറെ നാളുകൾ കഴിയുമ്പോൾ കാലുകളുടെ പ്രവർത്തനശേഷി നഷ്ട പ്പെട്ടു പോകുന്നു. അതുപോലെ, ഏതെങ്കിലും ഒരു അംഗം ദൗത്യനിർവഹണത്തിൽ പരാജയപ്പെ ടുന്നത് ശരീരത്തിന് മാത്രമല്ല ആ വ്യക്തിക്കു തന്നെയും നഷ്ടം വരുത്തിവയ്ക്കുന്നു. (1 കൊരി 12 –14 അദ്ധ്യായങ്ങളിലെ പ്രതിപാദ്യവിഷയം ഇതുതന്നെ).

ശരീരത്തിന്റെ അംഗം എന്നതിനാൽ ഓരോ വ്യക്തിക്കും പ്രത്യേകമായ വരം നൽകപ്പെട്ടി ട്ടുണ്ട്. വീണ്ടുംജനനം പ്രാപിക്കുന്നവേളയിലാണ് ഇത് നൽകപ്പെടുന്നത്. അങ്ങനെയാണ് ശരീര ത്തിന്റെ ഭാഗമായി മാറുന്നതും, പിന്നീട് ഒരു വരവും നൽകപ്പെടുന്നില്ല. വരങ്ങൾ കൈമാറു വാനോ കൂടുതൽ നേടുവാനോ ഒരു അംഗത്തിന് അസാദ്ധ്യമാണ്. ദൈവത്തിന്റെ പരിശുദ്ധാത്മാ വിന്റെ സർവ്വാധികാരത്തിൽ സകല വരങ്ങളും സമ്മാനിക്കപ്പെടുന്നു. (1 കൊരി 12.4,7,12, 18).

കത്തിക്കൊണ്ടിരിക്കുന്ന ഒരു കനൽ തനിയെ ഇരിക്കുന്ന പക്ഷം അത് അണഞ്ഞുപോകും, എന്നാൽ മറ്റു കനലുകളുടെ കൂടെയാണെങ്കിൽ ദീർഘനേരം അത് കത്തി നിൽക്കും. ഒരു വിശ്വാസി ഒരിക്കലും ഏകനല്ല, അവൻ ക്രിസ്തുസഭയുടെ ഭാഗമാണ്. ശരീരത്തിലെ അവയവ ങ്ങൾ എല്ലാം കൃത്യമായി വളരണം എന്നാണ് തലയുടെ ആഗ്രഹം. എല്ലാ അംഗങ്ങളും ഒത്തു ചേർന്ന് വളരുവാനുള്ള സാദ്ധ്യത ദൈവം ഒരുക്കിത്തന്നിട്ടുണ്ട്.

*അവൻ ചിലരെ അപ്പോസ്തലന്മാരായും ചിലരെ പ്രവാചകന്മാരായും ചിലരെ സുവിശേഷ കന്മാരായും ചിലരെ ഇടയന്മാരായും ഉപദേഷ്ടാക്കന്മാരായും നിയമിച്ചിരിക്കുന്നു; അത് നാം എല്ലാവരും വിശ്വാസത്തിലും ദൈവപുത്രനെക്കുറിച്ചുള്ള പരിജ്ഞാനത്തിലുമുള്ള ഐക്യതയും തികഞ്ഞ പുരുഷത്വവും ക്രിസ്തുവിന്റെ സമ്പൂർണതയായ പ്രായത്തിന്റെ അളവും പ്രാപിക്കു വോളം വിശുദ്ധന്മാരുടെ യഥാസ്ഥാനത്വത്തിനായുള്ള ശുശ്രൂഷയുടെ വേലയ്ക്കും ക്രിസ്തുവിന്റെ ശരീരത്തിന്റെ ആത്മീക വർദ്ധനയ്ക്കും ആകുന്നു.* (എഫെ 4.11–13).

ആരാധന, പ്രാർത്ഥന, ദൈവവചന പഠനം എന്നിവ ഒരു വിശ്വാസി തനിയെ ആയിരിക്കു മ്പോഴും സാധിക്കുന്നതാണ്. എന്നാൽ സഹവിശ്വാസികളോടുള്ള കൂട്ടായ്മ ആചരിക്കുവാൻ തനിയെ ആയിരിക്കുന്ന അവസ്ഥയിൽ സാദ്ധ്യമല്ല. ആദിമ നൂറ്റാണ്ടിലെ സഭ വിവിധ ഉദ്ദേശ്യങ്ങ ളോടെ സ്ഥിരമായി കൂടിവന്നിരുന്നു എന്ന് നാം കാണുന്നു.

**സഭയുടെ വിവിധ കൂടിവരവുകൾ**

1. പ്രാർത്ഥനാ യോഗം – അപ്പോ.പ്രവൃ. 4.31
2. വേദപഠനയോഗം – അപ്പോ.പ്രവൃ. 11.26
3. സുവിശേഷ പ്രവർത്തക യോഗം അപ്പോ.പ്രവൃ. 14.27
4. മൂപ്പന്മാരുടെ കൂടിവരവ് – അപ്പോ.പ്രവൃ. 15.6
5. വേദപാരായണ യോഗം അപ്പോ.പ്രവൃ. 15.30,31
6. അപ്പം നുറുക്കുവാനുള്ള കൂടിവരവ് – അപ്പോ.പ്രവൃ. 20.7
7. ശിക്ഷണത്തിനായുള്ള കൂടിവരവ് – 1 കൊരി 5.4

സഭായോഗങ്ങളെ അലക്ഷ്യമായി വിചാരിക്കരുത് എന്ന് വിശ്വാസികൾക്ക് ദൈവം പ്രബോ ധനം നൽകുന്നു. (എബ്രാ 10.25).

കൂട്ടായ്മയോഗങ്ങളിൽ നിങ്ങൾക്ക് ചിലത് ലഭിക്കുക മാത്രമല്ല നിങ്ങൾ ചിലത് മറ്റുള്ള വർക്ക് നൽകുകയും ചെയ്യുന്നു. ശരീരത്തിലെ വിവിധ അവയവങ്ങൾ പരസ്പരം ആവശ്യ മുള്ളതത്രേ.

വിശ്വാസികൾ ക്രിസ്തുസഭയാകുന്ന ശരീരത്തിൽ അന്യോന്യം കരുതുന്ന അവയവങ്ങളാ ണ്. (റോമർ 12.5). സഹോദരപ്രീതിയിൽ അവർ പരസ്പരം സ്നേഹിക്കുവാനും ശുശ്രൂഷിക്കു വാനും ദൈവാത്മാവ് പ്രബോധിപ്പിക്കുന്നു. (റോമർ 12.10).

അവർ അന്യോന്യം ബഹുമാനിക്കണം. റോമർ 12.10

അവർ ഏകമനസ്സുള്ളവരായിരിക്കണം. റോമർ 15.5

അവർ പരസ്പരം അംഗീകരിക്കണം. റോമർ 15.7

അവർ അന്യോന്യം ഉപദേശിക്കണം. റോമർ 15.2–7

അവർ പരസ്പരം വന്ദനം ചെയ്യണം. റോമർ 16. 3,6,16
അവർ അന്യോന്യം സേവ ചെയ്യണം. ഗലാ 5.13
അവർ അന്യോന്യം ഭാരങ്ങളെ ചുമക്കണം. ഗലാ 6.2
അവർ പരസ്പരം കീഴ്പെട്ടിരിക്കണം. എഫെ 5.21
അവർ അന്യോന്യം ധൈര്യപ്പെടുത്തണം. 1 തെസ്സ 5.11
അവർ പരസ്പരം ആത്മീകവർദ്ധന വരുത്തണം. റോമർ 14. 19
അവർ അന്യോന്യം സ്നേഹിക്കണം. റോമർ 13.8

**പൗരോഹിത്യവും ആരാധനയും**

മാനവചരിത്രത്തിൽ എക്കാലവും ദൈവത്തെ അറിഞ്ഞ് അവനെ ആരാധിക്കുന്നവരും ദൈവത്തെ അറിയാത്തവരും ഉണ്ടായിരുന്നു. ചിലർക്ക് ദൈവത്തെക്കുറിച്ച് ഭാഗികമായ അറിവു മാത്രമേ ഉണ്ടായിരുന്നുള്ളു. മറ്റു ചിലർ തങ്ങൾക്കു ലഭിച്ച ദൈവീക പരിജ്ഞാനം പിടിച്ചുകൊള്ളുവാൻ മനസ്സില്ലാത്തവരായിരുന്നു. അവർ അക്ഷയനായ ദൈവത്തിന്റെ തേജസ്സിനെ ക്ഷയമുള്ളവയുടെ രൂപസാദൃശ്യമായി മാറ്റി, സൃഷ്ടിച്ചവനെക്കാൾ സൃഷ്ടിയെ ഭജിച്ചു ആരാധിച്ചു.

ഗോത്രപിതാക്കന്മാർ ദൈവത്തെ ആരാധിച്ചു. നോഹ, അബ്രഹാം, യിസ്ഹാക്ക്, യാക്കോബ്, ഇയ്യോബ് ആദിയായവർ ദൈവത്തെ അറിഞ്ഞവരും അവനെ ആരാധിച്ചവരുമാണ്. എന്നാൽ അവരുടെ അറിവ് അപൂർണ്ണമായിരുന്നു. ദൈവം തന്നെത്തന്നെ അവർക്ക് വെളിപ്പെടുത്തി. അവർക്ക് ലഭിച്ച വെളിച്ചത്തിന്റെ അടിസ്ഥാനത്തിൽ അവർ ദൈവത്തെ ആരാധിച്ചു. ഓരോ ഭവനത്തിലും കുടുംബനാഥൻ ആരാധനയ്ക്ക് നേതൃത്വം നൽകി. പരദേശിയെന്ന് സ്വയം എണ്ണി, അബ്രാഹാം, താൻ പാർത്ത സ്ഥലങ്ങളിൽ എല്ലാം കൂടാരത്തോടൊപ്പം യാഗപീഠം പണിതു.

അബ്രഹാമിന്റെ സന്തതി പരമ്പരകൾ മിസ്രയീമിൽ നാനൂറിലധികം സംവത്സരങ്ങൾ അടിമകളായി കഴിഞ്ഞ് അവരെ സേവിച്ചു. എന്നാൽ അബ്രഹാമിനോടുള്ള തന്റെ വാഗ്ദത്തപ്രകാരം ദൈവം അവരെ ഓർത്തു; മോശെയെ അയച്ച് മിസ്രയീമിലെ അടിമത്തത്തിൽ നിന്നും അവരെ വിടുവിച്ച് ദൈവം അവർക്ക് പത്തു കൽപനകൾ നൽകി. മാത്രമല്ല, തന്നെ സമീപിക്കുന്നതിന് ആവശ്യമായ കർമാചാരങ്ങളും യാഗവിധികളും അവരെ അറിയിച്ചു. യിസ്രയേൽ തന്റെ മുമ്പിൽ ഒരു പുരോഹിത രാജ്യമായി നിലനിൽക്കണം എന്നതായിരുന്നു ദൈവത്തിന്റെ അഭിവാഞ്ഛ. ഇത് നിബന്ധനകൾക്ക് വിധേയമായിരുന്നു താനും. എന്നാൽ ദൈവം നൽകിയ കൽപനകൾ പ്രമാണിക്കുവാൻ അവർക്ക് സാധിച്ചില്ല. (പുറപ്പാട് 19.5–6). ലേവ്യരെ ദൈവം പൗരോഹിത്യ ശുശ്രൂഷയ്ക്കായും ആരാധനയ്ക്ക് നേതൃത്വം നൽകുന്നതിനായും തിരഞ്ഞെടുത്തു. യിസ്രയേൽ ജനതയുടെ ആദ്യ മഹാപുരോഹിതനായിരുന്നു അഹരോൻ.

ലേവ്യായാഗങ്ങൾക്ക് അവരുടെ പാപങ്ങളെ പൂർണമായി പരിഹരിക്കുവാൻ കഴിഞ്ഞില്ല. എന്നാൽ പരിശുദ്ധനായ ദൈവം പാപിയായ മനുഷ്യനോട് ബന്ധം പുലർത്തുവാൻ അത് സഹായകമായി ഭവിച്ചു. തന്മൂലം ഈ യാഗങ്ങൾ വർഷംതോറും അർപ്പിച്ചുവന്നു. ഈ യാഗങ്ങൾ കാൽവരിയിലെ ഏകയാഗത്തിലേയ്ക്ക് വിരൽ ചൂണ്ടുകയായിരുന്നു. അവയെല്ലാം കാൽവരിയിൽ പൂർത്തീകരിക്കപ്പെട്ടു. കാലത്തിന്റെ തികവിൽ ദൈവം തന്റെ പുത്രനെ സ്ത്രീയുടെ സന്തതിയായി ഈ ലോകത്തിലേക്ക് അയച്ചു. ക്രിസ്തു നിവർത്തിച്ച ഏകയാഗം യിസ്രയേൽ ജാതിക്കു മാത്രമല്ല, സർവ്വലോകത്തിന്റെയും വീണ്ടെടുപ്പിന് മതിയായതാണ്.

ഇനി യാഗങ്ങൾ ആവശ്യമില്ല. (എബ്രാ. 9.14). അവൻ ന്യായപ്രമാണം നിവർത്തിച്ചു. (ഗലാ. 3.13). ന്യായപ്രമാണം ഒരു നിഴൽ മാത്രമായിരുന്നു (എബ്രാ 19.1). എന്നാൽ വിശ്വസിക്കുന്ന ഏവനും നീതി ലഭിക്കുവാൻ ക്രിസ്തു ന്യായപ്രമാണത്തിന്റെ പരിസമാപ്തിയായി. (റോമർ 10.4).

ഇനിയും യാഗങ്ങൾ ആവശ്യമില്ലാത്തതിനാൽ ക്രിസ്തുവിന്റെ വീണ്ടെടുപ്പുവേല അതിൽ തന്നെ പൂർണമാണ്. (യോഹ 19.30). എന്നാൽ, വിശ്വസിക്കുന്നവർക്കു വേണ്ടി അവൻ പിതാവിന്റെ സന്നിധിയിൽ തന്റെ മഹാപുരോഹിത ശുശ്രൂഷ തുടരുന്നു. (1 യോഹ 2.1).

യേശുക്രിസ്തു ഇന്ന് മഹാപുരോഹിതനും വിശ്വാസികൾ ആ ബാലവൃദ്ധം പുരോഹിതവൃന്ദവുമാണ്. ക്രിസ്തുവിൽ പാപമോചനം കണ്ടെത്തി, വീണ്ടുംജനനം പ്രാപിച്ച എല്ലാവരും പുരോഹിത പദവി ലഭിച്ചവരാണ്. *നമ്മെ സ്നേഹിക്കുന്നവനും നമ്മുടെ പാപം പോക്കി നമ്മെ തന്റെ രക്തത്താൽ വിടുവിച്ച്, തന്റെ പിതാവായ ദൈവത്തിനു നമ്മെ രാജ്യവും പുരോഹിതന്മാരും ആക്കിത്തീർത്തവനുമായവന് എന്നെന്നേയ്ക്കും മഹത്വവും ബലവും ആമേൻ (വെളി 1.6).*

ദൈവസഭയിൽ പുരോഹിതൻ എന്നും സാധാരണക്കാരൻ എന്നുമുള്ള വത്യാസം ഇല്ല. പഴയനിയമത്തിൽ പുരോഹിത കുടുംബം ഉണ്ടായിരുന്നു. എന്നാൽ പുതിയ നിയമത്തിൽ ഇല്ല. പത്രോസ് പറയുന്നു: *നിങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ ആത്മീക ഗൃഹമായി യേശുക്രിസ്തു മുഖാന്തരം ദൈവത്തിനു പ്രസാദമുള്ള ആത്മീക യാഗം കഴിപ്പാൻ തക്ക വിശുദ്ധപുരോഹിത വർഗമാകേണ്ടതിന് പണിയപ്പെടുന്നു* (1 പത്രോസ് 2.5). ഒരു വിശ്വാസിയെ പ്രത്യേകമായി പുരോഹിതൻ എന്ന് പുതിയ നിയമം സംബോധന ചെയ്യുന്നില്ല, പകരം വിശ്വാസികളെ പൊതുവായി പുരോഹിത വർഗം എന്ന് വിശേഷിപ്പിക്കുന്നു. വിശുദ്ധ പുരോഹിത വർഗം എന്നും രാജകീയ പുരോഹിതവർഗം എന്നും രണ്ടു വത്യസ്ഥ നിലയിൽ പത്രോസ് വിശ്വാസികളെ വിശേഷിപ്പിക്കുന്നു. വിശുദ്ധ പുരോഹിതവർഗം എന്നത് ദൈവത്തോടുള്ള നമ്മുടെ ബന്ധവും രാജകീയ പുരോഹിതവർഗം എന്നത് നമുക്ക് മനുഷ്യരോടുള്ള ബന്ധവും ചിത്രീകരിക്കുകയാണ്.

വിശുദ്ധ പുരോഹിതവർഗം എന്നതിനാൽ നാം ദൈവത്തിന് യാഗങ്ങൾ അർപ്പിക്കുന്നു. പുതിയ നിയമ പുരോഹിതൻ അർപ്പിക്കുന്ന യാഗങ്ങൾ ഏതെല്ലാമാണ്?

1. അവരുടെ ശരീരങ്ങളെ അർപ്പിക്കുന്നു(റോമർ 12.1)
2. അധരഫലം എന്ന സ്തോത്ര യാഗം അർപ്പിക്കുന്നു (എബ്രാ 13.15)
3. അവരുടെ ഭൗതിക നന്മകളെ യാഗമായി അർപ്പിക്കുന്നു (ഫിലി 4.18)

ദൈവത്തിന് പ്രസാദകരമായ നിലയിൽ ഭയത്തോടും ഭക്തിയോടും കൂടെ നാം അവനെ ആരാധിക്കുന്നു (എബ്രാ 12.28).

നാം രാജകീയ പുരോഹിതവർഗമാകയാൽ ജനത്തിന്റെ പ്രതിനിധികളായി ദൈവമുമ്പാകെ നിന്ന് അവർക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു. മാത്രമല്ല, നമ്മെ അന്ധകാരത്തിൽ നിന്നും തന്റെ അത്ഭുത പ്രകാശത്തിലേക്ക് വിളിച്ച ദൈവത്തിന്റെ മഹത്വം മറ്റുള്ളവർക്ക് കാണിച്ചു കൊടുക്കുന്നു.

യേശുക്രിസ്തുവിന്റെ യാഗം അന്തിമമായിരുന്നു എന്ന് പുതിയ നിയമം ആവർത്തിച്ചു പറയുന്നു. (യോഹ 19.30; എബ്രായർ 10:10, 12, 14, 18). പാപപരിഹാരത്തിന് ഇനി യാഗം ആവശ്യമില്ല. അതിനാൽ, ചിലർ ചെയ്യുന്നതുപോലെ, വിശ്വാസികൾ ഇനി അപ്രകാരമുള്ള യാഗങ്ങൾ ഒന്നും തന്നെ അർപ്പിക്കേണ്ടതില്ല.

**വിശ്വാസികളുടെ ഒരുമിച്ചുള്ള ആരാധന**

പുതിയ നിയമ സഭയുടെ സുപ്രധാന കൂടിവരവുകളിൽ ഒന്നാണ് ഞായറാഴ്ചകളിലുള്ള കർത്താവിന്റെ അത്താഴം (1 കൊരി.11.20). കർത്താവിനെ ഓർക്കുന്നതിനും അവനെ നമസ്കരിച്ച് കർത്താവിന്റെ അത്താഴം കഴിക്കുന്നതിനും ഞായറാഴ്ച സഭ ഒരുമിച്ചു കൂടുന്നു.

ഒരു വിശ്വാസി എന്നതിനാൽ എവിടെയും എപ്പോഴും തനിക്ക് കർത്താവിനെ ആരാധിക്കുവാൻ സാവകാശമുണ്ട്. പാപക്ഷമ ലഭിച്ച പാപി എന്ന നിലയിൽ താനത് ചെയ്യുന്നു. വിശ്വാസികളായ പലർക്ക് ഒരുമിച്ചു കൂടിയും അപ്രകാരമുള്ള ആരാധന കഴിക്കാവുന്നതാണ്. എന്നാൽ സഭ ഒത്തുചേർന്ന് ആരാധിക്കുന്നത് അതിൽ നിന്നും വളരെ വിഭിന്നമാണ്. ഇവിടെ പാപം മോചിച്ചു കിട്ടിയവർ എന്നതിലുപരി, വിശുദ്ധർ എന്ന നിലയിലാണ് പ്രാദേശിക സഭാംഗങ്ങൾ എല്ലാവരും ഒത്തുകൂടുന്നത്.

*നിങ്ങൾ സഭ കൂടുമ്പോൾ* എന്ന പദപ്രയോഗം (1കൊരി 11.18) പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ആരാധന ഉൾപ്പെടെയുള്ള എല്ലാ കൂടിവരവുകൾക്കും ഇത് വാസ്തവം തന്നെ. *രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടി വരുന്നിടത്ത് ഒക്കെയും ഞാൻ അവരുടെ മദ്ധ്യേ ഉണ്ട്* (മത്താ 18.20) എന്ന കർത്താവിന്റെ വാഗ്ദത്തം പലരും ദുരുപയോഗപ്പെടുത്തുകയും അലക്ഷ്യമാക്കുകയും ചെയ്യുന്നു.

*രണ്ടോ മൂന്നോ പേർ* എന്നത് സഭയെ ഉദ്ദേശിച്ചാണോ പറയുന്നത്? *രണ്ടോ മൂന്നോ പേർ* തന്റെ നാമത്തിൽ കൂടിവരുമ്പോൾ കർത്താവ് അവരുടെ മദ്ധ്യേ ഉണ്ട് എന്നത് വാസ്തവം തന്നെ. സർവവ്യാപിയായ ദൈവത്തിന്റെ സാന്നിധ്യം എല്ലായിടത്തും ഉണ്ട്. എന്നാൽ രണ്ടോ മൂന്നോ പേർ എവിടെ കൂടിയാലും അത് സഭയാണ് എന്ന് വ്യാഖ്യാനിക്കുന്നത് കർത്താവിന്റെ വാഗ്ദത്തം കോട്ടിക്കളയുകയാണ്.

**തിരുവത്താഴം**

പുതിയനിയമ സഭയ്ക്ക് കർത്താവ് നൽകിയ ആദ്യ അനുഷ്ഠാനം സ്നാനമാണെന്ന് നാം കണ്ടു. രണ്ടാമത്തെ അനുഷ്ഠാനമാണ് തിരുവത്താഴം.

കർത്താവായ യേശുക്രിസ്തുവിന്റെ മരണ, അടക്ക, പുനരുത്ഥാനങ്ങളോട് നാം ഏകീഭവിക്കുന്നതാണ് സ്നാനം. എന്നാൽ നമുക്കുവേണ്ടി കർത്താവ് മരിച്ചു, ഉയിർത്തെഴുന്നേറ്റു, സ്വർഗാരോഹണം ചെയ്തു ഇനി വീണ്ടും വരും എന്നീ യാഥാർത്ഥ്യങ്ങളെ നാം തിരുവത്താഴത്തിലൂടെ അനുസ്മരിച്ച് അംഗീകരിക്കുകയാണ്. വ്യക്തിപരമായ അനുഷ്ഠാനമാണ് സ്നാനം. അത് ഒരു വ്യക്തിയുടെ ജീവിതത്തിൽ ഒരിക്കൽ മാത്രം അനുഷ്ഠിച്ചാൽ മതി. എന്നാൽ, സഭ ഒരുമിച്ചു കൂടി അനുസരിക്കുന്ന അനുഷ്ഠാനമാണ് തിരുവത്താഴം. അത് ആവർത്തിക്കപ്പെടുന്നു. ഒരു വ്യക്തി തനിയെ അത് അനുഷ്ഠിക്കുവാനോ ഒരു പ്രാദേശിക സഭയിലെ കുറെപ്പേർ ചേർന്ന് അത് ആചരിക്കുവാനോ ദൈവം അനുവാദം നൽകുന്നില്ല. ഇത് അങ്ങനെ ചെയ്യേണ്ടതുമല്ല.

അപ്പോ.പ്രവൃത്തി 2.42 ലാണ് തിരുവത്താഴത്തെക്കുറിച്ചുള്ള ആദ്യ പ്രതിപാദ്യം നാം കാണുന്നത്. ദൈവവചനം സന്തോഷ പൂർവം കൈക്കൊണ്ടവർ സ്നാനമേറ്റു. അവർ അപ്പോസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു. പൗലോസ് തന്റെ മൂന്നാം മിഷ്നറി യാത്രയിൽ ത്രോവാസിൽ ഏഴു ദിവസം പാർത്തു. ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം വിശ്വാസികൾ അപ്പം നുറുക്കുവാൻ കൂടിവന്നു. (1 കൊരി 11.20); രണ്ടും ഒരേ കാര്യത്തെക്കുറിച്ചാണ് പറയുന്നത്. എന്നാൽ *അപ്പം നുറുക്കുക* എന്ന പദപ്രയോഗം അത് ആചരിച്ച രീതിയെ വ്യക്തമാക്കുന്നു. അതായത് ഓരോ വിശ്വാസിയും അപ്പം നുറുക്കുന്നു. (ഒരു അപ്പം, യേശുക്രിസ്തുവിന്റെ ശരീരത്തിൽ എല്ലാവർക്കുമുള്ള കൂട്ടായ്മയെ വെളിപ്പെടുത്തുന്നു). *കർത്താവിന്റെ അത്താഴം* എന്ന പദപ്രയോഗം, എല്ലാവരും പങ്കെടുക്കുന്ന ഭക്ഷണം എന്ന നിലയിലാണ് ഉപയോഗിച്ചിരിക്കുന്നത്.

ക്രൂശീകരണത്തിന് മുമ്പ് കർത്താവു തന്നെയാണ് ഇത് സ്ഥാപിച്ചത് (മത്താ. 26.26–28; മർക്കോ 14.22–25; ലൂക്കോ 22.19–20). ഈ ആചാരം അനുഷ്ഠിക്കുന്നതിന് നമുക്കുള്ള അധികാര പ്രമാണം ഇതു തന്നെ. ആദിമ സഭ ഇത് പ്രമാണിച്ചു എന്നത് നമുക്ക് മാതൃകയായിരിക്കുന്നു (അപ്പോ.പ്രവൃ. 20.7; 2.42).

അപ്പവും വീഞ്ഞും ഇതിൽ യേശുക്രിസ്തുവിന്റെ ശരീരത്തെയും രക്തത്തെയും കാണിക്കുന്നു. അവ കേവലം സാദൃശ്യങ്ങൾ മാത്രമാണ്. അപ്പവും വീഞ്ഞും ക്രിസ്തുവിന്റെ ശരീരമായോ അപ്പമായോ മാറുന്നില്ല. അഥവാ, ക്രിസ്തുവിന്റെ ശരീരത്തിന്റെയോ, രക്തത്തിന്റെയോ സാന്നിദ്ധ്യം അതിലില്ല. അവയുടെ സ്മരണ ഈ സാദൃശ്യ വസ്തുക്കളിലൂടെ ഉണർത്തപ്പെടുകയാണ്. മറ്റു വിധത്തിലുള്ള പഠിപ്പിക്കലുകൾ മനുഷ്യനിർമിതവും വചനവിരുദ്ധവുമാണ്. തിരുവെഴുത്തുകളോട് മാനുഷിക പാരമ്പര്യം കൂട്ടുചേർക്കുന്നതിനെ കർത്താവ് കുറ്റം വിധിക്കുന്നതായി കാണുന്നു (മർക്കോ 7.7, 13).

വിശ്വാസികൾ മാത്രമാണ് അപ്പവീഞ്ഞുകളിൽ നിന്ന് പങ്കാളികളാകുന്നത്. അവിശ്വാസികൾക്ക് ഇതിൽ പങ്കില്ല. അഥവാ പങ്കെടുക്കുന്നതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. ശരീരത്തെ വിവേചിക്കാതെ പങ്കുചേരുന്നത് അവർക്ക് ശിക്ഷാവിധിക്ക് കാരണമായി തീരുന്നു.

ആഴ്ചവട്ടത്തിന്റെ ആദ്യദിവസം അല്ലാതെ മറ്റു ദിവസങ്ങളിൽ ഏതെങ്കിലും പ്രാദേശിക സഭ അപ്പം നുറുക്കിയതായും നാം പുതിയനിയമത്തിൽ കാണുന്നില്ല. മാത്രമല്ല, പ്രാദേശിക സഭയല്ലാതെ മറ്റാരെങ്കിലും അപ്പം നുറുക്കിയതായും കാണുന്നില്ല. ഇത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

അപ്പം ഒന്നാകകൊണ്ട് പലരായ നാം ഒരു ശരീരം ആകുന്നു; നാം എല്ലാവരും ആ ഒരേ അപ്പത്തിന്റെ അംശികൾ ആകുന്നുവല്ലോ ( 1 കൊരി 10.17).

ചുവടെ ചേർക്കുന്നവയാണ് തിരുവത്താഴത്തിലെ ആശയങ്ങൾ:

1. സഭ കൂടിവരുമ്പോൾ അനുഷ്ഠിക്കുക 1 കൊരി 11.17–21.
2. അത് കർത്താവിനെ സ്മരിക്കുന്നതാണ് 1 കൊരി 11.24–25
3. അത് നന്ദി പ്രകടനമാണ്
4. അത് തന്റെ മരണത്തെ പ്രസ്താവിക്കുകയാണ്.
5. അത് തന്റെ പുനരാഗമനത്തിന്റെ പ്രതീക്ഷയുടെ ഉറപ്പാണ്.

**എല്ലാ പ്രാദേശിക സഭയും സ്വതന്ത്രമാണോ?**

(പല സഭകളെയും നിയന്ത്രിച്ചു ഭരിപ്പാൻ ഒരു തലവൻ ഇല്ലേ?)

സകലത്തിനും മീതെ ഉയർത്തപ്പെട്ട കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ച് ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നത് : *സർവവും അവന്റെ കാൽക്കീഴാക്കി വച്ച് അവനെ സർവത്തിനും മീതെ തലയാക്കി എല്ലാറ്റിലും എല്ലാം നിറക്കുന്നവന്റെ നിറവായിരിക്കുന്ന അവന്റെ ശരീരമായ സഭയ്ക്കു കൊടുക്കുകയും ചെയ്തിരിക്കുന്നു* ( എഫെ 1.22,23).

യേശുക്രിസ്തു തന്നെയാണ് സഭയുടെ തല; അല്ലാതെ മറ്റു മാനുഷിക തലവൻ ഇല്ല. അവനിലാണ് സഭയുടെ ജീവൻ കുടികൊള്ളുന്നത്. (എഫെ 1.11,13). അവനിൽ നിന്ന് നാം സകലതും പ്രാപിക്കുന്നു. അവനിൽ ശരീരം മുഴുവനും യുക്തമായി ചേർന്നും ഏകീഭവിച്ചും; ഓരോ അംഗത്തിന്റെ അതതു വ്യാപാരത്തിനു ഒത്തവണ്ണം ഉതവി ലഭിപ്പാനുള്ള ഏതു സന്ധിയാലും സ്നേഹത്തിലുള്ള വർദ്ധനയ്ക്കായി അവനിൽ നിന്ന് വളർച്ചയും പ്രാപിക്കുന്നു. (എഫെ 4.16).

പത്മോസ് ദ്വീപിൽ അപ്പോസ്തലനായ യോഹന്നാനുണ്ടായ ദർശനത്തിൽ, ഏഴ് സഭകളെ ചിത്രീകരിക്കുന്ന ഏഴ് പൊൻനിലവിളക്കുകളുടെ മദ്ധ്യേ നടക്കുന്ന കർത്താവിനെ കാണുകയുണ്ടായി. (വെളി 1.13). സഭയിലെ സകല പ്രവർത്തനങ്ങളെയും അവനാണ് നിയന്ത്രിക്കുന്നത്. സഭയിൽ നമുക്ക് ഒരു അധികാര ശക്തി മാത്രമേയുള്ളു, അത് കർത്താവാണ്. നമുക്ക് സഭാതലത്തിൽ പിന്തുടരുവാനുള്ള ഏക നിലവാരം ദൈവവചനത്തിന്റെ നിലവാരമാണ്. സഭയിൽ നമുക്ക് ഒരു ഭരണ കർത്താവു മാത്രമേയുള്ളു, അത് പരിശുദ്ധാത്മാവാണ്.

എന്നാൽ ഒരോ പ്രാദേശിക സഭയും മൂപ്പന്മാരുടെ മേൽനോട്ടത്തിലാണ് പ്രവർത്തിക്കുന്നത്. *മൂപ്പന്മാർ* എന്ന ബഹുവചനമാണ് എല്ലാ ഭാഗത്തും ഉപയോഗിച്ചിരിക്കുന്നത്. എല്ലാ സ്ഥലം സഭയിലും അവർ ഒന്നിലധികം ആയിരിക്കണം. പരിശുദ്ധാത്മാവു തന്നെയാണ് അവരെ നിയോഗിക്കുന്നത് (അപ്പോ. പ്രവൃ. 20.28). പരിശുദ്ധാത്മാവിനാൽ അപ്രകാരം നിയോഗിക്കപ്പെട്ടവരെ അപ്പോസ്തലന്മാരോ അവരുടെ പ്രതിനിധികളോ സഭയ്ക്ക് ചൂണ്ടിക്കാട്ടിക്കൊടുത്തു. അതിനാൽ, മൂപ്പന്മാരിൽ മാനുഷികമായി നിയോഗിക്കപ്പെട്ടവരായി ആരുമില്ല.

മൂപ്പന്മാരെ വിവിധ നാമങ്ങളിൽ വേദപുസ്തകം സംബോധന ചെയ്യുന്നു. ഓരോന്നും പ്രാധാന്യം അർഹിക്കുന്നതാണ്.

അവർ മൂപ്പന്മാരാണ്. അത് അവരുടെ ആത്മീക പക്വതയെ ചിത്രീകരിക്കുന്നു. (അപ്പോ.പ്രവൃ. 14.23; 20:17; 1 തിമൊ. 5.17; തീത്തോ. 1.5).

അവരെ അദ്ധ്യക്ഷന്മാർ എന്ന് സംബോധന ചെയ്തിരിക്കുന്നതാണ് അവരുടെ ആത്മീക ശുശ്രൂഷയുടെ പ്രാധാന്യം എടുത്തു കാട്ടുന്നതിനാണ് (അപ്പോ. പ്രവൃ. 20.28; 1തിമൊ. 3.1; തീത്തോ. 1.7; 1പത്രോ 5.3).

അവരെ ഇടയന്മാർ എന്ന് വിളിച്ചിരിക്കുന്നു. അവരുടെ ആത്മീക കഴിവിനെയാണ് ഇത് ചൂണ്ടിക്കാട്ടുന്നത്. (എഫെ. 4.11; അപ്പോ. പ്രവൃ. 20.28).

**ദൈവസഭയിലെ അച്ചടക്കം**

അശുദ്ധിയിൽ നിന്നും വേർതിരിക്കപ്പെട്ടതിനാൽ സകല വിശ്വാസികളും വിശുദ്ധരാണ്. അവർ ലോകത്തിലാണെങ്കിലും ലൗകീകരല്ല. ദൈവത്തിനുവേണ്ടി വേർതിരിക്കപ്പെട്ടവരാണ്. അതിനാൽ ദൈവസഭ വിശുദ്ധമാണ്. *യഹോവേ, വിശുദ്ധി നിന്റെ ആലയത്തിനു എന്നേയ്ക്കും ഉചിതം തന്നെ* (സങ്കീ. 93.5).

*ദൈവം വിശുദ്ധന്മാരുടെ സംഘത്തിൽ ഏറ്റവും ഭയങ്കരനും അവന്റെ ചുറ്റുമുള്ള എല്ലാവർക്കും മീതെ ഭയപ്പെടുവാൻ യോഗ്യനും ആകുന്നു.* (സങ്കീ. 89.7). തന്റെ ആലയത്തോട് യഹോവയ്ക്ക് ആദരവ് ഉണ്ട്. അതിനെ അവൻ പരിശുദ്ധിയിൽ സൂക്ഷിക്കുന്നു. എന്നാൽ മനുഷ്യൻ പാപമുളളവനാണ്. നാമിന്നും ജഢത്തിലാണ് വസിക്കുന്നത്. യേശുക്രിസ്തുവിന്റെ പുനരാഗമനത്തിൽ മാത്രമേ അത് പൂർണമായി വീണ്ടെടുക്കപ്പെടുകയുള്ളു. അതിനാൽ, ദൈവഭവനത്തിന്റെ പരിശുദ്ധി പാലിക്കപ്പെടുവാൻ ശിക്ഷണനടപടികൾ ആവശ്യമാണ്.

രണ്ടു രീതിയിലുള്ള ശിക്ഷണ നടപടികൾ ഉണ്ട്. ഒരു പ്രാദേശികസഭയെ ദൈവം തന്നെ ശിക്ഷണനടപടികൾക്ക് വിധേയനാക്കുന്നു. അത് നിർവഹിക്കുവാനുള്ള അധികാരം തന്നിൽ

മാത്രം നിക്ഷിപ്തമാണ്. അത് ഏതെങ്കിലും വ്യക്തിക്കോ, സഭയ്ക്കോ, സഭകൾക്കോ താൻ നൽകിയിട്ടില്ല. കാരണം, എല്ലാ പ്രാദേശിക സഭകളും തലയുമായി നേരിട്ടു ബന്ധപ്പെട്ടിരിക്കുന്ന തിനാൽ ഉത്തരവാദിത്വവും നേരിട്ടു തന്നെ. പരസ്പരം സ്വതന്ത്രമായി വർത്തിക്കുന്ന സ്ഥലം സഭ കൾ സ്വർഗീയ തലയാകുന്ന ക്രിസ്തുവിനോട് ഉത്തരവാദിത്വമുള്ളവരാണ്. എഫെസോസിലെ സഭയുടെ അവസ്ഥ ഇതായിരുന്നു (വെളിപ്പാട് 2). മാനസാന്തരപ്പെട്ട് ആദ്യത്തെ പ്രവൃത്തി ചെയ്യു വാൻ കർത്താവ് ആ സഭയോട് ആജ്ഞാപിച്ചു. എന്നാൽ, തലയുടെ ആജ്ഞ അനുസരിക്കുവാൻ എഫെസോസിലെ സഭ മനസ്സുവെയ്ക്കാതിരുന്നതിനാൽ അവരുടെ നിലവിളക്ക് നീക്കപ്പെട്ടു എന്ന തിന് ചരിത്രം തെളിവു നൽകുന്നു.

ചിലപ്പോൾ കർത്താവ് നേരിട്ട് ഒരു വ്യക്തിയെ ശിക്ഷണനടപടികൾക്ക് വിധേയനാക്കുന്നു. ഒരു പക്ഷേ, മറ്റു വിശ്വാസികൾക്ക് അജ്ഞാതമായിരിക്കുന്ന ഏതെങ്കിലും പാപത്തിൽ ഈ വ്യക്തി തുടരുന്നതായിരിക്കും കാരണം. 1 കൊരി. 11.30; യാക്കോബ് 5.14 മുതലായ വാക്യങ്ങൾ എന്നീ ഭാഗങ്ങളിൽ പറഞ്ഞിരിക്കുന്നത് ഈ ശിക്ഷണമാണ്. പാപത്തെ സ്വയം ഏറ്റുപറഞ്ഞ് ഉപേക്ഷി ക്കുക എന്നതാണ് പരിഹാരമാർഗം. ഇത് സംഭവിക്കാതിരിക്കുന്നതിനാൽ ദൈവം ശിക്ഷിക്കുന്നു.

ഒരു പ്രാദേശിക സഭ ഒരു വിശ്വാസിയെ ശിക്ഷണനടപടികൾക്ക് വിധേയനാക്കുന്നതാണ് രണ്ടാമത്തെ രീതി. ശിക്ഷണം സഭയ്ക്കും നിയമലംഘിക്കും ഒരു പോലെ ഖേദകരം തന്നെ. എന്നാൽ, വിശ്വാസിയുടെ യഥാസ്ഥാപനത്തിനായി ഇത് ദൈവം നിയോഗിച്ചിരിക്കുന്നു. ഈ ശിക്ഷണനടപടികൾ പല വിഭാഗങ്ങളിൽ വരുന്നു.

1. ദുരുപദേശം പഠിപ്പിക്കുന്നവരെ ശിക്ഷണനടപടികൾക്ക് വിധേയരാക്കണം. (1 തിമൊ. 1.3–7; 18.20). കർത്താവിനെക്കുറിച്ചും തെറ്റായി പഠിപ്പിക്കുന്നവരുണ്ട്. ഒരു വിശ്വാസി ദൈവീക മർമ്മങ്ങളുടെ ഗൃഹവിചാരകനാണ്.

2. ദുരുപദേഷ്ടാവ് തന്റെ തെറ്റായ കാഴ്ചപ്പാടിൽ തുടരുന്ന പക്ഷം തന്നെ ശാസിക്കേണ്ട താണ്. (തീത്തോ. 3.10,11)

3. ദ്വന്ദപക്ഷവും ഇടർച്ചകളും ഉണ്ടാക്കുന്നവരെ ശിക്ഷിക്കണം. (റോമർ 16.17–20; ഫില 3.17 –19). താൻ സ്വാധീനമുള്ള വ്യക്തിയായിരിക്കാം. എന്നാൽ ശിക്ഷണപ്രക്രിയ വൈകുന്നത് വളരെ നാശത്തിന് കാരണമായി ഭവക്കാം.

4. ധാർമിക തെറ്റുകൾ ശിക്ഷിക്കപ്പെടേണ്ടതാണ്. (1 കൊരി 5.1–13). സഭാ കൂട്ടായ്മയിൽ നിന്നും മാറ്റി നിർത്തുന്നത് പരിഹാരമാകാം. സഭാ ബന്ധത്തിൽ ആയിരുന്നപ്പോൾ താൻ പഠി ക്കാതിരുന്നത് വിശ്വാസികളുമായുള്ള കൂട്ടായ്മയിൽ നിന്നും വിച്ഛേദിക്കപ്പെടുമ്പോൾ പഠിക്കുവാൻ അവസരം ലഭിക്കും.

5. ഒരു വ്യക്തി അപ്രതീക്ഷിതമായി തെറ്റിൽ അകപ്പെട്ടു പോകാം. (ഗലാ 6.1). ആത്മീകരാ യവർ അദ്ദേഹത്തെ യഥാസ്ഥാനപ്പെടുത്തണം. ഇതിന്റെ പ്രാരംഭപടിയായി ശിക്ഷണം വേണ്ടി വന്നേക്കാം.

6. തന്റെ തെറ്റ് അംഗീകരിക്കാത്തവൻ. (മത്താ. 18.15–20). പരസ്പരമുള്ള പ്രശ്നങ്ങളുടെ ശിക്ഷണമാണ് ഇത്.

7. ക്രമംകെട്ടു നടക്കുന്ന വ്യക്തി. (2 തെസ്സ. 3.6–14). അവനെ ഒഴിവാക്കുക. ഇത് സഭാ ബന്ധത്തിൽ നിന്നും മാറ്റി നിർത്തുന്നതല്ല.

8. പരസ്യമായ തർജ്ജനം ചില സന്ദർഭങ്ങളിൽ ശിക്ഷണ പ്രക്രിയയാണ്. (1 തിമൊ. 5.17 –22).

**ദൈവസഭയുടെ ഭാവി**

സഭയ്ക്ക് മഹത്വകരമായ ഒരു ഭാവിയുണ്ട്. സഭയുടെ കാന്തനായ കർത്താവ് വീണ്ടും വരും. ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേൽക്കും. ജീവനോടെ അവശേഷിക്കുന്നവർ രൂപാന്തരപ്പെടും. ഇരുകൂട്ടരും മേഘങ്ങളിൽ എടുക്കപ്പെടും (1 തെസ്സ 4.13–17). സഭ ആകമാനമായി ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പിൽ നിൽക്കും (2 കൊരി 5.10; 1കൊരി 3.13–15; റോമർ 14.10). ഓരോ വിശ്വാസിയുടെയും പ്രവൃത്തികൾ ശോധന ചെയ്യപ്പെടും. ഇത് തന്റെ പാപങ്ങളെ ന്യായം വിധിക്കുന്നതിനല്ല, അത് നടന്നു കഴിഞ്ഞു. ഒരു വിശ്വാസിയുടെ ജീവിതത്തിൽ പാപം തന്റെ രക്ഷയെ ബാധിക്കുകയില്ല എങ്കിലും തന്റെ സേവനത്തെ ബാധിക്കും. ഓരോരുത്തർക്കും

തങ്ങളുടെ സേവനത്തിന് തക്കതായ പ്രതിഫലം ലഭിക്കും.

എല്ലാ വിശ്വാസികളും തേജസ്കരിക്കപ്പെട്ട ശരീരം പ്രാപിച്ചവരായി ക്രിസ്തുവിന്റെ സന്നിധിയിൽ നിൽക്കും. പിന്നീട് വിവാഹ സദ്യ നടക്കും. താൻ വീണ്ടും ഭൂമിയിലേക്ക് വരുമ്പോൾ സഭ തന്നോടൊപ്പം ഉണ്ടായിരിക്കും. ആയിരമാണ്ട് വാഴ്ചാവേളയിൽ സഭ കർത്താവിനോടൊപ്പം അതിന്റെ മഹത്വം അനുഭവിച്ചു ലോകത്തെ ഭരിക്കും.

നിത്യമഹത്വവും നിത്യയൗവ്വനവുമായിരിക്കും സഭയുടെ പങ്ക് (വെളി. 21.2).

നാം അവനെ കാണും 1 യോഹ 3.2

നാം അവനോടുകൂടെ ആയിരിക്കും. 1 തെസ്സ 4. 17 ; യോഹ 14.3; 17.24

നാം അവനെപ്പോലെ ആയിത്തീരും 1യോഹ 3.2

നാം അവനെ ആരാധിക്കും. വെളി 22.3

–000–

## 3. വിശ്വാസിയും വേദപുസ്തകവും

### വേദപുസ്തകത്തെക്കുറിച്ച് എന്തു പറയുന്നു?

എന്താണ് ബൈബിൾ? നാം പരക്കെ കേൾക്കാറുള്ള ഒരു ചോദ്യമാണ് അത്. ബൈബിളിനു മാത്രമായി അവകാശപ്പെടാവുന്ന പ്രത്യേകതകൾ എന്തെല്ലാമാണ് എന്നതാണ് ആ ചോദ്യത്തിന്റ ആശയം.

നാം ഇംഗ്ലീഷിൽ *ബൈബിൾ* എന്ന് പറയുന്ന വാക്ക് ഗ്രീക്ക് ഭാഷയിൽ പുസ്തകം എന്ന പദത്തിന് തുല്യമാണ്. പല ഭാഷകളിലുള്ള വാക്കുകൾ ബൈബിൾ രേഖപ്പെടുത്തിയിട്ടുണ്ട്. അതിൽ സാദൃശ്യങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. യാഥാർത്ഥ സ്ഥലങ്ങളിൽ അരങ്ങേറിയ ചരിത്രസംഭവങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ദൈവീക വെളിപ്പാട് എന്ന് അവകാശപ്പെടാവുന്നതിനാൽ വേദപുസ്തകം ലോകത്തിലെ ഇതര ഗ്രന്ഥങ്ങളിൽ നിസ്തുല്യമാണ്.

വേദപുസ്തകം യഥാർത്ഥത്തിൽ ഒരു പുസ്തകമല്ല, 66 പുസ്തകങ്ങളുടെ ഒരു ശേഖരമാണ്. അവ തമ്മിൽ ഏകത്വവും നാനാത്വവും വെളിപ്പെടുന്ന ഒരപൂർവ്വ പുസ്തകം. എബ്രായ, അരാമ്യ, ഗ്രീക്ക് ഭാഷകളിലാണ് വേദപുസ്തകം എഴുതപ്പെട്ടത്.

നാൽപതിൽ പരം എഴുത്തുകാർ 1500 ൽ അധികം സംവത്സര കാലയളവിൽ എഴുതിയതാണ് ബൈബിൾ. അതിനാൽ അവരിൽ അധികം പേർക്കും പരസ്പരം സന്ധിക്കുവാൻ സാധിച്ചിട്ടില്ല. വ്യത്യസ്ത കാലഘട്ടത്തിൽ ജീവിച്ചിരുന്ന എഴുത്തുകാരുടെ വ്യത്യസ്തമായ രചനാശൈലിയും സാംസ്കാരിക പശ്ചാത്തലത്തിലെ അന്തരവും ഇതിൽ പ്രകടമാണ്. അപ്പോൾ തന്നെ, അവ തമ്മിലുള്ള സമ്പൂർണ്ണ യോജിപ്പ് അത്ഭുതാവഹമാണ്. കാൽവരിയെ കേന്ദ്രീകരിച്ച് ഒരു ഏകീകൃത സന്ദേശം ഏക ദൈവം തന്നെ എല്ലാ എഴുത്തുകാരിലൂടെയും വിളമ്പരം ചെയ്തതാണ് ഈ അത്ഭുത പൊരുത്തത്തിന് കാരണം എന്ന് വേദപുസ്തകം അവകാശപ്പെടുന്നു.

### നമുക്ക് ബൈബിൾ ലഭിച്ചതെങ്ങനെ?

ദൈവം തന്റെ സന്ദേശം ഓരോ എഴുത്തുകാർക്കും നൽകി. അവർ അത് രേഖപ്പെടുത്തി. എന്നാൽ ഓർമ്മ, പരമ്പരാഗത വായ്മൊഴികൾ, ദൃക്സാക്ഷികളുടെ വിവരണങ്ങൾ, ലിഖിത പ്രമാണങ്ങൾ ആദിയായവ സ്രോതസ്സുകളെ പുസ്തകരചനയിൽ അവർ ഉപയോഗിച്ചിട്ടുണ്ട്. ഈ സ്വാതന്ത്ര്യം, പരിശുദ്ധാത്മാവിന് അവരുടെ പ്രവൃത്തിയിലുള്ള നിയന്ത്രണത്തെ അശേഷം ഹനിക്കാത്ത നിലയിലാണ് അവർ ഉപയോഗിച്ചത്. സ്വപ്നങ്ങളിലൂടെയും ദർശനങ്ങളിലൂടെയും എഴുതുവാൻ നേരിട്ട് പ്രചോദനം നൽകുന്നതിലൂടെയും, പ്രവാചക വാക്കുകളിലൂടെയും, ഒക്കെയാണ് ദൈവീക അരുളപ്പാടുകൾ അവർക്ക് ലഭിച്ചത്. ഈ വെളിപ്പാടുകൾ എല്ലാം ദൈവനിശ്വാസീയം ആയിരുന്നു. (2 തിമൊ.3.16). ദൈവത്തെക്കുറിച്ചുള്ള സാമാന്യ ജ്ഞാനം പ്രകൃതിയിൽ നിന്നും (സങ്കീ 19. 1–6; റോമർ 1.19–20), നമ്മുടെ മനഃസാക്ഷിയിൽ നിന്നും (റോമർ 2.15) ലഭ്യമാണ് എന്നത് വാസ്തവം തന്നെ. എന്നാൽ, ദൈവത്തെ അറിയുവാൻ; മനുഷ്യനോടും പ്രപഞ്ചത്തോടുമുള്ള ദൈവീക പ്രവർത്തന പദ്ധതികൾ അറിയുവാൻ, ദിവ്യവെളിപ്പാട് അനിവാര്യമാണ്. നമ്മുടെ ആത്മാവ് സംബന്ധമായ അനവധി ചോദ്യങ്ങൾക്ക് യുക്തവും തൃപ്തികരവുമായ മറുപടി നൽകുവാൻ മാനുഷിക പരിജ്ഞാനവും ശാസ്ത്രവും കിണഞ്ഞു ശ്രമിച്ചിട്ടും പാടേ പരാജയപ്പെടുന്നു.

ഗോത്ര പിതാക്കന്മാരുടെ ചരിത്രകഥകളാണ് ബൈബിളിലെ പ്രാരംഭ പ്രതിപാദ്യ വിഷയം. തുടർന്ന്, ദൈവം മനുഷ്യന് നൽകിയ കൽപനകളുടെ വിശദാംശം, സങ്കീർത്തനങ്ങൾ, സദൃശ്യവാക്യങ്ങൾ, പ്രവചനങ്ങൾ, ചരിത്രം, ലേഖനങ്ങൾ ആദിയായവ രേഖപ്പെടുത്തിയിരിക്കുന്നു. ഇവ

യെല്ലാം ദൈവീക നിർദ്ദേശത്താൽ ശേഖരിക്കപ്പെട്ടതാണ്. തന്റെ വാക്കുകൾ കൃത്യമായി ഓർമിക്കുന്നതിനും, തെറ്റുകൂടാതെ രേഖപ്പെടുത്തുന്നതിനും, നഷ്ടപ്പെടാതെ സൂക്ഷിക്കുന്നതിനും ദൈവം ഓരോ എഴുത്തുകാരനെയും പ്രത്യേകമായി നിയന്ത്രിച്ചു നയിച്ചു. അവയെല്ലാം തന്നെ ദൈവനിയോഗത്താൽ കൂട്ടിച്ചേർക്കപ്പെടുകയും ചെയ്തു.

ദൈവീക നിയന്ത്രണത്തിൽ വേദപുസ്തകം ലിഖിതരൂപത്തിൽ പൂർത്തീകരിക്കപ്പെട്ടു. ഈ ബൃഹത്തായ ഗ്രന്ഥം ലിഖിത രൂപത്തിൽ തയ്യാറാക്കുന്നതിൽ ശാസ്ത്രിമാരും എഴുത്തുകാരും മഹത്തായ പങ്കു വഹിച്ചു. എന്നാൽ, ആത്യന്തികമായി, ദൈവീക കരം അവരിലൂടെ പ്രവർത്തിക്കുകയായിരുന്നു.

ബൈബിൾ എഴുതപ്പെട്ട കാലത്ത് ഇന്നുള്ളതുപോലെ അച്ചടിശാലകൾ ഇല്ലായിരുന്നു. അതിനാൽ ഓരോ കോപ്പിയും കൈകൊണ്ട് എഴുതുകയായിരുന്നു. എഴുതുന്നതിനായി ഉപയോഗിച്ചിരുന്ന പാപ്പിറസ്, വെല്ലം ആദിയായവ വളരെ ഉന്നത മേന്മ പുലർത്തുന്നവയായിരുന്നു. ഇപ്രകാരം എഴുതപ്പെട്ട ആദ്യപ്രതികൾ ഒന്നും തന്നെ നമുക്ക് ഇന്ന ലഭ്യമല്ല. ആദ്യപ്രതികൾ എഴുതപ്പെട്ടതിന് ഏകദേശം 30 വർഷങ്ങൾക്കുശേഷം തയ്യാറാക്കപ്പെട്ട പകർപ്പുകൾ നമുക്ക് ലഭിച്ചിട്ടുണ്ട്. പഴയനിയമത്തിന്റെയും പുതിയനിയമത്തിന്റെയും വിശ്വസനീയമായ പകർപ്പുകൾ ദൈവം നമുക്കായി സൂക്ഷിച്ചുവെച്ചു എന്നു വേണം കരുതുവാൻ.

ബൈബിളിനെ ചേർക്കപ്പെട്ടിരിക്കുന്ന 66 പുസ്തകങ്ങൾ കാനോനികവും ആത്മീകമായി ആധികാരികവുമെന്ന് യാഥാസ്ഥിതിക പ്രോട്ടസ്റ്റന്റ് വിഭാഗം വിശ്വസിക്കുന്നു. ബൈബിൾ സ്വയം അതിന്റെ ആധികാരികത സ്ഥിരീകരിക്കുന്നു. ദൈവീക നിർണയത്താലും നിശ്വാസത്താലും അത് ഉളവാക്കപ്പെട്ടു.

സഭയല്ല ബൈബിളിനെ സൃഷ്ടിച്ചത്. പ്രത്യുത, സഭയുടെ അടിസ്ഥാനം തന്നെയുമാണ് ബൈബിൾ; സഭയുടെ മേൽ അതിന് കർതൃത്വം ഉണ്ട്. ബൈബിളിന് അധികാര ശക്തിയുണ്ട്. ഏതെങ്കിലും വ്യക്തിയോ സ്ഥാപനമോ നൽകിയ അധികാരമല്ല അത്. ദൈവം അതിനെ ആധികാരിക ദൈവ വചനമായി നൽകിയിരിക്കുന്നു എന്ന് ദൈവം തന്നെ മനുഷ്യനു വെളിപ്പെടുത്തി കൊടുത്തു. ദൈവം വെളിപ്പെടുത്തിയ വസ്തുത വിശ്വസ്തരായ ദൈവദാസന്മാർ അംഗീകരിക്കുകയും ദൈവവചനത്തെ കാനോനികമായി സ്വീകരിക്കുകയുമായിരുന്നു. ഏതെങ്കിലും സഭാ കൗൺസിൽ അതിനെ ഔദ്യോഗികമായി അംഗീകരിക്കേണ്ടതായ ആവശ്യം ഉണ്ടായിരുന്നില്ല. അപ്രകാരം ഒരംഗീകാരം ബൈബിൾ തേടിയതുമില്ല.

ദൈവം വിവിധ കാലയളവിൽ വിവിധ നിലകളിൽ ജനത്തോട് ആശയവിനിമയം നടത്തി. (എബ്രാ 1.1 ). നാം എല്ലാവരും ദൈവത്തിൽ നിന്നും കാര്യങ്ങൾ ഗ്രഹിക്കേണ്ടതാണ്. നാം അറിയേണ്ടവ ദൈവം 66 പുസ്തകങ്ങളിലൂടെ വെളിപ്പെടുത്തി. അങ്ങനെ ദൈവീക വെളിപ്പാട് പൂർത്തിയായി. നമുക്ക് എങ്ങനെ അത് മനസ്സിലാക്കാം?

വേദപുസ്തകം ദൈവീകമാണ് എന്ന് സ്വയം അവകാശപ്പെടുന്നു. ദൈവകൽപ്പനയാൽ മനുഷ്യർ പരിശുദ്ധാത്മ നിയോഗം പ്രാപിച്ച് സംസാരിച്ചതാണ് എന്ന് അത് വ്യക്തമാക്കുന്നു. പുതിയ നിയമ അപ്പോസ്തലന്മാർക്കും പ്രവാചകന്മാർക്കും അടിസ്ഥാനം ഒരുക്കുന്ന ശുശ്രൂഷ നൽകിയിരുന്നു (എഫെ 2.20). വെളിപ്പാട് പൂർത്തീകരിക്കപ്പെട്ടു എന്ന നിഗമനത്തിൽ നിലവിലുള്ളവയിൽ നിന്നും കാനോനികമായത് നിർണ്ണയിക്കുന്ന ദൗത്യം സഭ നിറവേറ്റി.

ദൈവം സത്യവാൻ എന്നും താൻ സംസാരിച്ചു എന്നും നാം വിശ്വസിക്കുന്നു. അങ്ങനെയെങ്കിൽ അവൻ നമുക്കായി നൽകിയതാണ് വേദപുസ്തകം. അല്ലാത്തപക്ഷം, വെളിപ്പാടുകൾ അതിൽ തന്നെ പ്രയോജനരഹിതമായി പരിണമിക്കും. തന്മൂലം വേദപുസ്തകഭാഗങ്ങൾ, അത് ആദ്യം നൽകപ്പെട്ടപ്പോൾ, തെറ്റുകൾ ഇല്ലാത്തവയും പൂർണ്ണവുമായിരുന്നു എന്ന തീരുമാനത്തിൽ നാം എത്തിച്ചേരുന്നു.

ദൈവം നമ്മെ സൃഷ്ടിച്ചു. അവൻ നമ്മെ രക്ഷിച്ചു. അവന് നമ്മുടെ മേൽ അധികാരം ഉണ്ട്. നമ്മുടെ ജീവിതത്തിന്റെ മേൽ ദൈവവചനമായ വേദപുസ്തകം അധികാരം അവകാശപ്പെടുന്നു. അതിനാൽ ദൈവം തന്റെ വചനത്തിലൂടെ അരുളിച്ചെയ്യുന്നത് കേട്ട് പ്രമാണിക്കുക എന്നത് ദൈവമക്കളായ എല്ലാവരുടെയും ഒഴിച്ചുകൂടാനാവാത്ത കടമയാണ്.

**ദൈവവചനം പഠിക്കേണ്ടതിന്റെ ആവശ്യം എന്ത്?**

നൂറ്റാണ്ടുകൾക്കു മുമ്പ് സങ്കീർത്തനക്കാരൻ എഴുതി നിന്നോടു പാപം ചെയ്യാതിരിപ്പാൻ നിന്റെ വചനത്തെ ഞാൻ എന്റെ ഹൃദയത്തിൽ സംഗ്രഹിക്കുന്നു (സങ്കീ 119.11). ഒന്നുകിൽ ദൈവ വചനം നിന്നെ പാപത്തിൽ നിന്നും അകറ്റും അല്ലെങ്കിൽ പാപം നിന്നെ ദൈവവചനത്തിൽ നിന്നും അകറ്റും എന്ന പ്രസ്താവന എത്ര അർത്ഥവത്താണ്!

വേദപുസ്തകം ഒരു കണ്ണാടിക്കു സമാനമാണ്. അതിൽ നോക്കുമ്പോൾ നമ്മിലുള്ള സകല മാലിന്യങ്ങളും അത് നമുക്ക് കാട്ടിത്തരുന്നു. എന്നാൽ ഇത് അറിയുന്ന പലരും വേദപുസ്തകം വായിക്കുവാനും പഠിക്കുവാനും വൈമനസ്യം ഉള്ളവരാണ്. അവർക്ക് മാറ്റത്തിന് വിധേയരാകുവാൻ ഒരുക്കമില്ല.

വേദപുസ്തകത്തിലെ തെറ്റുകൾ കണ്ടുപിടിക്കുവാനുള്ള വ്യഗ്രതയിലാണ് ചിലർ അത് വായിക്കുന്നത്. ആസന്ന മരണനായ, നിരീശ്വരവാദിയായ ഒരു വക്കീൽ തന്റെ ആശുപത്രിക്കിടക്കയിൽ ബൈബിളിന്റെ പേജുകൾ മറിച്ചു നോക്കുന്നത് ഒരു വ്യക്തി കണ്ടു. കാരണം അന്വേഷിച്ചപ്പോൾ *പരാജയപ്പെടുത്തുവാൻ പഴുതുകൾ പരതുകയാണ്* എന്നായിരുന്നു മറുപടി.

അങ്ങനെയുള്ളവർ ബൈബിളിനെ നിഷേധിക്കുന്നത് അതിലെ കാര്യങ്ങൾ പരസ്പര വിരുദ്ധം ആയതിനാലല്ല, പ്രത്യുത, അത് തങ്ങളുടെ ജീവിത രീതിക്ക് വിരുദ്ധമായതിനാലത്രെ. തങ്ങളുടെ ജീവിത പ്രമാണങ്ങളെ കടന്നാക്രമിക്കുന്നതിനാൽ ആയിരങ്ങൾ വേദപുസ്തകത്തെ വെറുക്കുന്നു.

അനവധി നൂറ്റാണ്ടുകൾക്കു മുമ്പ് എഴുതപ്പെട്ട വേദപുസ്തകം ഇന്ന് കാലോചിതം അല്ല എന്ന് വിധി എഴുതി അതിനെ നിഷേധിക്കുന്ന ഒരു കൂട്ടം ആളുകൾ ഉണ്ട്. വേദപുസ്തകം ഒരു ശാസ്ത്രീയ ഗ്രന്ഥമല്ല. എന്നാൽ അതിലെ ശാസ്ത്രീയ പ്രസ്താവനകൾ ഒന്നും തന്നെ ഒരു കാലത്തും തിരുത്തിക്കുറിക്കുവാൻ ആവശ്യം വന്നിട്ടില്ല. വേദപുസ്തകത്തിൽ പ്രതിപാദിച്ചിട്ടുള്ള സകല വിഷയങ്ങളും അപ്രകാരം തന്നെ. അത് ജ്യോതിശാസ്ത്ര ഗ്രന്ഥമോ, ഗണിതശാസ്ത്ര ഗ്രന്ഥമോ വൈദ്യശാസ്ത്ര ഗ്രന്ഥമോ അല്ല. എന്നാൽ ഇവ സംബന്ധമായ പരാമർശങ്ങൾ ബൈബിളിൽ കാണുവാൻ കഴിയും. അവയെല്ലാം എഴുതപ്പെട്ട നാൾ മുതൽ ഇന്നോളം യുക്തവും കാലോചിതവും ആയി നിലനിൽക്കുന്നു.

*ഞാനൊരു വേദപണ്ഡിതനോ, പാസ്റ്ററോ അല്ല, വെറുമൊരു സാധാരണക്കാരനാണ്. അതിനാൽ വേദപുസ്തകം പഠിക്കേണ്ടതായ ആവശ്യം എനിക്കില്ല.* ചിലരുടെ ന്യായവാദമാണ് ഇത്. വേദപുസ്തകം സകല മനുഷ്യർക്കും വേണ്ടിയുള്ളതാണ്. ഒരു പ്രത്യേക വിഭാഗം ആളുകൾക്ക് മാത്രം ഉള്ളതല്ല. മാനവരാശിയോടുള്ള പൊതുവായ ദൈവശബ്ദമാണ് അത്. അതിനാൽ വേദപുസ്തകം പഠിക്കുവാൻ നാം ബാദ്ധ്യസ്ഥരാണ്.

*ഞാൻ വളരെ തിരക്കുള്ള ഒരു വ്യക്തിയാണ്.* വേദപുസ്തകം പഠിക്കുവാൻ എനിക്കു സമയമില്ല. ധാരാളം സമയം ഒഴിവ് ഉള്ളവർക്ക് ഞാൻ അത് വിട്ടുകൊടുക്കുന്നു. ഞാൻ അത്ര ഭക്തനൊന്നുമല്ല. ഇങ്ങനെ തുടരുന്നു മറ്റു ചിലരുടെ ഒഴിവുകഴിവുകൾ. എന്നാൽ നമ്മുടെ നിത്യതയെ ബാധിക്കുന്ന പ്രസക്തമായ ചോദ്യങ്ങൾ ഇവയാണ്: നാം അതിന്റെ എഴുത്തുകാരനെ അറിഞ്ഞുവോ? അവനുമായി നമുക്ക് വ്യക്തിപരമായുള്ള ബന്ധം എന്താണ്? വേദപുസ്തകം നമ്മുടെ നിത്യമായ ജീവിതത്തെ ബാധിക്കുന്നത് ആകയാൽ അത് അഭ്യസിക്കുന്നതിൽ നിന്നും നമുക്ക് ഒഴിഞ്ഞു മാറുവാൻ സാധ്യമല്ല.

വേദപുസ്തകത്തിൽ വളരെ തെറ്റുകൾ ഉണ്ടെന്നാണ് പലരും പറയുന്നത്. *ബൈബിൾ അതിൽ തന്നെ പരസ്പര വിരുദ്ധമായി നിലകൊള്ളുന്നു. തെറ്റുകൾ നിറഞ്ഞ ഒരു പുസ്തകം പഠിക്കുന്നതുകൊണ്ട് ഉണ്ടാകുന്ന പ്രയോജനം എന്താണ്?* ചിലർ ചോദിക്കാറുണ്ട്. വിമർശകരായ പലരും *വേദപുസ്തകത്തിൽ തെറ്റുകൾ ഉണ്ട്* എന്ന് അഭിപ്രായപ്പെടാറുണ്ട്. എന്നാൽ, തെളിവുകൾ നിരത്തി, നിഷേധിക്കാനാവാത്ത വിധം ഒരു തെറ്റെങ്കിലും ചൂണ്ടിക്കാണിക്കുവാൻ നാളിതുവരെ ആർക്കും സാധിച്ചിട്ടില്ല. സർവ്വോപരി, നമ്മോടു തന്നെ വിശ്വസ്തത പാലിക്കുവാൻ, വിധി നിർണയത്തിനു മുമ്പ് നാം സ്വയം പഠിച്ച് അതിന്റെ നിജസ്ഥിതി ഗ്രഹിക്കേണ്ടതാണ്. അപ്പോൾ, ബൈബിളിന് നാം വിധി എഴുതുകയല്ല, പ്രത്യുത, ബൈബിൾ നമ്മുടെ വിധി എഴുതുകയാണ്

എന്ന് വ്യക്തമാകും.

വേദപുസ്തകം പഠിക്കേണ്ടതിന്റെ അനിവാര്യതയെ സ്ഥിരീകരിക്കുന്ന മൂന്ന് കാരണങ്ങൾ വിശദീകരിക്കാം.

**1. വേദപുസ്തക പഠനം നമ്മുടെ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണ്.**

വീണ്ടുംജനനം സംഭവിക്കുമ്പോൾ ഒരു വ്യക്തി പുതിയ സൃഷ്ടിയായി തീരുന്നു. എന്നാൽ അവനിൽ പഴയമനുഷ്യനും (ജഡസ്വഭാവം) പുതിയ മനുഷ്യനും (ആത്മസ്വഭാവം) ഒരുമിച്ച് വാസം ചെയ്യുകയാണ്. ഇവ തമ്മിൽ സദാ പോരാട്ടം നടക്കുന്നു. അവരിൽ ശക്തൻ പോരാട്ടത്തിൽ വിജയം വരിക്കുന്നു. നാം എപ്രകാരം ആരെ പോഷിപ്പിച്ചു വളർത്തുന്നു എന്നതാണ് ആർ വിജയിക്കും എന്ന് നിർണയിക്കുന്ന ഘടകം.

നമ്മുടെ ശാരീരിക വളർച്ചയ്ക്ക് ഭക്ഷണം ആവശ്യമാണ്. മറ്റൊരു അർത്ഥത്തിൽ പറഞ്ഞാൽ, നാം കഴിഞ്ഞ നാളുകളിൽ ഭക്ഷിച്ചതിന്റെ ആകെ തുകയാണ് ഈ ശരീരം. അതുപോലെ, ആന്തരിക മനുഷ്യനും (ആത്മീക വ്യക്തിത്വം) വളരുവാൻ ആഹാരം ആവശ്യമുള്ളവനാണ്. ദൈവവചനമാണ് പുതിയ മനുഷ്യന്റെ ആഹാരം. അപ്പോസ്തലനായ പത്രോസ് പറയുന്നു: *ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ രക്ഷയ്ക്കായി വളരുവാൻ വചനം എന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛിപ്പിൻ* (1 പത്രോസ് 2.2).

ഒരു കുഞ്ഞ് ജനിക്കുമ്പോൾ അതിന്റെ മാതാവ് അൽപ്പം മരുന്ന് അതിന്റെ അണ്ണാക്കിൽ പുരട്ടുന്നു. നാവിൽ രുചി മനസ്സിലാക്കുമ്പോൾ മുലപ്പാൽ കുടിക്കുന്നതിനുള്ള താൽപര്യം ശിശുവിന് ഉണ്ടാകുന്നു. നവജാത ശിശുവിന് ആഹാരതാൽപര്യം ഉളവാകേണ്ടതാണ്.

വചനമാകുന്ന പാൽ കുടിക്കുവാൻ വാഞ്ചിക്കും മുമ്പ് സകല ദുഷ്ടതയും എല്ലാ ചതിവും വ്യാജഭാവവും അസൂയയും എല്ലാ നുണയും നീക്കിക്കളയണമെന്ന് പത്രോസ് നമ്മെ പഠിപ്പിക്കുന്നു. ആത്മീക ആഹാരത്തിനായുള്ള നമ്മുടെ വിശപ്പിനെ ഹനിക്കുന്ന സകലതും നാം നീക്കിക്കളയണം.

വേദപുസ്തക പഠനം നമ്മുടെ അറിവിനെ വർദ്ധിപ്പിക്കും എന്നത് വാസ്തവം തന്നെ. എന്നാൽ നമ്മുടെ അറിവിനെ വർദ്ധിപ്പിക്കുന്നതിനല്ല അത് നമുക്ക് നൽകിയിരിക്കുന്നത്. നമ്മുടെ ജീവിതത്തെ രൂപാന്തരപ്പെടുത്തുവാനും ആത്മീക വളർച്ചയ്ക്ക് കാരണമായി തീരുന്നതിനുമാണ് അത് നൽകപ്പെട്ടിരിക്കുന്നത്. നിരന്തരമായ വേദപഠനം നമ്മെ രൂപാന്തരപ്പെടുത്തും.

വേദപുസ്തകത്തെ പല നാമങ്ങളിൽ വിശേഷിപ്പിച്ചിട്ടുണ്ട്. അവയിൽ ചിലത് നമ്മുടെ ആഹാരമായി ബന്ധപ്പെട്ടതാണ്.

ശിശുക്കൾക്ക് അത് പാലാണ്.
യുവാക്കൾക്ക് അത് അപ്പമാണ്.
മുതിർന്നവർക്ക് അത് കട്ടിയുള്ള ഭക്ഷണമാണ്.
ദാഹിക്കുന്നവർക്ക് അത് ജലമാണ്.
വിശക്കുന്നവർക്ക് അത് ആഹാരമാണ്.
സകലർക്കും അത് തേനാണ്.

**2. വേദപുസ്തക പഠനം ആത്മീക പക്വത കൈവരിക്കുന്നതിന് അനിവാര്യമാണ്.**

ശിശുക്കൾക്ക് പാൽ നൽകുമ്പോൾ മുതിർന്നവർക്ക് കട്ടിയുള്ള ആഹാരമാണ് ആവശ്യം. യേശുക്രിസ്തുവിന്റെ മഹാ പൗരോഹിത്യ ശുശ്രൂഷയെപ്പറ്റി അപ്പോസ്തലനായ പൗലോസ് എബ്രായ ക്രിസ്ത്യനികൾക്ക് വിശദീകരിച്ച് കൊടുക്കുമ്പോൾ അവർ കട്ടിയുള്ള ഭക്ഷണം കഴിക്കുവാൻ കഴിവില്ലാത്തവരാണ് എന്ന് പറയുന്നു. പാൽ മാത്രം ഉപയോഗിച്ചു ശീലിച്ചവർ വചനസംബന്ധമായി പരിജ്ഞാനം കുറഞ്ഞവർ ആയിരിക്കും. കട്ടിയുള്ള ആഹാരം മുതിർന്നവർക്ക്, അതായത് പക്വത പ്രാപിച്ചവർക്ക് ഉള്ളതാണ്. നിരന്തര ഉപയോഗവും പരിചയവും മൂലം നന്മ തിന്മകളെ വിവേചിക്കുവാനുള്ള കഴിവ് അവർ നേടിയെടുത്തു (എബ്രാ. 5. 11-14).

തിരുവെഴുത്തുകളെ നിരന്തരമായി ഉപയോഗിക്കുമ്പോൾ ഒരു വ്യക്തി പക്വത ആർജ്ജിക്കുന്നു. നന്മ തിന്മയെ വിവേചിച്ചറിയാനുള്ള പരിജ്ഞാനം വേദപുസ്തകത്തിൽ നിന്നുമാണ് നാം

നേടുന്നത്. പക്വതയുടെ ലക്ഷണം, വേദപുസ്തകത്തിൽ നമുക്ക് എത്രമാത്രം ജ്ഞാനമുണ്ട് എന്ന തല്ല പകരം എത്രമാത്രം ജ്ഞാനം നാം ഉപയോഗിക്കുന്നു, അത് എങ്ങനെ ഉപയോഗിക്കുന്നു എന്നതിലാണ്.

**3. വേദപുസ്തക പഠനം നമ്മെ സൽപ്രവൃത്തികൾ ചെയ്യുന്നതിന് സജ്ജരാക്കും.**

ദൈവവചനത്തിന്റെ ഭാഗികപഠനം അപകടകരമാണ്. ചില വിശ്വാസികൾക്ക് അവരുടെ പ്രീയംകരമായ കുറെ ഭാഗങ്ങൾ ഉണ്ട്. മറ്റുള്ള ഭാഗങ്ങളെ അവർ അവഗണിക്കുന്നു. അത് അവരുടെ പരാജയത്തിന് കാരണമായി ഭവിക്കുന്നു. ചിലർ സങ്കീർത്തനങ്ങൾ മാത്രമേ പഠിക്കുകയുള്ളു. ചിലർ പുതിയനിയമത്തിൽ മാത്രം തൽപരരായിരിക്കും. മറ്റു ചിലർ പ്രവചനങ്ങൾ പഠിക്കുന്നതിൽ മാത്രം ഉത്സുകരായിരിക്കും.

എല്ലാ തിരുവെഴുത്തും ദൈവനിശ്വാസീയവും പ്രയോജനകരവുമാണ്. സമീകൃതമല്ലാത്ത വേദപഠനം ഉപദേശങ്ങളിലെ സമതുലിതാവസ്ഥയെ ഹനിക്കും. അത് ജീവിതത്തിൽ താളപ്പിഴകൾ ക്ഷണിച്ചു വരുത്തും. വേദപുസ്തകം ആകമാനമായി ഉപദേശത്തിന് ഉപയുക്തമാണ്. വഴിതെറ്റി പോകുമ്പോൾ അത് നമ്മെ ശാസിച്ചു ശരിയായ മാർഗത്തിലേയ്ക്ക് തിരികെ കൊണ്ടുവരുന്നു. ഇതാണ് വേദപുസ്തകം മൂലമുള്ള ഗുണീകരണം. ശരിയായ മാർഗത്തിൽ എത്തിക്കഴിഞ്ഞാൽ അതിൽ തുടരുവാൻ നമ്മെ അത് അഭ്യസിപ്പിക്കുന്നു (2തിമൊ. 3.16,17).

ബൈബിൾ ആകമാനമായി നമ്മുടെ അനുഭവത്തിൽ പ്രായോഗികമാകുമ്പോൾ അത് നമ്മിൽ പരിവർത്തനം ഉളവാക്കുന്നു, അത് നമ്മെ രൂപാന്തരപ്പെടുത്തും. ദൈവം പ്രതീക്ഷിക്കുന്ന സൽപ്രവൃത്തികൾ നമ്മിൽ ഉരുവാകുവാൻ അതു നമ്മെ സഹായിക്കും. ദൈവഹിതത്തിന്റെ ഭാഗികമായ ജ്ഞാനം മാത്രം നേടി അവന്റെ സേവനത്തിൽ ആയിരിക്കുന്നതിന് പ്രയോജന രഹിതമായ പ്രവൃത്തിയാണ്.

നാം വേദപുസ്തകം പഠിക്കേണ്ടത് എല്ലാ നിലയിലും ആവശ്യം തന്നെ.

1. പഠിക്കുവാനുള്ള ഏറ്റവും അനുയോജ്യമായ സ്ഥലം, മറിയ ചെയ്തതുപോലെ, കർത്താവിന്റെ പാദപീഠമാണ്. (ലൂക്കോ 10.39).

2. പഠിക്കുവാനുള്ള യുക്തമായ മനോഭാവം സദാ ശ്രദ്ധയുള്ളവരായിരിക്കുക എന്നതാണ്. (ലൂക്കോ. 9.48).

3. പഠിക്കുവാനുള്ള നല്ല സന്ദർഭം ദിനംതോറും ആണ്. (പ്രവൃത്തി. 17.11).

4. പഠിക്കുവാനുള്ള ഫലകരമായ ഒരുക്കം സ്വീകരിക്കുവാൻ സന്നദ്ധമായ മനസ്സാണ്. ( പ്രവൃ 17.11). *നാഥാ സംസാരിക്കേണമേ അങ്ങയുടെ ദാസൻ കേൾക്കുന്നു.*

5. പഠിക്കുവാനുള്ള യുക്തമായ കാരണം അത് നമ്മെ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുന്നു എന്നതാണ്. (തീത്തോ. 2.12).

6. പഠിപ്പിക്കുവാൻ ഏറ്റവും യോഗ്യനായ വ്യക്തി കർത്താവു തന്നെയാണ്. നിത്യജീവന്റെ മൊഴികൾ അവനിലുണ്ട്. (യോഹ.6.67).

7. പഠിക്കുവാനുള്ള ഉന്നത മാതൃക കർത്താവു തന്നെയാണ് (മത്തായി 11.29). *എന്നോട് പഠിക്കുക* എന്ന് അവൻ ആവശ്യപ്പെട്ടു.

**വചനപഠനത്തിനുള്ള ഒരുക്കം**

ക്രിസ്തീയ ജീവത വളർച്ചയ്ക്കും പക്വതയ്ക്കും ഫലകരമായ ശുശ്രൂഷയ്ക്കും വേദപുസ്തക പഠനം അത്യന്താപേക്ഷിതമാണെന്ന് നാം കാണുകയുണ്ടായി. ദൈവ വചന പഠനത്തിനായി നാം ഒരുക്കമുള്ളവരായതിനാൽ അതിനായി എങ്ങനെ ഒരുങ്ങണമെന്നും പഠന സഹായികൾ എന്തെല്ലാം എന്നും നമുക്ക് വേഗത്തിൽ ചിന്തിക്കാം.

ദൈവ വചനം വായിച്ച് ദൈവവഴി മനസ്സിലാക്കുവാൻ ശ്രമിച്ച ഒരു വ്യക്തിയുടെ രസകരമായ കഥ നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. സമയപരിമിതി തനിക്ക് ഒരു പ്രശ്നമായിരുന്നു. അതിനാൽ വേദപുസ്തകത്തിലെ ചില ഭാഗങ്ങൾ ഓടിച്ചു വായിച്ച് സംതൃപ്തനാകുവാൻ താൻ ശ്രമിച്ചു.

മത്തായിയും യോഹന്നാനും അൽപസ്വൽപം
ഉൽപ്പത്തിയിൽ ചില ഭാഗങ്ങളും

യെശയ്യാവിലെ പ്രവചനങ്ങൾ ചിലതും
നല്ലതാം ചില സങ്കീർത്തനങ്ങളും
റോമർ പത്രണ്ടും ഒന്നാം സുഭാഷിതവും
കരുതി ഞാൻ വചനം പഠിച്ചുവെന്ന്
അതിലുപരി സശ്രദ്ധ വായന എനിക്ക്
ക്ലേശകരമാം മാർഗമായിരുന്നെന്നുമെന്നും
തീർത്തു ഞാൻ ബൈബിൾ, പക്ഷെ
വഴി ഇന്നും അപരിചിതമാണുതാനും

ദൈവഹിതം അറിയുവാനുള്ള നിർണ്ണായകമായ സന്ദർഭങ്ങളിൽ ഒന്നിൽ ഒരുവൻ ബൈബിൾ തുറന്ന് ആദ്യം കണ്ട വാക്യം വായിച്ചു. *ചെന്നു കെട്ടി ഞാന്നു ചത്തു കളഞ്ഞു.* ഇത് തീർച്ചയായും തന്നെക്കുറിച്ചുള്ള ദൈവത്തിന്റെ ഹിതമല്ലായെന്നു കരുതിയ അദ്ദേഹം വേറൊരു ഭാഗം എടുത്ത് ആദ്യം കണ്ട വാക്യം വായിച്ചു. *യേശു അവനോട് നീയും പോയി അങ്ങനെ തന്നെ ചെയ്ക എന്നു പറഞ്ഞു.* ആ വാക്യത്തിലും നിരാശ തോന്നിയ താൻ ഇനിയും ലഭിക്കുന്ന വാക്യത്തിലൂടെ ദൈവഹിതം തീർച്ചയായും അറിയും എന്നു പ്രതീക്ഷിച്ചു. താൻ വീണ്ടും അലക്ഷ്യമായി വേദപുസ്തകം തുറന്ന് ആദ്യം ദൃഷ്ടിയിൽപ്പെട്ട വാക്യം വായിച്ചു: *യേശു അവനോട് നീ ചെയ്യുന്നത് വേഗത്തിൽ ചെയ്യുക എന്നു പറഞ്ഞു.* ഈ വാക്യങ്ങളിൽ അസ്വസ്ഥനായ താൻ പിന്നീടൊരിക്കലും ദൈവഹിതമറിയുവാൻ ബൈബിളിലെ വാക്യങ്ങളിലേക്കു തിരിഞ്ഞിട്ടില്ല.

നാം ക്രമാനുഗതമായ നിലയിൽ വേദപുസ്തകം പഠിക്കേണ്ടതാണ്. അതിന് സഹായകരമായ ചില കുറിപ്പുകൾ ചുവടെ ചേർക്കുന്നു.

1. വേദപുസ്തക പഠനത്തിനായി കൃത്യമായ ഒരു സമയം മാറ്റി വയ്ക്കുക. ഇത് ദൈവസന്നിധിയിൽ നാം ചിലവഴിക്കുന്ന ശാന്തസമയമല്ല. ദൈവവുമായുള്ള കൂട്ടായ്മയിൽ നാം ചിലവഴിക്കുന്ന സമയമാണ് ശാന്തസമയം. ദൈവീക സാന്നിദ്ധ്യം നമ്മുടെ ജീവിതത്തിൽ നാം അനുഭവിച്ചറിയുന്ന സന്ദർഭം തീർച്ചയായും ആവശ്യമാണ്. എന്നാൽ അത് വേദപുസ്തക പഠനത്തിന് പകരമാകുന്നില്ല.

ശാന്തസമയം 10–30 മിനിറ്റുകളാണെങ്കിൽ വേദപുസ്തക പഠനം അരമണിക്കൂറിൽ ഒതുക്കി നിർത്തുവാൻ പാടില്ല. ബാഹ്യശരീരത്തിന്റെ വളർച്ചയ്ക്കായി ഭക്ഷണ സമയങ്ങളിൽ നാം വീഴ്ചകൂടാതെ ആഹാരം കഴിക്കുന്നതുപോലെ ആത്മീക ശരീരത്തിന്റെ വളർച്ചയ്ക്ക് വേദപഠനം നിരന്തരമായും കൃത്യമായും ഉണ്ടായിരിക്കണം. അതിനുള്ള സമയം മറ്റൊന്നും കവർന്നെടുക്കാതെ നാം ശ്രമിക്കേണ്ടതാണ്. സൗകര്യപ്രദമായ സമയം കണ്ടെത്തുക എന്നത് ഓരോ വ്യക്തിയുടെയും കടമയാണ്.

2. ആത്മീകമായി ഒരുങ്ങുക. സ്വീകരിക്കുവാൻ സന്നദ്ധമായ ഒരു മനസ്സ് നൽകുവാൻ വചനത്തിന്റെ കർത്താവായ ദൈവത്തോട് അപേക്ഷിക്കുക. പരിശുദ്ധാത്മാവ് ദൈവനിശ്വാസീയമായ വചനത്തിന്റെ അദ്ധ്യാപകനാണ്. ജീവിതത്തിലെ പാപങ്ങൾ ഏറ്റുപറയുക. ദൈവവചനത്തിലെ അത്ഭുത കാര്യങ്ങൾ കാണുവാൻ ദൈവം നിന്റെ കണ്ണുകളെ തുറക്കട്ടെ. വേദപുസ്തകം പഠിക്കുമ്പോൾ മുൻവിധിയോ ഉന്നതഭാവമോ പാടില്ല.

3. ഒരു സ്ഥലം കണ്ടെത്തുക. ആവശ്യാനുസരണം വെളിച്ചം ലഭിക്കുന്നതും അന്യരുടെ ശല്യമില്ലാത്തതുമായ ഒരു സ്ഥലമായിരിക്കണം വേദപുസ്തക പഠനത്തിന് ഉപയോഗിക്കേണ്ടത്. ദൈവവചനം പഠിക്കുക എന്ന ഭാഗ്യാവസ്ഥയിൽ നിന്നും അടിയന്തിര ഘട്ടങ്ങളിൽ അല്ലാതെ ഒഴിവാകുവാൻ പാടില്ല.

4. മനസ്സിനെ ഒരുക്കുക. എബ്രായ, യവന, അരാമ്യ ഭാഷകളിലാണ് ബൈബിൾ എഴുതപ്പെട്ടത്. അതിന്റെ വിവർത്തനമാണ് നമുക്ക് ലഭ്യമായിരിക്കുന്നത്. ഭാഷാന്തരത്തിൽ വ്യാഖ്യാവും ഉൾപ്പെടുന്നുണ്ട്. അതിനാൽ വിവിധ വിവർത്തനങ്ങൾ ഒത്തുനോക്കുന്നത് പഠനത്തിന് പ്രയോജനകരമാണ്. *അവനാൽ പ്രാപിച്ച അഭിഷേകം നിങ്ങളിൽ വസിക്കുന്നു; ആരും നിങ്ങളെ ഉപദേശിപ്പാൻ ആവശ്യമില്ല. അവന്റെ അഭിഷേകം തന്നെ നിങ്ങൾക്കു സകലവും നിങ്ങൾക്കു ഉപദേശിച്ചുതരികയാലും അതു ഭോഷ്ക്കല്ല സത്യം തന്നെ ആയിരിക്കയാലും അതു നിങ്ങളെ ഉപദേശിച്ചതുപോലെ നിങ്ങൾ അവനിൽ വസിപ്പിൻ.*(1 യോഹ.2.27). വേദാദ്ധ്യാപകരും വേദപുസ്തക ഭാഷ്യങ്ങളും നമ്മുടെ സഹായത്തിനുണ്ട്. വേദഭാഗങ്ങളുടെ അർത്ഥവും പശ്ചാത്തലവും മനസ്സിലാ

ക്കുവാൻ അവ നമ്മെ സഹായിക്കും. ഫലകരവും അനുയോജ്യവും ബുദ്ധിപൂർവ്വവുമായ നിർദ്ദേശങ്ങൾ പാലുക്കുക. എന്നാൽ, ഇതര പഠനങ്ങൾ ഒന്നും ബൈബിളിന് പകരമായി പരിഗണിക്കുവാൻ പാടില്ല.

5. അനുയോജ്യമായ പഠന സാമഗ്രികൾ തിരഞ്ഞെടുക്കുക. നിങ്ങൾക്ക് ഉല്ലസിക്കുവാൻ കഴിയുന്ന സന്തോഷവേളയാണ് വേദപഠന സമയം. മുൻകാലങ്ങളിൽ നിന്നും വിഭിന്നമായി, നമുക്ക് ഇന്ന് ധാരാളം പഠന സഹായികൾ ലഭ്യമാണ്. മൂലഭാഷ പഠിക്കാതെ തന്നെ എഴുത്തുകാരൻ ഉദ്ദേശിച്ച ആശയം എന്തായിരുന്നു എന്ന് കൂടുതൽ കൃത്യമായി മനസ്സിലാക്കുവാൻ നമുക്കിന്ന് സാധിക്കുന്നു. വേദപഠനത്തിന് നമ്മെ ഫലകരമായി സഹായിക്കുന്ന ചില സാമഗ്രികൾ ഞാനിവിടെ ഉദ്ധരിക്കട്ടെ.

**Bibles**

1. The New Scoffield Reference Bible. This is compiled from a dispensational point of view and is “based on the assumption that the best approach to the Bible is one that allows the reader to understand the greatest portion of the Bible. The dispensational framework does this.”
2. Thomson Chain Reference Bible. This study Bible combines the Analytic and Synthetic systems of the Bible study and is easy to use.
3. The International Inductive Study Bible. Specialized instructions for personal study help you to delve into the Bible yourself.
4. Nave’s Study Bible
5. The NIV Study Bible
6. The Believer’s Study Bible
7. Newberry Reference Bible
8. Dakes annotated Reference Bible.
9. The Open Bible
10. Disciple’s Study Bible

There are many more study Bibles available on my desk, but I would still prefer a Wide Margin Center Column Reference Bible for my study. These help the student to make plenty of notes on the margin itself.

There have also been many translations after the King James Version. Some of these translations are: The Revised Version; The Revised Standard Version; New English Bible; New King James Version; New International Version; New American Standard Version; The Amplified Version; The Living Bible etc.

**Concordance**

There are two exhaustive Concordances available today. They are Strong’s Exhaustive Concordance, Young’s Analytical Concordance. Cruden’s Concordance (more concise and easy to use.)

**Bible Dictionary/Encyclopedia**

These tools explain to us many of the words, topics, customs and manners of Bible lands etc. They also give historical, geographical, cultural and archeological information.

**New Bible Dictionary**

International Standard Bible Encyclopedia

The Zondervan Pictorial Encyclopedia of the Bible

Topical Bible

Nave’s Topical Bible. All the verses on a particular topic are mentioned together.

Treasury of scripture knowledge

**Bible Handbook**
Halley's Bible Handbook
Eerdman's Handbook to the Bible
Unger's Bible Handbook

**Old Testament**
Wilson's Old Testament Word Studies, Hirdlestone's Synonyms of the Old Testament, Dictionary of Old Testament Words for English Readers by Aaron Pick.

**New Testament**
Englishman's Greek Concordance of the New Testament.
Thayer Greek English Lexicon of the New Testament
Interlinear Greek English New Testament
The complete Word Study New Testament
The complete Word Study Dictionary of the New Testament
Vine's Expository Dictionary of Biblical Words*
Expository Dictionary of Bible Words*
Synonyms of the New Testament by RC Trench
Word Meaning of the New Testament by Ralph
Earle (*contain both Old and New Testaments.)

**നോട്ടുബുക്ക്**

വേദപുസ്തക പഠന സമയത്ത് പഠിതാവ് നോട്ടുബുക്ക് കരുതുകയും പഠനത്തിലൂടെ ലഭിക്കുന്ന ചിന്തകൾ കുറിച്ചു വെയ്ക്കുകയും വേണം. എല്ലാ വിവരങ്ങളും ഓർമ്മയിൽ കരുതുവാൻ സാദ്ധ്യമല്ല. പഠനസമയത്ത് ദൈവം നൽകുന്ന നല്ല ആലോചനകൾ കുറിച്ചു വെയ്ക്കാഞ്ഞാൽ പിൽക്കാലത്ത് അവയെ ഓർത്ത് വിലപിക്കുവാൻ ഇടയാകാറുണ്ട്.

പഠന സഹായികളുടെ ആധിക്യത്താൽ ആശങ്കയുണ്ടാകരുത്. സഭയിലെ ചുമതലക്കാരെയോ അനുയോജ്യരായ വേദാദ്ധ്യാപകരെയോ സമീപിച്ച് യുക്തമായ പഠന സാമഗ്രികൾ തിരഞ്ഞെടുക്കുക. പഠനം തുടരുന്നതനുസരിച്ച് കൂടുതൽ പഠന സഹായികൾ സ്വയം കണ്ടെത്തുവാൻ പഠിതാവിന് പ്രാപ്തിയുണ്ടാകും.

**വിവിധ പഠനരീതികൾ**

1. പ്രമേയാധിഷ്ഠിത അഥവാ, ഉപദേശാധിഷ്ഠിത പഠനം. ഇപ്രകാരമുള്ള പഠനത്തിന് ഒരു പ്രമേയമോ ഉപദേശമോ നാം തിരഞ്ഞെടുക്കുന്നു. അതിനെക്കുറിച്ച് കുറെ ചോദ്യങ്ങൾ നാം തയ്യാറാക്കുന്നു. ചോദ്യങ്ങൾ സന്ദർഭോചിതവും പരിമിതവും ആയിരിക്കുവാൻ ശ്രദ്ധിക്കുക. അവയുടെ ആധിക്യത്തിൽ വലഞ്ഞു നിരാശപ്പെട്ടു പോകാതെ പ്രത്യേകം കരുതുക. ഒരു പ്രമേയം അഥവാ, ഉപദേശം പഠനത്തിനായി തിരഞ്ഞെടുത്തു കഴിഞ്ഞാൽ അതുമായി ബന്ധപ്പെട്ട, പഠനത്തിന് ഏറ്റവും സഹായകരമായ അഞ്ചാറ് ചോദ്യങ്ങൾ കുറിക്കുക. ഇപ്രകാരമുള്ള പഠനത്തിന് Topical Bible വളരെ പ്രയോജനകരമാണ്. Disciple's study Bible-ൽ വേദപുസ്തകത്തിലെ പ്രധാനപ്പെട്ട 27 ഉപദേശസത്യങ്ങളും അവയെ കുറിക്കുന്ന എല്ലാ വേദവാക്യങ്ങളും ചേർത്തിട്ടുണ്ട്.

വിഷയ പഠനരീതിയിൽ പ്രമേയാധിഷ്ഠിത പഠനത്തോട് കുറെയൊക്കെ സാമ്യമുള്ളതാണ്. എന്നാൽ, അത് വളരെ ഏറെ വേദവാക്യങ്ങളെയും ചോദ്യങ്ങളെയും വിശദീകരിക്കുന്നു.

2. പുസ്തക പഠനം വേദപുസ്തകത്തിലെ ഓരോ പുസ്തകവും പഠിക്കുന്ന രീതിയാണ്. ഏതു പുസ്തകത്തിലെ വാക്യവും ആ പുസ്തകത്തിന്റെ പശ്ചാത്തലത്തിൽ വേണം വ്യാഖ്യാനി

ക്കുവാൻ. പശ്ചാത്തലം വിട്ടുള്ള വ്യാഖ്യാനം കേവലം അനുമാനമാണ്. പുസ്തകപഠനത്തിലും അതിലെ ഉപദേശങ്ങളും അവയുടെ പ്രായോഗിക വശങ്ങളും പഠിക്കുവാൻ സാധിക്കും.

തടസ്സം കൂടാതെ തുടർമാനമായി ഒരു പുസ്തകം വായിക്കുമ്പോൾ അത് എഴുതിയതിന്റെ ഉദ്ദേശ്യം നമുക്ക് വേഗത്തിൽ വ്യക്തമാകും. പഠനത്തിന്റെ ആദ്യഘട്ടത്തിൽ വ്യാഖ്യാനങ്ങളോ പഠന സഹായസാമഗ്രികളോ ഉപയോഗിക്കുവാൻ പാടില്ല. വേദപുസ്തകം നിങ്ങളോട് സംസാരിക്കുവാൻ സാവകാശം നൽകുക. ഒരു പ്രാവശ്യം വായിച്ച് മതിയാക്കരുത്. ആവർത്തിച്ചുള്ള വായനയിൽ നിങ്ങളുടെ നിരീക്ഷണങ്ങൾ കുറിച്ചുവെയ്ക്കുക.

വായിച്ചു തീർന്ന ശേഷം ഓരോ അദ്ധ്യായത്തിന്റെയും പുസ്തകത്തിന്റെയും മൊത്തമായുള്ള സംക്ഷിപ്തം എഴുതുക. പുസ്തകത്തിന്റെ രത്നചുരുക്കം മനസ്സിലാക്കുവാൻ ഇത് സഹായിക്കും. നിങ്ങളുടെ ജീവിതത്തിൽ പ്രായോഗിക പഥത്തിൽ കൊണ്ടുവരുവാൻ സാധിക്കുന്ന അതിലെ സകല ഉപദേശങ്ങളും കുറിച്ചുവെയ്ക്കുക. പഠനം തുടരുന്നതനുസരിച്ച് ഇതിനോട് കൂടുതൽ ചേർക്കുവാൻ സാധിക്കും.

3. കഥാപാത്ര പഠനം. വേദപുസ്തകത്തിൽ പ്രതിപാദിച്ചിട്ടുള്ള വ്യക്തികളെക്കുറിച്ചു പഠിക്കുന്ന രീതിയാണ് ഇത്. പഠിക്കുവാൻ ഉദ്ദേശിക്കുന്ന വ്യക്തിയെക്കുറിച്ച് വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്ന സകല വേദഭാഗങ്ങളും ഒത്തുവാക്യ പുസ്തകം *കൺകോർഡൻസ്* പുസ്തകം ആദിയായവയുടെ സഹായത്തോടെ കുറിച്ച് എടുക്കുക. അവയെ, ആ വ്യക്തിയുടെ ചുറ്റുപാട്, കുടുംബം, പേരിന്റെ അർത്ഥം, തന്റെ സാക്ഷ്യവും പ്രസ്താവനകളും, തന്റെ സ്വാധീനം, ശക്തി, ബലഹീനത എന്നിത്യാദി ഗണങ്ങളായി തരം തിരിച്ച് പഠിക്കുക.

4. വാക്കുപഠനം. പഠിക്കുവാൻ ഉദ്ദേശിക്കുന്ന വാക്ക് പഴയനിയമത്തിലും പുതിയ നിയമത്തിലും എവിടെയെല്ലാം കാണുന്നു എന്നതിന്റെ ഒരു പട്ടിക തയ്യാറാക്കുക. ആശയാടിസ്ഥാനത്തിൽ അതിനെ ഇനം തിരിക്കുക. എബ്രായ യവന ഭാഷകളിൽ അതിന്റെ അർത്ഥം മനസ്സിലാക്കുക. വാക്കിന്റെ അർത്ഥ വ്യാപ്തി മനസ്സിലാക്കുവാൻ വിവിധ വിവർത്തനങ്ങൾ താരതമ്യം ചെയ്യുക. പുതിയനിയമത്തിലെ വാക്കുകളുടെ ഇംഗ്ലീഷിലുള്ള അർത്ഥങ്ങൾ മനസ്സിലാക്കുവാൻ Englishman's Greek Concordance ഉപയോഗിച്ച് അതിന് തുല്യമായ വിവിധ ഗ്രീക്കു വാക്കുകൾ മനസ്സിലാക്കുക. അതുപോലെ തന്നെ ഗ്രീക്കുവാക്ക് വിവിധ ഇംഗ്ലീഷ് വാക്കുകളിൽ വിവർത്തനം ചെയ്തിരിക്കുന്നതും മനസ്സിലാക്കുക. വളരെ രസകരമായ പഠനരീതികളിൽ ഒന്നാണിത്. ഒരു വാക്കിനെ ആഴമായി ഗ്രഹിക്കുമ്പോൾ അതിൽ അന്തർലീനമായിരിക്കുന്ന ആശയ സമ്പത്തിൽ നാം അതിശയിച്ചു പോകും.

ആ വാക്ക് ഉപയോഗിച്ചിരിക്കുന്ന പശ്ചാത്തലത്തിൽ അതിന് യോജിക്കാത്ത അർത്ഥങ്ങളും കണ്ടുപിടിക്കുക. അതിന് പ്രത്യേകമായ ആത്മീക അർത്ഥങ്ങൾ ഉണ്ടോ എന്നും നിരീക്ഷിക്കുക.

5. വാക്യം വാക്യമായി അപഗ്രഥിച്ചു പഠിക്കുന്ന രീതി, ധ്യാനപരമായ പഠനം, എന്നിത്യാദി പഠനരീതികളും ഉണ്ട്.

## പ്രതീകങ്ങൾ, പ്രതിരൂപങ്ങൾ, രൂപകഥകൾ (Symbols,Types and Allegory)

### പ്രതീകങ്ങൾ

വേദപുസ്തകത്തെ നാം ആക്ഷരികമായി ഗ്രഹിക്കണം. എന്നാൽ വേദപുസ്തകത്തിൽ കാണുന്ന പ്രതീകങ്ങൾ, പ്രതിരൂപങ്ങൾ, രൂപകഥകൾ എന്നിവയെക്കുറിച്ച് അൽപമായി പഠിക്കാം. *പ്രതിരൂപം, പ്രതിരൂപാത്മകം* എന്നീ വാക്കുകൾ നാം വേദപുസ്തകത്തിൽ ദർശിക്കുന്നില്ല എങ്കിലും അവയ്ക്ക് വേദപുസ്തകത്തിൽ ഗണ്യമായ ഒരു സ്ഥാനമുണ്ട്. പ്രതീകങ്ങൾ അടയാളങ്ങളാണ്. എന്നാൽ അടയാളങ്ങൾ നേരിട്ടും പ്രതീകങ്ങൾ ആലങ്കാരികമായും ആശയവിനിമയം ചെയ്യുന്നു. നിത്യമായ കാര്യങ്ങളെ മനുഷ്യ മനസ്സിൽ ഉൾക്കൊള്ളും വിധം വിശദീകരിക്കുവാൻ വേദപുസ്തകം പ്രതീകാത്മക പ്രയോഗങ്ങൾ നടത്തുന്നു.

പ്രകൃതിയിൽ നിന്നുള്ള പ്രതീകങ്ങൾ (സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, മരുഭൂമി, നീരുറവ, താഴ്വര); മൃഗങ്ങൾ (സിംഹം, ചെന്നായ്, കുഞ്ഞാട്, കഴുകൻ, പ്രാവ്); നിർജീവ വസ്തുക്കൾ (മ

രം, പൂക്കൾ, ധാന്യം); ചെരുപ്പ്, ശിരസ്ത്രം, കിരീടം ആദിയായ മനുഷ്യ നിർമ്മിത വസ്തുക്കൾ, വർണ്ണങ്ങൾ, ലോഹങ്ങൾ, വിലയേറിയ കല്ലുകൾ, സംഖ്യകൾ, വ്യക്തികൾ എന്നിവയെല്ലാം പ്രതീകങ്ങളായി വേദപുസ്തകത്തിൽ ഉപയോഗിച്ചിട്ടുണ്ട്.

പ്രതീകങ്ങളെ വ്യാഖ്യാനിക്കുമ്പോൾ അവയുടെ രീതികൾ നാം മനസ്സിൽ കരുതണം. പിന്നീട് ആ പ്രതീകം ഉപയോഗിച്ചിരിക്കുന്നതിന്റെ ഉദ്ദേശ്യം ഗ്രഹിക്കുക. ചില സന്ദർഭങ്ങളിൽ പ്രതിരൂപങ്ങൾക്കുള്ള വിശദീകരണവും വേദഭാഗത്ത് നൽകിയിരിക്കും. പ്രതീകങ്ങളും അത് ഉപയോഗിച്ചിരിക്കുന്നതിന്റെ ആശയവും തമ്മിലുള്ള ബന്ധം വേഗത്തിൽ ഗ്രഹിക്കുവാൻ അത് നമ്മെ സഹായിക്കുന്നു. പ്രതീകങ്ങൾ വിശദീകരിച്ചിട്ടില്ലാത്ത ഭാഗങ്ങളിൽ അതിന്റെ പശ്ചാത്തലം മനസ്സിലാക്കി പ്രതീകങ്ങളിൽ പ്രതിനിധാനം ചെയ്യുന്ന അർത്ഥം ഗ്രഹിക്കുക. മറ്റു വേദഭാഗങ്ങളിൽ അതേ പ്രതീകം ഉപയോഗിച്ചിട്ടുണ്ടെങ്കിൽ അവിടുത്തെ അർത്ഥവുമായി താരതമ്യ പഠനം നടത്തുക.

വേദപുസ്തകം എഴുതപ്പെട്ട കാലയളവിലെ വായനക്കാർക്ക് അനായാസേന ഗ്രഹിക്കുവാൻ സാധിക്കുന്ന പ്രതീകങ്ങൾ ആധുനിക വായനക്കാരന് തികച്ചും അന്യം ആയിരിക്കാം. വേദപുസ്തക പശ്ചാത്തലവും അന്നാളുകളിലെ സംസ്കാര രീതികളും പഠിക്കുക എന്നതാണ് ഇതിന് പരിഹാരം. ബൈബിൾ വ്യാഖ്യാന ഗ്രന്ഥങ്ങളും ബൈബിൾ നിഘണ്ടുവും അതിൽ നമ്മെ സഹായിക്കും.

**പ്രതിരൂപങ്ങൾ**

ഏതെങ്കിലും ഒരു സത്യം വ്യക്തമാക്കുവാൻ ദൈവീകമായ ദൃഷ്ടാന്തം നൽകുന്നതാണ് പ്രതിരൂപം. അത് ഒരു വ്യക്തിയോ (റോമ 5.14); സംഭവമോ ( 1കൊരി 10.11); വസ്തുവോ (എബ്രാ 10.19–20); സ്ഥാപനമോ (എബ്രാ 9. 11–12); ആചാരമോ (റോമ5.7) ആകാം. വേദപുസ്തകത്തിലെ ആദ്യ അഞ്ചു പുസ്തകങ്ങളിൽ പ്രതിരൂപങ്ങൾ ധാരാളം ഉപയോഗിച്ചിരിക്കുന്നതായി കാണാം. മറ്റു ഭാഗങ്ങളിലും വിരളമായി ഉപയോഗിച്ചിട്ടുണ്ട്. പ്രതിരൂപങ്ങളുടെ യഥാർത്ഥ രൂപം, അഥവാ അതിന്റെ സാക്ഷാത്കാരം പുതിയനിയമത്തിൽ ദർശിക്കാവുന്നതാണ്.

രണ്ട് മുന്നറിയിപ്പുകൾ പാലിക്കേണ്ടതാണ്. 1. പുതിയ നിയമത്തിൽ ആധികാരികമായി വ്യക്തമാക്കാത്ത ആശയങ്ങൾ പ്രതിരൂപങ്ങൾക്ക് പ്രദാനം ചെയ്യരുത്. 2. ആധികാരികമല്ലാത്ത പ്രതിരൂപങ്ങളെ സാദൃശ്യമായി, അഥവാ, ആത്മീക സാമ്യം ഉള്ളവയായി മാത്രം പരിഗണിക്കുക.

**രൂപകഥകൾ**

ഉപമയിൽ നിന്നും ഉന്നതമാണ് രൂപകഥകൾ. ഒരു ഉപമയ്ക്ക് മുഖ്യമായ ഒരു ലക്ഷ്യം മാത്രമേ ഉണ്ടായിരിക്കുകയുള്ളു. ഒരു സത്യം ഗ്രഹിപ്പിക്കുവാൻ ഉപയോഗിക്കുന്ന സാമ്യകഥയാണ് അത്. ഹൃദയ കാഠിന്യമുള്ളവർക്ക് ഗ്രഹീക്കുവാൻ അസാധുവും തന്റെ ശിഷ്യന്മാർക്ക് സ്വർഗീയ മർമ്മങ്ങൾ മനസ്സിലാക്കുവാൻ സഹായകരവുമായ രീതിയിൽ ഉപമകളായി അവരോട് സംസാരിക്കുന്നു എന്ന് കർത്താവ് പറയുകയുണ്ടായി. എന്നാൽ താരതമ്യ സാധ്യതയുള്ള പല ആശയങ്ങൾ ഉൾക്കൊള്ളുന്ന കഥയാണ് രൂപകഥ. ഒരു സത്യത്തെ രൂപകഥയിലൂടെ യുക്തിയുക്തമായി അവതരിപ്പിക്കുവാൻ സാധിക്കും. എന്നാൽ വേദഭാഗങ്ങൾ യഥേഷ്ടം ഉദ്ധരിച്ച് അവയെ രൂപകഥാത്മകമായ നിലയിൽ വിശദീകരിക്കുന്നത് തെറ്റായ വ്യാഖ്യാനങ്ങളിലേക്ക് വഴുതിവീഴുവാൻ ഇട നൽകും. അപ്രകാരമുള്ള വിശദീകരണങ്ങൾ ഒഴിവാക്കേണ്ടതാണ്.

**പ്രാമാണിക വേദപഠനം (Inductive Bible Study)**

വ്യക്തമാക്കപ്പെട്ട പല യാഥാർത്ഥ്യങ്ങളിൽ നിന്നും പൊതുവായ തീരുമാനത്തിലേയ്ക്ക് എത്തുന്ന രീതിയാണ് ഇത്.

മനുഷ്യൻ ആത്മീക സത്യങ്ങളെക്കുറിച്ച് വേണ്ടും വിധം ഗ്രാഹ്യമില്ലാത്തവനാണ്. തനിക്ക് വെളിപ്പെടുത്തികൊടുത്തെങ്കിൽ മാത്രമേ മനസ്സിലാക്കുവാൻ സാധിക്കുകയുള്ളു. ദൈവവചനത്തിൽ മനുഷ്യൻ പ്രാവർത്തികമാക്കേണ്ടതായ ദൈവകൽപിതമായ സന്ദേശം നാം ദർശിക്കുന്നു.

ദൈവവചനത്തോട് നാം സംസാരിക്കുന്നതിനാൽ അധികാമായി നാം അതിന്റെ ശ്രോതാക്കളായി തീരണം. സ്വന്ത ആശയങ്ങൾ അതിനോട് കൂട്ടിച്ചേർക്കുന്ന മനോഭാവം അപകടകരം തന്നെ. പാരമ്പര്യങ്ങളും അനുഭവങ്ങളും അതിനോട് ചേർക്കുകയോ സ്വാർത്ഥ താൽപര്യ പ്രകാരം അതിൽ നിന്ന് കുറയ്ക്കുകയോ ചെയ്യാൻ പാടില്ല. വേദപുസ്തകത്തിൽ നിന്ന് ലഭ്യമായ വസ്തുതകളുടെ അടിസ്ഥാനത്തിൽ യുക്തമായ തീരുമാനത്തിലെത്തുന്നതാണ് ശരിയായ വേദപഠന മനോഭാവം. ഇപ്രകാരമുള്ള വേദപഠനത്തിൽ നാം നിരീക്ഷണം ചെയ്യുന്നവയെ ശരിയായി വ്യാഖ്യാനിക്കുകയും അവയെ സ്വാനുഭവങ്ങളിൽ പ്രായോഗികമാക്കുകയും ചെയ്യുന്നു. മൂന്നു കഴിവുകൾ ഇതിന് ആവശ്യമാണ്.

**നിരീക്ഷണം**

പലരും കാണാറുണ്ട് പക്ഷെ നിരീക്ഷിക്കാറില്ല. തിരുവെഴുത്തുകളെ നിസ്വാർത്ഥമായ നിലയിൽ, ഫലനകരമായ അവസ്ഥയിൽ ശ്രദ്ധിച്ചു മനസ്സിലാക്കുന്നതാണ് നിരീക്ഷണം. വേദഭാഗത്തെ വിവരണങ്ങളിൽ നമ്മുടെ ചിന്തകൾ മുഴുകപ്പെടുവാൻ ഇത് സഹായിക്കുന്നു. വ്യാഖ്യാനത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ നിരീക്ഷണത്തിൽ നിന്ന് ലഭിക്കുന്നു.

*കണ്ടുപിടുത്തങ്ങൾ അനുദിനം പാഴായിപ്പോകുന്നു*
*അക്ഷമരായി വചനത്തിലൂടെ പലായനം ചെയ്യുമ്പോൾ.*

നിരീക്ഷണം കൂടാതെ വ്യാഖ്യാനം നമ്മുടെ ജ്ഞാനത്തെ മുൻവിധികൊണ്ട് മറയ്ക്കുന്നതിനു സമാനമാണ്. തുറന്ന മനസ്സോടുകൂടെ നാം വേദപുസ്തകത്തെ സമീപിക്കേണ്ടതാണ്.

എന്താണ് നിരീക്ഷിക്കേണ്ടത്? പദപ്രയോഗങ്ങൾ, അവയുടെ ഭാവങ്ങൾ, അവയുടെ പശ്ചാത്തലം, എന്നിവ നിരീക്ഷിക്കുക. ഒരു വാക്കിന് വ്യത്യസ്ത പശ്ചാത്തലങ്ങളിൽ വ്യത്യസ്ത അർത്ഥങ്ങളുണ്ടായിരിക്കും. എന്നാൽ ഒരു പശ്ചാത്തലത്തിൽ ഒരു അർത്ഥം മാത്രമേ ഉണ്ടായിരിക്കുകയുള്ളു. *അവനെന്റെ മാനം കാത്തു* എന്ന വാചകത്തിൽ മാനം എന്നത് *അഭിമാനം* ആണ്. ആകാശം, അളവ് എന്നീ അർത്ഥങ്ങൾ അവിടെ അനുയോജ്യമല്ല.

നിരീക്ഷണത്തിൽ നാം ആറ് ചോദ്യങ്ങളെങ്കിലും ചോദിക്കേണ്ടതാണ്. ആര്? എന്ത്? എപ്പോൾ? എവിടെ? എന്തുകൊണ്ട്? എങ്ങനെ? ഉദാഹരണമായി അപ്പോ. പ്രവൃത്തി 1.8 നോക്കാം.

*എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് യരുശലേമിലും യഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്നു പറഞ്ഞു.*

ഈ ഭാഗം നിരീക്ഷിക്കുമ്പോൾ നാം ചോദിക്കേണ്ടതായ ചോദ്യങ്ങൾ ഇവയാണ്.
*എന്നാൽ* എന്ന പ്രയോഗം എന്ത് വിപരീതാശയം ആണ് അവിടെ നൽകുന്നത്?
ആരാണ് സംസാരിക്കുന്നത്?
ആർക്കാണ് ശക്തി ലഭിക്കുന്നത്?
എന്താണ് ശക്തി?
എന്തുകൊണ്ടാണ് ശക്തി വേണ്ടത്?
ശക്തി എന്നതുകൊണ്ട് ഇവിടെ എന്താണ് ഉദ്ദേശിക്കുന്നത്?
എന്താണ് പരിശുദ്ധാത്മാവ്?
എന്തുകൊണ്ട് നീ സാക്ഷിയാകണം?
എന്താണ് ഈ വാക്യത്തിലെ വിഷയം?
അവർ എന്തു ചെയ്തുകൊണ്ടിരിക്കുകയായിരുന്നു?
പരിശുദ്ധാത്മാവ് എപ്പോൾ വരും?
ഇത് എപ്പോൾ സംഭവിക്കും?
ഇത് എവിടെ സംഭവിക്കും?
ഇത് വീണ്ടും സംഭവിക്കുമോ?
ശിഷ്യന്മാർ അതിനോട് എങ്ങനെ പ്രതികരിച്ചു?
ഞാൻ അതിനോട് എങ്ങനെ പ്രതികരിക്കണം?
ഈ വാക്യം എന്നോട് എന്തു പറയുന്നു?

തിരുവെഴുത്തുകളോട് നാം ചോദ്യങ്ങൾ ചോദിക്കുമ്പോൾ അതിൽ നിന്നുതന്നെ നമുക്ക്

മറുപടി ലഭിക്കുന്നു.

നിരീക്ഷിക്കുമ്പോൾ താക്കോൽ വാക്യം, അഥവാ താക്കോൽ വാക്കുകൾ കുറിച്ചുവെയ്ക്കുക. ഒരു വാചകത്തിൽ നിന്നും താക്കോൽ വാക്ക് മാറ്റിയാൽ ആ വാചകം അർത്ഥ രഹിതമായി ത്തീരുന്നു. ആവർത്തിച്ച് ഉപയോഗിച്ചിരുന്ന വാക്കുകൾ ശ്രദ്ധിക്കുക. അവയിൽ താരതമ്യപ്പെടുത്താവുന്നതും വിരുദ്ധമായി നിലകൊള്ളുന്നതും ഉണ്ടോ എന്ന് ശ്രദ്ധിക്കുക.

**വ്യാഖ്യാനം**

നിരീക്ഷണത്തിൽ, തിരുവെഴുത്ത് എന്തുപറയുന്നു എന്ന് നാം കണ്ടുപിടിച്ചു. വ്യാഖ്യാനത്തിൽ, അതിന്റെ അർത്ഥം എന്താണ് എന്ന് നാം കണ്ടുപിടിക്കുന്നു.

പരിശുദ്ധാത്മാവാണ് ദൈവവചനത്തിന്റെ എഴുത്തുകാരൻ. താൻ സത്യത്തിന്റെ ആത്മാവാണ്. അതിനാൽ ഒരു വേദഭാഗം മറ്റൊരു വേദഭാഗത്തിന് ഘടക വിരുദ്ധമായിരിക്കുകയില്ല എന്ന് നാം അറിയുന്നു. ഒരു വേദഭാഗം വേറൊരു വേദഭാഗത്തെ വ്യാഖ്യാനിക്കുന്നു. വേദപുസ്തകത്തിലെ ഒറ്റപ്പെട്ട വാക്യം ഉദ്ധരിച്ച് നമുക്ക് പറയുവാനുള്ളത് ബൈബിളിനെക്കൊണ്ട് പറയിപ്പിക്കുന്നത് അപലപനീയമായ രീതിയാണ്. പശ്ചാത്തലം വിട്ട് ഒരു വേദഭാഗവും വ്യാഖ്യാനിക്കുവാൻ ശ്രമിക്കരുത്. ചിലപ്പോൾ അതിന്റെ ആശയം ആ വാക്യത്തിൽ തന്നെ ഉണ്ടായിരിക്കും. ചിലപ്പോൾ ആ ഖണ്ഡിക മുഴുവനും വായിക്കുമ്പോഴാണ് ആശയം ലഭിക്കുക. ചില സന്ദർഭങ്ങളിൽ ആ വാക്യം ഉൾപ്പെടുന്ന അദ്ധ്യായം മുഴുവനും പഠിക്കേണ്ടതായി വരും. ഒരു വാക്യം മനസ്സിലാക്കുന്നതിനായി അത് ഉൾപ്പെടുന്ന പുസ്തകം മുഴുവനും വായിക്കേണ്ടതായ ആവശ്യവും ചിലപ്പോൾ ഉണ്ടാകും. ദൈവവചനത്തിന്റെ സമ്പൂർണ്ണ ഉപദേശം സ്വീകരിക്കുക.

തിരുവെഴുത്തുകളെ വ്യാഖ്യാനിക്കുമ്പോൾ, നമ്മുടെ തീരുമാനത്തിന് അടിസ്ഥാനമായി അവ്യക്തമായ ഭാഗങ്ങൾ ഉപയോഗിക്കുവാൻ പാടില്ല. വ്യക്തമായ ഭാഗങ്ങൾ അവ്യക്തമായവയിലേയ്ക്ക് വെളിച്ചം വീശുന്നു.

തിരുവെഴുത്തുകളെ പരമാവധി ആക്ഷരികമായി വ്യാഖ്യാനിക്കുക. വേദപുസ്തത്തിൽ സാദൃശ്യങ്ങളുണ്ട്, ആലങ്കാരിക പ്രയോഗങ്ങൾ ഉണ്ട്. പദ്യങ്ങൾ ഉണ്ട്, പ്രവചനങ്ങൾ ഉണ്ട്, ചരിത്രങ്ങളും ജീവചരിത്രങ്ങളും ഉണ്ട്. ഒരു ഭാഗത്തെ വിശദീകരിക്കുമ്പോൾ ഗുപ്തമായ ആശയമല്ല, വ്യക്തമായ ആക്ഷരിക അർത്ഥം തന്നെ ആദ്യം സ്വീകരിക്കുക.

എഴുത്തുകാരന്റെ മനസ്സിലുണ്ടായിരുന്ന ആശയം എന്തായിരുന്നു എന്നും അനുവാചകർ അതിനെ എങ്ങനെ ഗ്രഹിച്ചു എന്നും ശ്രദ്ധിക്കുക. വേദപുസ്തക ഭാഗങ്ങളെ കോട്ടിക്കളയുവാൻ വളരെ എളുപ്പമാണ്. എന്നാൽ അങ്ങനെ ചെയ്യാതിരിക്കുക.

**പ്രായോഗികമാക്കുക**

നിരീക്ഷണത്തിലൂടെ കണ്ടെത്തിയവയെ വ്യാഖ്യാനത്തിലൂടെ വിശദീകരിച്ചു കഴിയുമ്പോൾ, *അതിന് എന്റെ ജീവിതത്തിൽ പ്രസക്തി എന്ത്*? എന്ന ചോദ്യം ഉയരുന്നു. വ്യാഖ്യാനം കൊണ്ട് നാം പഠനം അവസാനിപ്പിച്ചാൽ നമുക്ക് അറിവ് കിട്ടും എന്നാൽ ദൈവവചനം നമുക്ക് പ്രയോജനകരമായി തീരുകയില്ല. നമ്മുടെ ജ്ഞാനം വർദ്ധിപ്പിക്കുന്നതിനുള്ള മാദ്ധ്യമമല്ല വേദപുസ്തകം, പ്രത്യുത, നമ്മുടെ ജീവിതത്തെ പരിവർത്തിതമാക്കുന്നതിന് ഉള്ള ആയുധമാണ്. ഞാൻ ദൈവവചന കേൾവിക്കാരനായി മാത്രം കഴിയുവാൻ പാടില്ല; അതിനെ അനുസരിക്കുന്നവൻ ആയിരിക്കണം.

തിരുവെഴുത്തുകൾ ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യസനത്തിനും പ്രയോജനമുള്ളതാണെന്ന് നാം കാണുകയുണ്ടായി (2 തിമൊ 3.16). മേലുദ്ധരിച്ച 4 കാര്യങ്ങൾ നമ്മുടെ പ്രായോഗിക തലത്തിൽ എങ്ങനെ പ്രയോഗിക്കാം എന്ന് ശ്രമിക്കാം.

എന്ത് ഉപദേശമാണ് അത് പഠിപ്പിക്കുന്നത്? ഞാൻ അത് പിൻപറ്റുന്നുണ്ടോ? ഇല്ല എങ്കിൽ അതിന് കാരണം എന്ത്? ഇത് എന്നെ ശാസിക്കുന്നുണ്ടോ? എന്നെത്തന്നെ തിരുത്തുവാൻ ഞാൻ മനസ്സുള്ളവനാണോ? ഞാൻ എന്താണ് ഒഴിവാക്കേണ്ടത്? എന്താണ് ഞാൻ പിൻഗമിക്കേണ്ടത്? അതിന് എനിക്ക് ഒരു മാതൃക ഇവിടെ ഉണ്ടോ? ഞാൻ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കേണ്ടതായ പാപം എന്താണ്? എന്റെ സഹോദരനുമായി ഞാൻ നിരപ്പു പ്രാപിക്കേണ്ടതായ വിഷയം ബാക്കി

യുണ്ടോ? ഞാൻ അനുസരിക്കേണ്ടതായ കൽപന ഏതാണ്? ഭാവിയിൽ ഞാൻ ശ്രദ്ധിക്കേണ്ടതായ മുന്നറിയിപ്പ് എന്താണ്? ഞാൻ പ്രാർത്ഥിക്കുവാൻ ആവശ്യമുള്ള പ്രാർത്ഥനയുണ്ടോ? ഞാൻ നേരിടേണ്ടതായ ഒരു വെല്ലുവിളി ഉണ്ടോ?

വേദപുസ്തക പഠനത്തിൽ ഇവയിൽ ഒന്നിലധികം ചോദ്യങ്ങളുടെ ഉത്തരം അനുദിനം നമുക്ക് ലഭിക്കും.

**വേദപുസ്തക പാരായണം**

തിരുവെഴുത്തുകളെ, അവ ആയിരിക്കുന്ന അവസ്ഥയിൽ സ്വാർത്ഥ താൽപര്യങ്ങൾ കൂടാതെ സശ്രദ്ധം വായിക്കണം എന്ന് നാം ചിന്തിക്കുകയുണ്ടായി. ദൈവത്തിന്റെ മനസ്സ് നമുക്ക് വെളിപ്പെടുത്തിയിരിക്കുന്നതാണ് വേദപുസ്തകം. അതിനാൽ, ദൈവം തന്നെയാണ് അതിന്റെ നല്ല വ്യാഖ്യാതാവ്. ദൈവവചനം നിശ്വസിച്ച പരിശുദ്ധാത്മാവ് ദൈവവചന സത്യങ്ങളാൽ നമ്മുടെ മനസ്സിനെ പ്രകാശിതമാക്കുവാൻ ശക്തനാണ്.

ദൈവവചനം അത്ഭുതകരമായി വെളിപ്പെട്ടു (1 കൊരി.2.9-12); അതിശയകരമായി അതിനെ ദൈവനിശ്വാസീയമാക്കി (2കൊരി 9.13); എന്നു മാത്രമല്ല, പരിശുദ്ധാത്മാവിന്റെ അമാനുഷികമായ ശക്തിയാൽ മാത്രമേ അത് ഗ്രഹിക്കുവാനും സാധിക്കുകയുള്ളു ( 1 കൊരി 2.14-16). എഴുതപ്പെട്ട വെളിപ്പാടായ ബൈബിൾ മനുഷ്യമനസ്സുകൾക്ക് വ്യക്തമാകും വിധം അത്ഭുതകരമായി പ്രബോധിപ്പിക്കുന്ന പ്രക്രീയയാണ് അത്. *നിന്റെ ന്യായപ്രമാണത്തിലെ സത്യങ്ങളെ കാണേണ്ടതിന് എന്റെ കണ്ണുകളെ തുറക്കേണമേ* (സങ്കീ 119. 18) എന്ന് നമുക്ക് ആത്മാർത്ഥമായി പ്രാർത്ഥിക്കാം.

ക്രീയാത്മകമായ വേദപുസ്തക പാരായണത്തിന് ഫലകരമായ 8 നിർദ്ദേശങ്ങൾ Open Bible-ൽ കാണുന്നു.

1. പ്രാർത്ഥനയോടെ വായിക്കുക
2. ചിന്തിച്ച് വായിക്കുക
3. ശ്രദ്ധാപൂർവം വായിക്കുക.
4. ആവർത്തിച്ചു വായിക്കുക.
5. ധാരാളമായി വായിക്കുക.
6. നിരന്തരമായി വായിക്കുക.
7. വിശ്വസ്തതയോടെ വായിക്കുക.
8. അനുസരണയോടെ വായിക്കുക.

Living by the Book എന്ന പുസ്തകത്തിൽ എഴുത്തുകാരായ ഹോവാർഡും വില്യം ഹെൻട്രിക്സും കൂടുതൽ നിർദ്ദേശങ്ങൾ നിരത്തുന്നു.

1. ക്ഷമാപൂർവ്വം വായിക്കുക.
2. തിരഞ്ഞെടുത്ത് വായിക്കുക.
3. ഭാവനയോടെ വായിക്കുക.
4. ധ്യാനനിരതമായി വായിക്കുക.
5. ലക്ഷ്യബോധത്തോടെ വായിക്കുക.
6. അന്വേഷണ ബുദ്ധിയോടെ വായിക്കുക.
7. ദീർഘവീക്ഷണത്തോടെ വായിക്കുക.

**മനഃപ്പാഠം ആക്കുകയും ധ്യാനിക്കുകയും ചെയ്യുക**

ദൈവവചനം നാം മനഃപ്പാഠമാക്കമം. വേദപുസ്തകം തൽക്ഷണം ലഭ്യമല്ലാത്ത സന്ദർഭങ്ങളിലും ഹൃദയത്തിൽ പഠനം നടത്തുവാൻ ഇത് നമ്മെ സഹായിക്കും. മനഃപ്പാഠമാക്കുന്ന ഭാഗങ്ങൾ സദാ മനസ്സിൽ ധ്യാനിക്കുവാൻ സാധിക്കും. ദൈവവചനം നമ്മുടെ ജീവിതവുമായി ഒട്ടിച്ചു ചേർക്കുന്നതിന് ഈ പ്രക്രീയ ഫലകരം തന്നെ.

ദൈവവചനം നമ്മുടെ ജീവിതത്തിന്റെ ഭാഗമായി തീർക്കുന്നതിനുള്ള വിവിധ പടവുകൾ

സദൃശ്യവാക്യങ്ങൾ 2.1–11 ഭാഗങ്ങളിൽ നാം കാണുന്നു.

A. വചനം സ്വീകരിക്കുക. (വാക്യം 1) ദൈവവചനം ജീവനും ശക്തിയും ഉള്ളതാണ്. അത് ആയിരിക്കുന്ന അവസ്ഥയിൽ നാം അതിനെ അംഗീകരിക്കണം.

B. വചനം ഹൃദയത്തിൽ സംഗ്രഹിക്കുക (വാക്യം 1). സങ്കീർത്തനക്കാരൻ പറയുന്നു: *ഞാൻ നിന്നോട് പാപം ചെയ്യാതിരിക്കേണ്ടതിന് നിന്റെ വചനത്തെ എന്റെ ഹൃദയത്തിൽ സംഗ്രഹിക്കുന്നു.* (119:11). മനഃപ്പാഠമാക്കുന്ന പ്രക്രീയ ഇതുതന്നെയാണ്. ഒരു വ്യക്തി പറഞ്ഞു: *പേശികൾക്ക് വ്യായാമം പോലെയാണ് മനസ്സിന് മനഃപ്പാഠം.* പ്രാരംഭത്തിൽ വിഷമകരവും വിരസവുമായി തോന്നാം. വളരെ മാനസിക അദ്ധ്വാനവും വിലപ്പെട്ട സമയവും ഇതിന് ആവശ്യമാണ്. അതിൽ നിന്നും രക്ഷ നേടുവാൻ ധാരാളം ഒഴികഴിവുകൾ നിരത്തുവാൻ ഉണ്ടായിരിക്കാം. വേദപുസ്തകം വായിച്ചു പഠിക്കുന്നതു തന്നെ ധാരാളം മതി എന്ന് കരുതുന്നവർ ഉണ്ട്. എന്നാൽ, മനഃപ്പാഠമാക്കുന്നതിന്റെ അളവ് വർദ്ധിക്കുന്തോറും നമ്മുടെ ഓർമ്മശക്തി വർദ്ധിക്കുന്നു.

ദൈവവചനം വായിക്കുന്നവർക്ക് ദൈവം അനുഗ്രഹങ്ങൾ നൽകുന്നു (വെളി.1.3). അത് പഠിക്കുന്നവർക്ക് പ്രതിഫലം വാഗ്ദാനം ചെയ്തിരിക്കുന്നു (2 തിമൊ. 2.15). എന്നാൽ അത് രാപ്പകൽ ധ്യാനിക്കുന്നവർക്ക് വ്യക്തിപരമായ വിജയം അവൻ ഉറപ്പു നൽകുന്നു (യോശു 1.8).

ദൈവവചനത്തിലൂടെ ദൈവീക കൂട്ടായ്മ അനുഭവിക്കുന്നതാണ് ധ്യാനം. അതിന്റെ പ്രാരംഭയോഗ്യതയാണ് വചനം മനഃപ്പാഠമാക്കുക എന്നത്. ഇത് അർത്ഥവത്തായ ഒരു അഭ്യാസമാണ്, യാന്ത്രിക ചലനമല്ല. ദൈവവചനം ഓർമ്മയിൽ നിന്ന് ധ്യാനിക്കുമ്പോൾ ഇവ മനസ്സിൽ കരുതിക്കൊള്ളുക.

1. ദൈവവചനം ദൈവ നിശ്വാസീയമാണ് ( 2പത്രോസ് 1.21).
2. ഇത് അഭ്യാസത്തിന് പ്രയോജനകരമാണ് (2 തിമൊ. 3.16).
3. ഞാൻ അത് മനസ്സിലാക്കണം എന്ന് ദൈവം ആഗ്രഹിക്കുന്നു (2 തിമൊ 3.15).
4. പരിശുദ്ധാത്മാവാണ് അദ്ധ്യാപകൻ (യോഹ 16.13)
5. വചനം ആഴമേറിയതാണ്. എനിക്കത് പൂർണ്ണമായി ഉപയോഗിച്ച് തീർക്കുവാൻ സാധ്യമല്ല (റോമ 11.33)
6. അവന്റെ ചിന്തകൾ എന്റെ ചിന്തകളേക്കാൾ സദാ ഉന്നതമാണ്. (യെശ 55.8–9)
7. ഞാൻ ലോകപരമായ ആശയങ്ങൾ വചനത്തിലേക്ക് കൊണ്ടുവരുവാൻ സാദ്ധ്യതയുണ്ട് (കൊലോ 2.8)
8. തന്റെ വചനത്തിലൂടെ അവൻ എന്നോട് സംസാരിക്കും (എബ്രാ 2.1)

ദൈവവചനം ധ്യാനിക്കുമ്പോൾ താഴെ കൊടുത്തിരിക്കുന്ന ഏഴു വിധമായ പ്രതിഫലങ്ങൾ നാം പ്രാപിക്കും.

1. നാം വിജയത്തിൽ സന്തോഷിക്കും (യോശു 1.8)
2. നാം ചെയ്യുന്നവ അഭിവൃദ്ധി നേടും (സങ്കീ 1.2–3)
3. നമ്മുടെ ഗുരുക്കന്മാരേക്കാളും ശത്രുക്കളേക്കാളും നാം ബുദ്ധിയുള്ളവരായിരിക്കും (സങ്കീ 119.97–100)
4. നാം സന്തോഷത്താൽ നിറയും (സങ്കീ 63.5–6)
5. നമ്മുടെ വിജയം എല്ലാവർക്കും ദൃശ്യമായിരിക്കും (1തിമൊ 4.15)
6. പാപത്തിന്മേൽ വിജയം വരിക്കും (സങ്കീ 119.9,11)
7. ബുദ്ധിപൂർവമായ ഉപദേശങ്ങൾ മറ്റുള്ളവർക്ക് നൽകുവാൻ നമുക്ക് സാധിക്കും (സദൃ 22.17,18,21)

C. ജ്ഞാനത്തിലേക്ക് ഹൃദയം തിരിക്കുക (വാക്യം 2). പ്രധാനപ്പെട്ട ചോദ്യങ്ങൾ ചോദിക്കുകയും വാക്കുകളുടെ പഠനം നടത്തുകയും ചെയ്യുകയാണ് ഇവിടെ ആവശ്യം

D. വിവേകത്തിനായി നിലവിളിക്കുക (വാക്യം 3). നമ്മുടെ വികാരവും ഇവിടെ പങ്കുചേരുന്നു. നാം ദൈവ വചനം ധാനിക്കുന്നു.

E. വകതിരിവു നിന്നെ കാക്കും (വാക്യം 11). ദൈവവചനം നാം അനുസരിക്കുമ്പോൾ ഇത് സംഭവിക്കുന്നു.

അനുസരണം കൂടാതെയുള്ള ആദ്യ അഭ്യാസങ്ങൾ വില ഇല്ലാത്തതാണ്. എല്ലാ പരിതസ്ഥിതിയിലും ദൈവത്തെ അനുസരിക്കുന്നതിൽ നാം ആനന്ദം കണ്ടെത്തണം. ഒരു ദൈവ

പൈതലിന് ദൈവത്തെ പ്രസാദിപ്പിക്കാനുള്ള ഏക ഉപാധിയാണ് ഇത്. വചനത്തോടുള്ള അനുസരണ മനോഭാവം വളരെ അനുഗ്രഹങ്ങളെ നമ്മുടെ ജീവിതത്തിലേക്ക് ക്ഷണിച്ചു വരുത്തുന്നു.

**ചുവടെ ചേർക്കുന്നത് പ്രത്യേകം ശ്രദ്ധിക്കുക**

1. പുറ 19.5 ദൈവത്തിന് നാം ഒരു പ്രത്യേക നിക്ഷേപം ആയിരിക്കും
2. സങ്കീ 119.101 നാം പാപവഴികളെ ഉപേക്ഷിക്കും
3. സദൃശ്യ. 1.33 ഭയങ്ങളിൽ നിന്നും ആകുല ചിന്തകളിൽ നിന്നും മോചിതരാകും
4. മത്താ. 13. 23 നാം ദൈവത്തിന് ഫലം കായ്ക്കുന്നവർ ആയിരിക്കും
5. യോഹ 14.23 ദൈവീക സാന്നിദ്ധ്യത്തിന്റെ ആനന്ദം നമുക്ക് ലഭിക്കും
6. 1 യോഹ 2.3 നമുക്ക് രക്ഷാനിർണയം ഉണ്ടായിരിക്കും
7. വെളി 22.7 നാം അവന്റെ പുനരാഗമനം കാത്തിരിക്കും

**ദൈവവചനം ശരിയായി കൈകാര്യം ചെയ്യുക**

വേദപുസ്തകത്തിലെ എല്ലാ പുസ്തകങ്ങൾ തമ്മിലും പൂർണമായ ഐക്യത ഉണ്ട്. ദൈവം തന്നെയാണ് അതിന്റെ എഴുത്തുകാരൻ. ദൈവം മനുഷ്യനു നൽകിയ സത്യ സംഗതിയാണ് അത്. പല കാലഘട്ടങ്ങളിലായി നൽകി എന്നു മാത്രം. *മനുഷ്യന്റെ പരമമായ ആവശ്യം പഴയനിയമത്തിൽ വ്യാഖ്യാനിക്കുന്നു; അത് നിറവേറ്റുന്നതിനുള്ള ദൈവീക ദാനത്തിന്റെ വെളിപ്പാടാണ് പുതിയ നിയമം. പഴയനിയത്തിൽ മനുഷ്യന്റെ ഹൃദയം മറനീക്കി പ്രദർശിപ്പിക്കുന്നു. ദൈവഹൃദയത്തിന്റെ മറയില്ലാത്ത പ്രദർശനമാണ് പുതിയ നിയമം. മനുഷ്യന്റെ ആവശ്യ നവൃത്തിക്കായി ക്രിസ്തുവിലൂടെ ദൈവം എങ്ങനെ പ്രവർത്തിച്ചു എന്ന് പുതിയ നിയമം വിവരിക്കുന്നു.* (ക്യാംബെൽ മോർഗൻ). *പഴയനിയമത്തിലെ, സംഘടനാപരം, ചരിത്രപരം, തത്വജ്ഞാനപരം, പ്രവചനപരം എന്നീ നാലു മുഖ്യ വിഭാഗങ്ങളിലും, (1) വിശദീകരിക്കാത്ത ആചാരങ്ങളും, (2) നേടുവാൻ കഴിയാത്ത ലക്ഷ്യങ്ങളും (3) സംതൃപ്തമാകാത്ത ആചാരങ്ങളും (4) നിറവേറ്റപ്പെടാത്ത പ്രവചനങ്ങളും വളരെയുണ്ട്. എന്നാൽ, പുതിയനിയമം സർവ്വോപരി സമുന്നതം തന്നെ.* (സിഡ്ലോ ബാക്സ്റ്റർ).

പഴയനിയമത്തിൽ പുതിയനിയമം മറഞ്ഞിരിക്കുന്നു, പക്ഷെ, അത് ഒരു പൂമൊട്ടായി മാത്രം. എന്നാൽ, അതിൽ തന്നെ പൂർണ വളർച്ച പ്രാപിച്ച് പുഷ്ടിച്ചു നിൽക്കുന്നതാണ് പുതിയ നിയമം.

തന്മൂലം നാം വചനം പഠിക്കുമ്പോൾ വ്യത്യസ്തമായവയെ വേർതിരിച്ചു മനസ്സിലാക്കി, അവയെ ശരിയായി വിഭാഗിക്കേണ്ടതാണ്. (2 തിമൊ2.15). ആദിമനുഷ്യനായ ആദാം സൃഷ്ടിക്കപ്പെട്ട നാൾ മുതൽ, ദൈവം വ്യക്തമാക്കിയ തന്റെ ഹിതം അനുസരിക്കുന്നതിൽ അവൻ മനുഷ്യനെ പരീക്ഷിച്ചിരുന്നു. വെളിപ്പാട് വർദ്ധിക്കുന്തോറും മനുഷ്യന്റെ ഉത്തരവാദിത്വവും വർദ്ധിച്ചു വന്നു. വെളിപ്പാടുകളുടെ അന്തരം അനുസരിച്ച് കാലത്തെ യുഗങ്ങളായി വിഭജിച്ചിരിക്കുന്നു. ഓരോ പുതിയ യുഗത്തിലും മുൻ യുഗങ്ങളിലെ വെളിപ്പാടുകൾ അസാധുവാക്കപ്പെടുകയല്ല, പ്രത്യുത, അവ സംയോജിപ്പിക്കപ്പെടുകയാണ്. എന്നാൽ ആന്തരിക വ്യതിയാനം പ്രാപിക്കാത്ത മനുഷ്യൻ എല്ലാ യുഗങ്ങളിലും ദൈവഹിതം നിറവേറ്റുന്നതിൽ ദയനീയമായി പരാജയപ്പെട്ടു.

വേദപുസ്തകത്തിൽ 7 യുഗങ്ങൾ നാം കാണുന്നു.

1. നിഷ്പാപയുഗം (ഉൽപ്പത്തി 1.28)
2. മനഃസ്സാക്ഷിയുഗം (ഉൽപ്പത്തി 3.7)
3. മാനുഷികഭരണയുഗം (ഉൽപ്പത്തി 8.15)
4. വാഗ്ദത്തയുഗം (ഉൽപ്പത്തി 12.1)
5. ന്യായപ്രമാണയുഗം (പുറ 19.1)
6. കൃപായുഗം (പ്രവൃത്തി 2.1)
7. സഹസ്രാബ്ദയുഗം (വെളി 20.4)

*സത്യവചനത്തെ ശരിയായി വിഭാഗിക്കുക* എന്ന ലഘുകൃതിയിൽ സി. ഐ. സ്കോഫീൽഡ് ഇപ്രകാരം വിഭജനം നടത്തുന്നു. വ്യത്യസ്ഥ വിഷയങ്ങൾ വ്യത്യസ്ഥമായി തന്നെ മനസ്സിലാക്കണം.

**1. യഹൂദന്മാരും, ജാതികളും, ദൈവസഭയും**

(1 കൊരി 10.32). പഴയനിയമത്തിൽ ദൈവം യഹൂദന്മാരുമായി ഏർപ്പെടുന്നത് നാം കാണുന്നു. യേശുക്രിസ്തു യഹൂദന്മാരുടെ രാജാവായി വന്നു. പക്ഷെ, അവർ അവനെ നിരസിച്ചു. രാജാവിനെ നിരസിച്ചതിനാൽ അവർക്ക് വാഗ്ദാനം ചെയ്തിരുന്ന രാജ്യം നൽകുവാൻ ദൈവം കാലതാമസം നശ്ചയിച്ചു. അന്നു മുതൽ, യഹൂദനെന്നോ പുറജാതിയെന്നോ ഭേദമില്ലാതെ ദൈവം വ്യക്തികളോട് ഏർപ്പെടുവാൻ തുടങ്ങി. തന്റെ പുത്രനുവേണ്ടി ഒരു മണവാട്ടിയെ അഥവാ, യഹൂദനും പുറജാതിയും ഉൾപ്പെടുന്ന ദൈവസഭയെ, ദൈവം ഇപ്പോൾ ഒരുക്കുകയാണ്. ഒരു ജാതി എന്ന നിലയിൽ യഹൂദന്മാരോട് ആകമാനമായി കർത്താവിന്റെ പുനരാഗമനത്തിൽ ദൈവം ഏർപ്പെടും.

**2. ഏഴ് യുഗങ്ങൾ** ഇതിനെക്കുറിച്ചു നാം ചിന്തിച്ചു കഴിഞ്ഞു.

**3. കർത്താവിന്റെ രണ്ടു വരവുകൾ**

പഴയനിയമ പ്രവചനങ്ങൾ അധികവും *സ്ത്രീയുടെ സന്തതി* യുടെ വരവിനെ പ്രതിപാദിക്കുന്നു. പ്രാവാചകന്മാരിൽ ഉണ്ടായിരുന്ന ക്രിസ്തുവിന്റെ ആത്മാവ് ക്രിസ്തുവിനു വരുവാനുള്ള കഷ്ടതയും പിൻവരുന്ന മഹിമയെയും പ്രവചനത്തിൽ അറിയിച്ചു. (1 പത്രോസ് 1.10,11) തന്റെ രണ്ടു വരവുകളുടെ വഷയമാണ് ഇത്. തന്റെ വരവും വീണ്ടും വരവും അവർ പ്രവചിച്ചു എങ്കിലും അവയെ പ്രത്യേകമായി തരം തിരിച്ചായിരുന്നില്ല അറിയിച്ചത്. അവൻ വന്നു, ഇനി വീണ്ടും വരും. അവന്റെ രണ്ടു വരവുകൾ രണ്ടു കൊടുമുടികൾ പോലെ അവർ ദർശിച്ചു. എന്നാൽ അവയ്ക്കിടയിലെ താഴ്‌വരയും അതിന്റെ ദൈർഘ്യവും മനസ്സിലാക്കുവാൻ പ്രവാചകന്മാർക്ക് സാധിച്ചില്ല. ആ താഴ്‌വരയാണ് സഭാ കാലയളവ്. ദൈവത്തിൽ മറഞ്ഞിരിക്കുന്ന ഈ മർമ്മം പുതിയനിയമ അപ്പോസ്തലന്മരിലൂടെയും പ്രവാചകന്മാരിലൂടെയും ദൈവം വെളിപ്പെടുത്തി. (എഫെ 3).

പാപത്തെ നീക്കുവാൻ  അവൻ പ്രത്യക്ഷനായി. ഇനി വിശുദ്ധന്മാർക്കുവേണ്ടി അതി പരിശുദ്ധിയിൽ അവൻ പ്രത്യക്ഷനാകും. രക്ഷാ പദ്ധതിയുടെ പരിസമാപ്തിക്കായി അവൻ രണ്ടാമത് പ്രത്യക്ഷനാകും (എബ്രാ 9.24–26).

രണ്ടാം വരവിന് രണ്ട് ഘട്ടങ്ങളുണ്ട്. ആദ്യഘട്ടത്തിൽ അവൻ സഭയ്ക്കു വേണ്ടി വരും. സഭ ഭൂമിയിൽ നിന്നും എടുക്കപ്പെട്ട ശേഷം അവൻ യഹൂദജാതിയോട് ഏർപ്പെടും. പിന്നീട് ഭൂമിയിൽ വന്ന് തന്റെ രാജ്യം സ്ഥാപിക്കും. യരുശലേമിൽ ദാവീദിന്റെ സിംഹാസനത്തിൽ ഇരുന്ന് അവൻ ലോകത്തെ ഭരിക്കും.

**4. രണ്ട് പുനരുത്ഥാനങ്ങൾ**

മരിച്ച് കല്ലറയിൽ കഴിയുന്നവർ ദൈവപുത്രന്റെ ശബ്ദം കേട്ട് ഉയിർക്കും. നന്മ ചെയ്തവർ നിത്യജീവനായും തിന്മ ചെയ്തവർ നിത്യന്യായവിധിക്കായും പുനരുത്ഥാനം ചെയ്യും. (യോഹ 5.25–29). പുതിയ നിയമ വിശുദ്ധന്മാർക്കും പഴയനിയമ വിശുദ്ധന്മാർക്കും, മഹാപീഢനകാല വിശുദ്ധന്മാർക്കും ഒന്നാം പുനരുത്ഥാനത്തിൽ പങ്കുണ്ടായിരിക്കും. പാപികൾ രണ്ടാം പുനരുത്ഥാനത്തിൽ ഉയിർക്കും.

**5. അഞ്ച് ന്യായവിധികൾ**

a. വിശ്വാസികളുടെ പാപങ്ങൾ ക്രൂശിൽ ന്യായം വിധിക്കപ്പെട്ടു. ഇനി അവർക്ക് ശിക്ഷാവിധി ഇല്ല (റോമ 8.1–3).

b. വിശ്വാസികളുടെ ജീവിതത്തിലെ പാപങ്ങൾ ഈ ലോകത്തിൽ വച്ചു തന്നെ ന്യായം വിധിക്കുന്നു. പിതാവ് ബാലശിക്ഷയിലൂടെ അതിന് പരിഹാരം ഒരുക്കുന്നു. ഇവിടെ ലഭിക്കുന്ന പരമാവധി ശിക്ഷ സമയത്തിനു മുമ്പുള്ള മരണമാണ്.

c. വിശ്വാസികളുടെ പ്രവൃത്തികൾ കർത്താവ് വീണ്ടും വന്ന ശേഷം ന്യായം വിധിക്കും. ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വിധിപ്രകാരമുള്ള പ്രതിഫലം നാം പ്രാപിക്കും (2 കൊരി 5.10).

d. ക്രിസ്തു തന്റെ മഹത്വത്തിൽ പ്രത്യക്ഷനാകുമ്പോൾ ലോകരാഷ്ട്രങ്ങൾ ന്യായം വിധിക്കപ്പെടും (മത്താ 25.31,32). അതിനു മുൻപ് മഹാപീഢന കാലത്ത് അവൻ യഹൂദരെ ന്യായം വിധിക്കും.

e. വെള്ള സിംഹാസനത്തിന്റെ മുമ്പാകെ, എക്കാലവും ജീവിച്ചിരുന്ന സകല അവിശ്വാസികളും ന്യായം വിധിക്കപ്പെടും (വെളി 20.11-15). അവരെ തീപ്പൊയ്കയിൽ തള്ളിയിടും.

**6. ന്യായപ്രമാണവും കൃപയും**

ന്യായപ്രമാണം മോശെ മുഖാന്തരം ലഭിച്ചു. കൃപയും സത്യവും യേശുക്രിസ്തു മുഖാന്തരം വന്നു (യോഹ 1.17). ന്യായപ്രമാണത്തിൽ ധാർമ്മികവും, രാഷ്ട്രപരവും ആചാരപരവുമായ എല്ലാ നിയമങ്ങളും ഉൾപ്പെടുന്നു. ചിലത് അനുവർത്തിക്കുവാനും ചിലതിൽ നിന്ന് ഒഴിയുവാനും ന്യായപ്രമാണം മനുഷ്യനോട് ആജ്ഞാപിക്കുന്നു. എന്നാൽ ആവശ്യപ്പെടുന്നതിനെ പ്രമാണിക്കുവാനുള്ള ശക്തി അത് മനുഷ്യന് നൽകുന്നില്ല. കൽപ്പനകൾ ലംഘിക്കപ്പെടുമ്പോൾ ന്യായപ്രമാണം മനുഷ്യനെ കുറ്റം വിധിക്കുന്നു. എന്നാൽ അനുതപിക്കുന്ന നിയമലംഘിക്ക് കൃപ ക്ഷമ നൽകുന്നു. കാരണം പാപിക്ക് പകരമായി കർത്താവ് അവന്റെ ശിക്ഷ ക്രൂശിൽ സഹിച്ചു.

**7. വിശ്വാസികളുടെ രണ്ടു സ്വഭാവങ്ങൾ**

പഴയതും പുതിയതുമായ രണ്ട് സ്വഭാവങ്ങൾക്ക് ഉടമയാണ് ഒരു വിശ്വാസി. ജഡസ്വഭാവവും ആത്മസ്വഭാവവും. അവ പരസ്പര വിരുദ്ധമായി നിലകൊള്ളുന്നു (റോമ 8.6-8). പഴയമനുഷ്യനെ, അഥവാ, ജഡസ്വഭാവത്തെ അനുദിനം മരിപ്പിച്ച് ആത്മസ്വഭാവത്തിൽ ശക്തിപ്രാപിക്കുവാൻ ദൈവം നമ്മോട് ആവശ്യപ്പെടുന്നു.

**8. വിശ്വാസിയുടെ സ്ഥാനവും അവസ്ഥയും**

ദൈവസന്നിധിയിൽ ഒരു വിശ്വാസി പൂർണനായി നിൽക്കുന്നു. എന്നാൽ അവന്റെ അവസ്ഥയിൽ അങ്ങനെ അല്ല താനും. ഇതിന് കാരണം തന്റെ ജഡമാണ്. ഒരു നാളിൽ ക്രിസ്തു സകല വിശ്വാസികളെയും പൂർണരാക്കി തന്റെ മുമ്പിൽ നിർത്തും.

**9. രക്ഷയും പ്രതിഫലങ്ങളും**

രക്ഷ ദൈവത്തിന്റെ ദാനമാണ്. എന്നാൽ പ്രതിഫലം നാം അനുഷ്ടിക്കുന്ന സേവനത്തിന് ആനുപാതികമാണ്. രക്ഷ ഒരിക്കലും നഷ്ടപ്പെടുകയില്ല. എന്നാൽ അനേകർക്ക് തങ്ങളുടെ പ്രതിഫലങ്ങൾ നഷ്ടമാകും.

**10. വിശ്വാസികളും വിശ്വാസികൾ എന്ന് അവകാശപ്പെടുന്നവരും.**

ക്രിസ്തുവിന്റെ ശരീരമായ സഭയിൽ വിശ്വാസികൾ മാത്രമേ ഉള്ളൂ. എന്നാൽ, വിശ്വാസികൾ എന്ന് അവകാശപ്പെടുന്ന അനേകർ പ്രാദേശിക സഭകളിൽ ഉണ്ടാകാം. എല്ലാ വിശ്വാസികളും യേശുക്രിസ്തുവിന്റെ രക്തത്താൽ തങ്ങളുടെ പാപങ്ങളെ പൂർണമായി കഴുകി രക്ഷ പ്രാപിച്ചവരാണ്. എന്നാൽ, ക്രിസ്ത്യാനികൾ എന്ന് അവകാശപ്പെടുന്നവർ പലരും അങ്ങനെ അനുഭവം ഉള്ളവരല്ല. അവർ ശിക്ഷാവിധിയിൽ അകപ്പെടും.

## 4. പുതിയ മനുഷ്യന്റെ നടപ്പ്

### 1. മുഖവുര

ബൈബിളിൽ, പ്രത്യേകിച്ച് പുതിയനിയമത്തിൽ, *നടപ്പ്* എന്ന പദം ജീവിതത്തെക്കുറിച്ച് പറയുന്നു. അതുകൊണ്ട് ക്രിസ്തീയമായ നടപ്പിനെക്കുറിച്ച് നാം സംസാരിക്കുമ്പോൾ ക്രിസ്തീയ ജീവിതത്തെയാണ് അർത്ഥമാക്കുന്നത്. ഇപ്പോഴത്തെ ദുഷ്ടലോകത്തിൽ ദൈവത്തിന്റെ മക്കൾ എന്നപോലെ നാം ജീവിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട്, നാം ജീവിക്കുവാൻ ബാദ്ധ്യതപ്പെട്ടിരിക്കുന്ന പ്രകാരമുള്ള ക്രിസ്തീയ ജീവിതം ആണ് ഈ ഭാഗത്തിന്റെ പ്രതിപാദ്യ വിഷയം.

കർത്താവിനോടൊത്തുള്ള നമ്മുടെ ധ്യാനസമയത്തോടു കൂടെ നമുക്ക് തുടങ്ങാം.

### 2. നമ്മുടെ ധ്യാനസമയം

ദൈവവുമായുള്ള സംസർഗത്തിൽ ജീവിക്കുവാനാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത്. മനുഷ്യൻ പാപത്തിൽ വീണപ്പോൾ ഈ സംസർഗം നഷ്ടമായി. ഒരു വ്യക്തി രക്ഷിക്കപ്പെടുമ്പോൾ ഈ സംസർഗം പുനഃസ്ഥാപിക്കപ്പെടുന്നു. ആരാധനയാലും, പ്രാർത്ഥനയാലും, വചനത്താലും, പ്രതിദിനം വ്യക്തിപരമായി ദൈവത്തോടു സംസർഗത്തിൽ ആയിരിക്കുന്ന സമയം– ദൈവത്തെ സന്ധിക്കുന്നതിന് മനഃപ്പൂർവം വേർതിരിച്ച ആ സമയമാണ് ധ്യാനസമയം. ഈ സമയം വ്യക്തിപരമായ വേദപഠനത്തിന്റെ സമയമോ, വേദപഠനത്തിന് പകരമുള്ളതോ അല്ല.

ദാവീദ് പറഞ്ഞു: *നിന്റെ സന്നിധിയിൽ സന്തോഷ പരിപൂർണതയും നിന്റെ വലത്തു ഭാഗത്ത് എന്നും പ്രമോദങ്ങളും ഉണ്ട്* (സങ്കീ. 16.11).

#### (1) ധ്യാനസമയത്തിന്റെ ആവശ്യം

നാം തിരക്കേറിയ ലോകത്തിലാണ് ജീവിക്കുന്നത്. ഈ ലോകം പിശാചിന്റെ നിയന്ത്രണത്തിൻ കീഴിലാണ്. (1യോഹന്നാൻ 5.19). നമ്മുടെ ഭവനത്തിൽ നിന്ന് നാം ദൂരസ്ഥർ ആകയാൽ പ്രവാസികളും, ഭവനത്തിലേക്കു പോകുന്നവരാകയാൽ പരദേശ യാത്രികരുമാണ്. ഈ ലോകത്തിൽ ജീവിക്കുവാൻ നമുക്ക് ജ്ഞാനം ആവശ്യമായിരിക്കുന്നു; ദൈവവുമായി സംസർഗത്തിൽ ജീവിക്കുന്നതിനാൽ മാത്രമേ അതു സാദ്ധ്യമാകയുള്ളൂ. നമ്മുടെ കർത്താവായ യേശു ജഢത്തിൽ ആയിരുന്ന ദിനങ്ങളിൽ പിതാവുമായി നിരന്തര സംസർഗത്തിൽ ജീവിച്ചു. ദിവസം മുഴുവൻ മറ്റുള്ളവർക്ക് ശുശ്രൂഷ ചെയ്യുന്നതിൽ തിരക്കുള്ളവനായിരുന്നിട്ടും മറ്റുള്ളവർ ഭവനങ്ങളിലേക്കു പോയപ്പോൾ താൻ പിതാവുമായി സംസർഗത്തിൽ ഏകനായിരുന്നുയ. (യോഹ 7.53–8.1; മർക്കോ 1.35; ലൂക്കോ 5.16 നോക്കുക). ദൈവപുത്രന് ഈ ധ്യാനസമയം ആവശ്യമായിരുന്നെങ്കിൽ നമുക്ക് എത്ര അധികം ഇതാവശ്യമായിരിക്കുന്നു.

ക്രിസ്ത്യാനിയുടെ പ്രാണവായു ആണ് ധ്യാനസമയം. ദൈവപൈതൽ എന്ന നിലയിൽ നമ്മുടെ പ്രത്യേകാവകാശമാണ് കർത്താവുമായി സമ്പർക്കത്തിലായിരിക്കുക എന്നത്. ക്രിസ്ത്യാനികളായി നടപ്പ് തുടരുമ്പോൾ നാം അനേകം പ്രലോഭനങ്ങളും പരിശോധനകളും അഭിമുഖീകരിക്കേണ്ടതായി വരും. കർത്താവിനോടുള്ള നമ്മുടെ സാമിപ്യം അവയെ തരണം ചെയ്യുവാൻ നമുക്ക് ശക്തി നൽകും. ഒരർത്ഥത്തിൽ നമ്മുടെ ആത്മീക ബാറ്ററികൾ വീണ്ടും ചാർജ് ചെയ്യുന്നതാണ് ഇത്. ഇത് ഓരോ ക്രിസ്ത്യാനിയുടെയും ജീവശക്തിയാണ്.

അബ്രഹാം, യാക്കോബ്, മോശെ, യോശുവ, ദാവീദ് മുതലായ ദൈവപുരുഷന്മാരും അവരെപ്പോലുള്ള മറ്റനേകരും ദൈവത്തെ ആരാധിക്കുന്നതിനും അനുസരിക്കുന്നതിനും അതിരാവിലെ ഉണർന്ന് എഴുന്നേറ്റു. (ഉൽപ്പത്തി 21.14; 22.3; 28.18; പുറപ്പാട് 24.4; യോശുവ 6.12; സങ്കീ 57.8; 63.1; 78.34 നോക്കുക). അതികാലത്ത് അവനെ അന്വേഷിക്കുന്നവർ കണ്ടെത്തും എന്ന വാഗ്ദത്തം നമുക്കുണ്ട്.

(സദൃശ്യവാക്യം 8.17). ബൈബിളിലെയോ ദൈവസഭയിലെയോ ഏതൊരു ശ്രേഷ്ഠ വിശ്വാസിയും തന്റെ ജീവിതത്തിൽ ദൈവീക സാന്നിദ്ധ്യം അഭ്യസിച്ചിരുന്നവനാണ്. *ഒരു മനുഷ്യൻ എവ്വിധമുള്ള വൻ എന്ന് നിങ്ങൾക്ക് കണ്ടെത്തണമെങ്കിൽ ദൈവത്തോടൊപ്പം തനിച്ച് അയാൾ എവ്വിധമുള്ളവൻ എന്ന് കണ്ടെത്തിയാൽ മതി,* എന്ന് ഒരാൾ പറഞ്ഞിട്ടുണ്ട്.

മോശെ നാൽപതു പകലും നാൽപതു രാവും ദൈവത്തോടുകൂടെ തനിയെ ആയിരുന്നപ്പോൾ അവന്റെ മുഖം പ്രകാശിച്ചിരുന്നു, കാരണം *അവൻ ദൈവവുമായി സംസാരിച്ചു.* (പുറപ്പാട് 34.29). ഓരോ ക്രിസ്ത്യാനിയുടെ ജീവിതത്തിലും ദൈവത്തോടുകൂടെ ചിലവിടുന്ന ധ്യാനസമയം ആണ് ഏറ്റവും പ്രധാന സമയം.

നമ്മുടെ കർത്താവ് സകലത്തിനും കർത്താവാണ്. ദൂതന്മാർ അവനെ ആരാധിക്കുന്നു. എന്നാൽ അവന്റെ സകല സൃഷ്ടിയിലും അവന്റെ വീണ്ടെടുക്കപ്പെട്ട മക്കളേപ്പോലെ ഒരുത്തർക്കും ദൈവത്തെ ആരാധിക്കുവാൻ കഴികയില്ല. ഇതു നമ്മുടെ വിശേഷാവകാശമാണ്. ആരാധനയുടെ ആ സ്വർഗീയ വേദിയിൽ (വെളി.5) കർത്താവിനോട് ഏറ്റവും സമീപത്തിൽ ആരാധനയിൽ ആയിരിക്കുന്നത് സഭ ആണ്. ഈ വിശേഷാവകാശം നമുക്കുള്ളപ്പോൾ ഈ ലോകത്തിലും ഇത് നാം നഷ്ടമാക്കേണ്ട തുണ്ടോ?

കർത്താവിങ്കലേക്ക് മനസ്സുയർത്തിയ ദാവീദ് രാജാവ് പറഞ്ഞു: *യഹോവേ, നിന്റെ വഴികളെ എന്നെ അറിയിക്കേണമേ; നിന്റെ പാതകളെ എനിക്ക് ഉപദേശിച്ചു തരേണമേ! നിന്റെ സത്യത്തിൽ എന്നെ നടത്തി എന്നെ പഠിപ്പിക്കേണമേ; നീ എന്റെ രക്ഷയുടെ ദൈവമാകുന്നുവല്ലോ; ദിവസം മുഴു വനും ഞാൻ നിങ്കൽ പ്രത്യാശവയ്ക്കുന്നു* (സങ്കീർത്തനം 25.4,5). എല്ലാം അറിയുന്നവനും സർവ ശക്തനുമായ രക്ഷകനോട് നാം ചോദിക്കാത്ത കാരണത്താൽ നമ്മുടെ ജീവതത്തിൽ ദിശാബോധം നഷ്ടപ്പെട്ടവരായി നാം തീരേണ്ടതുണ്ടോ?

കർത്താവിന്റെ സന്നിധിയിൽ നമുക്ക് സമാധാനവും സന്തോഷവും ഉണ്ട്. ലോകത്തിൽ നമുക്ക് കഷ്ടത ഉണ്ട്. എന്നാൽ, അവനോടു കൂടെ തന്നെ നാം ആയിരിക്കുമ്പോൾ നമ്മുടെ ഓഹരി ആയിരി ക്കുന്ന സന്തോഷവും സമാധാനവും നാം നഷ്ടമാക്കേണമോ? (യോഹന്നാൻ 16.33; സങ്കീർത്തനം 16.11).

**(2) ധ്യാനസമയം എങ്ങനെ ആയിരിക്കണം?**

ചെയ്യുന്നതിനേക്കാൾ, ഇതിനെക്കുറിച്ച് പറയുന്നത് എളുപ്പമാണ്. വേണ്ടത്ര സമയം അവർക്ക് ഇല്ല എന്ന് അനേകർ ആവലാതിപ്പെടുന്നു. പ്രത്യുത, മാർട്ടിൻ ലൂഥർ, നവീകരണത്തിന്റെ പിതാവ് പറഞ്ഞു: *എനിക്ക് വളരെ അധികം ഇന്ന് ചെയ്യുവാനുണ്ട് അതിന് കുറഞ്ഞത് മൂന്നു മണിക്കൂർ പ്രാർത്ഥ നയിൽ നിശ്ചയമായും ഞാൻ ചിലവഴിക്കണം.*

ദൈവമുമ്പാകെ വരുന്നതിനുള്ള ശരിയായ മനോഭാവം താഴ്മയും പൂർണഹൃദയത്തോടു കൂടിയ ഭക്തിയുമാണ്. കർത്താവ് ഹൃദയത്തെ നോക്കുന്നു (1ശമുവേൽ 16.7). ഭയഭക്തിയോടും സ്തോത്ര ത്തോടും കൂടെ തിരുസന്നിധിയിൽ പ്രവേശിക്കുക. തിരക്കു കൂട്ടുവാനുള്ള ഒരു സമയമല്ല ഇത്. അവ നിൽ നിന്ന് വൻകാര്യങ്ങൾ പ്രതീക്ഷിക്കുവാൻ നമുക്ക് കഴിയും. അവിടുന്ന് വലിയവനായ ദൈവവും വളരെ സ്തുതിക്കപ്പെടേണ്ടവനുമാണ്. രാജാധിരാജാവും കർത്താധികർത്താവുമാണ് അവിടുന്ന്. ദൈവ ത്തോട് സംഭാഷിക്കുന്നതിനു മുൻപ് നമ്മുടെ ഹൃദയങ്ങളെ ശാന്തമാക്കേണ്ടത് ആവശ്യം ആകുന്നു.

ഉചിതമായ സ്ഥലവും നിശ്ചിത സമയവും തിരഞ്ഞെടുക്കുക. ഇത് ദിനംതോറും ആയിക്ക ണം. ദിവസത്തിന്റെ ആദ്യമണിക്കൂറുകൾ, നമ്മുടെ ദിനചര്യ നാം ആരംഭിക്കുന്നതിന് മുമ്പ് അത്രെ ഇതിന് ഏറ്റവും അനുയോജ്യമായ സമയം. *അതികാലത്തേ ഞാൻ നിന്നെ അന്വേഷിക്കും.* നിങ്ങൾക്ക് ശല്യമുണ്ടാകാത്ത ഒരു സ്ഥലം തിരഞ്ഞെടുക്കണം.

തലേ രാത്രിയിൽ തന്നെ ഈ നിർണയത്തിനായി തയ്യാറെടുക്കുന്നത് ബുദ്ധി ആയിരിക്കും. നിങ്ങളുടെ വേദപുസ്തകം, നോട്ടു ബുക്ക്, പേന ഇവ തയ്യാറായിരിക്കണം. നിങ്ങളുടെ മനസ്സും ഹൃദ യവും നിങ്ങൾ ശാന്തമാക്കിയിട്ട്, ദൈവം ആരാകുന്നു എന്നതിന് ദൈവത്തെ സ്തുതിക്കുവാനും അവിടുന്ന് എന്ത് ചെയ്തിരിക്കുന്നു എന്നതിന് അങ്ങേയ്ക്ക് സ്തോത്രം ചെയ്യുവാനും ആരംഭിക്കണം.

നിങ്ങളുടെ സകല ആവശ്യങ്ങളും തിരുമുമ്പാകെ അർപ്പിക്കുക – നിങ്ങളുടെ മുമ്പാകെയുള്ള ദിവസവും നിങ്ങൾ ആ ദിവസം ചെയ്യുവാൻ ആഗ്രഹിക്കുന്നവയും. സന്ധിക്കുവാൻ നിങ്ങൾ പ്രതീ ക്ഷിക്കുന്ന ആളുകളെയും നിങ്ങൾ അഭിമുഖീകരിക്കുവാൻ സാദ്ധ്യതയുള്ള പ്രശ്നങ്ങളോ പ്രലോഭന ങ്ങളോ ഇവയെയും തിരുമുമ്പാകെ അർപ്പിക്കാം. നിങ്ങളുടെ ദൗർബല്യവും കർത്താവിലുള്ള നിങ്ങ

ളുടെ ആശ്രയവും ഏറ്റുപറയുക. ആ ദിവസത്തെ അഭിമുഖീകരിക്കുന്നതിന് നിങ്ങളെ സഹായിക്കുവാൻ ദൈവത്തോട് അപേക്ഷിക്കുക. രക്ഷകനെക്കുറിച്ച് മറ്റുള്ളവരുടെ മുമ്പാകെ സാക്ഷിക്കുന്നതിന് നിങ്ങൾക്കുണ്ടായേക്കാവുന്ന അവസരത്തേപ്പറ്റി അവനോട് പറയുവാൻ നിങ്ങൾക്കു കഴിയും. ഓരോ ദിവസത്തെയും അഭിമുഖീകരിക്കുന്നതിനായി മാർഗദർശനത്തിനും ജ്ഞാനത്തിനും വേണ്ടി അപേക്ഷിക്കുക.

വചനം വായിച്ച് ആരംഭിക്കുക. ഉൽപ്പത്തി മുതൽ വെളിപ്പാടു വരെ തുടരെയുള്ള വചന വായനയാണ് അഭിലഷണീയം. നിങ്ങൾ വായിച്ചുകൊണ്ടിരിക്കുന്ന ബൈബിൾ ഭാഗം ധ്യാനിക്കുക. ദൈവത്തോടുകൂടെ നിങ്ങൾ ചിലവഴിച്ച സമയത്തിന്റെ ദൈർഘ്യമോ അല്ലെങ്കിൽ വായിച്ച ഭാഗത്തിന്റെ ദൈർഘ്യമോ അല്ല പ്രധാനമായത് പ്രത്യുത, ചിലവഴിച്ച സമയത്തിന്റെ ഗുണനിലവാരമാണ്. ദൈവം നിങ്ങളോടു സംസാരിക്കുവാൻ പ്രതീക്ഷിക്കുകയും അവിടുത്തെ ശബ്ദം ശ്രദ്ധിക്കുകയും ചെയ്യുക.

ബൈബിൾ ഉപദേശത്തിനും, ശാസനത്തിനും, ഗുണീകരണത്തിനും, നീതിയിലെ അഭ്യസനത്തിനും പ്രയോജനമുള്ളതാണെന്നത് മുമ്പ് ഞങ്ങൾ എഴുതിയിരുന്നു. നിങ്ങൾ വചനം വായിക്കുമ്പോൾ മേൽപ്പറഞ്ഞ നാലു മേഖലകൾ പുനരവലോകനം ചെയ്കയും നിങ്ങളുടെ വ്യക്തിപരമായ ജീവിതത്തിലേക്ക് തിരുവെഴുത്തിനെ ബന്ധിപ്പിക്കയും ചെയ്യുക. നിങ്ങളോടു സംസാരിക്കുന്ന പദങ്ങളും ശൈലികളും അളയാളപ്പെടുത്തണം. ഓരോ ദിവസവും ദൈവം നിങ്ങളോട് സംസാരിച്ചത് സംക്ഷേപിക്കുകയും നിങ്ങളുടെ നോട്ടുബുക്കിൽ കുറിക്കുകയും ചെയ്യുക. ഈ പതിവ് ദിനംതോറും നിങ്ങൾ തുടരുമ്പോൾ ഒരു നിശ്ചിത രീതി ആവിർഭവിക്കുന്നത് നിങ്ങൾ കണ്ടെത്തും. ഓരോ ദിവസവും കർത്താവ് നിങ്ങളെ പഠിപ്പിച്ചുകൊണ്ടിരിക്കുന്ന വഴികളും നിങ്ങൾ സ്വീകരിച്ച പാഠം പ്രതിദിന സാഹചര്യങ്ങളിൽ പ്രയോജനപ്പെടുത്തുവാൻ നിങ്ങൾ എങ്ങനെ പ്രാപ്തരായിരിക്കുന്നു എന്നതും ഗ്രഹിക്കുന്നത് നിങ്ങളെ വിസ്മയിപ്പിക്കും.

കർത്താവിന്റെ പാദത്തിങ്കൽ നിങ്ങളുടെ പ്രതിദിന പഠനത്തിൽ മുകളിൽ പറഞ്ഞ നാലു മേഖലകളിൽ ദൈവം നിങ്ങളെ പഠിപ്പിച്ചത് നിങ്ങളുടെ നോട്ടുബുക്കിൽ കുറിക്കുക. ഉപദേശമാണെങ്കിൽ അതിനായി ദൈവത്തിന് നന്ദി പറയുക. ശാസനമാണെങ്കിൽ അത് താഴ്മയോടെ അംഗീകരിക്കുക. ഗുണീകരണമാണെങ്കിൽ അവന്റെ മാർഗദർശനം നിങ്ങൾ അംഗീകരിച്ചതായി അവനോട് പറയുക. അഭ്യസനത്തിന്റെ കാര്യത്തിൽ, അവന്റെ സഹായത്താൽ അപ്രകാരം നിങ്ങൾ പ്രവർത്തിക്കും എന്ന് അവന് വാക്കു കൊടുക്കുക. ദൈവം നിങ്ങളെ എന്തു പഠിപ്പിച്ചു എന്നുമാത്രമല്ല, നിങ്ങൾ അവനോട് പറഞ്ഞതും ഓരോ ദിവസവും നിങ്ങൾക്ക് രേഖപ്പെടുത്തുവാൻ കഴിയും. അടുത്ത ദിവസം, നിങ്ങളുടെ ധ്യാനസമയത്തിനു മുമ്പ് തലേ ദിവസത്തെ പാഠവും നിങ്ങളുടെ പ്രതികരണവും പുനരവലോകനം ചെയ്യുക. ദിവസങ്ങൾ ചെല്ലുന്തോറും നിങ്ങൾ കർത്താവിൽ വളരുമ്പോൾ, മറ്റേതൊരു സമയത്തേക്കാളും നിങ്ങൾക്ക് ഈ സമയം കൂടുതൽ അർത്ഥവത്തായിരിക്കും.

### 3. നിങ്ങളുടെ ഹിതമോ ദൈവഹിതമോ?

(എ) നമ്മുടെ ദൈവം നമ്മെ സ്നേഹിക്കുകയും നമ്മുടെ പാപങ്ങളിൽ നിന്ന് നമ്മെ രക്ഷിക്കയും ചെയ്തിരിക്കുന്നു. അവിടുന്ന് നമുക്ക് നൽകിയത് അവിടുത്തേക്ക് ഏറ്റവും ശ്രേഷ്ഠം അത്രെ – തന്റെ ഏകജാതനായ പുത്രൻ, യേശുക്രിസ്തു. ഈ ലോകത്തിലെ നമ്മുടെ ജീവിതത്തിൽ നമുക്ക് സകലവും അനുഭവിക്കുവാൻ ധാരാളമായി അവിടുന്ന് നൽകിയിട്ടുണ്ട് (1 തിമൊ. 6.17).

നമ്മെ മനസ്സിലാക്കാത്ത കർക്കശക്കാരനായ ഒരു പിതാവോ നമ്മെ ലാളിച്ചു വഷളാക്കുന്ന ബാലിശ പ്രകൃതിയുള്ള അപ്പൂപ്പനോ അല്ല അവിടുന്ന്. നാം സന്തോഷമുള്ളവരായിരിക്കുവാൻ അവിടുന്ന് ആഗ്രഹിക്കുന്നു, എന്നാൽ നമ്മുടെ ജീവിതത്തിൽ എന്തു സംഭവിക്കുന്നു എന്നതിനാൽ ഈ സന്തോഷം നിയന്ത്രിക്കപ്പെടുവാൻ പാടില്ല.

ദൈവാനുഗ്രഹം നമ്മെ ധനികരാക്കുന്നു, അവിടുന്ന് യാതൊരു ദുഃഖവും അതിനോട് ചേർക്കുന്നില്ല (സദൃ. 10.22). എന്നാൽ ലോകം നൽകുന്ന മധു പോലും മണൽ കലർന്നതും അതു നൽകുന്ന സമാധാനം പ്രഭാതത്തിലെ മഞ്ഞുപോലെ ബാഷ്പീകരിക്കപ്പെടുന്നതുമാണ്. ദൈവം സകലവും തിരുഹിതത്തിന്റെ ആലോചനയ്ക്കനുസരിച്ച് പ്രവർത്തിക്കുന്നു. എന്നാൽ നമ്മുടെ ഏറ്റവും നല്ല താൽപര്യങ്ങളാണ് എപ്പോഴും തിരുമനസ്സിലുള്ളത്. അവിടുന്ന് എപ്പോഴും നമ്മോട് നന്നായി ചെയ്യുന്നു, അവിടുന്ന് എപ്പോഴും അങ്ങനെ ചെയ്യുവാൻ പ്രാപ്തനുമാണ്.

നമുക്ക് നമ്മുടെ സ്വന്തം പദ്ധതികളും അഭിലാഷങ്ങളും ഉണ്ട്, എന്നാൽ അവയെ അവിടു

ത്തേക്ക് അധീനപ്പെടുത്തുവാൻ നമ്മോട് ചോദിക്കുന്നു. ശ്രേഷ്ഠമായ ചിലത് നമുക്ക് നൽകേണ്ടതി നാണത്. ഈ മുതൽ മുടക്ക് തികച്ചും അർഹമായതാണ്.

രവീന്ദ്രനാഥ ടാഗോർ തന്റെ *ഗീതാഞ്ജലിയിൽ* എഴുതുന്നു:

*ഗ്രാമവീഥിയിൽ വീടുതോറും ഭിക്ഷ യാചിച്ചുകൊണ്ട് ഞാൻ പോയിട്ടുണ്ടായിരുന്നു, ദൂരെ സ്വർണരഥം അത്യാകർഷകമായ ഒരു സ്വപ്നം പോലെ പ്രത്യക്ഷപ്പെട്ടപ്പോൾ ഞാൻ വിസ്മയിച്ചു ആരായിരുന്നു ഈ രാജാക്കന്മാരുടെ രാജാവ്!*

*എന്റെ പ്രതീക്ഷകൾ ഉന്നതങ്ങളിലേക്ക് ഉണർന്നു എന്റെ ദൗർഭാഗ്യ ദിനങ്ങൾക്ക് അറുതി വന്നിരുന്നു എന്നു ഞാൻ വിചാരിച്ചു; ചോദിക്കാതെ ഭിക്ഷ നൽകപ്പെടുന്നതും പൊടിയിൽ എല്ലാ വശത്തും ചിതറിയ സമ്പത്തും പ്രതീക്ഷിച്ച് ഞാൻ നിന്നു.*

*ഞാൻ നിന്നിടത്ത് രഥം നിന്നു. അങ്ങയുടെ കടാക്ഷം എന്റെ മേൽ വീണു എന്നിട്ട് ഒരു പുഞ്ചിരിയോടു കൂടി അങ്ങ് താഴെ ഇറങ്ങി. എന്റെ ജീവിതത്തിന്റെ ഭാഗ്യം ഒടുവിൽ വന്നിട്ടുണ്ടായി രുന്നു എന്ന് എനിക്കു തോന്നി. എന്നിട്ട് പെട്ടെന്ന് അങ്ങയുടെ വലതുകരം നീട്ടി പറഞ്ഞു, 'എനിക്കു തരുവാൻ നിനക്ക് എന്തുണ്ട്?'*

*ഹാ! ഭിക്ഷക്കാരനോട് ഭിക്ഷ ചോദിക്കുവാൻ അങ്ങയുടെ കൈ തുറക്കുക! എന്തൊരു രാജ കീയ വിനോദം ആയിരുന്നു ഇത്! ഞാൻ ചിന്താക്കുഴപ്പത്തിലായി തീരുമാനമില്ലാതെ നിന്നു, എന്നിട്ട് എന്റെ ഭാണ്ഡത്തിൽ നിന്ന് ഞാൻ സാവധാനം ഏറ്റവും ചെറിയ ധാന്യമണി പുറത്ത് എടുത്ത് അത് അങ്ങേയ്ക്ക് തന്നു.*

*എന്നാൽ എത്ര വലിയ അത്ഭുതം ആ ദിവസത്തിന്റെ അവസാനം എന്റെ സഞ്ചി തറയിൽ ഞാൻ ഒഴിച്ചപ്പോൾ ആ ദരിദ്ര കൂമ്പാരത്തിന്റെ മദ്ധ്യത്തിൽ കണ്ടത് ഏറ്റവും ചെറിയ ഒരു സ്വർണ ധാന്യം. ഞാൻ കയ്പ്പോടെ കരഞ്ഞു എന്റെ എല്ലാം അങ്ങേയ്ക്ക് തരുവാനുള്ള ഹൃദയം എനിക്ക് ഉണ്ടായിരുന്നിരുന്നു എങ്കിൽ എന്ന് ആഗ്രഹിച്ചു.*

നമ്മുടെ സർവവും അവിടുത്തേക്ക് സമർപ്പിക്കുവാൻ നമുക്ക് കഴിയുമെങ്കിൽ മാത്രം! പൗലോ സിന്റെ പ്രബോധനം വളരെ സമയോചിതമാണ്: *ബുദ്ധിഹീനരാകാതെ കർത്താവിന്റെ ഇഷ്ടം ഇന്ന തെന്ന് ഗ്രഹിച്ചുകൊള്ളുവിൻ* (എഫെസ്യർ 5.17). ദൈവം ഭാവി അറിയുന്നു. *ആരംഭത്തിങ്കൽ തന്നെ അവസാനവും പൂർവ്വകാലത്ത് തന്നെ മേലാൽ സംഭവിക്കുവാനുള്ളതും ഞാൻ പ്രസ്താവിക്കുന്നു; എന്റെ ആലോചന നിവൃത്തിയാകും; ഞാൻ എന്റെ താൽപര്യമൊക്കെയും അനുഷ്ഠിക്കും എന്നു ഞാൻ പറയുന്നു* (യെശ 46.10). തിന്മയുടെതല്ല സമാധാനത്തിന്റെ ചിന്തകളാണ് നമുക്കായി അവനു ള്ളത്. ശുഭഭാവിയും പ്രത്യാശയും നൽകുവാൻ അവൻ ആഗ്രഹിക്കുന്നു (യിരെമ്യാ 29.11). നമ്മെ വഴി നടത്തുവാൻ അവൻ ആഗ്രഹിക്കുന്നു (സങ്കീ 32.8).

ദൈവം നന്മ ചെയ്യുവാൻ പ്രാപ്തനാണ്. അവന്റെ വാഗ്ദത്തങ്ങൾ വെറുംവാക്കുകളല്ല.

ആർക്കും അവന്റെ കൈകളെ തടയുവാനാകയില്ല. അവൻ പ്രപഞ്ചത്തിന്റെ പരമാധികാര മുള്ള ഭരണകർത്താവും ഇച്ഛിക്കുന്നതെന്തും ചെയ്യുവാൻ പ്രാപ്തിയുള്ളവനുമാണ് (1 ദിനവൃത്താന്തം 29.11–13). അവൻ പരിമിതനായിരിക്കുന്നത് അവന്റെ സ്വന്ത തീരുമാനങ്ങളാൽ മാത്രമാണ് അതായത്, അവൻ ഉദ്ദേശിച്ചിട്ടുള്ളത് മാത്രമേ ചെയ്യുകയുള്ളു.

സ്വന്തം സ്വഭാവത്തിന് വിപരീതമായതൊന്നും അവൻ ഒന്നും ചെയ്യുകയില്ല. അവൻ സാഹച ര്യങ്ങളുടെ പരിമിതി ഉള്ളവനല്ല. പ്രകൃതിശക്തിക്കോ ഏതെങ്കിലും സൃഷ്ടിക്കോ അവനെ തടയു വാൻ കഴികയില്ല. കർത്താവിനെ സംബന്ധിച്ചിടത്തോളം യാദൃശ്ചികം എന്നൊന്നില്ല(സദൃ 16.33). മറ്റുള്ളവരുടെ പിശകുകൾ അവന്റെ പദ്ധതികളെ വിഘ്നപ്പെടുത്തുന്നില്ല. മറ്റുള്ളവരുടെ ദുരുദ്ദേശ്യ ങ്ങൾ അവന്റെ ഉദ്ദേശ്യങ്ങളെ റദ്ദാക്കുന്നില്ല (ഉൽപ്പത്തി 50.20).

ഭാവി നാം അറിയുന്നില്ല. നാളെ എന്തു സംഭവിക്കും എന്നു നാം അറിയുന്നില്ല (സദൃ 27.1). ആകയാൽ നമ്മുടെ ജീവിതത്തെ നിയന്ത്രിക്കുക നമുക്ക് അസാദ്ധ്യമാണ്. ഏദെൻ തോട്ടത്തിൽ ആദം അവന്റെ സ്വയ ജീവിതം നയിക്കുവാൻ ശ്രമിക്കുകയും എന്തു ദാരുണമായ പരിണിതഫലം ഭവി ക്കയും ഉണ്ടായി! *യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: മനുഷ്യനിൽ ആശ്രയിച്ച് ജഢത്തെ തന്റെ ഭുജമാക്കി ഹൃദയം കൊണ്ട് യഹോവയെ വിട്ടുമാറുന്ന മനുഷ്യൻ ശപിക്കപ്പെട്ടവൻ. അവൻ മരുഭൂമി യിലെ ചൂരച്ചെടി പോലെയാകും; നന്മ വരുമ്പോൾ അതിനെ കാണാതെ മരുഭൂമിയിലെ വരണ്ട പ്രദേ ശങ്ങളിലും നിവാസികളില്ലാത്ത ഉവർ നിലത്തിലും പാർക്കും (യിരെ 17.5,6).*

നമ്മുടെ പദ്ധതികളെ നമുക്ക് ആശ്രയിക്കുക സാദ്ധ്യമല്ല. നാം ആത്മാർത്ഥത ഉള്ളവരായിരി ക്കാം. നാം വിവേകശാലികളായിരിക്കാം. എന്നാൽ നിർഭാഗ്യവശാൽ നാം എല്ലാം അറിയുന്നില്ല

മാത്രമല്ല, നാം അറിഞ്ഞെന്നു വന്നാൽ പോലും നമുക്ക് ആവശ്യമുള്ളത് നിർവഹിക്കുവാൻ നാം എപ്പോഴും കഴിവുള്ളവരല്ല. നമ്മുടെ തന്നെ വികാരങ്ങളെപ്പോലും നമുക്ക് നിയന്ത്രിക്കുവാൻ കഴിയുന്നില്ല (യിരെ 10.23). ദൈവത്തിൽ നിന്ന് സ്വതന്ത്രമായ ജീവിതം നിരർത്ഥകമാണ്. സ്വാതന്ത്ര്യം, സംതൃപ്തി, ആത്മസാക്ഷാത്കാരം മുതലായവ സാത്താൻ വാഗ്ദാനം ചെയ്തേക്കാം പക്ഷേ, അവൻ വാഗ്ദത്തം ചെയ്യുന്നവ നിർവഹിക്കുകയില്ല അതിനു കഴിവുമില്ല.

എന്നാൽ ദൈവം തന്റെ ഘടികാരത്തിൻ പ്രകാരം പ്രവർത്തിക്കുന്നു. അവൻ തിരക്കു കൂട്ടുന്നില്ല അവൻ വൈകുന്നതുമില്ല (2 പത്രോസ് 3.8,9). അവന്റെ സമയക്രമം വളരെ സാവധാനത്തിലായി കാണപ്പെടുന്നുവെങ്കിൽ കാത്തിരിക്കുന്നതും നമ്മെ തന്നെ പരിശോധിക്കുന്നതുമാണ് നമുക്ക് ഏറ്റവും നല്ലത്.

അവൻ പരിശോധനകൾ നമ്മുടെ ജീവിതത്തിൽ കൊണ്ടുവന്നേക്കാം. എന്നാൽ അവൻ ഒരിക്കലും നമ്മെ തിന്മയാൽ പരീക്ഷിക്കുന്നവനല്ല (യാക്കോ 1.12,13). ദൈവം എപ്പോൾ നമ്മെ പരിശോധിക്കുന്നുവോ എല്ലായ്പ്പോഴും അത് നമ്മിലെ ഏറ്റവും നല്ല ഗുണങ്ങളെ വെളിച്ചത്തു കൊണ്ടുവരുന്നു. *എന്നെ ശോധന കഴിച്ചാൽ ഞാൻ പൊന്നു പോലെ പുറത്തു വരും* എന്നായിരുന്നു ഇയ്യോബിന്റെ സാക്ഷ്യം (ഇയ്യോബ് 23.10).

ദൈവഹിതം അറിയുവാനുള്ള താക്കോൽ അതു ചെയ്യുവാനുള്ള നമ്മുടെ മനസ്സൊരുക്കമാണ് (യോഹ 7.17). നമ്മുടെ അലസമായ ജിജ്ഞാസയെ തൃപ്തിപ്പെടുത്തുവാൻ തിരുഹിതം അവൻ നമ്മോട് അറിയിക്കുന്നില്ല. ഒരു ദൈവപൈതൽ എന്ന നിലയിൽ നിങ്ങളുടെ പ്രത്യേകാവകാശമാണ് ദൈവഹിതമെന്താണെന്ന് അറിയുന്നതും നിങ്ങളെ തന്നെ അതിനു സമർപ്പിക്കുന്നതും.

(ബി) ദൈവഹിതം അറിയുന്നതെങ്ങനെ?

ബൈബിൾ ഇതു സംബന്ധിച്ച് ചില പൊതു മാർഗനിർദ്ദേശങ്ങൾ നമുക്ക് നൽകുന്നു.

1. എല്ലാവരും രക്ഷപ്രാപിക്കണമെന്നത് ദൈവത്തിന്റെ ഹിതമാണ് (2 പത്രോ 3.9; 1 യോഹ 2.17).
2. നമ്മുടെ ശുദ്ധീകരണം ദൈവത്തിന്റെ ഹിതമാണ് (1തെസ്സ 4.3–7).
3. വിശ്വാസികൾ പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടവരായിരിക്കുക എന്നത് ദൈവത്തിന്റെ ഹിതമാണ്.(എഫെ5.18).
4. നാം എപ്പോഴും നന്ദിയുള്ളവരായിരിക്കുക എന്നത് ദൈവത്തിന്റെ ഹിതമാണ്.(1 തെസ്സ 5.18)
5. നാം നന്മ ചെയ്തിട്ട് കഷ്ടം സഹിക്കുന്നവരായിരിക്കുക എന്നത് ദൈവത്തിന്റെ ഹിതമാണ്. (1 പത്രോ 3.17).
6. നാം അവനെ ആശ്രയിക്കുക എന്നത് ദൈവത്തിന്റെ ഹിതമാണ്. (സദൃ 3.5,6)
7. നാം ഫലം കായ്ക്കുന്നവരായിരിക്കുക എന്നത് ദൈവത്തിന്റെ ഹിതമാണ്. (1 പത്രോ 2.15; എഫെ 2.10).

ഓരോ പ്രത്യേക സന്ദർഭത്തിലും നമുക്ക് ദൈവഹിതം മനസ്സിലാക്കുവാൻ കഴിയും. അതിനായി ഇനിപ്പറയുന്നവ നമുക്ക് ആവശ്യമുണ്ട്:

(എ) വചനം പഠിക്കുക. അവന്റെ ഹിതം അവന്റെ വചനത്തിൽ വെളിപ്പെടുത്തിയിരിക്കുന്നു. *നിന്റെ വചനത്തിന്റെ വികാശനം പ്രകാശപ്രദം ആകുന്നു* (സങ്കീ119.130).

(ബി) കർത്താവിനോട് പ്രാർത്ഥിക്കുക. അവൻ പ്രാർത്ഥനയ്ക്ക് ഉത്തരം നൽകുകയും അവനോട് ചോദിക്കുന്നവർക്ക് അവന്റെ മനസ്സ് അറിയിക്കുകയും ചെയ്യുന്നു. *ചോദിപ്പിൻ എന്നാൽ നിങ്ങൾക്ക് ലഭിക്കും* എന്നതാണ് ദൈവത്തിന്റെ വാഗ്ദത്തം. *നിങ്ങളിൽ ഒരുത്തന് ജ്ഞാനം കുറവാകുന്നു എങ്കിൽ ഭർത്സിക്കാതെ എല്ലാവർക്കും ഔദാര്യമായി കൊടുക്കുന്നവനായ ദൈവത്തോട് യാചിക്കട്ടെ; അപ്പോൾ അവന് ലഭിക്കും* (യാക്കോബ് 1.5).

(സി) ദൈവീക ആലോചന ശ്രദ്ധിക്കുക. *മന്ത്രിമാരുടെ ബഹുത്വത്തിൽ രക്ഷയുണ്ട്* (സദൃശ്യ 24.6, 11.14).

(ഡി) അനുകൂല സാഹചര്യങ്ങളെ നോക്കുക. ഇരുവശത്തു നിന്നും ഒരുമിച്ചു പ്രവർത്തിക്കുന്നു ദൈവത്തിനു മാത്രമേ ഇതു ചെയ്യുവാൻ കഴിയുകയുള്ളു. *ഒരു മനുഷ്യന്റെ വഴിയിൽ പ്രസാദം തോന്നിയാൽ യഹോവ അവന്റെ ഗമനം സ്ഥിരമാക്കുന്നു* (സങ്കീ 37.23). രണ്ടു ഒറ്റുകാരുടെ കാലടികളെ യഹോവ ക്രമപ്പെടുത്തിയതിനാൽ യെരിഹോവിൽ തെറ്റു പറ്റാതെ രാഹാബിന്റെ വീട്ടിൽ പോയി അതേ സമയം അവരെ സ്വീകരിപ്പാൻ രാഹബിനെ സന്നദ്ധയാക്കി. (യോശുവ 2.1–14). അവൻ ഒരു വാതിൽ തുറക്കുമ്പോൾ ഒരു മനുഷ്യനും അത് അടയ്ക്കുവാൻ കഴിയുകയില്ല, അവൻ അത് അടയ്ക്കുമ്പോൾ ഒരു മനുഷ്യനും അത് തുറക്കുവാൻ കഴിയുകയില്ല (വെളിപ്പാട് 3.7).

നിങ്ങൾ ആഗ്രഹിക്കുന്ന ഏതു കാര്യവും ദൈവവചന പ്രകാരമാണെങ്കിൽ പ്രാർത്ഥനയിൽ അതിനെ സംബന്ധിച്ച് സമാധാനം ദൈവം നൽകുകയും, ദൈവീക ആലോചനകൾ അതിനോട് പൊരുത്തപ്പെടുകയും, സാഹചര്യങ്ങൾ അനുകൂലമായി നിങ്ങൾ കാണുകയും ചെയ്താൽ, അപ്പോൾ ഇത് നിങ്ങൾക്കായി ദൈവത്തിന്റെ ഹിതമാണ് എന്നു നിങ്ങൾക്ക് ഉറപ്പാക്കുവാൻ കഴിയും.

**4. നിങ്ങളുടെ കാര്യവിചാരകത്വം**

**(1) ആമുഖം**

നാം കാണുന്നതും കാണാത്തതുമായ സകലത്തിന്റെയും സൃഷ്ടാവാണ് ദൈവം. അവൻ സകലവും ഒന്നുമില്ലായ്മയിൽ നിന്ന് സൃഷ്ടിച്ചു, അവൻ സകലത്തിന്റെയും ഉടമസ്ഥനാണ്. ദാവീദ് പറഞ്ഞു: *സ്വർഗത്തിലും ഭൂമിയിലുമുള്ളതൊക്കെയും നിനക്കുള്ളതല്ലോ. സകലവും നിങ്കൽ നിന്നല്ലോ വരുന്നത്* (1 ദിനവൃത്താന്തം 29.11,14).

നാം നമ്മുടെ സ്വന്തമല്ല. സൃഷ്ടിപ്പിനാൽ നാം അവന്റേതാണ്. നാം നഷ്ടപ്പെട്ടവരായിരുന്നു, എന്നാൽ ദൈവത്താൻ വീണ്ടെടുക്കപ്പെട്ടവരാണ്. അങ്ങനെ നാം വീണ്ടെടുപ്പിനാലും അവന്റേതായിരിക്കുന്നു. നാം വിലയ്ക്കു വാങ്ങപ്പെട്ടവരാണ് (1 കൊരി 6.19). ലഭിച്ചതാല്ലാതെ നമുക്ക് ഒന്നുമില്ല (1 കൊരി 4.7). നാം ലോകത്തിലേക്ക് ഒന്നും കൊണ്ടുവന്നിട്ടില്ല (1 തിമൊഥെയോസ് 6.7). ദൈവം അനേക കാര്യങ്ങൾ നമ്മെ ഭരമേൽപ്പിച്ചിരിക്കുന്നു. നാം ദൈവീക മർമങ്ങളുടെ ഗൃഹവിചാരകന്മാരാണ് (1കൊരി 4.1).

ഒരു കാര്യവിചാരകന് സ്വന്തമായി ഒന്നുമില്ല. അവനുള്ളതെല്ലാം യജമാനൻ നൽകിയിട്ടുള്ളതാണ്. അവന്റെ യജമാനന്റെ വസ്തുവകളിന്മേൽ വിചാരകത്വം നടത്തുന്നു എന്നു മാത്രം.

**(2) സ്വഭാവവിശേഷങ്ങൾ**

ക്രിസ്തീയ കാര്യവിചാരന്റെ സ്വഭാവ വിശേഷങ്ങളേക്കുറിച്ച് ബൈബിൾ പറയുന്നു. അവ താഴെ കാണുന്നു:

1. ദൈവത്തിന്റെ ഒരു കാര്യവിചാരകൻ (തീത്തോ 1.7). ഒരു മൂപ്പൻ ദൈവത്തിന്റെ ഒരു കാര്യവിചാരകനാണ്, കാരണം ദൈവമാണ് അവനെ നിയമിച്ചിരിക്കുന്നത്. സഭ അവന്റേതല്ല കർത്താവിന്റെതാണ്, എന്നാൽ കാര്യവിചാരകനാകയാൽ അവൻ ദൈവത്തിന്റെ സഭയിൽ ദൈവകാര്യങ്ങളിൽ വിചാരകത്വം നടത്തുന്നു.
2. ഒരു നല്ല കാര്യവിചാരകൻ (1 പത്രോസ് 4.10). ഇത് കർതവ്യ നിർവഹണത്തോടുള്ള ബന്ധത്തിലുള്ളതാണ്. ദൈവം മാത്രമാണ് നല്ലവൻ (മർക്കോ 10.18). ഹൃദയത്തിൽ കർത്താവ് നിയന്ത്രിക്കുന്നവനാണ് ഒരു നല്ല കാര്യവിചാരകൻ.
3. ഒരു വിശ്വസ്ത കാര്യവിചാരകൻ (1 കൊരി.4.2). അവനെ കാര്യവിചാരകനാക്കിയ കർത്താവിനോട് അവൻ വിശ്വസ്തനായിരിക്കുകയും അവനെ ഭരമേൽപ്പിച്ചിരിക്കുന്ന കാര്യങ്ങളിൽ വിശ്വസ്തനായിരിക്കയും വേണം.
4. ബുദ്ധിയുള്ള ഒരു കാര്യവിചാരകൻ (ലൂക്കോ 12.42). അവന്റെ യജമാനന്റെ കാര്യങ്ങളിൽ വിചാരകത്വം നടത്തുവാൻ അവന് ബുദ്ധി ആവശ്യമാണ്. അവൻ യജമാനന്റെ മനസ്സ് മനസ്സിലാക്കിയിരിക്കണം. കാര്യവിചാരകത്വത്തിനായി ബുദ്ധി അവന്റെ യജമാനനിൽ നിന്നു തന്നെ വരുന്നു (യാക്കോ 1.5).
5. അനിന്ദ്യനായ ഒരു ഗൃഹവിചാരകൻ (തീത്തോ 1.7). അവനു വിരോധമായ ഒരു ആരോപണത്തിനും കുറ്റത്തിനും അവസരം അനുവദിക്കാത്തവനായിരിക്കണം.
6. അനീതിയുള്ള ഒരു കാര്യവിചാരകൻ?( ലൂക്കോ 16.1,2). അവൻ അനിന്ദ്യനും കാര്യനിർവഹണത്തിൽ കുറ്റമറ്റവനുമായിരിക്കണം. നാം അനീതിയുള്ളവരാണെന്നു നമ്മെ കുറ്റപ്പെടുത്തുവാനുള്ള സാദ്ധ്യതയുണ്ടോ? നാം എപ്പോഴും ഇതിനെതിരെ സൂക്ഷിക്കേണ്ടതാണ്.

ഓരോ കാര്യവിചാരകനും ഒരു ദിവസം അവന്റെ കാര്യവിചാരകത്വത്തിന്റെ കണക്കു ബോധിപ്പിക്കേണ്ടിവരും (ലൂക്കോ 16.2). നല്ലതാണെങ്കിലും തീയതാണെങ്കിലും ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതിന് ന്യായമായ പ്രതിഫലം ഓരോരുത്തനും പ്രാപിക്കേണ്ടതിന് എല്ലാ ദൈവപൈതലും ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പാകെ നിൽക്കേണ്ടിവരും(2 കൊരി 5.10).

കാര്യവിചാരകത്വം വ്യക്തിപരമായ ഒരു ഉത്തരവാദിത്വമാണ്. ആർക്കും ഇത് ഒഴിഞ്ഞു

പോകുവാൻ കഴികയില്ല. എല്ലാവരും ഒരേ ഉത്തരവാദിത്വം ഏൽപ്പിക്കപ്പെട്ടിരിക്കുകയല്ല, ഓരോരുത്തർക്കും ഇത് വ്യത്യസ്തമായിരിക്കുകയാണ് (1 പത്രോസ് 4.10,11).

ഒരു ക്രിസ്ത്യാനി എന്ന നിലയിൽ നിങ്ങളുടെ കാര്യവിചാരകത്വം സംബന്ധിച്ച് ചുരുങ്ങിയത് നാലു വ്യത്യസ്ത മേഖലകളിൽ നിങ്ങൾ പരിശോധിക്കപ്പെടും. വിശ്വസ്തത, സത്യസന്ധത, സഫലത, കൂറ് (മമത) എന്നിവയാണവ.

#### (3) നിങ്ങളുടെ വിശ്വസ്തത

ഒരു മനുഷ്യൻ വിശ്വസ്തനായി കാണപ്പെടണം എന്നത് കാര്യവിചാരകന്മാരിൽ ആവശ്യമായിരിക്കുന്നു (1കൊരി.4.2). യേശുക്രിസ്തു താൻ തന്നെയാണ് വിശ്വസ്തതയ്ക്ക് നമ്മുടെ മാതൃക. വിശ്വസ്ത സാക്ഷി എന്ന് അവനെ വിളിച്ചിരിക്കുന്നു (വെളി1.5). അവൻ വിശ്വസ്തമായി ദൈവത്തെ നമുക്ക് വെളിപ്പെടുത്തുകയും പഠിപ്പിക്കുകയും ചെയ്തു. അവനെ അയച്ചവനോട് അവൻ വിശ്വസ്തനായിരിക്കുകയും അവൻ ചെയ്യുവാൻ അവന് നൽകിയ പ്രവൃത്തി തികയ്ക്കുകയും അവനെ മഹത്വപ്പെടുത്തുകയും ചെയ്തു (യോഹ 17.4).

ഒരു വിശ്വസ്തസാക്ഷി ഭോഷ്കു പറകയുകയില്ല (സദൃ 14.5), പിന്നെയോ സത്യം മാത്രമേ പറയൂ. പൗലോസ് ഒരു ദൈവദൂഷകനായിരുന്നു എങ്കിലും, ദൈവം അവനെ വിശ്വസ്തൻ എന്ന് എണ്ണി ശുശ്രൂഷ ഭരമേൽപ്പിച്ചു എന്നായിരുന്നു അവന്റെ സാക്ഷ്യം (1തിമൊ 1.20). സുവിശേഷം അവനെ ഭരമേൽപ്പിച്ചു എന്ന് അവൻ അറിയുകയും (1തെസ്സ 2.4) അവനെ പരിശോധിച്ച ദൈവ മുമ്പാകെ അത് ജീവിക്കയും പ്രസംഗിക്കയും ചെയ്തു (1തെസ്സ 2.5,10).

വിശ്വസ്തനായ ഗൃഹവിചാരകന്റെ ഉപമ പഠിക്കുമ്പോൾ, ഒരു കാര്യവിചാരകൻ താഴെ പറയുന്ന കാര്യങ്ങളിൽ വിശ്വസ്തനായിരിക്കണം എന്ന് നാം കാണുന്നു:

(എ) അവൻ യജമാനനായ ദൈവത്തോട് വിശ്വസ്തനായിരിക്കണം. (ലൂക്കോ 12.42-44). ദൈവമാണ് അവനെ കാര്യവിചാരകനായി നിയമിച്ചത് എന്നതാണ് ഇതിനു കാരണം.

(ബി) അവൻ ദൈവജനമാകുന്ന ഗൃഹത്തോട് വിശ്വസ്തനായിരിക്കണം (ലൂക്കോ 12.42-44). നടത്തുവാനും ഗൃഹത്തിന് പ്രദാനം ചെയ്യുവാനും ഉള്ള കർത്തവ്യം അവനെ ഭരമേൽപ്പിച്ചിരിക്കുന്നു.

(സി) അവൻ ദൈവീക സത്യങ്ങളാകുന്ന നിക്ഷേപത്തോട് വിശ്വസ്തനായിരിക്കണം (1 തിമൊ 6.20, 2 തിമൊ 2.2). ആ നിക്ഷേപം കൈകാര്യം ചെയ്യുന്നതിൽ, അവൻ സാരാംശം നഷ്ടപ്പെടുത്തരുത്, എന്നാൽ ദൈവത്തിന്റെ ആലോചന മുഴുവനും പ്രസ്താവിക്കണം.

(ഡി) നിയോഗത്തോട്. (മത്തായി 28.19-20) ബുദ്ധിയോടും കൃത്യതയോടും ശ്രദ്ധയോടും അധികാരത്തോടും ചിട്ടയോടും കൂടി സത്യം പ്രഖ്യാപിക്കപ്പെടണം.

ദൈവവും മനുഷ്യനും തമ്മിലുള്ള വേർപാട് മാത്രമല്ല ആദമിന്റെ പാപം വരുത്തിയത്, അവന്റെ ബുദ്ധിശക്തിയേയും (2 കൊരി 4.2,4), അവന്റെ വികാരങ്ങളെയും (യിരെ 17.9) അവന്റെ ഇച്ഛാശക്തിയെയും (റോമ 5.12, 6.20) കൂടി ബാധിച്ചു. എന്നാൽ ദൈവം നമ്മെ തിരികെ അവനോട് നിരപ്പിക്കുകയും (റോമർ 5.8-9) കൂട്ടായ്മയുടെ പദവിയിലേക്ക് നമ്മെ യഥാസ്ഥാനപ്പെടുത്തുകയും ചെയ്തു. (1 കൊരി 6.19,20). കാര്യവിചാരകത്വം എന്ന *നമ്മുടെ ഉത്തരവാദിത്വത്തിൽ നമ്മുടെ താഴെപ്പറയുന്ന കാര്യങ്ങൾ നാം സമർപ്പിക്കേണ്ടത് ആവശ്യമാണ്.*

എ. ശരീരം. ഇത് അവന്റേതാണ്

ബി. ഹൃദയം. നമ്മുടെ ഹൃദയമാണ് നമ്മുടെ നാവിനെ നിയന്ത്രിക്കുന്നത്.

സി. നാവ്. ഇത് യജമാനനെ വാഴ്ത്തുവാനും അവനോട് സംസാരിക്കുവാനുമാണ്. ഒരു വിശ്വസ്തനായ ദൂതൻ യജമാനന്റെ ഉള്ളത്തെ തണുപ്പിക്കുന്നു (സദൃ 25.13).

ഡി. മനസ്സ്. നാം ചിന്തിക്കുന്നതിന് നമ്മുടെ മനസ്സ് ഉപയോഗിക്കുന്നു. ഒരു മനുഷ്യൻ അവന്റെ ഹൃദയത്തിൽ ചിന്തിക്കുന്നതാണ് അവൻ. നാം ക്രിസ്തുവിന്റെ മനസ്സുള്ളവരായിരിക്കണം (ഫിലി 2.5). നമ്മുടെ മനസ്സാണ് യഥാർത്ഥ യുദ്ധഭൂമി. പെട്ടെന്ന് മനസ്സിലേക്കു വരുന്ന ഒരു ചിന്തയെ ഒഴിവാക്കുവാൻ നമുക്ക് കഴിയുകയില്ലെങ്കിലും, നമ്മുടെ മനസ്സിൽ ആ ചിന്ത കൂടുകെട്ടുന്നത് തടയുവാൻ നമുക്ക് തീർച്ചയായും കഴിയും. ആ ചിന്തയെ ക്രിസ്തുവിനായി പിടിച്ചടക്കുക (2 കൊരി 10.5). ഈ ചൊല്ല് ഓർക്കുക: "ഒരു ചിന്ത വിതക്കുക, ഒരു പ്രവൃത്തി കൊയ്യുക; ഒരു പ്രവൃത്തി വിതക്കുക, ഒരു ശീലം കൊയ്യുക; ഒരു ശീലം വിതയ്ക്കുക ഒരു സ്വഭാവം കൊയ്യുക; ഒരു സ്വഭാവം വിതയ്ക്കുക, ഒരു ഭാഗധേയം കൊയ്യുക."

നിങ്ങൾ ഹൃദയത്തിൽ കരുതുന്ന ഒരു ചിന്തയിൽ നിങ്ങളുടെ ഭാഗധേയം നിർഭരമായിരുന്നേ

ക്കാം. അതുകൊണ്ട്, നല്ല കാര്യങ്ങളെ മാത്രം ചിന്തിക്കുക (ഫിലി 4.8).

**(4) നിങ്ങളുടെ സത്യസന്ധത**

ഒരു വിചാരകൻ കർത്താവ് അവന്റെ സൂക്ഷ്മത്തിൽ ഭരമേൽപ്പിച്ചിരിക്കുന്ന വസ്തുവകകൾ പാഴാകാതിരിക്കുന്നതിനും അതല്ലെങ്കിൽ ദുരുപയോഗം ചെയ്യാതിരിക്കുന്നതിനും വിശ്വസ്തനായി രിക്കേണ്ടത് ആവശ്യമുണ്ട്. അനീതിയുള്ള ഗൃഹവിചാരകന്റെ ഉപമയിൽ (ലൂക്കോ 16: 1–13) അവന്റെ യജമാനന്റെ സാധനങ്ങൾ അവൻ ദുരുപയോഗം ചെയ്തു.

നമ്മുടെ കർത്താവിനെ സേവിക്കുന്നതിൽ നാം സ്വീകരിക്കുന്ന രീതി വളരെ പ്രാധാന്യമുള്ള താണ്. നിങ്ങളെ അന്ധകാരത്തിൽ നിന്ന് അത്ഭുത പ്രകാശത്തിലേക്ക് വിളിച്ചവന്റെ സ്തുതികൾ ഉൽഘോഷിക്കുവാൻ നാം തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. ഇതിനു വേണ്ടി മറ്റു കാര്യങ്ങൾക്കിടയിലും, ജാതികളുടെ മദ്ധ്യേ (1 പത്രോ 12:9,2) നമ്മുടെ പെരുമാറ്റം സത്യസന്ധമായിരിക്കേണം എന്ന് നമ്മോട് ആവശ്യപ്പെട്ടിരിക്കുന്നു. സത്യസന്ധമായത് ചെയ്യുവാൻ നമ്മെ പ്രബോധിപ്പിച്ചിരിക്കുന്നു.

നമുക്ക് സത്യസന്ധമായിരിപ്പാൻ നമ്മുടെ സകലപ്രവൃത്തികളും ദൈവവചനത്തിന്റെ വെളി ച്ചത്തിൽ നാം കൊണ്ടുവരേണ്ടതുണ്ട്.  നേരോടെ നടക്കുന്നവൻ മാത്രമേ ദൈവത്തിന്റെ മന്ദിരത്തിൽ വസിക്കുകയുള്ളു.

യിസ്രയേൽ ജനത്തിന് മുമ്പാകെ തന്റെ ജീവിതത്തെയും കാര്യവിചാരകത്വത്തെയും തിരിഞ്ഞു നോക്കുമ്പോൾ ആരുടെയെങ്കിലും കാളയെയോ കഴുതയെയോ അവൻ എടുത്തിട്ടുണ്ടായിരുന്നു എങ്കി ലോ, ആരോടെങ്കിലും കൈക്കൂലി വാങ്ങിക്കുകയോ, ആരെയെങ്കിലും വഞ്ചിക്കയോ അടിച്ചമർത്തു കയോ ചെയ്തിട്ടുണ്ടെങ്കിലോ അതു തെളിയിക്കുവാൻ ശമുവേൽ അവരെ വെല്ലുവിളിച്ചു. അവന്റെ ജീവിതം ദൈവത്തിനു മുമ്പാകെയും മനുഷ്യനു മുമ്പാകെയും സത്യസന്ധമായിരുന്നു (1ശമു 12:1–5).

പൗലോസിനെപ്പോലെ ദൈവത്തോടും മനുഷ്യനോടും നല്ല മനഃസ്സാക്ഷി നമുക്ക് ഉണ്ടായിരി ക്കണം.

**(5) നിങ്ങളുടെ സഫലത**

കർത്താവ് നമുക്ക് വിവിധ താലന്തുകളും കഴിവുകളും ഉത്തരവാദിത്വങ്ങളും നൽകിയിട്ടുണ്ട്. അവൻ സർവ്വാധികാരിയാണ് അവന്റെ സർവ്വാധികാരത്തിൻ പ്രകാരം അവയെ പകുത്തു നൽകിയി രിക്കുന്നു. നമ്മുടെ അവസരങ്ങൾ നമുക്കുണ്ട് അതേ സമയം പരിമിതികളും. (മത്തായി 25:14–30; ലൂക്കോ 19:22–27).

എന്നാൽ നമ്മുടെ കർത്താവ് നാം ജീവിതത്തിൽ സഫലരായിരിക്കുവാൻ നമ്മെക്കുറിച്ച് പ്രതീ ക്ഷിക്കുന്നു. സഫലരായിരിപ്പാൻ ചരക്കുകൾ വ്യാപാരം ചെയ്യണം. അവ പ്രയോജനപ്പെടുത്തുന്നില്ലെ ങ്കിൽ നിഷ്പ്രയോജനമാണ്. അതേ സമയം അവ ദുരുപയോഗം ചെയ്യപ്പെടാതെയും പ്രയോജന രഹിതമാകാതെയും ശ്രദ്ധയുള്ളവരായിരിക്കണം. നമ്മുടെ സമയം, നമ്മുടെ താലന്തുകൾ, നമ്മുടെ നിക്ഷേപങ്ങൾ എന്നിവയെ ഈ നിലയിൽ നമുക്ക് പരിഗണിക്കാം.

(എ) നമ്മുടെ സമയം

നമുക്ക് പരിമിതമായ സമയമാണുള്ളത്. ആർക്കും പ്രവൃത്തിച്ചു കൂടാത്ത സമയം വരും (യോഹ 9:4). സങ്കീർത്തനക്കാരൻ പറഞ്ഞു: *എന്റെ സമയം നിന്റെ കൈകളിലാണ് (സങ്കീ 31:5).* സാമാന്യ ജീവിത ദൈർഘ്യം എഴുപതോ എൺപതോ വർഷങ്ങളാണ് (സങ്കീ: 90;10). എന്നാൽ ചിലപ്പോൾ ഇത് ഹൃസ്വമാകുകയോ (സങ്കീ102:23–24) ദീർഘിക്കുകയോ (സദൃ 10:27ച യെശ38:5) ചെയ്യാം. ഇത് നാം മുന്നമേ അറിയുന്നില്ല. ഇതും കർത്താവിന്റെ പരമാധികാരത്തിൻ പ്രകാരം ഇരിക്കുന്നു. ഓരോ ദിവസവും ജീവിക്കുവാനുള്ള ജ്ഞാനം നമുക്ക് ഉണ്ടായിരിക്കുകയും (സങ്കീ 90:12) സമയം തക്ക ത്തിൽ ഉപയോഗിക്കയും വേണം (എഫെ 5:16). *സമയവും കടൽതിരയും ഒരു മനുഷ്യനു വേണ്ടിയും കാത്തു നിൽക്കുന്നില്ല.*

ഒരാൾ പറഞ്ഞു: ഇന്നലെ എന്നത് റദ്ദു ചെയ്ത ഒരു ചെക്കാണ്; നാളെ എന്നത് ഒരു വാഗ്ദാനപത്രമാണ്; ഇന്ന് എന്നത് മാത്രമാണ് നിങ്ങളുടെ കൈവശമുള്ള ധനം.  ബുദ്ധിപൂർവം അത് നിക്ഷേപിക്കുക, ഇപ്പോഴാണ് സമയം (2 കൊരി 6:1–3). പിശാചിന്റെ സമയം എപ്പോഴും നാളെയാണ്. യജമാനന്റെ വരവ് താമസിക്കുന്നു എന്ന് കാര്യവിചാരകൻ നിനെക്കുന്നു എങ്കിൽ, പ്രതീക്ഷിക്കാത്ത നാളിലും നാഴികയിലും അവൻ വരാം (മത്തായി 24:48–51).

സമയത്തിന്റെ ഉചിതമായ വിനിയോഗം വളരെ പ്രധാനപ്പെട്ടതാണ് (യാക്കോ 4:14). നാം

എപ്പോഴും അവനെ ആശ്രയിക്കുവാൻ അവൻ ആഗ്രഹിക്കുന്നു (സങ്കീ 62:8).

(ബി) നമ്മുടെ താലന്തുകൾ

ഇത് രൂപ, ഡോളർ എന്നിവ പോലെ ഒരു നിശ്ചിത വിലയുള്ളതാണ്. ഇത് വിവിധ കഴിവുകളുമാകാം. നമുക്ക് നൽകിയിരിക്കുന്നതെല്ലാം പൊതു പ്രയോജനത്തിനു വേണ്ടിയാണ്. നമ്മുടെ ജന്മസിദ്ധമായ താലന്തുകൾ പോലും നമ്മുടെ സ്രഷ്ടാവ് നമുക്ക് നൽകുന്നു. നമ്മുടെ ആത്മീകവരങ്ങളുടെ കാര്യത്തിലും ഇതു ശരിയാണ് (റോമർ 12:3-8; 1കൊരി 12:1-31; 1 പത്രോ 4:10-11).

(സി) നമ്മുടെ നിക്ഷേപങ്ങൾ അഥവാ സമ്പത്ത്.

നമ്മുടെ സമ്പത്ത് ഒരു നല്ല ദാസനും ചീത്ത യജമാനനുമാണ്. അവ സ്വന്തമാക്കുവാനുള്ള പ്രലോഭനം ഉണ്ടാകാം. നിത്യജീവങ്കലേക്കുള്ള വഴി അന്വേഷിച്ച് കർത്താവിന്റെ അടുക്കൽ വന്ന ഒരു യുവശാസ്ത്രി ദുഃഖിതനായി മടങ്ങിപ്പോയി, കാരണം അവനു വളരെ സമ്പത്തുണ്ടായിരുന്നു. ഒരാൾ അഭിപ്രായപ്പെട്ടു: അവന്റെ വലിയ സമ്പത്ത് അവനെ കവർന്നു കളഞ്ഞു.

ലൗകികമായ സംഗതികളിൽ ദരിദ്രരാക്കി ദൈവം നമ്മെ തീർത്തു എങ്കിൽ നമുക്ക് സന്തോഷിക്കുവാൻ കഴിയും, കാരണം, ആത്മീക കാര്യങ്ങളിൽ നാം സമ്പന്നരാണ്. നമ്മെ അവൻ സമ്പന്നരാക്കിയിരിക്കുന്നു എങ്കിൽ നമുക്ക് സന്തോഷിക്കാം, കാരണം, അവൻ നമ്മെ എളിയവരാക്കിയിരിക്കുന്നു (യാക്കോ 1:9,10).

നമ്മുടെ സമ്പത്ത് ദൈവ മഹത്വത്തിന് വേണ്ടി ഉപയോഗിക്കുക എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം. അവൻ നമ്മെ സമൃദ്ധരാക്കിയതു പോലെ നാം കർത്താവിന് കൊടുക്കണം (1 കൊരി 16:2). കൊടുക്കുന്നതിന് നമുക്ക് മാതൃക ക്രിസ്തു തന്നെയാണ് (2 കൊരി 8:9). ലോഭമായി നാം വിതയ്ക്കുന്നു എങ്കിൽ ലോഭമായി നാം കൊയ്യും (2 കൊരി 9:6).

പണത്തിന്റെ ദുരുപയോഗത്താൽ അത് നമ്മുടെ ശത്രു ആകാതിരിക്കുവാൻ നാം ശ്രദ്ധാലുക്കളായിരിക്കേണ്ടതാണ്. നമുക്കെതിരെ തെളിവിനായി അത് ഉപയോഗിക്കപ്പെടാം(യാക്കോ 5:1-3). ധവവാന്റെയും ലാസറിന്റെയും കഥയിൽ, തന്റെ പണം ശരിയായി ഉപയോഗിക്കാതിരുന്ന ധനവാൻ എത്ര ദുഃഖത്തിലായിരുന്നു (ലൂക്കോ 16:19-26).

ചിലവ് ഒന്നുമില്ലാ എങ്കിൽ അവൻ ഒരു യാഗവും കഴിക്കുകയില്ല എന്ന് ദാവീദ് പറഞ്ഞു (2ശമു 24:24). നാം കൊടുക്കുമ്പോൾ അത് നമുക്ക് ചിലവ് വരുത്തുന്നുവോ? കർത്താവിന് കൊടുക്കുന്നത് ആരാധനയുടെ ഭാഗമാണെന്നു കൂടെ നാം ഓർക്കേണ്ടതാണ് (ഫിലിപ്പിയർ 4:18).

**(6) നിങ്ങളുടെ കൂറ്**

നമ്മുടെ കർത്താവ് ദൂരെയാണ്. അവൻ നമുക്ക് വേണ്ടി വാസസ്ഥലമൊരുക്കികൊണ്ടിരിക്കുന്നു. അവൻ നമുക്ക് ജീവനും സമ്പത്തും നൽകിയിരിക്കുന്നു. സാത്താൻ ഈ ലോകത്തിന്റെ ദൈവമാണ് (2കൊരി 4:4) സർവലോകവും അവന്റെ അധീനതയിൽ കിടക്കുന്നു (1 യോഹ 5:19). നമ്മുടെ യജമാനൻ ദൂരെ ആയിരിക്കുമ്പോൾ നാം അവനോട് കൂറുള്ളവരായിരിക്കണം. നാം ഈ ലോകത്തോട് ചേരുവാനോ, ലോകത്തോട് സ്നേഹബന്ധം ഉണ്ടാക്കുവാനോ പാടില്ല (1യോഹ 2:15-17). ലോകസ്നേഹം ദൈവത്തോട് ശത്രുത്വമാകുന്നു (യാക്കോ 4.4).

കൂറിന് ധാരാളം ഉദാഹരണങ്ങൾ ബൈബിളിൽ ഉണ്ട്, യുദ്ധസമയത്ത് സുഖം അന്വേഷിക്കയില്ല എന്ന് ഊരിയാവ് തീരുമാനമെടുത്തു (2 ശമുവേൽ 12: 1-11). പിശാച് തന്റെ പ്രലോഭനങ്ങൾ പ്രയോഗിക്കും (2 കൊരി 2.11).

അബ്ശാലോം ദാവീദിനോട് മത്സരിക്കയും അവൻ ഓടിപ്പോകേണ്ടി വരികയും ചെയ്തപ്പോൾ ഗിത്യനായ ഇത്ഥായി, നഗരത്തിലെ സുഖസൗകര്യങ്ങൾ ത്യജിച്ചു. രാജാവ് ആയിരിക്കുന്നിടത്ത് ഞാനും ആയിരിക്കും എന്നവൻ പറഞ്ഞു. പിന്നീട് ദാവീദ് രാജാവായപ്പോൾ, അവനെ യിസ്രയേൽ സൈന്യത്തിന്റെ മൂന്നിൽ ഒന്ന് ഭാഗത്തിന്റെ അധിപനാക്കി (2ശമുവേൽ 15.21 മുതൽ). നമ്മുടെ കർത്താവ് ഇന്ന് ലോകത്താൽ പരിത്യജിക്കപ്പെട്ടവനാണ്. അവന്റെ നിന്ദ വഹിച്ചുകൊണ്ട് നമുക്ക് പാളയത്തിന് പുറത്ത് പോകയും അവനോട് കൂറുള്ളവരായിരിക്കയും ചെയ്യാം.

**5. ദൈവത്തോടുകൂടെ നിങ്ങളുടെ നടപ്പ്**

പുതിയനിയമത്തിൽ ക്രിസ്തീയ ജിവിതത്തെ നടപ്പ് എന്ന പദം കൊണ്ട് വിവരിച്ചിരിക്കുന്നു. ക്രിസ്തീയ നടപ്പിനെപ്പറ്റി ബൈബിളിന് ധാരാളം പറയുവാനുണ്ട്. നമ്മുടെ കർത്താവ് ശാരീരികമായി സന്നിഹിതനല്ല എങ്കിലും അവന്റെ ആത്മാവിനാൽ സദാ അവൻ നമ്മോടു കൂടെ ഉണ്ട്.

**(1) നാം അവന്റെ മുമ്പാകെ നടക്കുന്നു**

അവൻ എപ്പോഴും നമ്മെ നോക്കിക്കൊണ്ടിരിക്കുന്നു. ദൈവം അബ്രാഹാമിനെ വിളിച്ചപ്പോൾ ദൈവമുമ്പാകെ നടക്കുവാൻ അവനോട് ആവശ്യപ്പെട്ടു (ഉൽപ്പത്തി 17.1). ദൈവം വെളിച്ചം ആക കൊണ്ട് (1യോഹ 1.5) നാം അവന്റെ മുമ്പാകെ നടക്കുമ്പോൾ എപ്പോഴും നമുക്ക് വെളിച്ചം ലഭിച്ചു കൊണ്ടിരിക്കും. ഇരുട്ട് നമ്മെ ഇടറുവാൻ ഇടയാക്കുകയില്ല. അനേകം ചതിക്കുഴികൾ ഒഴിഞ്ഞുപോകുവാൻ നമുക്ക് കഴിയും. ഇങ്ങനെ ആയിരിക്കുമ്പോൾ തന്നെ നാം വഴിതെറ്റിപ്പോകുമ്പോൾ, *വഴി ഇതാകുന്നു, ഇതിലെ നടന്നുകൊൾവിൻ* (യെശയ്യാ 30.21) എന്ന അവന്റെ ശബ്ദം നാം പുറകിൽ കേൾക്കും. നാം പോകുന്ന വഴി അവൻ അറിയുന്നു എന്ന് നാം അറിയുന്നത് ഒരു ആശ്വാസവും, തെറ്റിയ പാത നാം തിരഞ്ഞെടുക്കുന്നു എങ്കിൽ ഒരു മുന്നറിയിപ്പുമാണ്.

**(2) നാം അവനെപ്പോലെ നടക്കുന്നു**

ക്രിസ്തീയ നടപ്പിന് നമ്മുടെ മാതൃക കർത്താവു തന്നെയാണ്. യോഹന്നാൻ എഴുതിയ ഒന്നാം ലേഖനത്തിൽ നിന്നും താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക.

(എ) അവൻ വെളിച്ചത്തിൽ ഇരിക്കുന്നതുപോലെ വിശ്വാസികൾ അവന്റെ കൂട്ടായ്മയുടെ വെളിച്ചത്തിൽ നടക്കണം. 1 യോഹ 1.7

(ബി) അവനിൽ വസിക്കുന്നവർ അവൻ നടന്നതു പോലെ നടക്കണം. 1 യോഹ 2.6.

(സി) അവൻ നിർമ്മലനായിരിക്കുന്നതു പോലെ വിശ്വാസികൾ അവനെത്തന്നെ നിർമ്മലീകരിക്കണം. 1 യോഹ **3.3**

(ഡി) അവൻ നീതിമാനായിരിക്കുന്നതു പോലെ, വിശ്വാസി നീതി പ്രവൃത്തിക്കണം. 1 യോഹ 3.7

(ഇ) അവൻ നമ്മെ സ്നേഹിച്ചതു പോലെ, വിശ്വാസികൾ അന്യോന്യം സ്നേഹിക്കണം. 1 യോഹ 3.23

(എഫ്) അവൻ ലോകത്തിൽ ജീവിച്ചതു പോലെ, ഒരു വിശ്വാസി ജീവിക്കണം. 1 യോഹ 4.17

(ജി) അവൻ ആയിരിക്കുന്നതു പോലെ വിശ്വാസി ഒരിക്കൽ ആകും. 1 യോഹ **3.2**

**(3) നാം അവനോടുകൂടെ നടക്കുന്നു**

രണ്ടുപേർ ഒത്തിട്ടല്ലാതെ ഒരുമിച്ചു നടക്കുവാൻ കഴിയുമോ?(ആമോസ് 3.3). സകലത്തിലും അവനോട് ഒത്താൽ മാത്രമേ നമുക്ക് അവനോട് കൂടെ നടക്കുവാൻ കഴിയുകയുള്ളു. ഹാനോക്ക് ദൈവത്തോട് കൂടെ നടന്നു(ഉൽപ്പത്തി 5.22). അത് ദൈവത്തിന് പ്രസാദകരമായിരുന്നു. അവനോട് കൂടെ നടക്കാതിരുന്നവരുടെ മേൽ വരുവാനിരിക്കുന്ന ന്യായവിധിയെപ്പറ്റി അവൻ ഹാനോക്കിനെ അറിയിച്ചു. അതാകുന്നു അവന്റെ പ്രവചനത്തിന്റെ പ്രതിപാദ്യ വിഷയം (യൂദാ 14).

യേശുക്രിസ്തുവും എമ്മവുസിലേക്കു പോയ ശിഷ്യന്മാരും ഒരുമിച്ചു നടക്കുകയും കർത്താവ് തിരുവെഴുത്ത് അവർക്ക് വ്യാഖ്യാനിച്ചു കൊടുക്കുകയും ക്രിസ്തുവിന്റെ കഷ്ടതകളെ ഗ്രഹിക്കുവാൻ അവരുടെ കണ്ണുകളെ തുറക്കുകയും ചെയ്തു (ലൂക്കോ 24: 44,45). എത്ര അതിശയകരമായ ഒരു വേദപഠനം ആയിരുന്നിരിക്കും അത്.

എങ്ങനെ നടക്കണം എന്നതിനെപ്പറ്റി വ്യക്തമായ നിർദ്ദേശങ്ങൾ ബൈബിൾ നമുക്ക് നൽകുന്നു. തുടർന്നു പറയുന്ന പ്രത്യേകതകൾ നോക്കുക:

**(4) നാം നടക്കേണ്ടിയിരിക്കുന്നു**

(എ) വിളിക്കു യോഗ്യമാംവണ്ണം (എഫെ 4.1) മാതൃകകളായി. നാം മാത്രമാണ് ക്രിസ്ത്യാനിത്വത്തെ ലോകത്തിന് കാണിച്ചു കൊടുക്കുന്നവർ.

(ബി) മക്കൾ ആകകൊണ്ട് ദൈവത്തിന് യോഗ്യമാംവണ്ണം (1തെസ്സ 2.12). ഇത് അവന്റെ വിശുദ്ധിക്കും സ്വഭാവത്തിനും യോജിച്ച നിലയിലായിരിക്കണം. പ്രീയമക്കൾ എന്നപോലെ നമ്മുടെ

പിതാവായ ദൈവത്തെ നാം അനുഗമിക്കുന്നു.

(സി) ദാസന്മാർ എന്ന നിലയിൽ കർത്താവിനു യോഗ്യമാംവണ്ണം (കൊലോ 1.10; 1 തെസ്സ 4.1)

(ഡി) സൂക്ഷ്മതയോടെ (എഫെ 5.15). അജ്ഞാനികളായിട്ടല്ല, ജ്ഞാനികളായി നാം സൂക്ഷ്മ തയുള്ളവരായിരിക്കണം.

(ഇ) സ്നേഹത്തിൽ (എഫെ 5.1,2). വിശ്വാസികളോടും ലോകത്തിലെ ജനങ്ങളോടുമുള്ള ബന്ധത്തിൽ നാം ചലിക്കുന്ന മണ്ഡലം ഇതായിരിക്കണം.

(എഫ്) ഐക്യതയിൽ (എഫെ 4.16). വിശ്വാസികൾ സ്നേഹബന്ധത്തിൽ ചേർക്കപ്പെട്ടവരാ ണ്, അവർ
ആ ഐക്യത പുലർത്തണം.

**6. നിങ്ങളുടെ സാക്ഷ്യം**

അപ്പോസ്തലനായ യോഹന്നാൻ പറഞ്ഞു: *ഞങ്ങൾ കണ്ടും കേട്ടുമുള്ളത് നിങ്ങൾക്കു ഞങ്ങ ളോട് കൂട്ടായ്മ ഉണ്ടാകേണ്ടതിന് നിങ്ങളോടും അറിയിക്കുന്നു* (1 യോഹ. 1.3). ക്രിസ്ത്യാനിത്വം അടിസ്ഥാനപ്പെട്ടിരിക്കുന്ന കർത്താവിന്റെ ജീവിതത്തിന്റെയും, മരണത്തിന്റെയും പുനഃരുദ്ധാനത്തി ന്റെയും സാക്ഷികളായിരുന്നു യോഹന്നാനും മറ്റു അപ്പോസ്തലന്മാരും. അവരുടെ സാക്ഷ്യത്താ ലാണ് നാം കർത്താവിനെ അറിയുവാൻ ഇടവന്നത്.

കർത്താവിനെപ്പറ്റി സാക്ഷിക്കുക എന്നത് നമ്മുടെ പദവിയും കർത്തവ്യവും ആകുന്നു. നമ്മെ അന്ധകാരത്തിൽ നിന്ന് അതിശയ പ്രകാശത്തിലേക്ക് വിളിച്ചവന്റെ സൽഗുണങ്ങളെ നാം ഘോഷി ക്കേണ്ടതാണ് (1പത്രോ.2.9).

**(1) സാക്ഷ്യത്തിനുള്ള യോഗ്യത**

യേശുവിനെ കർത്താവായി അറിയുവാൻ ഇടയായതാണ് സാക്ഷ്യത്തിനുള്ള നമ്മുടെ യോഗ്യ ത. നാം അവനെ പരസ്യമായി ഏറ്റുപറഞ്ഞിട്ടുണ്ട്. വീണ്ടുംജനനം പ്രാപിക്കാതെ നമുക്ക് സാക്ഷി കളാകുവാൻ കഴിയുകയില്ല.

നമ്മുടെ ജീവിതത്തിൽ പരിശുദ്ധാത്മാവിന്റെ ശക്തിയും ഉണ്ടായിരിക്കണം. കർത്താവ് പറഞ്ഞു: *എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് ......എന്റെ സാക്ഷി കളാകും* (അപ്പോ 1.8). ദൈവത്തിന്റെ ആത്മാവ് പെന്തക്കോസ്തു നാളിൽ വരികയും വിശ്വാസികളെ കർത്താവിന്റെ ശരീരമായി ചേർക്കയും ചെയ്തു. ഓരോ വിശ്വാസിയിലും പരിശുദ്ധാത്മാവ് അധിവ സിക്കുന്നു. എന്നാലും അവന് നിറവും (എഫെ 5.18) ജീവിതത്തിൽ പരിശുദ്ധാത്മശക്തിയും കർത്താ വിനെ സാക്ഷിക്കുന്നതിന് ആവശ്യമാണ്.

**(2) സാക്ഷ്യത്തിന്റെ വിശ്വാസ്യത**

നാം വിശ്വാസ്യത ഉള്ളവരായിരിക്കണം. പത്രോസ് പറയുന്നു, വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിക്കുന്നവർ ലോകത്തിൽ അന്യരും പരദേശികളും എന്നപോലെ ജീവിക്കയും, ആത്മാവിനെ തിരെ പോരാടുന്ന ജഡിക ഭോഗേച്ഛകളിൽ നിന്ന് ഒഴിഞ്ഞിരിക്കയും, ജാതികളുടെ മദ്ധ്യേ അവരുടെ ജീവിതം വിശ്വസ്തമായിരിക്കയും സൽപ്രവൃത്തികളിൽ മാതൃകകളായിരിക്കയും വേണം (1 പത്രോ 2.9, 12, 13). നമ്മുടെ ജീവിതം ലോകത്താൽ കളങ്കപ്പെട്ടതാണെങ്കിൽ നാം സ്വർഗീയ പൗരന്മാരാ ണെന്ന് സാക്ഷിക്കുവാൻ നമുക്ക് എങ്ങനെ കഴിയും? യജമാനന് പ്രയോജനമുള്ള പാത്രം വിശുദ്ധമാ യിരിക്കണം (2 തിമൊ 2.21).

**(3) സാക്ഷ്യത്തിന്റെ ഉദ്ദേശ്യം**

നമുക്കൊരു ലക്ഷ്യമുണ്ട്. നമ്മുടെ വാക്കുകളാലും പ്രവൃത്തിയാലും മനുഷ്യരുടെ മുമ്പാകെ സുവിശേഷം അറിയിക്കുക എന്നതാണത്. എന്നാൽ അത് അവിടെ അവസാനിക്കുന്നില്ല. സുവി ശേഷം കേട്ടവരെ ക്രിസ്തുവിന്റെ രക്ഷിക്കുന്ന പരിജ്ഞാനത്തിലേക്ക് നയിക്കേണ്ടതുണ്ട്. ഇത് വ്യക്തി പരമായി ഓരോ വിശ്വാസിയുടെയും ചുമതലയാണ് അത് തിരഞ്ഞെടുക്കപ്പെട്ട ചിലർക്ക് വിടുവാൻ പാടില്ല.

മനുഷ്യരുടെ മുമ്പാകെ ക്രിസ്തുവിനെ കേവലം അവതരിപ്പിക്കുന്നത് മതിയാകയില്ല. ആരോ

ടെല്ലാം അവനെ സാക്ഷിച്ചുവോ ആ ഓരോ വ്യക്തിയേയും അനുധാവനം ചെയ്യുവാൻ തയ്യാറായിരിക്കണം. ഒരു പുതിയ വിശ്വാസിയെ അവന്റെ രക്ഷയുടെ ഉറപ്പിലേക്ക് നയിക്കണം. സഭാ കൂട്ടായ്മയിലേക്ക് അവനെ പരിചയപ്പെടുത്തേണ്ടതുമാണ്. ഇവിടെ സഭയുടെ ഉത്തരവാദിത്വം ആരംഭിക്കുന്നു. ഏകനായിരിക്കുമ്പോൾ ഒരു വ്യക്തിക്കു രക്ഷിക്കപ്പെടാം, എന്നാൽ ഏകനായി ക്രിസ്തീയ ജീവിതം നയിക്കുവാൻ കഴിയുകയില്ല.

**(4) സാക്ഷ്യത്തിനുള്ള ഒരുക്കം/സന്നാഹം**

ഓരോ വിശ്വാസിക്കും അവിശ്വാസിയോട് ബുദ്ധിപൂർവം സുവിശേഷം അറിയിക്കുവാൻ അറിവും പ്രാപ്തിയും ഉണ്ടായിരിക്കണം. ക്രമമായും ബുദ്ധിപൂർവമായും സുവിശേഷം അവതരിപ്പിക്കണം. ഒരാൾ അവതരിപ്പിക്കുന്നത് ഏതു വേദഭാഗമാണെങ്കിലും മൂന്ന് അടിസ്ഥാന ഘടകങ്ങൾ അതിൽ ഉൾക്കൊണ്ടിരിക്കണം.

(എ) മനുഷ്യന്റെ ആവശ്യം. മനുഷ്യൻ പാപിയാണ്. അവൻ നഷ്ടപ്പെട്ടവനും, ന്യായവിധിക്ക് അധീനനുമാണ്. അവന് സ്വയം രക്ഷിക്കുവാൻ കഴിയുകയില്ല.

(ബി) ദൈവത്തിന്റെ ദാനം. യേശുക്രിസ്തു വന്ന് കഷ്ടമനുഭവിച്ചു മരിച്ചു ഉയിർത്തെഴുന്നേറ്റു. മനുഷ്യന്റെ പാപ പ്രശ്നം ഒരിക്കൽ എന്നേക്കുമായി പരിഹരിച്ചു. മനുഷ്യന്റെ ആവശ്യകതയ്ക്ക് ദൈവത്തിന്റെ ദാനമാണ് യേശു.

(സി) മനുഷ്യന്റെ ഉത്തരവാദിത്വം. അവൻ യേശുക്രിസ്തുവിൽ വിശ്വസിക്കണം. രക്ഷിക്കപ്പെടുവാൻ ക്രിസ്തുവിന്റെ പ്രവൃത്തിയിൽ മാത്രമായി ആശ്രയിക്കണം. അവൻ പാപം ഏറ്റുപറയുകയും വ്യക്തിപരമായി യേശുവിനെ കർത്താവായി സ്വീകരിക്കയും വേണം.

## 7. നിങ്ങളുടെ ശത്രുക്കൾ

ഒരു വിശ്വാസി യുദ്ധഭൂമിയിലാണ്. എന്നാൽ അവന് പോരാട്ടമുള്ളത് ജഡരക്തങ്ങളോടല്ല. *നമുക്ക് പോരാട്ടം ഉള്ളതു ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകത്തിലെ ദുഷ്ടാത്മസേനയോടും അത്രെ* (എഫെ 6.2). അതായത്, സാത്താനും അവന്റെ ഭൂതഗണങ്ങളും. നമ്മുടെ പോരിന്റെ ആയുധങ്ങൾ ജഢികങ്ങളല്ല (2 കൊരി 10.4).

ഒരു വിശ്വാസിക്ക് മൂന്ന് പ്രബല ശത്രുക്കൾ ഉണ്ട്. ഒന്ന് പുറമെയാണ്, ലോകം; മറ്റൊന്ന് ആന്തരികമാണ്, ജഢം; മൂന്നാമത്തേതും പുറമെയാണ്, ഒന്നാമത്തേതിനേയും രണ്ടാമത്തേതിനേയും ഉപയോഗിച്ച് ക്രിസ്തുവിനുള്ളതിനെ നശിപ്പിക്കുന്ന സാത്താൻ.

**(1) ലോകം**

ദൈവം സൃഷ്ടിച്ച പ്രകൃതിയിലെ ലോകമല്ല ഇത് (പ്രവൃത്തി 17.24). ഇത് മനുഷ്യ ലോകവുമല്ല. ദൈവം അതിനെ സ്നേഹിക്കുന്നു (യോഹ 3.16). ദൈവപൈതലിന്റെ ശത്രുവായ ലോകം ദൈവത്തിന് വിരോധമായ ലോകക്രമമാണ്. ദൈവം ഇതിനെ ന്യായംവിധിക്കുന്നു (1 യോഹ 5.19, യോഹ 12.31).

ഈ ലോകത്തിന് വഴിപിഴച്ചതും വക്രതയുള്ളതുമായ (1കൊരി 2.6) ഒരാത്മാവുണ്ട് (1 കൊരി 2.12). അതിന്റേതായ ജ്ഞാനവും ഉണ്ട്. ഈ ലോകത്തോടുള്ള സൗഹൃദം ദൈവത്തോട് ശത്രുത്വമാകുന്നു (യാക്കോ 4.4). ലോകത്താൽ മലിനപ്പെടുന്നത് ക്രിസ്തീയ ജീവിതത്തിന്റെയും സാക്ഷ്യത്തിന്റെയും വായ്ത്തലയും മൂർച്ചയും ഇല്ലാത്തതാക്കുന്നു.

നാം ലോകത്തിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ടവർ എങ്കിലും (യോഹ 13.19; 17.14,16) നാം സ്വർഗത്തിലെ പൗരന്മാരാണ് (ഫിലി 3.20). ഈ ലോകത്തിൽ നാം പരദേശികളും (1 പത്രോ 2.11) ക്രിസ്തുവിന്റെ സ്ഥാനാപതികളുമാണ് (2 കൊരി 5.20).

ഈ ലോകത്തിന് അതിന്റേതായ ശക്തിയും, രീതികളും ഉണ്ട് അവ ഒഴിഞ്ഞു പോകുന്നതാണ്. നാം അതിനോട് അനുരൂപരാകരുത് (റോമ 12.2). ലോകത്താൽ കളങ്കപ്പെടാതിരിപ്പാൻ നമ്മെത്തന്നെ സൂക്ഷിക്കുവാൻ നമ്മെ പ്രബോധിപ്പിച്ചിരിക്കുന്നു (യാക്കോ 1..27). നാം എപ്പോഴും ഉണർന്നിരിക്കയും സുബോധത്തോടെ ജീവിക്കയും വേണം (തീത്തോ 2.12). വിശ്വാസി എന്ന നിലയിൽ എന്റെ സ്വാധീനം ലോകത്തിൽ നിന്നുള്ള എന്റെ വേർപാടിൽ ആധാരപ്പെട്ടിരിക്കുന്നു (1 യോഹ 5.4,5,). പിതാവിന്റെ സ്നേഹവും ദൈവഹിതം പ്രവർത്തിക്കുന്നതും ലോകത്തെ ജയിക്കുവാൻ എന്നെ എപ്പോഴും പ്രാപ്ത

നാക്കുന്നു (1 യോഹ 2.17).

**(2) ജഢം**

ഇത് നമ്മുടെ ആന്തരിക ശത്രുവാണ്. ലോത്തും അവന്റെ മൂത്ത പുത്രിയും മോവാബിനെ ഉത്ഭവിപ്പിച്ചു; ലോത്തും അവന്റെ ഇളയ പുത്രിയും അമ്മോനെ ഉത്ഭവിപ്പിച്ചു എന്ന് പഴയനിയമത്തിൽ നാം കാണുന്നു (ഉൽപ്പത്തി 19.30-38). ഇരുവരും യിസ്ഹാക്കിന്റെ കസിൻ ആണ്. എലീഫസിന്റെ വെപ്പാട്ടി തിമ്ന ഗർഭം ധരിച്ചു (ഉൽപ്പ 36.12). ഇവ എല്ലാം ജഢത്തിന്റെ ചിത്രങ്ങളാണ്.

*ജഢം* എന്ന പദം വിവിധ ആശയത്തിൽ ഉപയോഗിച്ചിരിക്കുന്നു.

(എ) മനുഷ്യൻ അഥവാ മനുഷ്യവർഗം (ഉൽപ്പത്തി 6.12; സങ്കീ 145.21; യെശ 40.5; ലൂക്കോ 3.6; റോമ 3.20).

(ബി) മനുഷ്യന്റെ ഒരു അവിഭാജ്യ ഘടകം, പൂർണ മനുഷ്യനെ സൂചിപ്പിക്കുവാൻ ഉപയോഗിക്കുന്നു. (ഉൽപ്പ 17.13; സങ്കീ 16.9; സദൃ 14.30; 2 കൊരി 7.1).

(സി) പൂർണവ്യക്തി (സങ്കീ 56.4; 114.21; യെശ 40.6; മത്താ 19.5; 1 കൊരി 1.24)

(ഡി) ക്രിസ്തുവിന്റെ മനുഷ്യത്വം (യോഹ 1.14; 1 തിമൊ 3.16; 1 പത്രോ 3.18; എബ്രാ 10.20).

(ഇ) എല്ലാ ജീവജാലങ്ങളും (ഉൽപ്പത്തി 6.13,17)

മുകളിൽ പറഞ്ഞതൊന്നും നമ്മുടെ ശത്രുവായ ജഢം അല്ല.

*ജഢം* പ്രതികൂലാർത്ഥത്തിൽ താഴെ പറയും പ്രകാരം ഉപയോഗിച്ചിരിക്കുന്നു:

(എ) മൃഗേച്ഛ, പഴയ സ്വഭാവത്തിന്റെ ദുഷിച്ച ആഗ്രഹങ്ങളും പഴയ സ്വഭാവം തന്നെയും (റോമർ 8.4, 13; ഗലാ 5.6). എല്ലാ വിശ്വാസികളിലും പഴയ സ്വഭാവവും പുതിയ സ്വഭാവവും ഉണ്ടെന്ന് നാം തിരിച്ചറിയണം.

(ബി) മനുഷ്യനിൽ പാപത്തിന്റെ ഇരിപ്പിടം (2 പത്രോ 2.18, 1യോഹ 2.16)

(സി) വിശ്വാസിയിലെ താഴ്ചയുള്ളതും താൽക്കാലികവുമായ അംശം (ഗലാ 3.3, 6.8)

(ഡി) മനുഷ്യ പ്രകൃതിയിലെ ദുർബലമായ അംശം (മത്തായി 26.47, റോമർ 6.19)

ഈ ശത്രു നമ്മുടെ മനസ്സിനെ ബാധിക്കുന്നു. ഇത് ചില സമയങ്ങളിൽ മനസ്സിന്റെ മേൽ ആധിപത്യം ഉറപ്പിക്കുകയും (എഫെ 2.3), നമ്മുടെ സ്നേഹബന്ധങ്ങളെ ആഗിരണം ചെയ്യുകയും (റോമർ 13.14) ക്രോധവും ആഗ്രഹങ്ങളും നമ്മിൽ സൃഷ്ടിക്കയും ചെയ്യുന്നു (ഗലാത്യർ 5.24). എല്ലാ ചിന്തകളെയും ക്രിസ്തുവിന്റെ അനുസരണത്തിൽ കൊണ്ടുവരികയും (2കൊരി 10.5) നിർമലമായവ ചിന്തിക്കയും ചെയ്യുക എന്നുള്ളതാണ് ഈ ജഢത്തിനെതിരായ പ്രതിവിധി (ഫിലി 4.8).

ഇതു നമ്മുടെ ആത്മാവിനെയും ബാധിക്കുന്നു. ഇത് ആത്മാവിന് വിരോധമായിരിക്കയും (ഗലാ 5.17) ദൈവത്തിന്റെ ന്യായപ്രമാണത്തിനെതിരെ പോരാടുകയും ചെയ്യുന്നു (റോമ 8.7). നാം ആത്മാവിനെ അനുസരിച്ച് നടക്കുമ്പോൾ ഇതിന്റെ സ്വാധീനത്തെ പരാജയപ്പെടുത്തുവാൻ പ്രാപ്തരായി തീരുന്നു.

ഇത് നമ്മുടെ ശരീരത്തെ മലിനമാക്കുന്നു (2 പത്രോ 2.10). ശരീരത്താൽ ചെയ്യുന്ന തിന്മ പ്രവൃത്തികൾ ജഢത്തിന്റെ പ്രവൃത്തികളാണ് (ഗലാ 5.19-21). ഇത് ദ്രവത്വം കൊയ്യുകയും, ആത്യന്തികമായി മരണം ഉണ്ടാക്കുകയും ചെയ്യുന്നു (റോമ 7.5). ഈ ദുഷ്ട സ്വാധീനത്തിന് പ്രതിവിധി, ശരീരത്തെ ദൈവത്തിന് സമർപ്പിക്കുക എന്നതാണ് (റോമ 12.1-2). ജഢത്തിന്മേലുള്ള വിജയം പരിശുദ്ധാത്മാവിനാലത്രെ.

**(3) പിശാച്**

അനേക വിശ്വാസികളും സാത്താന്യ സ്വാധീനത്തിലായിരിക്കയും ഒരു പരാജയപ്പെട്ട ജീവിതം നയിക്കുകയും ചെയ്യുന്നു. പിശാച് തന്നെ ആത്മീക സുസ്ഥിതിയുടെ വ്യാജമായ അനുഭൂതി ഉളവാക്കുന്നു. അനേകർക്കും

അജ്ഞത ആനന്ദമാണ്. കർമ്മ നിരതമായ സേവനത്തിൽ പടയാളികളായിരിക്കുന്നതിനു പകരം അവർ അവരുടെ രോഗക്കിടക്കയിലും, ദലീലയുടെ മടിയിലോ മാനിനെപ്പോലെ വലയിൽ പിടിപെട്ട അവസ്ഥയിലോ ആണ്. (യെശ 51.20).

(1) ആരാണ് പിശാച്?

ക്രിസ്ത്യാനികൾക്കെതിരായ ആക്രമണങ്ങൾ പിശാചിനാൽ ആലോചിച്ച് നടത്തപ്പെടുന്നവ

യാണ്. ബൈബിളിൽ അവൻ വിവരിക്കപ്പെട്ടിരിക്കുന്നത്:

(എ) ആയുധധാരിയായ ബലവാൻ (ലൂക്കോ 11.21)

(ബി) ഈ ലോകത്തിന്റെ പ്രഭു (യോഹ 14.30)

(സി) ഈ ലോകത്തിന്റെ ദൈവം (2 കൊരി 4.4)

(ഡി) ആകാശത്തിലെ രാജ്യത്തിന്റെ ഭരണാധികാരി (എഫെ 2.2)

(ഇ) പീഢിപ്പിക്കുവാൻ അലറുന്ന സിംഹം (1 പത്രോ 5.8)

(എഫ്) സ്വാധീനിക്കുവാൻ വെളിച്ച ദൂതൻ (2 കൊരി 11.4)

(ജി) അഗാധകൂപത്തിന്റെ ദൂതൻ (വെളി 19.11)

(എച്ച്) സഹോദരന്മാരെ കുറ്റം ചുമത്തുന്നവൻ (ഇയ്യോബ് 1.9,11; വെളിപ്പാട് 12.10)

(2) അവൻ എന്തു ചെയ്യുന്നു?

ജീവിക്കുന്ന അതിശക്തനും, ദുർബുദ്ധിയും ക്രൂരനും വഞ്ചകനുമാണവൻ. അവൻ ഹവ്വയെ പ്രലോഭിപ്പിച്ചു. കർത്താവിനെ ഒറ്റിക്കൊടുക്കുവാൻ യൂദ ഇസ്കരിയോത്താവിനെ സ്വാധീനിച്ചു (യോഹ 13.17) അവൻ പൗലോസിനെ തടഞ്ഞു (1 തെസ്സ 2.18). ജീവിതത്തിന്റെ ഒരു മേഖലയും അവനിൽ നിന്ന് സുരക്ഷിതമല്ല. അവൻ നമ്മുടെ ജീവിതത്തെയും നമ്മുടെ വ്യക്തിത്വങ്ങളെയും സ്വാധീനിക്കുന്നു. അവന്റെ തന്ത്രങ്ങളെ നാം അറിയാതിരിക്കരുത് (2 കൊരി 2.11).

നമ്മുടെ ശരീരത്തെയും (2 കൊരി 12.7; ലൂക്കോ 13.16), മനസ്സിനെയും (2 കൊരി 4.4), ആത്മാവിനെയും (അപ്പോ 5.3) അവൻ ആക്രമിക്കുന്നു.

(3) അവനെ കീഴടക്കുന്നതെങ്ങനെ?

സാത്താൻ അതിശക്തനും വിശ്വാസികളുടെ ജീവിതത്തെയും സാക്ഷ്യത്തെയും നശിപ്പിക്കുവാൻ പ്രാപ്തനുമാണെങ്കിലും, അവൻ സർവ്വ ശക്തനല്ല, വിശ്വാസികൾക്ക് അവനെ അതിജീവിക്കുവാൻ കഴിയും.

നിങ്ങൾ ക്രിസ്തുവിന്റെ സ്വത്താണെന്നു തിരിച്ചറിയുക (1 കൊരി 6.19; യെശയ്യാ 43. 1). നിങ്ങൾ അനുവദിക്കാത്ത പക്ഷം അവന് നിങ്ങളുടെ മേൽ ആധിപത്യം ഉണ്ടാകുവുക സാദ്ധ്യമല്ല.

അവനോട് എതിർത്തു നിൽക്കുക (യാക്കോ 2.7). വിശ്വാസി എന്ന നിലയിൽ നിങ്ങൾക്ക് നൽകപ്പെട്ടിരിക്കുന്ന വാഗ്ദത്തമാണിത്. അവൻ നിങ്ങളെ വിട്ട് ഓടിപ്പോകും.

ദൈവത്തിന്റെ സർവ്വായുധ വർഗം നമുക്ക് ലഭ്യമാണ്. അവ ധരിക്കുക (എഫെ 6.10 മുതൽ). നാം എതിർത്തു നിൽക്കുന്നു എങ്കിൽ അവൻ നമ്മെ വിട്ട് ഓടിപ്പോകും എന്ന ദൈവീക വാഗ്ദത്തം നമുക്കുണ്ട്. യുദ്ധം യഹോവയുടെതാണ് എന്ന് തിരിച്ചറിയുക (1ശമു 17 45–47).

വിജയം നമ്മുടെതാണ്. കർത്താവ് തന്നെ നമുക്ക് വേണ്ടി പോരാടും. പിശാച് പരാജയപ്പെട്ട ശത്രുവാണ്. പിശാചിന്റെ പ്രവൃത്തികളെ അഴിപ്പാൻ ദൈവപുത്രൻ പ്രത്യക്ഷനായി (1 യോഹ 3.8). ദൈവത്തോടുള്ള പ്രാർത്ഥനയിൽ നിങ്ങളുടെ മുട്ടിന്മേൽ ആയിരിക്കുക. അവിടെ നമുക്ക് വിജയം ഉണ്ട്.

നമുക്ക് ശക്തരായ മൂന്നു ശത്രുക്കളുണ്ട്: ലോകം, ജഡം, പിശാച്. പിതാവിനാലും, പുത്രനാലും പരിശുദ്ധാത്മാവിനാലും യഥാക്രമം നമുക്ക് അവയുടെ മേൽ വിജയം ഉണ്ട്.

യേശുവിന്റെ നാമത്തിൽ യേശുവിന്റെ നാമത്തിൽ
ജയം നമുക്കുണ്ട്
യേശുവിന്റെ നാമത്തിൽ യേശുവിന്റെ നാമത്തിൽ
സാത്താൻ വിട്ടോടിടും
യേശുവിൻ നാമത്തിൽ നിന്നീടുമ്പോൾ
ആർ നമുക്കെതിരായ് വന്നീടും
യേശുവിന്റെ നാമത്തിൽ നിന്നീടുമ്പോൾ
ജയം നമുക്കുണ്ട്

–000–

## 5. വിശ്വാസിയും ഭാവികാലവും

### നാം ജീവിക്കുന്ന യുഗം

നാം അധിവസിക്കുന്ന ഈ യുഗം അതിന്റെ അന്ത്യത്തിലേക്ക് നീങ്ങുകയാണ്. ഇതിനെ സഭാ യുഗമെന്നോ കൃപായുഗം എന്നോ വിശേഷിപ്പിക്കാം. ദൈവവചനം ശരിയായി വിഭാഗിച്ച് പഠിക്കുമ്പോൾ ഈ യുഗത്തിന്റെ പ്രത്യേകതകളും യഹൂദന്മാർ, പുറജാതി, ദൈവസഭ എന്നിവ തമ്മിലുള്ള വത്യാസവും നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും. വിശ്വാസിയും ദൈവസഭയും എന്ന ഭാഗത്ത് അതിനെക്കുറിച്ച് പ്രതിപാദിച്ചിരുന്നു. ദൈവപുത്രനായ ക്രിസ്തുവിന്റെ മനുഷ്യാവതാരമാണ് മാനവ ചരിത്രത്തിലെ അതിപ്രധാനമായ സംഭവം. കാല സമ്പൂർണതയിൽ ചരിത്രത്തിൽ അവതരിച്ച ക്രിസ്തു സ്വന്തയാഗത്താൽ പാപപരിഹാരം വരുത്തി, ഇപ്പോൾ അവൻ ദൈവസന്നിധിയിൽ, രക്ഷിക്കപ്പെട്ടവർക്ക് വേണ്ടി പക്ഷവാദം ചെയ്യുന്നു. നമ്മുടെ രക്ഷയുടെ പൂർത്തീകരണത്തിനായി അവൻ വീണ്ടും പ്രത്യക്ഷനാകും (എബ്രാ 9.24–26).

### കർത്താവിന്റെ വാഗ്ദത്തം

യേശുക്രിസ്തു പറഞ്ഞു: *എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്. ഇല്ലെങ്കിൽ ഞാൻ നിങ്ങളോട് പറയുമായിരുന്നു. ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്ന ഇടത്ത് നിങ്ങളും ഇരിക്കേണ്ടതിന് പിന്നെയും വന്ന് നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും* (യോഹ 14.2,3). ദൈവത്തിന് കള്ളം പറയുവാൻ സാദ്ധ്യമല്ല. അവൻ തന്റെ വാക്കു പാലിക്കും; വാഗ്ദത്തം നിറവേറ്റും. സ്വർഗരാജ്യത്തെക്കുറിച്ചുള്ള ഒരു ഉപമയിൽ, മനുഷ്യപുത്രൻ നല്ല വിത്തു വിതച്ച ശേഷം, ശത്രുകളകൾ വിതച്ചു എന്ന് പറയുകയുണ്ടായി. തന്റെ ദാസന്മാർ കളകൾ പിഴുതുകളയുവാൻ അനുവാദം ചോദിക്കുമ്പോൾ അവൻ തടഞ്ഞു. *പക്ഷേ കള പറിക്കുമ്പോൾ ഗോതമ്പും കൂടെ പിഴുതു പോകും. രണ്ടും കൂടെ കൊയ്ത്തോളം വളരട്ടെ. കൊയ്ത്തു കാലത്തു ഞാൻ കൊയ്യുന്നവരോട് മുമ്പേ കള പറിച്ചു കൂട്ടി ചുട്ടു കളയേണ്ടതിന് കെട്ടുവാനും ഗോതമ്പ് എന്റെ കളപ്പുരയിൽ കൂട്ടി വെയ്പ്പാനും കൽപ്പിക്കും.* (മത്താ. 13.24–30). കർത്താവ് വീണ്ടും വരുമ്പോൾ ഗോതമ്പും കളയും തമ്മിൽ വേർതിരിക്കപ്പെടും. യഥാർത്ഥ ദൈവജനം ആരെന്ന് അന്നാളിൽ നാം അറിയും.

കർത്താവിന്റെ പുനരാഗമന സമയം നാം അറിയുന്നില്ല. ഏത് സമയത്തും അത് സംഭവിക്കാം. എന്നാൽ തന്റെ വരവിനെക്കുറിച്ച് നാം വ്യക്തമായി അറിയേണ്ടതായ ചില വസ്തുതകൾ ഉണ്ട്.

1. അവൻ വീണ്ടും വരും എന്നത് വാസ്തവമാണ് (ലൂക്കോ 24.50–52; യോഹ 14.1–3)
2. അവന്റെ വരവ് ആക്ഷരികമായിരിക്കും അഥവാ ഒരു ചരിത്ര സംഭവമായിരിക്കും (അപ്പോ. പ്രവൃ 1.11)
3. അവന്റെ വരവ് വ്യക്തിപരമായിരിക്കും. താൻ തന്നെ വരും (1 തെസ്സ 4.16).
4. നമുക്ക് അവനെ കാണുവാൻ സാധിക്കും (അപ്പോ. പ്രവൃ. 1. 9–11).

ദൈവസഭ ഒരു കെട്ടിടത്തിന് സമാനമാണ്. ദൈവിക വാസസ്ഥാനമായ ഒരു മന്ദിരമാണത്. ജീവനുള്ള കല്ലുകളായ വിശ്വാസികളാൽ അത് പണിയപ്പെടുന്നു. ആ കെട്ടിടത്തിന്റെ അവസാനത്തെ കല്ലായ വിശ്വാസിയും അതിനോട് ചേർക്കപ്പെട്ടു കഴിയുമ്പോൾ കർത്താവ് വീണ്ടും വരും. സഭ

ക്രിസ്തുവിന്റെ മണവാട്ടിയാണ്. അവൾ തന്റെ കാന്തനായ കർത്താവിനായി സ്വയം ഒരുക്കപ്പെട്ടു കഴിഞ്ഞാലുടൻ കർത്താവ് വീണ്ടും വരും. ദൈവസഭ ഒരു പുതിയ മനുഷ്യനു സദൃശ്യമാണ്. അവൻ വളർന്ന് പക്വത നേടിക്കഴിയുമ്പോൾ കർത്താവ് വീണ്ടും വരും.

*ചിലർ താമസം എന്ന് വചാരിക്കുന്നതുപോലെ കർത്താവ് തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസ്സിക്കുന്നില്ല. ആരും നശിച്ചു പോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ ഇച്ഛിച്ച് നിങ്ങളോട് ദീർഘക്ഷമ കാണിക്കുന്നതേയുള്ളു.* (2 പത്രോസ് 3.9) *അങ്ങനെ നിങ്ങൾ നിനെക്കാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതുകൊണ്ട് നിങ്ങളും ഒരുങ്ങിയിരിപ്പിൻ* (മത്തായി 24.44) എന്നതാണ് നമ്മോടുള്ള അവന്റെ ആജ്ഞ.

കർത്താവിൽ വിശ്വസിച്ച അനേകർ കഴിഞ്ഞ രണ്ടായിരം വർഷങ്ങൾക്കുള്ളിൽ മരിച്ചു ക്രിസ്തുവിനോടു കൂടെ ആയിരിക്കുന്നു. അവരുടെ ശരീരം ഭൂമിയിൽ നിദ്രകൊള്ളുകയും (1 തെസ്സ 4.13; പ്രവൃ. 7. 59, 60) ആത്മാവ് കർത്താവിനോടു കൂടെ വിശ്രമിക്കുകയും ചെയ്യുന്നു. നമ്മുടെ ഭൗമീക ശരീരം കേവലം ഒരു താൽക്കാലിക കൂടാരം മാത്രമാണ്. (2 കൊരി 5.1). അത് ഈ ലോകത്തിന് മാത്രം അനുയോജ്യമാണ്. എന്നാൽ നശ്വരമായ ഈ ശരീരം അനശ്വരതയെ പ്രാപിക്കും. ജീവിച്ചിരിക്കുന്ന വിശ്വാസികൾ രൂപാന്തരപ്പെടും. ക്ഷയവിധേയമായ ശരീരം അക്ഷയതയെ പുൽകും. ക്രിസ്തുവിൽ മരിച്ച വിശ്വാസികളുടെ പുനരുത്ഥാനത്തെ അത് ചൂണ്ടിക്കാണിക്കുന്നു. അപമാനത്തിൽ വിതയ്ക്കപ്പെടുന്ന മർത്യശരീരം മഹത്വത്തിൽ ഉയിർക്കപ്പെടുന്നു. ബലഹീനതയിൽ വിതയ്ക്കപ്പെടുന്ന ഭൗമീക ശരീരം ശക്തിയിൽ ഉയിർക്കപ്പെടുന്നു. (1 കൊരി 15.43–44). സകലവും തനിക്ക് കീഴ്പ്പെടുത്തുവാൻ കഴിവുള്ളവനായ കർത്താവ് തന്റെ ശക്തിയാൽ നമ്മുടെ താഴ്ചയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോട് അനുരൂപമായി രൂപാന്തരപ്പെടും (ഫിലി. 3.21; 1സഭഷള 15.53). കർത്താവിന്റെ പുനരാഗമനത്തിൽ മാത്രമേ ഇത് സംഭവിക്കുകയുള്ളു. എത്ര മഹത്വകരമായ അവസ്ഥയാണ് വിശ്വാസിക്ക് വേണ്ടി ഒരുക്കിയിരിക്കുന്നത്.

## കർത്താവിന്റെ പുനരാഗമനം

അവൻ ഗംഭീര നാദസന്നാഹങ്ങളോടെ സ്വർഗത്തിൽ നിന്നും ഇറങ്ങിവരും, കർത്താവിൽ മരിച്ചവരെ വ്യക്തിപരമായി, പ്രത്യേകമായി വിളിക്കുന്ന ശബ്ദമാണ് ഇത്. ഈ ശബ്ദത്തിൽ മണ്ണിൽ ലയിച്ച അവരുടെ ശരീരം ഉണർത്തപ്പെടുന്നു. ലാസറിന്റെ കല്ലറയ്ക്കൽ കർത്താവ് ലാസറിനെ വിളിച്ചതിന് സമാനമായി ഈ ശബ്ദത്തെ നമുക്ക് പരിഗണിക്കാം (യോഹ 11.43). സ്വർഗീയസേനയെ സജ്ജരാക്കുന്നതിനായി പ്രധാന ദൂതന്റെ ശബ്ദം അവന്റെ വരവിൽ നാം കേൾക്കുന്നു. ദൈവത്തിന്റെ കാഹളവും അപ്പോൾ മുഴങ്ങുന്നു. സഭയെ വിളിച്ച് കൂട്ടുന്നതിനായി പഴയനിയമ കാലയളവിൽ കാഹളശബ്ദം കേൾപ്പിച്ചിരുന്നു (സംഖ്യ 10.1–10). ക്രിസ്തുവിൽ മരിച്ചവർ ആദ്യം ഉയിർക്കും. പിന്നെ ജീവനോടെ ശേഷിക്കുന്ന വിശ്വാസികൾ രൂപാന്തരപ്പെട്ട് അവരോട് ചേർന്ന് ക്രിസ്തുവിനെ എതിരേൽക്കുവാൻ മേഘങ്ങളിൽ എടുക്കപ്പെടും (1 കൊരി 15.51; 1 തെസ്സ 4.13,17).

യേശുക്രിസ്തു പറഞ്ഞു: *ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു* (യോഹ 11.25). ക്രിസ്തുവിൽ മരിച്ചവർക്ക് അവൻ പുനരുത്ഥാനവും, ജീവനോടെ ശേഷിക്കുന്ന വിശ്വാസികൾക്ക് അവൻ ജീവനും ആകുന്നു. മരണം എന്നേയ്ക്കുമായി മാറ്റപ്പെടും. അങ്ങനെ രക്ഷയുടെ പദ്ധതി പൂർത്തീകരിക്കപ്പെടും. പാപത്തിന്റെ സാന്നിദ്ധ്യത്തിൽ നിന്ന് നാം അന്നാളിൽ രക്ഷനേടും.

## ക്രിസ്തുവിന്റെ ന്യായാസനം

വിശ്വാസികൾ എന്ന നിലയ്ക്ക് നമ്മുടെ ഭൂതം, വർത്തമാനം, ഭാവി കാലങ്ങളിലെ ന്യായവിധികൾ നാം പഠിച്ചിരിക്കണം.

**1. പാപികൾ എന്ന നിലയിൽ നമ്മുടെ ന്യായവിധി: ഭൂതകാലം**

ക്രിസ്തുവിന്റെ ക്രൂശിൽ നമ്മുടെ പാപങ്ങൾ ശിക്ഷിക്കപ്പെട്ടു. അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ട് ക്രൂശിന്മേൽ കയറി (1 പത്രോസ് 2.24). നമ്മുടെ പാപ പങ്കിലമായ ശരീരത്തിന് സദൃശ്യമായ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങൾ ശിക്ഷിക്കപ്പെട്ടു. *അതുകൊണ്ട് ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയുമില്ല.* (റോമ 8.1,2). നമ്മുടെ പാപ പ്രശ്നങ്ങൾ ഇനിയൊരിക്കലും ദൈവമുമ്പിൽ വീണ്ടും പരിഗണിക്കപ്പെടുകയില്ല.

**2. മക്കൾ എന്ന നിലയിൽ നമ്മുടെ ന്യായവിധി: വർത്തമാനകാലം**

നാം പാപം ചെയ്യുവാൻ പാടില്ല. എന്നാൽ നാം പാപം ചെയ്തു പോയാൽ സ്വയം അവയെ ന്യായം വിധിച്ച് ദൈവത്തോട് ഏറ്റുപറയണം (1 യോഹ 1.9). നാം നമ്മെത്തന്നെ വിധിക്കാതെ പാപത്തിൽ തുടരുന്ന പക്ഷം ദൈവം നമ്മെ ബാലശിക്ഷയിൽ കൂടി കടത്തിവിടും അത് ശാരീരിക രോഗമോ, മരണമോ ആകാം. (എബ്രാ 12.6, 1കൊരി. 11.30). പുനരുത്ഥാന ശേഷം ഈ പാപങ്ങൾ വീണ്ടും പരിഗണിക്കപ്പെടുകയില്ല. എന്നാൽ, വിശ്വാസികൾക്ക് പാപം ചെയ്യുവാൻ ഇതൊരു അനുവാദമല്ല. ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ നമ്മുടെ പാപങ്ങൾ വിശകലനം ചെയ്യപ്പെടുകയില്ല. എങ്കിലും ഈ ലോക പാപങ്ങൾ നമ്മുടെ സേവനത്തെ ബാധിക്കുന്നതിനാൽ നമ്മുടെ പ്രതിഫലങ്ങൾ നഷ്ടപ്പെടുവാൻ അത് കാരണമായി നിലകൊള്ളും.

**3. ദാസന്മാർ എന്ന നിലയിൽ നമ്മുടെ ന്യായവിധി: ഭാവികാലം**

നാം ശരീരത്തിൽ വസിക്കുമ്പോൾ ചെയ്ത പ്രവൃത്തികൾക്ക് തക്കവണ്ണം പ്രാപിക്കേണ്ടതിന് നാമെല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന് മുമ്പാകെ നിൽക്കേണ്ടതായി വരും. നല്ലതോ, തീയതോ ആയ പ്രവൃത്തികൾക്ക് അനുയോജ്യമായ പ്രതിഫലം നാം പ്രാപിക്കും (2 കൊരി.5.10). കർത്താവിന്റെ ഗൃഹവിചാരകൻ എന്ന നിലയിൽ നമ്മുടെ പ്രവൃത്തികൾ പരിശോധിക്കപ്പെടും.

ദൈവത്തിന്റെ കൂട്ടുവേലക്കാർ ആയതിനാൽ നാം അവനോടു ചേർന്ന് പണിയുകയാണ്. (1 കൊരി 3.9).

യേശുക്രിസ്തു എന്ന ഏക അടിസ്ഥാനത്തിന്റെ മേൽപ്പണിയാണ് നാം നടത്തുന്നത്. എന്നാൽ ഓരോരുത്തൻ താൻ എങ്ങനെ പണിയുന്നു എന്ന് ശ്രദ്ധിക്കേണ്ടതാണ്. സ്വർണ്ണം, വെള്ളി മുതലായ വിലയേറിയ വസ്തുക്കൾ ഉപയോഗിച്ച് നമുക്ക് പണിയുവാൻ സാധിക്കും വിലയില്ലാത്തതും അപര്യാപ്തമായതും ആയ വസ്തുക്കൾ ഉപയോഗിച്ച് പണിയുവാനുള്ള സ്വാതന്ത്ര്യം നമുക്കുണ്ട്. അവ അളവിൽ വളരെ എന്ന് തോന്നിയേക്കാം. എന്നാൽ തീയിലൂടെ ശോധന കഴിക്കപ്പെടുമ്പോൾ അവയെല്ലാം കത്തി നശിക്കും (1 കൊരി 3.11,15).

## നമ്മുടെ പ്രതിഫലങ്ങൾ

നമ്മുടെ സേവനങ്ങളിൽ നാം വിജയശ്രീലാളിതരായി തീർന്നു എന്ന് വരാം. തീർച്ചയായും അത് ആവശ്യം തന്നെ. എന്നാൽ പ്രതിഫലം നിശ്ചയിക്കുവാനുള്ള മാനദണ്ഡം നമ്മുടെ വിജയമല്ല, പ്രത്യുത വിശ്വസ്തതയാണ് (മത്തായി 25.11). വിജയം മാത്രമാണ് ലക്ഷ്യം എങ്കിൽ നാം പല മാർഗങ്ങളിലൂടെ അത് നേടുവാൻ ശ്രമിക്കും. നാം എപ്രകാരം സേവ ചെയ്യുന്നു എന്ന് ശ്രദ്ധിക്കേണ്ടതാണ്.

ഗ്രീസിലെ ഒളിമ്പിക് മത്സരങ്ങളിൽ പങ്കെടുക്കുന്ന ഒരു വ്യക്തി ഇപ്രകാരം പ്രതിജ്ഞ ചെയ്യുവാൻ നിർബന്ധിതനായിരുന്നു.

(a) താൻ പൂർണമായും ഗ്രീക്ക് പാരമ്പര്യം ഉള്ള വ്യക്തിയാണ്.
(b) താൻ കുറ്റകൃത്യം ഒന്നും ചെയ്തിട്ടില്ല.
(c) താൻ വിശ്വസ്തതയോടെ പരിശീലനം നേടിയിട്ടുണ്ട്.
(d) താൻ മത്സരങ്ങളിൽ ചതിവ് കാണിക്കുകയില്ല.

ഇതിലും എത്രയോ മടങ്ങ് വിശ്വസ്തരായിരിക്കുവാൻ നാം കടപ്പെട്ടവരാണ്. നമ്മുടെ കർത്താവു തന്നെ നമ്മുടെ ന്യായാധിപതി. സമ്പൂർണ ദൈവവും സമ്പൂർണ മനുഷ്യനുമായ നമ്മുടെ കർത്താവു തന്നെ. അവൻ എല്ലാം അറിയുന്നു. നമുക്ക് സമനായി സർവ്വ മേഖലകളിലും താൻ പരീക്ഷിക്കപ്പെട്ടു എങ്കിലും പാപത്തിന്മേൽ അവൻ പൂർണ ജയം പ്രാപിച്ചവനാണ്.

കിരീടങ്ങളാണ് വിശ്വാസിക്ക് ലഭിക്കുന്ന പ്രതിഫലങ്ങൾ. രാജകീയ പ്രഭാവത്തിന്റെ കിരീടവും വിജയികൾ ചൂടുന്ന കിരീടവും ഉണ്ട്. എന്നാൽ വിജയികൾക്കുള്ള കിരീടമാണ് പ്രതിഫലമായി നാം നേടുന്നത്. അവ ഏതെല്ലാമാണ്?

**1. ജീവന്റെ കിരീടം**

പരിശോധനകളെ വിശ്വസ്തതയോടെ നേരിട്ട് വിജയം വരിക്കുന്നവർക്കുള്ള പ്രതിഫലമാണ് ഇത്. നമുക്ക് പരിശോധനകൾ ഉണ്ടായിരിക്കും. നമ്മുടെ ജീവിതത്തിന്റെ ഒരു ഭാഗമാണ്

അവ. വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും നമുക്ക് പ്രശ്നങ്ങൾ ഉണ്ടായിരിക്കും. അവ വേദനാജനകങ്ങൾ ആയിരിക്കും. (ഇയ്യോബ് 5. 7; 2 തിമൊ 3.12; 1 കൊരി 10.13; യാക്കോ 1.12). എന്നാൽ മരണപര്യന്തം വിശ്വസ്തനായിരിക്കുവാനാണ് നമുക്കുള്ള പ്രബോധനം (വെളി.2.10).

പരിശോധന വേളകളിൽ നാം കർത്താവിങ്കലേക്കും അദൃശ്യമായ സ്വർഗീയ സൗഭാഗ്യത്തിലേക്കും നമ്മുടെ ദൃഷ്ടികളെ ഉയർത്തണം (2 കൊരി. 4.16–18). പ്രതിസന്ധികളിൽ നാം ദൈവീക പരിജ്ഞാനം നേടുവാൻ പ്രയത്നിക്കുന്ന പക്ഷം ദൈവീക കാഴ്ചപ്പാടിൽ അവയെ വീക്ഷിക്കുവാൻ സാധിക്കും.

കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ട യിരെമ്യാവിനോട്, തന്നെ വിളിച്ചപേക്ഷിക്കുവാൻ യഹോവ ആവശ്യപ്പെടുന്നു (യിരെ 33.1–3). നമ്മുടെ പരിശോധനയുടെ പൂർണമായ കാരണങ്ങൾ നമുക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞു എന്നു വരികയില്ല. എന്നാൽ ഓരോ സാഹചര്യത്തെയും വിവേകപൂർവം നേരിടുവാനുള്ള പരിജ്ഞാനം ദൈവം നമുക്ക് നൽകും. പരിശോധനകളിലൂടെ തന്റെ ഉദ്ദേശ്യം നമ്മുടെ ജീവിതത്തിൽ നിവർത്തിക്കുമ്പോൾ തന്നെ ദൈവം നമ്മെ ദോഷങ്ങളാൽ പരീക്ഷിക്കുന്നവനല്ല എന്ന വസ്തുത വിസ്മരിച്ചു കൂടാ.

(1) നമ്മുടെ പരീക്ഷകൾ പിശാചിൽ നിന്ന് ആകാം. (ഇയ്യോബ്. അ.1,2; വെളി 12.10).

(2) ആദാമിന്റെ ആദ്യപാപത്തിന്റെ പരിണിതഫലമായിരിക്കാം അത് (റോമ. 5.11).

(3) നമ്മുടെ വ്യക്തിപരമായ പാപമായിരിക്കാം അതിന് കാരണം. (യാക്കോ. 1.14,15)

(4) മറ്റാരുടെയെങ്കിലും പാപത്തിന്റെ ഫലമായി സംഭവിക്കാം. ഉൽപ്പത്തി പുസ്തകത്തിൽ യോസഫിന്റെ ചരിത്രം ഇതിനൊരു ഉദാഹരണമാണ്.

**2. നീതിയുടെ കിരീടം**

തന്റെ പ്രത്യക്ഷതയെ സ്നേഹിക്കുന്നവർക്കുള്ള കിരീടമാണ് ഇത്.

എല്ലാ വിശ്വാസികളും കർത്താവിന്റെ പുനരാഗമനം പ്രതീക്ഷിക്കുന്നവരാണ്. എന്നാൽ പലരും അതിൽ പ്രീയം വെയ്ക്കുന്നില്ല. പൗലോസ് പറയുന്നു *ഞാൻ നല്ലപോർ പൊരുതു, ഓട്ടം തികച്ചു, വിശ്വാസം കാത്തു, ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു* (1 തിമൊ 4.7). കർത്താവിന്റെ വീണ്ടും വരവിൽ പ്രീയം വച്ചിട്ടുള്ള സകലരുടെയും അനുഭവം ഇപ്രകാരം ആയിരിക്കും.

നമ്മുടെ ഓട്ടം തികയ്ക്കുന്നത് എങ്ങിനെ? നാം ഓട്ടക്കളത്തിൽ ആയിരിക്കുമ്പോൾ നമ്മുടെ മുമ്പിലുള്ള ഓട്ടം നാം സ്ഥിരതയോടെ ഓടണം. ഇതിന് തടസ്സമായിരിക്കുന്ന സകല ഭാരവും മുറുകെ പറ്റുന്ന പാപവും നാം വിട്ടുകളയണം (എബ്രാ. 12.1). ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ ശ്രദ്ധിക്കുക:

(1) നായകനെ അനുഗമിക്കുക (എബ്ര. 12.2)

(2) എങ്ങനെ അനുഗമിക്കണം?

- നിങ്ങളുടെ ജീവിതം അവനായി സമർപ്പിക്കുക. (റോമ. 12.1,2)
- വിവേകപൂർവ്വം നടക്കുക (എഫെ 5.15–17)
- ദൈവീക പ്രാമാണങ്ങൾക്ക് വിരുദ്ധമായി ഒന്നും ചെയ്യാൻ പാടില്ല (2 കൊരി 2.16)
- തുറന്നു കിട്ടുന്ന വാതിലുകളിലേക്ക് നോക്കുക (1 കൊരി 16.9)
- അധികാരികളെ അനുസരിക്കുക (എഫെ 6.5–7)
- ദൈവം സർവ്വാധിപതിയാണ്. അവനെ വിശ്വസിക്കുക ( സദൃ. 3.5,6)
- പക്വമായി ഉപദേശങ്ങൾക്ക് ചെവി കൊടുക്കുക (സദൃ. 12.1)
- പരിശുദ്ധത്മ നടത്തിപ്പുകൾക്ക് വിധേയപ്പെടുക (യോഹ 16.8–13; അപ്പോ. 1 6.6– 8)

**3. പ്രശംസാകിരീടം**

ആത്മാക്കളെ നേടുന്നവർക്ക് ലഭിക്കുന്നതാണ് ഈ കിരീടം. എങ്ങിനെയാണത് സാധിക്കുന്നത്? കർത്താവിന്റെ സാക്ഷികളാകുന്നതു മൂലവും (യോഹ 15.27) ദൈവത്തിന് പ്രവർത്തിക്കുവാൻ ഇടം കൊടുക്കുന്നതു മൂലവും.

**4. വാടാത്ത കിരീടം**

ചട്ടപ്രകാരം ഓടി ലക്ഷ്യസ്ഥാനത്ത് എത്തുന്നവർക്ക് വേണ്ടിയുള്ളതാണ് ഈ കിരീടം. ഇതിന് വളരെ പരിശീലനം ആവശ്യമാണ് എന്ന് അറിയുക. നാം ഒരു നിലയിലും സമയമോ

ശക്തിയോ നഷ്ടപ്പെടുത്തുവാൻ പാടില്ല. നമ്മുടെ ലക്ഷ്യം എപ്പോഴും നമ്മുടെ കണ്മുമ്പിൽ ഉണ്ടായിരിക്കണം. ദൈവീക നിർദ്ദേശങ്ങളും നിയമങ്ങളും നാം സദാ പാലിക്കണം. (2 തിമൊ. 2.5). നാം അയോഗ്യരായി തീരാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം. (1 കൊരി 9.27). യിസ്രായേൽ മക്കളുടെ മരുഭൂമിവാസം ഇതിനൊരു മകുടോദാഹരണമാണ്. അവർക്ക് ഉന്നതമായ സ്ഥാനവും അനുഗ്രഹീത പദവികളും ഉണ്ടായിരുന്നു (1കൊരി. 10.1–4). അതിനൊത്തവണ്ണം അവർ ജീവിച്ചില്ല അതുകൊണ്ട് ദൈവം അവരെ ശിക്ഷിക്കുകയും അവർക്ക് അയോഗ്യത കൽപ്പിക്കുകയും ചെയ്തു. ഈ അനുഭവം നമുക്കൊരു മുന്നറിയിപ്പായി നിലകൊള്ളുന്നു.

**5. മഹത്വത്തിന്റെ കിരീടം**

ആട്ടിൻകൂട്ടത്തെ മടികൂടാതെയും മനസ്സോടും പാലിക്കുന്ന വിശ്വസ്തരായ ഇടയന്മാർക്കുള്ള കിരീടമാണ് അത്.

ദൈവസഭയിൽ പരിശുദ്ധാത്മാവ് ഇടയന്മാരെ നിയോഗിക്കുന്നു. (പ്രവൃ 20.28). ആട്ടിൻകൂട്ടത്തെ (ദൈവജനത്തെ) പരിപോഷിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യേണ്ടത് അവരുടെ ദൗത്യമാണ്. മുറിവേൽക്കുന്നവയെ ശുശ്രൂഷിച്ചും, ബലഹീനമായവയെ കരുതിയും, വഴിവിട്ടുപോകുന്നവയെ യഥാസ്ഥാനപ്പെടുത്തിയും തന്റെ കടമ നിർവ്വഹിക്കുന്നു. തന്റെ പരിചരണത്തിലുള്ള ദൈവജനം ദൈവത്തിന്റെ ഉടമസ്ഥതയിലുള്ളവരാണ് എന്ന് ഓരോ ഇടയനും മനസ്സിലാക്കണം.

## ദൈവം നമ്മെ ഒരുക്കുന്നത്

കറയും ചുളുക്കവും ഇല്ലാത്ത നിർമല കന്യകയായി കർത്താവ് തന്റെ സഭയെ പിതാവിന്റെ മുമ്പാകെ നിർത്തും (1 തെസ്സ 3.13). അന്നാളിൽ വിശ്വാസികൾക്ക് ന്യൂനതയോ പാപമോ ഉണ്ടായിരിക്കുകയില്ല.

രക്ഷിക്കപ്പെടുന്ന വേളയിൽ യേശുക്രിസ്തു ഒരു വിശ്വാസിയുടെ ജീവിതത്തിൽ വിശുദ്ധീകരണ പ്രക്രീയ ആരംഭിക്കുന്നു. പാപത്തിന്റെ ശിക്ഷയിൽ നിന്ന് വിടുവിക്കപ്പെടുന്ന വിശ്വാസി പാപത്തിന്റെ സ്വാധീന ശക്തിക്ക് വിധേയനായി പിന്നേയും തുടരുവാൻ സാദ്ധ്യതയുണ്ട്. ദൈവവചനത്താൽ അവൻ സഭയെ ശുദ്ധീകരിക്കുന്നു. വിശ്വാസിയിൽ അധിവസിക്കുന്ന പരിശുദ്ധാത്മാവ് വിശുദ്ധീകരണ പ്രക്രീയ അവനിൽ തുടരുന്നു. കർത്താവിന്റെ വരവിൽ അത് പൂർത്തിയാക്കപ്പെടുന്നു.

## കുഞ്ഞാടിന്റെ കല്ല്യാണം

യഹൂദന്മാരുടെ വിവാഹത്തിന് മൂന്ന് ഘട്ടങ്ങളുണ്ട്. വിവാഹ നിശ്ചയമാണ് ആദ്യഘട്ടം. പൗലോസിന്റെ വാക്കുകളിൽ, വിശ്വാസികൾ ക്രിസ്തുവിനായി വിവാഹനിശ്ചയം ചെയ്യപ്പെട്ട നിർമ്മല കന്യകയാണ്. (2 കൊരി. 11.2).

വരൻ വധുവിന് സമ്മാനങ്ങൾ നൽകുന്ന സന്ദർഭമാണ് രണ്ടാം ഘട്ടം. ക്രിസ്തുവിന്റെ ന്യായാസന മുമ്പാകെ അവൻ പ്രതിഫലങ്ങൾ വീതിക്കുമ്പോൾ ഇത് സംഭവിക്കും.

വിവാഹ വിരുന്നാണ് മൂന്നാം ഘട്ടം. മത്തായി ഇരുപത്തഞ്ചാം അദ്ധ്യായത്തിൽ പത്ത് കന്യകമാരുടെ ഉപമ ഇതിനെ കുറിക്കുന്നു.

വിവാഹ വിരുന്ന് പത്ത് ദിവസം വരെ നീണ്ടുനിൽക്കാറുണ്ട്. ദൈവ കുഞ്ഞാടാകുന്ന ക്രിസ്തുവിന്റെ വിവാഹവിരുന്ന് താൻ ലോകത്തെ ഭരിക്കുന്ന ആയിരം സംവത്സരം മുഴുവൻ തുടരും. വിവാഹവിരുന്ന് മുൻപ് പഴയനിയമ വിശ്വാസികളും മഹാപീഢന കാല വിശ്വാസികളും ഉയിർത്തെഴുന്നേൽക്കും. (ദാനി. 12.1–3; യെശയ്യാ 26.19–21; വെളി. 20.4–6). അവരും വിവാഹ വിരുന്നിൽ പങ്കുചേരും. തന്റെ കാന്തനായ കർത്താവിനെ എതിരേൽക്കുവാൻ സഭ സ്വയം ഒരുങ്ങുകയാണ്. അതിനാൽ അവൾ ഈ നാളുകളിൽ എന്തു ചെയ്യണം?

**1. അവളുടെ സ്നേഹം**

ക്രിസ്തുവിലുള്ള ഏകാഗ്രതയിൽ നിന്നും അവളുടെ ഹൃദയം വഴുതിപ്പോകാതെ സ്വയം സൂക്ഷിക്കേണ്ടതാണ് (2 കൊരി 11.3). അവൾ ആദ്യസ്നേഹം വിട്ടുകളയുവാൻ പാടില്ല. എഫെസോസ് സഭയ്ക്ക് അങ്ങനെ സംഭവിച്ചു എന്ന് നാം വായിക്കുന്നു. (വെളി 2.4).

ഒരു വിശ്വാസി തന്റെ ആദ്യസ്നേഹം വിട്ടുകളയുന്നത് എങ്ങനെയാണ്? അവൻ ദൈവ സഭയിൽ വ്യാപൃതനും വേദപുസ്തക പാരായണത്തിൽ ഉത്സുകനും പ്രാർത്ഥനയിൽ തീക്ഷണതയുള്ളവനും സാക്ഷ്യം പറയുന്നതിൽ ധീരനുമായിരിക്കാം. ദൈവത്തെ വേണ്ടതുപോലെ സ്നേഹിക്കാതെ തന്നെ ഇവയൊക്കെ സാദ്ധ്യമാണ്. എഫെസോസിലെ സഭയുടെ പരാജയം ഇതായിരുന്നു. സഭ സമ്പൂർണമായി അവനിൽ ആശ്രയിച്ച് അവനെ സ്നേഹിക്കേണ്ടതാണ്.

**2. അവളുടെ വിശ്വസ്തത**

അവളുടെ യജമാനനും കർത്താവുമായവൻ അവളോട് കൂടെ ഇല്ല. എങ്കിലും അവൾ ലോകത്തിൽ കഴിയുന്നു. ഈ ലോകത്തിന്റെ രൂപം ഒഴിഞ്ഞുപോകുന്നു (1കൊരി. 7.331) എന്നവൾ മനസ്സിലാക്കണം. അവൾ ഈ ലോകത്തോട് അനുരൂപയാകുവാൻ പാടടില്ല. (റോമ.12.2). ദൈവത്തിൽ നിന്നും പ്രാപിക്കുന്ന അനുഗ്രഹങ്ങൾ ലോകത്തിന്റെ മോഹങ്ങൾക്കായി ചിലവിടുവാൻ പാടില്ല (യാക്കോ. 4.3). പാപത്തിന്റെ രസങ്ങളിൽ അവൾ ഒരുകാലത്തും സന്തോഷം കണ്ടെത്തുവാൻ പാടില്ല (എബ്രാ 11.25).

**3. അവളുടെ വിശുദ്ധി**

അവൾക്ക് ഏക കാന്തൻ മാത്രമേയുള്ളു. അവൾ തന്നെത്തന്നെ നിർമലയായി സൂക്ഷിക്കേണ്ടതാണ് (2 കൊരി 11.2). ലോകത്തിന്റെ മാലിന്യങ്ങൾ അവളിൽ കാണുവാൻ പാടില്ല (യാക്കോ 1.27). അവളുടെ കാന്തൻ നിർമലനാണ്. തന്മൂലം അവളും സ്വയം നിർമ്മലതയിൽ വസിക്കേണ്ടതാണ് (1 യോഹ 3.3).

**4. അവളുടെ അലങ്കാരം**

തന്റെ കർത്താവിന്റെ ഉപദേശങ്ങളായിരിക്കണം അവളുടെ അലങ്കാരം (തീത്തോ. 2. 1–10). ഉപദേശങ്ങൾ കേവലം അറിയുന്നതിലൂടെയല്ല, പ്രത്യുത, അത് പാലിക്കുന്നതിലൂടെയാണ് ഇത് സാധിക്കുന്നത്. സൽപ്രവൃത്തികളാൽ അവൾ സ്വയം അലങ്കരിക്കണം (1 തിമൊ. 2.10).

**5. അവളുടെ അനുസരണം**

സാറാ തന്റെ ഭർത്താവായ അബ്രാഹാമിനെ അനുസരിച്ചതുപോലെ അവൾ കർത്താവിനെ അനുസരിക്കണം. അവൾ അവനെ ഭയത്തോടെ ബഹുമാനിക്കണം. അവന്റെ ഇഷ്ടം തന്റെ ഇഷ്ടമായി അവൾ മനസ്സോടെ സ്വീകരിക്കണം. ഈ നിലയിലുള്ള മനോഭാവത്താലും സേവനത്താലും അവൾ കർത്താവിനെ എതിരേൽക്കുവാൻ സ്വയം ഒരുങ്ങേണ്ടതാണ്.

## മഹാപീഢനകാലം

**1. സഭ മഹാപീഢനത്തിൽ നിന്നും വിടുവിക്കപ്പെടുന്നു**

സഭ ഭൂമിയിൽ നിന്ന് എടുക്കപ്പെടുന്നതോടു കൂടി അധർമ മൂർത്തി രംഗപ്രവേശനം ചെയ്യുന്നതിനുള്ള സർവ തടസ്സവും നീക്കപ്പെടുന്നു. ലോകം ഇന്ന് വഷളത്വത്തിന്റെ വിളനിലമാണ്. ആ അവസ്ഥയിൽ നിന്ന് ഇനി ഭേദപ്പെടുകയില്ല. അധർമത്തിന്റെ മർമ്മം അതിന്റെ പ്രവൃത്തി തുടരും എന്നു മാത്രമല്ല അതിൽ വർദ്ധിച്ചുവരും. എന്നാൽ പാപം അതിന്റെ തേർവാഴ്ച നടത്തുവാൻ അനുവദിക്കാതെ തടയുന്ന ഒരു വ്യക്തിയുണ്ട്. ദൈവ മന്ദിരമായ സഭയിൽ വാസം ചെയ്യുന്ന പരിശുദ്ധാത്മാവാണ് ആ വ്യക്തി. (2 തെസ്സ 2.6–14).

നീതിമാനായ ലോത്ത് സോദോമിൽ വസിക്കുന്ന കാലം വരെ ദൈവത്തിന് സോദോം പട്ടണം നശിപ്പിക്കുവാനായില്ല. *ബദ്ധപ്പെട്ട് അവിടേക്ക് ഓടിപ്പോകുക; നീ അവിടെ എത്തുവോളം എനിക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ല എന്ന് പറഞ്ഞു* (ഉല്പത്തി 19.22). അതുപോലെ സഭ എടുക്കപ്പെടുന്നതുവരെ ഭൂമിയെ ന്യായം വിധിക്കുവാൻ ദൈവത്തിനു സാദ്ധ്യമല്ല. ദൈവം നമ്മെ കോപത്തിനല്ല യേശുക്രിസ്തു മൂലം രക്ഷയെ പ്രാപിപ്പാനത്രെ നിയമിച്ചിരിക്കുന്നത് (1 തെസ്സ. 5.9,10). ഭൂമിയിൽ വസിക്കുന്നവരെ പരീക്ഷിക്കുന്നതിന് ഭൂതലത്തിൽ എങ്ങും വരുവാനുള്ള പരീക്ഷാ കാലത്ത് ഞാൻ നിന്നെ കാക്കും എന്ന് ദൈവം സഭയ്ക്ക് വാഗ്ദത്തം നൽകുന്നു. (വെളി. 3.10).

യേശുക്രിസ്തു യഹൂദന്മാരുടെ രാജാവായിട്ടാണ് ഭൂമിയിൽ വന്നത് (മത്തായി 2.2). എന്നാൽ യഹൂദന്മാർ അവനെ നിരസിച്ചു. ഞങ്ങൾക്ക് കൈസറല്ലാതെ വേറെ രാജാവില്ല എന്ന് ഏറ്റുപറഞ്ഞ്

അവനെ അവർ ക്രൂശിച്ചു. അവന്റെ രക്തം ഞങ്ങളുടെ മേലും ഞങ്ങളുടെ മക്കളുടെ മേലും വരട്ടെ എന്ന് അവർ ആക്രോശിച്ചു (മത്തായി27.25). അന്നു മുതൽ ലോകത്തിൽ മറ്റൊരു ജാതിയും ഒരിക്കലും പീഢിപ്പിക്കപ്പെട്ടിട്ടില്ലാത്തതു പോലെ യഹൂദന്മാർ പീഢിപ്പിക്കപ്പെട്ടു. അവർ സ്വന്ത രാജ്യത്തിൽ നിന്നും പുറത്താക്കപ്പെട്ടു, പീഢിപ്പിക്കപ്പെട്ടു, കൊല്ലപ്പെട്ടു. അവർക്ക് ഭാഗികമായ അന്ധത പിടിപെട്ടു. (റോമർ 11.25). ഒരു ജാതി എന്ന നിലയിൽ ഇതുവരെയും യഹൂദന്മാർ അനുതപിച്ചിട്ടില്ല. ചില യഹൂദന്മാർ വിശ്വസിച്ച് രക്ഷ സ്വീകരിച്ചിട്ടുണ്ട് എന്നത് വാസ്തവം തന്നെ.

എന്നാൽ സഭ എടുക്കപ്പെട്ടശേഷം ദൈവം യഹൂദ ജാതിയോട് മൊത്തമായി ഏർപ്പെടും. ദാനിയേൽ പ്രവചനത്തിൽ പ്രതിപാദിച്ചിരിക്കുന്ന എഴുപതാം ആഴ്ചവട്ടം ഇതിനെ കുറിക്കുന്നു. ലോകത്തിൽ അതുവരെ സംഭവിച്ചിട്ടില്ലാത്ത അതികഠിനമായ ഉപദ്രവം അന്ന് ലോകത്തിൽ സംഭവിക്കും.

#### 2. ദാനിയേൽ പ്രവചനത്തിലെ 70-ാം ആഴ്ചവട്ടം

ദാനിയേൽ പ്രവാചകൻ ഉപവസിച്ച് ദൈവസന്നിധിയിൽ പ്രാർത്ഥനയും അപേക്ഷയും കഴിച്ചപ്പോൾ ഒരു ദൂതൻ സുപ്രധാനമായ ഈ പ്രവചനവുമായി തന്റെ അടുക്കൽ എത്തി. *അതിക്രമത്തെ തടസ്സം ചെയ്ത് പാപങ്ങളെ മുദ്രയിടുവാനും അകൃത്യത്തിന് പ്രായശ്ചിത്തം ചെയ്ത് നിത്യ നീതി വരുത്തുവാനും ദർശനവുംപ്രവചനവും മുദ്രയിടുവാനും അതിപരിശുദ്ധമായതിനെ അഭിഷേകം ചെയ്യുവാനും തക്കവണ്ണം നിന്റെ ജനത്തിനും (യഹൂദന്മാർ) വിശുദ്ധ നഗരത്തിനും (യരുശലേം) എഴുപതു ആഴ്ചവട്ടം (ഏഴുകൾ) നിയമിച്ചിരിക്കുന്നു. അതുകൊണ്ട് നീ അറിഞ്ഞു ഗ്രഹിച്ചുകൊള്ളേണ്ടതെന്തെന്നാൽ യെരുശലേമിനെ യഥാസ്ഥാനപ്പെടുത്തി പണിയുവാൻ കൽപന പുറപ്പെടുന്നതു മുതൽ അഭിഷിക്തനായൊരു പ്രഭു വരെ ഏഴു ആഴ്ചവട്ടം (ഏഴുകൾ), അറുപത്തിരണ്ട് ആഴ്ചവട്ടം കൊണ്ട് അതിനെ വീഥിയും കിടങ്ങുമായി കഷ്ടകാലങ്ങളിൽ തന്നെ വീണ്ടും പണിയും. 62 ആഴ്ചവട്ടം കഴിഞ്ഞ് അഭിഷിക്തൻ ഛേദിക്കപ്പെടും; അവന് ആരും ഇല്ലെന്നു വരും. പിന്നെ വരുവാനുള്ളൊരു പ്രഭുവിന്റെ (എതിർക്രിസ്തു) പടജ്ജനം നഗരത്തെയും വിശുദ്ധ മന്ദിരത്തെയും നശിപ്പിക്കും. അവന്റെ അവസാനം ഒരു പ്രളയത്തോടെ ആയിരിക്കും. അവസാനത്തോളം യുദ്ധം ഉണ്ടാകും; ശൂന്യങ്ങളും നിർണയിക്കപ്പെട്ടിരിക്കുന്നു. അവൻ ഒരു ആഴ്ചവട്ടത്തേയ്ക്ക് (ഏഴുകൾ) പലരോടും നിയമത്തെ കഠിനമാക്കും. ആഴ്ചവട്ടത്തിന്റെ മദ്ധ്യേ അവൻ ഹനനയാഗവും ഭോജന യാഗവും നിർത്തലാക്കിക്കളയും; മ്ലേച്ഛതകളുടെ ചിറകിന്മേൽ ശൂന്യമാക്കുന്നവൻ വരും. നിർണയിക്കപ്പെട്ടിരിക്കുന്ന സമാപ്തിയോളം ശൂന്യമാക്കുന്നവന്റെ കോപം ചൊരിയും* (ദാനിയേൽ 9.24-27). (ബ്രായ്ക്കറ്റിൽ കൊടുത്തിരിക്കുന്നവ വിശദീകരണത്തിനായി ചേർത്തതാണ്).

ഈ പ്രവചനത്തിലെ എല്ലാ വാക്കുകളും യിസ്രായേലിനെയും യരുശലേമിനെയും സംബന്ധിച്ചുള്ളതാണ്. അർത്ഥഹ്ശഷ്ടാ രാജാവിന്റെ 20-ാം ആണ്ടിൽ നിസാൻ മാസത്തിൽ, അതായത്, B.C. 455 ൽ യരുശലേമും അതിന്റെ മതിലും പണിയുന്നതിനുള്ള കൽപന ഉണ്ടായി (നെഹ. 2.1-9). 69 ആഴ്ചവട്ടങ്ങൾക്കു ശേഷം (69 x7 = 483 വർഷങ്ങൾ) അഭിഷിക്തൻ ഛേദിക്കപ്പെട്ടു; അതായത്, യേശുക്രിസ്തു ക്രൂശിക്കപ്പെട്ടു. അതിനുശേഷം പുതിയനിയമ കാലയളവ്, അഥവാ സഭായുഗം ആരംഭിച്ചു. അതിന് ദാനിയേൽ പ്രവചനവുമായി ബന്ധമില്ല. അതിനാൽ, 70-ാം ആഴ്ചവട്ടം (7 വർഷങ്ങൾ) നിറവേറുവാൻ ബാക്കിയുണ്ട്.

പഴയനിയമ പ്രവനങ്ങളിൽ യേശുക്രിസ്തുവിന്റെ ഒന്നും രണ്ടും വരവിനെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. എന്നാൽ, ഇന്നത് ഒന്നും, ഇന്നത് രണ്ടും വരവിനെക്കുറിച്ച് ആണെന്ന് പ്രത്യേകമായി പറഞ്ഞിട്ടില്ല. യേശുക്രിസ്തു തന്റെ പുനരാഗമനത്തെക്കുറിച്ച് പറയുമ്പോൾ, ശൂന്യമാക്കുന്ന മ്ലേച്ഛത വിശുദ്ധ സ്ഥലത്ത് നിൽക്കുന്നത് കാണുമ്പോൾ (മത്താ. 24.15) എന്ന് പറയുന്നത്, ദാനിയേൽ പ്രവചനത്തിലെ 70-ാം ആഴ്ചവട്ടം ഇനിയും സംഭവിക്കുവാനുള്ളതാണ് എന്ന് വ്യക്തമാക്കുന്നു.

#### 3. അതികഠിനമായ ഒരു നാൾ

യേശുക്രിസ്തുവിന്റെ കാലയളവിൽ നിലനിന്നിരുന്ന ദേവാലയം തകർക്കപ്പെടും എന്ന് താൻ പറഞ്ഞപ്പോൾ അത് എപ്പോൾ സംഭവിക്കുമെന്നും തന്റെ വരവിനും ലോകാവസാനത്തിനും അടയാളം എന്ത് എന്നും ശിഷ്യന്മാർ ആരാഞ്ഞു (മത്താ. 24.2,3).

അതിന് വിശദീകരണമായി പല അടയാളങ്ങളും താൻ വെളിപ്പെടുത്തുമ്പോൾ, ലോകാരംഭം

മുതൽ ഇന്നുവരെയും സംഭവിച്ചിട്ടില്ലാത്തതും, ഇനിമേൽ സംഭവിക്കാത്തതും ആയ വലിയ കഷ്ടം അന്ന് ഉണ്ടാകും, കള്ളപ്രവാചകന്മാരും കള്ളക്രിസ്തുക്കളും എഴുന്നേറ്റ് കഴിയുമെങ്കിൽ വൃതന്മാരേയും തെറ്റിപ്പാനായി വലിയ അടയാളങ്ങളും അത്ഭുതങ്ങളും ചെയ്യും എന്ന് പറയുന്നു.

യോവേൽ പ്രവാചകൻ പറയുന്നു ഇരുട്ടും അന്ധകാരവുമുള്ളൊരു ദിവസം, അങ്ങനെയുള്ളതും പണ്ടു ഉണ്ടായിട്ടില്ല; ഇനി മേലാൽ തലമുറതലമുറയായുള്ള ആണ്ടുകളോളം ഉണ്ടാകയുമില്ല (യോവേൽ 2.2).

#### 4. കർത്താവിന്റെ നാൾ

ഉൽപ്രാപണത്തോടെ ആരംഭിക്കുന്ന അനുഗ്രഹിക്കപ്പെട്ട അവസ്ഥയാണ് സഭയെ സംബന്ധിച്ചിടത്തോളം കർത്താവായ യേശുവിന്റെ നാൾ, ക്രിസ്തുവിന്റെ നാൾ എന്നു വിശേഷിപ്പിക്കപ്പെടുന്ന കാലയളവ് (1 കൊരി 5.5; 1.8; ഫിലി 1.4, 10; 2.16). എന്നാൽ കർത്താവിന്റെ നാൾ എന്നത് പഴയനിയമത്തിലും പുതിയനിയമത്തിലും കാണുന്ന പദപ്രയോഗമാണ്. ദൈവീക ന്യായവിധിയും ശിക്ഷയും ചൊരിയപ്പെടുന്ന സാഹചര്യത്തെ ചിത്രീകരിക്കുന്നതാണ് ഇതിന്റെ ആശയം.

മനുഷ്യന്റെ കാര്യങ്ങളിൽ ദൈവം നേരിട്ട് ഏർപ്പെടുന്ന സാഹചര്യം– ശിക്ഷയ്ക്കും നന്മയ്ക്കും വേണ്ടിയുള്ളത്– എന്നതാണ് കർത്താവിന്റെ നാൾ എന്ന പദപ്രയോഗത്തിന് സ്കോഫീൽഡ് നൽകുന്ന നിർവചനം. കർത്താവിന്റെ നാളിൽ സംഭവിക്കുന്ന കാര്യങ്ങളുടെ ക്രമം ഇപ്രകാരമായിരിക്കും.

1. സഭയുടെ ഉൽപ്രാപണം (1 തെസ്സ 4.13–17)
2. ദാനിയേലിന്റെ 70–ാം ആഴ്ചവട്ടം (ദാനി. 9.27). അതിന്റെ രണ്ടാം പകുതിയിൽ മഹാപീഢനം.
3. കർത്താവിന്റെ മഹത്വ പ്രത്യക്ഷത (മത്താ. 24.24–30)
4. മൃഗത്തിന്റെയും കള്ളപ്രവാചകന്റെയും, അവന്റെ സൈന്യത്തിന്റെയും തകർച്ച (വെളി. 19. 11–21)
5. ജാതികളുടെ ന്യായവിധി (മത്താ. 25. 31–46; സെഖ 14.1–9)
6. ക്രിസ്തുവിന്റെ ആയിരമാണ്ടു വാഴ്ച (വെളി. 20. 4–6)
7. സാത്താന്റെ മത്സരവും ന്യായവിധിയും (വെളി.. 20.7–10)
8. ദുഷ്ടന്മാരുടെ ഉയിർപ്പും അന്ത്യ ന്യായവിധിയും
9. പുതിയ ആകാശവും പുതിയ ഭൂമിയും (2 പത്രോ. 3. 10–13)

#### 5. യാക്കോബിന്റെ കഷ്ടകാലം

യഹൂദന്മാർ മശിഹയെ നിരാകരിച്ചു. അവർക്ക് ഭാഗികമായി അന്ധത പിടിച്ചിരിക്കുന്നതിനാൽ അവനെ മനസ്സിലാക്കുവാൻ സാധിച്ചില്ല. ഒരു ജാതി എന്ന നിലയിൽ ഇപ്പോഴും അന്ധതയിലാണ് അവർ കഴിയുന്നത്. മശിഹയെ സ്വീകരിക്കുവാൻ സന്നദ്ധമായ ഒരു മാനസികാവസ്ഥയിലേയ്ക്ക് അവരെ കൊണ്ടുവരുന്നതിനാണ് ദൈവം അവർക്ക് കഷ്ടത അനുവദിക്കുന്നത് (യിരെ. 30.7). അവർ ഒടുവിൽ അവനെ വിളിച്ചപേക്ഷിക്കും. അവൻ അവരെ രക്ഷിക്കും. (സെഖ. 13.9).

വരുവാനിരിക്കുന്ന പ്രഭു എന്ന് ദാനിയേൽ വിശേഷിപ്പിക്കുന്ന എതിർക്രിസ്തു ഒരു ആഴ്ചവട്ടത്തേക്ക് പലരുമായി ഉടമ്പടി ചെയ്യും. എന്നാൽ അതിന്റെ മദ്ധ്യത്തിൽ അവൻ ഉടമ്പടി ലംഘിക്കും.

യേശുക്രിസ്തുവിന്റെ വരവിങ്കൽ, സഭ മദ്ധ്യാകാശത്തേയ്ക്ക് ചേർക്കപ്പെട്ടു കഴിയുന്ന ക്ഷണത്തിൽ ഒരു അമാനുഷിക വ്യക്തി രംഗപ്രവേശനം ചെയ്ത് ഒരു വെടിയുണ്ടപോലും പായിക്കാതെ ലോകത്തിന്റെ നിയന്ത്രണം ഏറ്റെടുക്കും (വെളി. 6.1,2). അവൻ സമാധാനത്തിന്റെ പ്രഹസനം ഒരുക്കി യഹൂദന്മാരുമായി ഏഴു വർഷത്തേയ്ക്ക് സമാധാന ഉടമ്പടി ചെയ്യും. ദാനിയേൽ പ്രവചനം വിശുദ്ധ മന്ദിരത്തെക്കുറിച്ചും യാഗത്തെക്കുറിച്ചും വിവക്ഷിക്കുന്നതിനാൽ ( 9. 26–27), ഈ കാലയളവിന്റെ ആദ്യപകുതിയിൽ ദേവാലയം വീണ്ടും പണിയപ്പെടും. എന്നാൽ മന്ദിരത്തിൽ, തന്നെ ആരാധിക്കണം എന്ന ആവശ്യം എതിർക്രിസ്തു ഉന്നയിക്കുമ്പോൾ (ശൂന്യമാക്കുന്ന മ്ലേച്ഛത) യഹൂദന്മാർ എതിർക്കുകയും സമാധാന ഉടമ്പടി ലംഘിക്കുകയും ചെയ്യും. മരണത്തോടും പാതാളത്തോടുമായിരുന്നു തങ്ങൾ സന്ധിചെയ്തത് എന്ന് അന്നാളിൽ യഹൂദന്മാർ ഗ്രഹിക്കും. നാളിതുവരെ സംഭവിച്ചിട്ടില്ലാത്ത മഹാപീഢനകാലം അപ്പോൾ അരങ്ങേറും.

#### 6. മഹാപീഢനത്തിന്റെ ഉദ്ദേശ്യം

മഹാപീഢനത്തിന് വിവിധ ലക്ഷ്യങ്ങൾ ഉണ്ട്. ഒന്ന്, *ജാതികളുടെ കാലം* എന്ന് വിശേഷിപ്പി

ക്കപ്പെടുന്ന കാലഘട്ടത്തിന് പരിസമാപ്തി കുറിക്കുക. രണ്ട്, ക്രിസ്തുവിന്റെ സഹസ്രാബ്ദ വാഴ്ച യ്ക്കായി യിസ്രായേലിനെ വീണ്ടും കൂട്ടിച്ചേർത്ത് യഥാസ്ഥാനപ്പെടുത്തുക.

**(1) ജാതികളുടെ കാലം**

നെബുഖദ്നേസർ രാജാവ് യഹൂദ ജനതയെ പ്രവാസികളാക്കിയപ്പോൾ മുതൽ ജാതികൾ യിസ്രായേലിന്റെ മേൽ ആധിപത്യം സ്ഥാപിച്ചു. B.C. 521-ൽ ഇത് ആരംഭിച്ചു. അതിനുശേഷം, ബാബിലോൺ, മേദ്യപാർസ്യാ, യവന, റോമൻ സാമ്രാജ്യങ്ങൾ അവരുടെമേൽ വാഴ്ച നടത്തി. നാലു സാമ്രാജ്യങ്ങൾ ഉടലെടുക്കും എന്നാണ് ദാനിയേൽ പ്രവചിച്ചത്. (ദാനിയേൽ 2-ാം അദ്ധ്യായം). യേശു ക്രിസ്തുവിന്റെ കാലത്ത് റോമൻ ആധിപത്യമായിരുന്നു. *വരുവാനിരിക്കുന്ന പ്രഭുവിന്റെ പടജ്ജനം നഗരത്തെയും വിശുദ്ധ മന്ദിരത്തെയും നശിപ്പിക്കും* എന്ന പ്രവചനം (ദാനി. 9.26) A.D. 70--ൽ നിവൃത്തിയായി. 70-ാം ആഴ്ചവട്ടത്തിന്റെ ആരംഭത്തിൽ, അഥവാ, മഹാപീഢനകാലം തുടങ്ങുമ്പോൾ നവീന റോമാ സാമ്രാജ്യമായിരിക്കും ഭരണം നടത്തുക. എന്നാൽ കർത്താവ് തന്റെ രാജ്യം സ്ഥാപിക്കുവാൻ വീണ്ടും വരുമ്പോൾ ജാതികളുടെ കാലം അവസാനിക്കും അഥവാ, യിസ്രായേലിന്റെമേൽ ജാതികൾക്കുള്ള ഭരണം തീരും.

**(2) യിസ്രയേലിനെ യഥാസ്ഥാനപ്പെടുത്തി വീണ്ടും കൂട്ടിച്ചേർക്കുവാൻ**

അനേക നൂറ്റാണ്ടുകൾക്കുശേഷം, 1948-ൽ യിസ്രയേൽ ഒരു രാഷ്ട്രമായി വീണ്ടും അംഗീകരിക്കപ്പെട്ടു. എന്നാൽ, ലോകത്തിന്റെ പല ഭാഗത്തായി അനേക യഹൂദന്മാർ ഇന്നും ചിതറിപ്പാർക്കുന്നുണ്ട്. അവരെ യിസ്രയേലിലേക്ക് തിരികെ കൊണ്ടുവരേണ്ടത് ആവശ്യമാണ്.

പഴയനിയമത്തിലെ പല ഭാഗങ്ങളും യിസ്രായേലിന്റെ യഥാസ്ഥാപനം എന്ന പ്രവചനവിഷയവുമായി ബന്ധപ്പെട്ടതാണ്. (യിരെ. 12.5; യെശ 43.5-7 ആദിയായവ). നിന്റെ ദൈവമായ യഹോവ നിന്നെ ചിതറിച്ചിരുന്ന സകല ജാതികളിൽ നിന്നും നിന്നെ കൂട്ടിച്ചേർക്കും, നിനക്കുള്ളവർ ആകാശത്തിന്റെ അറുതിവരെ ചിതറിപ്പോയിരുന്നാലും നിന്റെ ദൈവമായ യഹോവ അവിടെ നിന്ന് നിന്നെ കൂട്ടിച്ചേർക്കും. അവിടെ നിന്നു അവൻ നിന്നെ കൊണ്ടുവരും എന്ന് ദൈവം വാഗ്ദത്തം ചെയ്യുന്നു. (ആവ 30.3,4). മഹാപീഢനത്തിന്റെ അന്ത്യത്തിൽ, സകല ജാതികളും യിസ്രായേലിനെ ചുറ്റി വളയുമ്പോൾ കർത്താവ് വീണ്ടും ഭൂമിയിലേക്ക് വരും. പരസഹായം അശേഷം ഇല്ലാത്ത അവസ്ഥയിൽ ആയിരിക്കുമ്പോൾ, തങ്ങൾ കുത്തിയവനായ കർത്താവിനെ അവർ കാണും. അപ്പോൾ അവർ അവനെ ഓർത്ത് വിലപിക്കും. (സെഖ 12.10-14). യിസ്രയേൽ ജാതി ഒന്നടങ്കം മാനസാന്തരപ്പെടുന്ന സന്ദർഭമാണ് അത്. ഈ സമയത്തിനുള്ളിൽ ദൈവം അവരെ തീയിലൂടെ ശോധന കഴിച്ച് മത്സരികളെ തകർത്തു കളയും. (യെഹ.20.33-40). രക്ഷിക്കപ്പെടാത്തവർ ആരും ആയിരമാണ്ടു വാഴ്ചയിൽ പ്രവേശിക്കയില്ല. യിസ്രയേൽ ജനത ആബാലവൃദ്ധം രക്ഷിക്കപ്പെടും. *വിടുവിക്കുന്നവൻ സീയോനിൽ നിന്നും വന്ന് യാക്കോബിൽ നിന്നും അഭക്തിയെ മാറ്റും (റോമർ 11.26).* യേശുക്രിസ്തു ദാവീദിന്റെ സിംഹാസനത്തിൽ ഇരുന്ന്, യഹൂദന്മാരുടെ രാജാവായി മാത്രമല്ല, രാജാധിരാജാവും കർത്താധി കർത്താവുമായി ആയിരം സംവത്സരങ്ങൾ വാഴും.

**(3) ജാതീയ രാജ്യങ്ങൾക്കുള്ള ന്യായവിധി**

മഹാപീഢനകാലം യാക്കോബിന്റെ കഷ്ടകാലം ആയതിനാൽ യിസ്രയേൽ ആ നാളുകളിൽ ദൈവീക ന്യായവിധിക്ക് വിധേയരാകും. അവരോടൊപ്പം ആ നാളുകളിൽ ജാതീയ രാജ്യങ്ങളും ന്യായവിധി നേരിടേണ്ടതായി വരും. ദൈവരാജ്യത്തിൽ ഏതൊക്കെ ജാതികൾക്ക് പ്രവേശനം ലഭിക്കും എന്നത് നിർണയിക്കപ്പെടുന്ന സന്ദർഭമാണ് ഇത് (മത്താ 25.34). സകല ജാതീയ രാജ്യങ്ങളെയും കർത്താവിന്റെ മുമ്പിൽ ഒരുമിച്ചുകൂട്ടും. ഒരു ഇടയൻ ചെമ്മരിയാടുകളെയും കോലാടുകളെയും തമ്മിൽ വേർതിരിക്കുന്നതുപോലെ അവൻ അവരെ വേർതിരിക്കും.

രക്ഷ വ്യക്തിപരമായ വിശ്വാസത്തിലൂടെയാണ് നേടുന്നത്, രക്ഷ യേശുക്രിസ്തുവിൽ മാത്രമാണ്. ഈ വസ്തുത നാം വിസ്മരിച്ചുകൂടാ. അബ്രഹാം ദൈവത്തിൽ വിശ്വസിച്ചു. അത് അവന് നീതിയായി കണക്കിട്ടു (ഉൽപ്പത്തി. 15.6) എന്നു നാം വായിക്കുന്നു. മഹാപീഢന കാലയളവിലും, രക്ഷിക്കപ്പെടുന്നവർ തങ്ങളുടെ വിശ്വാസം മൂലമാണ് രക്ഷ നേടുന്നത്. രാജ്യത്തിന്റെ ഈ സുവിശേഷം സകല ജാതികൾക്കും സാക്ഷ്യമായി ഭൂലോകത്തിൽ ഒക്കെയും പ്രസംഗിക്കപ്പെടും, അപ്പോൾ അവസാനം വരും (മത്തായി 24.14). ഇത് യഹൂദന്മാരിലൂടെയാണ് പ്രസംഗിക്കപ്പെടുന്നത്. ചിലർ

അത് വിശ്വസിച്ച് യഹൂദന്മാരോടുള്ള തങ്ങളുടെ മനോഭാവത്തിന് മാറ്റം വരുത്തും. മഹാപീഢന കാലത്ത് യഹൂദന്മാർ പീഢിപ്പിക്കപ്പെടുമ്പോൾ മിശിഹായിൽ വിശ്വാസം അർപ്പിച്ചവർ യഹൂദന്മാരെ സഹായിക്കുന്നതിനായി സന്നദ്ധരാകും. അവരെക്കുറിച്ചാണ് കർത്താവ് പറയുന്നത്: *രാജാവ് തന്റെ വലത്തുള്ളവരോട് അരുളിച്ചെയ്യും: എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ, ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കിക്കൊൾവിൻ. എനിക്കു വിശന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചു; ദാഹിച്ചു, കുടിപ്പാൻ തന്നു; ഞാൻ അതിഥിയായിരുന്നു, നിങ്ങൾ എന്നെ ചേർത്തുകൊണ്ടു; നഗ്നനായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചു; രോഗിയായിരുന്നു, നിങ്ങൾ എന്നെ കാണ്മാൻ വന്നു; തടവിലായിരുന്നു, നിങ്ങൾ എന്റെ അടുക്കൽ വന്നു* (മത്താ. 25. 34-36). തന്റെ സഹോദരന്മാരായ യഹൂദന്മാർക്ക് ചെയ്തിടത്തോളം തനിക്ക് ചെയ്തതായി പരിഗണിക്കുന്നുവെന്ന് കർത്താവ് അവരോട് വിശദീകരിക്കുന്നു. തങ്ങളുടെ പ്രവൃത്തികളാൽ അവർ മിശിഹായെ വിശ്വസിക്കുന്നവർ എന്ന് തെളിയിച്ചു. അഥവാ, അവരുടെ വിശ്വാസത്തിന്റെ പ്രവൃത്തികളാൽ അവർ രക്ഷിക്കപ്പെട്ടു. യഹൂദന്മാരും, അനേകം ജാതികളും മഹാപീഢനകാലത്ത് രക്ഷിക്കപ്പെടും എന്നാൽ അവർ സഭയുടെ ഭാഗം ആയിരിക്കുകയില്ല. ഉത്പ്രാപണത്തോടുകൂടി സഭായുഗം അവസാനിക്കുന്നു.

#### (4) ഹർമ്മഗദ്ദോൻ യുദ്ധം

മഹാപീഢനത്തിന്റെ അന്ത്യത്തിൽ, ആയിരമാണ്ട് വാഴ്ചയ്ക്ക് മുമ്പ് ഹർമ്മഗദ്ദോൻ യുദ്ധം അരങ്ങേറും (വെളി 16.16; വെളി 19)

ഈ യുദ്ധത്തിന്റെ കാരണങ്ങൾ (1) ജാതികളുടെ യഹൂദാ പിഢനം (യോവേൽ 3.2); (2) അവരുടെ ദൈവദൂഷണം (വെളി 16.9); (3) അവരുടെ പാപം എന്നിവയാണ്.

അനേക യുദ്ധങ്ങൾക്ക് വേദിയൊരുക്കിയ മെഗിദ്ദോ താഴ്വരയിൽ ആയിരിക്കും യുദ്ധവും നടക്കുക. മൃഗത്തിന്റെയും കള്ളപ്രവാചകന്റെയും സൈന്യങ്ങളെ മഹത്വത്തിൽ പ്രത്യക്ഷനാകുന്ന കർത്താവ് അവിടെ നാമാവശേഷമാക്കും (വെളി 19.11-21). കിഴക്കുനിന്ന് വരുന്ന രാജാക്കന്മാരുടെ 200 മില്ല്യൻ പടയാളികളുള്ള സൈന്യവും പലസ്തീനിനെ ആക്രമിക്കുവാൻ വരുന്ന മറ്റ് ആളുകളും ഉൾപ്പെടുന്ന അസംഖ്യം യോദ്ധാക്കൾ അന്നാളിൽ നശിപ്പിക്കപ്പെടും (വെളി 9.16; 16.12-14). കൈതൊടാത്ത കല്ല് (ദാനി 2.34,35) ജാതികളുടെ ഏകാധിപത്യ സമ്പ്രദായത്തെ നശിപ്പിക്കും. മനുഷ്യരാൽ നശിപ്പിക്കപ്പെട്ട, പിശാചിനാൽ ഭരിക്കപ്പെട്ട ലോകത്തെ രക്ഷിക്കുവാൻ കർത്താവ് അന്നാളിൽ ആഗതനാകും.

### സഹസ്രാബ്ദ വാഴ്ച

നെബുഖദ്നേസർ രാജാവ് സ്വപ്നത്തിൽ കണ്ടതായ പ്രതിമയുടെ അർത്ഥം വിവരിക്കുമ്പോൾ ദാനിയേൽ നാല് ലോക സാമ്രാജ്യങ്ങളെക്കുറിച്ച് പറയുന്നു. ബാബിലോൺ, മേദ്യ-പാർസ്യ, യവന, റോമാ സാമ്രാജ്യങ്ങളാണവ. *ഈ രാജാക്കന്മാരുടെ കാലത്ത് സ്വർഗസ്ഥനായ ദൈവം ഒരുനാളും നശിച്ചുപോകാത്ത ഒരു രാജത്വം സ്ഥാപിക്കും, ആ രാജത്വം വേറെ ഒരു ജാതിക്ക് ഏൽപ്പിക്കപ്പെടുകയില്ല; അത് ഈ രാജത്വങ്ങളെ ഒക്കെയും തകർത്തു നശിപ്പിക്കുകയും എന്നേക്കും നിലനിൽക്കുകയും ചെയ്യും* (ദാനിയേൽ 2.24). നെബുഖദ്നേസർ കണ്ടതായ അവസാനത്തെ സാമ്രാജ്യം *പാതി കളിമണ്ണും പാതി ഇരുമ്പും* കൊണ്ട് ഉള്ളതായിരുന്നു. (ദാനി. 2.41). രണ്ടു കാലുകളുടെ പത്തു വിരലുകൾ പത്തു രാജാക്കന്മാരെ കുറിക്കുന്നു. യേശുക്രിസ്തുവിന്റെ കാലത്ത് ഈ പത്തു രാജാക്കന്മാർ അധികാരത്തിൽ വരുന്നതായി ചരിത്രത്തിൽ കാണുന്നില്ല. അതിനാൽ തന്റെ രണ്ടാമത്തെ വരവിങ്കൽ ആയിരിക്കും ഭരണാധികാരികളായി ഇരിക്കുന്നത്. കൈ തൊടാതെ പറിഞ്ഞുവന്ന കല്ല് പ്രതിമയെ തകർക്കുന്നു. ഭരണത്തെ എതിർക്കുന്ന സകല ശക്തികളെയും തകർത്തുകൊണ്ട് ക്രിസ്തു തന്റെ രാജ്യം സ്ഥാപിക്കും. ഇതാണ് ആയിരമാണ്ടു വാഴ്ച.

ദൈവം സർവ്വാധികാരിയാണ്. അവൻ ഭൂമിയിലെ രാജ്യങ്ങളുടെ മേൽ ഭരണം നടത്തുകയും തനിക്കിഷ്ടമുള്ളവർക്ക് അവയുടെ ചുമതല നൽകുകയും ചെയ്യും (ദാനിയേൽ 4.17,25,32).

സർ തോമസ് മോർ വിഭാവനം ചെയ്ത *ഉട്ടോപ്യ* യിൽ ക്രിസ്തീയ ചിന്താഗതികളിൽ നിന്ന് വിഭിന്നമായ ഒരാശയമാണ് അവതരിപ്പിച്ചിരിക്കുന്നത്. താത്വികന്മാരുടെ ഒരു നാടാണത്. വ്യക്തികളും ഭരണകൂടവും തമ്മിൽ ശരിയായ ബന്ധം പുലർത്തുന്ന, രാഷ്ട്രീയവും സാമൂഹ്യവുമായ നല്ല ഒരു ക്രമീകരണം. എന്നാൽ അത് കേവലം ഒരു സ്വപ്നം മാത്രം. ഭൂമിയിൽ അത്

യാഥാർത്ഥ്യമായി തീരുവാൻ അനേകർ കാത്തിരിക്കുന്നു. പക്ഷേ, ദൈവത്തിന് സ്ഥാനമില്ലാത്ത അപ്രകാരം ഒരാശയം ഒരിക്കലും പ്രായോഗികമല്ല.

മനുഷ്യന്റെ പരിജ്ഞാനവും സാങ്കേതിക വൈദഗ്ധ്യവും വർദ്ധിക്കുമ്പോൾ ഈ നേട്ടം കൈവരിക്കുവാൻ സാധിക്കും എന്ന് മനുഷ്യൻ വ്യാമോഹിക്കുന്നു. നിർഭാഗ്യവശാൽ അത് എക്കാലവും മനുഷ്യന് അപ്രാപ്യമായ ഒരു സ്വപ്നമായി അവശേഷിക്കും.

പിശാചിനെ പിടിച്ചുകെട്ടി ആയിരം സംവത്സരങ്ങളിലേക്ക് അഗാധകൂപത്തിലേക്ക് തള്ളിയിടും എന്ന് ബൈബിൽ വ്യക്തമാക്കുന്നു. അതിനാൽ സഹസ്രാബ്ദ വാഴ്ച അവസാനിക്കുവോളം ജാതികളെ വഴിതെറ്റിക്കുവാൻ അവന് അവസരം ലഭിക്കുകയില്ല.

ക്രിസ്തു നീതിയിൽ തന്റെ വാഴ്ച നടത്തും. യെശയ്യാവ് പറയുന്നു: *നീതി അവന്റെ നടുക്കെട്ടും വിശ്വസ്തത അവന്റെ അരക്കച്ചയും ആയിരിക്കും* (11.5). *അവൻ നീതിയെ ഇഷ്ടപ്പെട്ട് ദുഷ്ടതയെ ദ്വേഷിക്കുന്നു* (സങ്കീ. 45.6,7). തന്റെ ഭരണകേന്ദ്രമായ യരുശലേമിന് സത്യനഗരം എന്ന് പേർ വിളിക്കപ്പെടും (സഖര്യ 8.3). ഇരുമ്പുകോൽ കൊണ്ട് അവൻ ഭരണം നടത്തും. ആരും അവനോട് മത്സരിക്കുകയില്ല. കരുണയും സാന്ത്വനവുമായിരിക്കും അവന്റെ ഭരണത്തിന്റെ മുഖമുദ്ര (യെശ 40.11). അളവറ്റ അനുഗ്രഹങ്ങളുടെ അനുഭവമാണ് ആയിരമാണ്ടു വാഴ്ച ജെ.ഡി. പെന്റക്കോസ്റ്റ് തന്റെ പുസ്തകത്തിൽ (Things to Come) സഹസ്രാബ്ദ വാഴ്ചയിലെ അവസ്ഥകൾ വിവരിക്കുന്നു.

1. സമാധാനം. അന്നാളിൽ യുദ്ധം ഉണ്ടാകയില്ല. ലോകത്തിലെ സകല രാജ്യങ്ങളും ക്രിസ്തുവിന്റെ ഭരണത്തിൻ കീഴിൽ ആയിരിക്കും (യെശ.2.4; 9.4–7)
2. സന്തോഷം. ഈ കാലയളവിന്റെ അനന്യ സാധാരണമായ ഒരു പ്രത്യേകതയാണ് സന്തോഷത്തിന്റെ പരിപൂർണത (യെശ 9.3,4; 12.3–6).
3. വിശുദ്ധി. രാജ്യവും പ്രജകളും കർത്താവിന് വിശുദ്ധമായിരിക്കും (യെശ 1.26,27; 4.3,4; 29.1823)
4. മഹത്വം. ദൈവമഹത്വം അതിന്റെ പൂർണതയിൽ വെളിപ്പെടും (യെശ 24.23; 4.2; 35.2)
5. ആശ്വാസം. പ്രജകളുടെ സകല ആവശ്യങ്ങളിലും കർത്താവ് അവരെ ശുശ്രൂഷിക്കും (യെശ.12.1–2; 29.22,23)
6. നീതി. പരിപൂർണ നീതി സകലർക്കും ലഭ്യമാകും
7. പരിജ്ഞാനത്തിന്റെ പൂർണത. ദൈവാത്മാവിന്റെ അഭ്യസനത്തിൽ ജനം പരിജ്ഞാനപൂർത്തി പ്രാപിക്കും.
8. നിർദ്ദേശം. രാജാവ് തന്നെ ജനത്തെ അഭ്യസിപ്പിക്കും.
9. ശാപം നീങ്ങും. ഉൽപ്പത്തി 3.17–19 ൽ സംഭവിച്ച ആദ്യശാപം എന്നേന്നേക്കുമായി തുടച്ചുമാറ്റപ്പെടും (യെശ11.6–9; 65.9)
10. രോഗം മാറും. രാജാവ് സൗഖ്യദായകനായ യഹോവയാണ്. അവൻ രോഗങ്ങൾക്ക് ശാശ്വത സൗഖ്യം നൽകം. (യിരെ 30.17)
11. വൈകല്യം പരിഹരിക്കപ്പെടും. സഹസ്രാബ്ദ വാഴ്ചയിൽ ജനങ്ങൾക്ക് വൈകല്യം അശേഷം ഉണ്ടായിരിക്കുകയില്ല. വാഴ്ചയുടെ പ്രാരംഭത്തിൽ തന്നെ അവയെല്ലാം പരിഹരിക്കപ്പെടും. (യിരെ 31.8; മീഖാ 4.6–7).
12. സംരക്ഷണം. ജീവിതം സംരക്ഷിക്കപ്പെടും. (യെശ 41.8–14; 62.8–9)
13. പീഢനത്തിൽ നിന്നും മോചനം. സാമൂഹികമോ, രാഷ്ട്രീയമോ, മതപരമോ ആയ യാതൊരു പീഢനവും ഉണ്ടായിരിക്കുകയില്ല.
14. പക്വതയില്ലായ്മ ഉണ്ടായിരിക്കുകയില്ല. ബലഹീനമനസ്സോ, ഹ്രസ്വശരീരമോ ഉണ്ടായിരിക്കുകയില്ല. (യെശ 65.20)
15. പ്രത്യുൽപ്പാദനം. പ്രകൃതിദത്തമായ ശരീരത്തിൽ ആളുകൾ മക്കളെ ജനിപ്പിക്കും. (യിരെ 30.20; 31.29)
16. അദ്ധ്വാനം. അലസത അശേഷം ഉണ്ടായിരിക്കുകയില്ല. പൂർണമായ സാമ്പത്തിക ഭദ്രത നിലനിൽക്കും. തൊഴിലില്ലായ്മ ഉണ്ടായിരിക്കുകയില്ല. (യെശ. 30.20; 21–23; യിരെ. 31.5; യെഹ 48.18, 19)
17. സാമ്പത്തിക അഭിവൃദ്ധി. ആവശ്യങ്ങളിൽ ബുദ്ധിമുട്ടുന്നവരായി ആരും കാണുകയില്ല. (ആമോ. 9.13–14; യെശ 62.8,9)
18. പ്രകാശവർദ്ധന. സൂര്യനും ചന്ദ്രനും കൂടുതൽ പ്രകാശം നൽകും (യെശ 4.5; 30.26)
19. ഏകഭാഷ. ഭാഷാവത്യാസം ഉണ്ടായിരിക്കുകയില്ല. (സെഫ 3.9)

20. ഏകീകൃത ആരാധന. ദൈവത്തെയും മശിഹയെയും ആരാധിക്കുവാൻ ലോകത്തിലെ സകല ജനങ്ങളും ഒരുമിച്ചു കൂടും.
21. ദൈവീക സാന്നിദ്ധ്യം. മുമ്പ് ഉണ്ടായിട്ടില്ലാത്ത നിലയിൽ ദൈവീക കൂട്ടായ്മ സാദ്ധ്യമാകും. (വെളി 21.3; യെഹസ് 37.27–28).

അനുഗ്രഹിക്കപ്പെട്ടവരുടെ അന്ത്യ അവസ്ഥ

ദൈവപൈതലിനു വേണ്ടി ഒരുക്കപ്പെട്ടിരിക്കുന്ന അവാച്യമായ അനുഭൂതി വർണിക്കുവാൻ വാക്കുകൾക്ക് സാദ്ധ്യമല്ല. ആദിമനുഷ്യനായ ആദാം പാപമില്ലാത്തവനായി സൃഷ്ടിക്കപ്പെട്ടു. അവൻ നീതിമാനായിരുന്നു. എന്നാൽ, പാപം അവനിൽ കളങ്കം ചാർത്തി; താൻ പരിശുദ്ധനായ ദൈവത്തിന്റെ സന്നിധിയിൽ നിന്നും ആട്ടി പായിക്കപ്പെട്ടു. തന്റെ അനുസരണക്കേടിനാൽ ആദാം ഭൂമിയെയും ശാപഗ്രസ്തമായ അവസ്ഥയിൽ ആക്കി. എന്നാൽ, ദൈവസ്നേഹം എത്ര ഉന്നതം! കാരുണ്യവാനായ ദൈവം മനുഷ്യന്റെ വിടുതലിനായി എത്തി. ദൈവം പാപികളായ മനുഷ്യരെ തന്റെ സന്നിധിയിലേക്ക് വീണ്ടും കൊണ്ടുവരുവാൻ തന്റെ ഏകജാതനായ പുത്രനെ ഭൂമിയിലേക്ക് അയച്ചു. എത്ര വലിയ പിഴയാണ് തനിക്ക് ഒടുക്കേണ്ടി വന്നത്! അപമാനമായ ക്രൂശിൽ തന്റെ ജീവനായ രക്തം അവൻ ഒഴുക്കി.

**കാൽവരിയിലെ ക്രൂശിൽ ഒഴുകിയ രക്തത്താൽ മനുഷ്യന്റെ പാപങ്ങൾ കഴുകപ്പെട്ടു.**

ഹോ! എത്ര വിലയേറിയ രക്തച്ചൊരിച്ചിൽ
ഹിമം പോലെന്നെ ശുദ്ധിചെയ്താൽ
മറ്റൊരു ഉറവിടം കാണുന്നില്ല ഞാൻ;
മാറ്റമില്ലാത്തവൻ രക്തം ചൊരിഞ്ഞതാൽ

ആദ്യ സൃഷ്ടിപ്പ് കുറ്റമറ്റതായിരുന്നെങ്കിൽ പുനഃസൃഷ്ടിപ്പ് അതിലുപരി സമ്പൂർണം തന്നെ. അതിനെ കളങ്കമുള്ളതാക്കി തീർക്കുവാൻ യാതൊന്നിനും സാധ്യമല്ല. അഗാധകൂപത്തിലേക്ക് സാത്താൻ തള്ളപ്പെട്ടതിനാൽ അവന് മനുഷ്യനെ വശീകരിക്കുവാനാവില്ല.

കർത്താവിനെ പൂർണമനസ്സോടെ സ്നേഹിക്കുവാനുള്ള അഭിവാഞ്ഛ ദൈവമക്കളുടെ മനസ്സിൽ സദാ നിറഞ്ഞു നിന്നിരുന്നു. പക്ഷേ, ജഡം, ലോകം, പിശാച് എന്നീ ശത്രുക്കൾ പലപ്പോഴും കർത്താവുമായുള്ള നിരന്തരമായ കൂട്ടായ്മയെ ഹനിച്ചു. ഇപ്പോൾ കർത്താവുമായുള്ള കൂട്ടായ്മ വീഴ്ച വരാത്ത നിലയിൽ പുനഃസ്ഥാപിക്കപ്പെട്ടു. ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്നും ഇനി നമ്മെ വേർപിരിക്കുവാൻ എന്തിന് സാധിക്കും? ഒന്നിനും സാദ്ധ്യമല്ല.

ദൈവവുമായി നിരന്തര സംസർഗം പുലർത്തുന്നതിനാണ് മനുഷ്യനെ ദൈവം സൃഷ്ടിച്ചത്. ഏദനിൽ നഷ്ടമായ കൂട്ടായ്മ ആത്യന്തികമായി പുനഃസ്ഥാപിക്കപ്പെട്ടു. ഇതാ മനുഷ്യരോടു കൂടെ ദൈവത്തിന്റെ കൂടാരം. അവൻ അവരോടുകൂടെ വസിക്കും. അവർ അവന്റെ ജനം ആയിരിക്കും. ദൈവം താൻ അവരുടെ ദൈവമായി എന്നേയ്ക്കും അവരോടു കൂടെ ഇരിക്കും.

ഇതിലധികമായി ഒരു വ്യക്തിക്ക് എന്ത് വേണം? സമ്പൂർണ സമാധാനം, സമ്പൂർണ സന്തോഷം, സമ്പൂർണ നിർവൃതി എന്നിവ തന്റെ സ്വന്തമായിത്തീരുന്നു.

## അന്ത്യന്യായവിധി

### സാത്താൻ തീപ്പൊയ്കയിലേക്ക് തള്ളപ്പെടുന്നു.

കർത്താവായ യേശുക്രിസ്തുവിന്റെ ആയിരം ആണ്ടു വാഴ്ചാ വേളയിൽ പിശാച് ബന്ധനത്തിൽ കഴിയുകയായിരിക്കും. സഹസ്രാബ്ദ വാഴ്ചയിൽ പ്രവേശിക്കുന്ന സകലരും, യഹൂദനെന്നോ, പുറജാതിക്കാരനെന്നോ വ്യത്യാസമില്ലാതെ, ശുദ്ധീകരിക്കപ്പെട്ടവർ ആയിരിക്കും. മത്സരികളായ ആരും തന്നെ അതിൽ പ്രവേശിക്കുകയില്ല. എന്നാൽ അവരുടെ പാപപ്രകൃതി മാറ്റപ്പെടുകയില്ല; അത് അവരിൽ സ്ഥിതിചെയ്യും. അതിനാൽ, അവർക്ക് ജനിക്കുന്ന മക്കളും പാപപ്രകൃതി ഉള്ളവരായിരിക്കും. സാത്താൻ ബന്ധിതനായതിനാൽ അവന് അവരെ പ്രലോഭിപ്പിക്കുവാൻ സാധിക്കുകയില്ല. തന്മൂലം അവർക്ക് പാപം ചെയ്യുവാനുള്ള സാവകാശം ഉണ്ടായിരിക്കുകയില്ല.

സഹസ്രാബ്ദ വാഴ്ചയുടെ സമാപ്തിയിൽ സാത്താനെ ചങ്ങലകളിൽ നിന്നും വിമുക്തനാക്കും. അവൻ ജാതികളെ വഞ്ചിച്ച് അവരെ കർത്താവിന് എതിരെ യുദ്ധം ചെയ്യുന്നതിനായി കൂട്ടി വരുത്തും. സ്വർഗത്തിൽ നിന്ന് തീ ഇറങ്ങി വന്ന് അവരെ നശിപ്പിക്കും. സാത്താൻ, മൃഗം, കള്ളപ്രവാചകൻ എന്നിവരെ നിത്യബന്ധനങ്ങൾക്കായി തീപ്പൊയ്കയിൽ തള്ളിയിടും. (വെളി. 20.7–10).

**വെള്ള സിംഹാസനം**

രണ്ട് പുനരുത്ഥാനങ്ങൾ ഉണ്ട്. ഒന്നാമത്തെ പുനരുത്ഥാനം പല ഘട്ടങ്ങളായാണ് സംഭവിക്കുന്നത്. സഭ, പഴയനിയമ വിശുദ്ധന്മാർ മഹാപീഢന കാലവിശുദ്ധന്മാർ എന്നിവർക്ക് ഒന്നാം പുനരുത്ഥാനത്തിൽ പങ്കുണ്ടായിരിക്കും. അവർ അനുഗ്രഹങ്ങൾ പ്രാപിക്കുകയും ചെയ്യും. (വെളി 20.6)

അവിശ്വാസികൾക്കു വേണ്ടിയുള്ളതാണ് രണ്ടാം പുനരുത്ഥാനം. ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും ദൈവം മനുഷ്യർക്കു നിയമിച്ചിരിക്കുന്നു. (എബ്രാ 9.27). കല്ലറയിൽ ഉറങ്ങുന്നവർ എല്ലാവരും മനുഷ്യപുത്രന്റെ ശബ്ദം കേൾക്കും (യോഹ 5.25). എല്ലാ കാലത്തും ജീവിച്ചിരുന്ന ദൈവനിഷേധികളായവർ ഉയിർത്തെഴുന്നേറ്റ് അന്ത്യന്യായവിധിക്കായി വെള്ളസിംഹാസനത്തിന്റെ മുമ്പിൽ നിൽക്കും (വെളി 20.11–15). യേശുക്രിസ്തു മനുഷ്യപുത്രൻ ആകയാൽ താനായിരിക്കും മനുഷ്യരുടെ ന്യായാധിപതി. മനുഷ്യരെ ന്യായം വിധിക്കുവാനുള്ള അധികാരം പിതാവ് അവന് നൽകിയിരക്കുന്നു. ജീവന്റെ പുസ്തകത്തിൽ പേരു ചേർക്കപ്പെടാത്ത സകലരേയും തീപ്പൊയ്കയിൽ തള്ളിയിടും. അതിനെ രണ്ടാം മരണം എന്ന് വിശേഷിപ്പിച്ചിരിക്കുന്നു.

–000–

## ഉപസംഹാരം

മനുഷ്യൻ ഒരു അത്ഭുത പ്രതിഭാസമാണ്. നാം എന്തിനാണ് ഈ ഭൂമിയിൽ ജനിച്ചത്? 70, 80, 100 വർഷങ്ങൾ ജീവിച്ച് ഈ ലോകത്തിൽ നിന്ന് മാറ്റപ്പെടുവാനാണോ? തീർച്ചയായും അല്ല. ഇതിൽ നാം ആരും തൃപ്തരുമല്ല. ദൈവം നിത്യത മനുഷ്യ ഹൃദയത്തിൽ വെച്ചിരിക്കുന്നു. ഈ അവനിയിൽ ജനിച്ച നാം അനന്തതയിലേക്കുള്ള പ്രയാണത്തിലാണ്. പക്ഷേ, നമ്മുടെ അവസാനം എവിടെയായിരിക്കും എന്ന് തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം സ്രഷ്ടാവ് നമുക്ക് നൽകിയിരിക്കുന്നു. സ്വന്ത ഇഷ്ടപ്രകാരം തീരുമാനങ്ങൾ എടുക്കാം. അനന്തമായ ശിക്ഷാവിധിയിലേക്ക് കടന്നു പോകുകയും ചെയ്യാം.

ദൈവം നമ്മൾക്കു കാണിച്ചു തന്നിട്ടുള്ള മാർഗമാണ് ഈ ലഘുകൃതിയിലെ ഇതിവൃത്തം. നമ്മുടെ പാപങ്ങൾക്കായി ഈ ലോകത്തിൽ ഇറങ്ങി വന്നു, മരിച്ചു, ഉയിർത്തെഴുന്നേറ്റ ദൈവപുത്രനായ യേശുക്രിസ്തുവിൽ വിശ്വസിച്ചു തന്നോടുകൂടെ അനന്തകാലം സന്തോഷത്തിന്റെയും സമാധാനത്തിന്റെയും പരിപൂർണതയിൽ കഴിയുവാൻ അവൻ നമ്മെ ക്ഷണിക്കുകയാണ്.

ഈ അനന്തതയിലേക്കുള്ള യാത്രയിൽ നാം ഈ ലോകത്തു വച്ചു കണ്ടുമുട്ടി. ഈ ലോകത്തിൽ വച്ചു തന്നെ അന്യോന്യം പിരിയുകയാണ്. അതോ വീണ്ടും ദൈവസന്നിധിയിൽ ഒന്നിച്ചു കൂടാമെന്നുള്ള പ്രത്യാശയുണ്ടോ?

–000–